നം.കെ.എസ്.എ/കെ.ഒ.സി/എ.4/110/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്.32
E-mail:corpkkd.ksad@kerala.gov.in
തീയ്യതി :31.01.2017

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

ബഹു. മേയർ
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

സർ,

വിഷയം : കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2015 -16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം .21(1), (2) എന്നിവ കാണുക.)

വിശ്വസ്തതയോടെ



സീനിയർ ഡപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നം.കെഎസ്.എ./കെ.ഒ.സി./എ 4/ 110/2016 തീയതി :13.02.2017

**കോഴിക്കോട് കോർപ്പറേഷന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കോർപ്പറേഷനിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.8 പ്രകാരം 66 ഓഡിറ്റ് റിക്വിസിഷനുകളും, 17 സമൺസുകളും നൽകുകയുണ്ടായി. 119 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിന് മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 30.01.2017 ന് നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് തസ്തിക : ശ്രീ.യു.പി.അബ്ദുൾമജീദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| മേയർ | പ്രൊഫ.എ.കെ.പ്രേമജം<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി<br>ശ്രീ.വി.കെ.സി.മമ്മദ്കോയ | 01.04.2015 മുതൽ 31.010.2015 വരെ<br>01.11.2015 മുതൽ 17.11.2015 വരെ<br>18.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ബി.കെ.ബൽരാജ്<br>ശ്രീ.സതീശൻ.ടി.പി. | 01.04.2015 മുതൽ 17.08.2015 വരെ<br>21.08.2015 മുതൽ 31.03.2016 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.നന്ദിനി.എം. | കൃഷി ഡപ്യൂട്ടി ഡയറക്ടർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.കെ.കെ.ബേബി. | സീനിയർ വെറ്റിനറി സർജ്ജൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.തോമസ് രാജൻ.വി(i/c)<br>ശ്രീ.എം.എം. വിജയൻ(i/c) | ഹെൽത്ത് ഓഫീസർ | 01.04.2015 മുതൽ 30.042015 വരെ<br>11.05.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ഗിരീഷ് ചോലയിൽ. | വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.നജ്മ.എം.എച്ച്. | സി.ഡി.പി.ഒ., അർബൻ I | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.നഫീസ.എം. | സി.ഡി.പി.ഒ., അർബൻ II | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.വൈറുനീസ.കെ | സി.ഡി.പി.ഒ., അർബൻ III | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ജാസ്മിൻ ബീഗം.എ. | സി.ഡി.പി.ഒ., അർബൻ IV | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.പ്രഭാകരൻ.ടി.പി.<br>ശ്രീ.രാജേഷ്.ടി.ആർ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01.04.2015 മുതൽ 03.02.2015 വരെ<br>04.02.2016 മുതൽ 31.03.2016 വരെ |
| ശ്രീ.ഇന്ദുരാജ്.ആർ. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ബി.കെ.ബൽരാജ്.<br>ശ്രീ.സതീശൻ.ടി.പി. | സെക്രട്ടറി | 01.04.2015 മുതൽ 17.08.2015 വരെ<br>21.08.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ബാലൻ.ടി.ആർ. (i/c) | പ്രോജക്ട് ഓഫീസർ കുടുംബശ്രീ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ടി.എം.ദാമോദരൻ. | പട്ടികജാതി വികസന ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.അബ്ദുൾ നാസർ | പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.സിദ്ധീഖ് ചുണ്ടക്കാടൻ | സൂപ്രണ്ട് വൃദ്ധമന്ദിരം | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.അജയഘോഷ് കെ.ഡി.<br>ശ്രീ.ജോളി വർഗ്ഗീസ്<br>ശ്രീ.സുലി.കെ.എ. | കോർപ്പറേഷൻ എഞ്ചിനീയർ | 01.04.2015 മുതൽ 05.05.2015 വരെ<br>06.05.2015 മുതൽ 30.09.2015 വരെ<br>30.09.2015 മുതൽ 31.03.2016 വരെ |

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം.**

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| **ഭാഗം-1 പൊതു അവലോകനം** | |
|---|---|
| 1-1 | ബജറ്റ്. |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | സാമ്പത്തിക വിശകലനം. |

| | |
|---|---|
| 1-4 | ഫണ്ട് വിനിയോഗം. |
| 1-5 | പദ്ധതി അവലോകനം. |
| 1-6 | തനത് വരുമാനം. |
| 1-7 | ക്ഷേമപദ്ധതികൾ. |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-9 | ആന്തരിക നിയന്ത്രണം. |
| **ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയും യഥാർത്ഥ കണക്കും പൊരുത്തപ്പെടുന്നില്ല. |
| 2-2 | കളക്ഷനാകാതെ മടങ്ങി വരുന്ന ചെക്കുകൾ - ചട്ട പ്രകാരം നടപടി സ്വീകരിക്കുന്നില്ല. |
| 2-3 | കെട്ടിടനിർമ്മാണ പെർമിറ്റ് - അധിക പെർമിറ്റ് ഫീ ഈടാക്കാത്തതും മറ്റ് അപാകതകളും. |
| 2-4 | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും CTP യുടെ നിർദ്ദേശവും മറികടന്ന് വൻകിട കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി. |
| 2-5 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ പൊതുഅപാകതകൾ. |
| 2-6 | പരസ്യ നികുതി പിരിവ് - കുത്തകാവകാശം ലേലം - അപാകതകൾ. |
| 2-7 | ബീച്ച് റോഡ് സൗന്ദര്യവത്കരണം - നടപടികളിലെ കാലതാമസം മൂലം ലക്ഷങ്ങളുടെ നഷ്ടം. |
| 2-8 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല. |
| 2-9 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ. |
| 2-10 | വസ്തുനികുതി പരിഷ്കരണം ബാധകമാക്കിയില്ല – ഒറ്റ കെട്ടിടത്തിൽ തന്നെ ഒരേ പ്ളിന്ത് ഏരിയയുള്ളതും രണ്ട് വ്യത്യസ്ത നമ്പറുകൾ നൽകിയതുമായ രണ്ട് ഭാഗങ്ങൾക്ക് കെട്ടിടനികുതി കണക്കാക്കിയത് വ്യത്യാസപ്പെട്ടിരിക്കുന്നു. |
| 2-11 | വസ്തു നികുതി - പണി പൂർത്തിയായ അർദ്ധ വർഷം മുതൽ നികുതി ഈടാക്കിയില്ല, മറ്റു അപാകതകൾ |
| 2-12 | വാണിജ്യകെട്ടിടം വാസഗൃഹമാക്കി നൽകി - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല ; വസ്തുനികുതിയിൽ വൻകുറവ് വരുത്തി. |
| 2-13 | ബേപ്പൂർ കമ്മ്യൂണിറ്റി ഹാൾ ശോചനീയാവസ്ഥയിൽ-ഹാൾ വാടകയിനത്തിൽ നഗരസഭയ്ക്ക് വരുമാന നഷ്ടം. |
| 2-14 | ഡി&ഒ ലൈസൻസ് എടുക്കാതെയും വാടക നൽകാതെയും നഗരസഭാ കെട്ടിടത്തിൽ അലക്കുയൂണിറ്റ് പ്രവർത്തിക്കുന്നു. |
| 2-15 | കെട്ടിട വാടക – ഓഫീസ് നടപടിക്രമങ്ങളിലെ അപാകതകൾ. |
| 2-16 | ലീസിനു നൽകുന്നതിലെ അപാകതകൾ. |
| 2-17 | വസ്തുനികുതി പരിഷ്കരണം - സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും ഉത്തരവുകളും നടപ്പാക്കുന്നതിൽ കാലതാമസം- നഗരസഭയ്ക്ക് വരുമാനശോഷണം |
| 2-18 | വിനോദ നികുതി - അവലോകനം. |
| 2-19 | പരസ്യ നികുതി - അവലോകനം |
| 2-20 | ഡി&ഒ ലൈസൻസ് ഫീസ് - അവലോകനം |

| | |
|---|---|
| 2-21 | കെട്ടിട നിർമ്മാണ പെർമിറ്റ് - അവലോകനം |
| | **ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 3-1 | പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചില്ല - ചട്ടപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച. |
| 3-2 | വെള്ളരിക്കണ്ടി ഫുട് പാത്ത് & തലയനാടത്ത് ഫുട് പാത്ത് ഡ്രെയിൻ നിർമ്മാണം ടെണ്ടർ നടപടികൾ കൈകൊള്ളുന്നതിനു മുമ്പുതന്നെ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചു. |
| 3-3 | കുളങ്ങര - കല്ലുട്ടിവയൽ ഫുട് പാത്ത് നിർമ്മാണം.-കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി വിനിയോഗിച്ചില്ല. |
| 3-4 | വരദൂർ G.L.P സ്കൂൾ ക്ലാസ്റൂം നിർമ്മാണം പ്രവൃത്തി പൂർത്തികരിക്കാത്തതും മറ്റ് അപാകതകളും. |
| 3-5 | അക്ഷയ അങ്കണവാടി നിർമ്മാണം - പൊളിച്ചുമാറ്റി അട്ടിയിട്ട ജനൽ; വാതിൽ എന്നിവയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |
| 3-6 | കച്ചേരിക്കുന്ന് ഗവ:എൽ.പി സ്കൂൾ ക്ലാസ് റൂം നിർമ്മാണം - പ്രവൃത്തിക്ക് ആവശ്യമായ കമ്പിക്ക് അധിക തുക നൽകി. |
| 3-7 | ടാഗോർ ഹാൾ അഡീഷണൽ പ്രവൃത്തി- 4 വർഷമായിട്ടും പാതിവഴിയിൽ. |
| 3-8 | സുരഭി അംഗൻവാടി നിർമ്മാണം : പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ |
| 3-9 | ടാർ വാങ്ങൽ : സിഡ്കോയ്ക്ക് അനുവദിച്ച അധിക തുക 28,12,673/- രൂപ തിരികെ ഈടാക്കിയില്ല. |
| 3-10 | തെരുവു വിളക്ക് _ സ്പെയർ പാർട്സ് വാങ്ങൽ, പരിപാലനം,സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്ട് നിർവ്വഹണം അപാകതകൾ. |
| 3-11 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടുപയോഗിച്ച് സോഡിയം വേപ്പർ ലാമ്പുകളുടെ പരിപാലനത്തിനും സ്പെയർപാർട്സ് വാങ്ങിക്കുന്നതിനുമായി തുക ചെലവഴിച്ചു. |
| 3-12 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - കൃത്യതയില്ലാതെ തുക അടവാക്കുന്നതും മറ്റ് അപാകതകളും. |
| 3-13 | കണക്ടിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു. |
| 3-14 | പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ. |
| 3-15 | ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കി. |
| 3-16 | ഉയർന്ന വരുമാനമുള്ളവർക്കും വിവാഹ ധനസഹായം അനുവദിച്ചു. |
| 3-17 | പഠനമുറി നിർമ്മാണത്തിന് ധനസഹായം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 3-18 | അനർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. |
| 3-19 | മേഖല ചുമതല, പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ പരിശീലന പരിപാടികൾ നടപ്പാക്കി. |
| 3-20 | വിദ്യാഭ്യാസ മേഖലയിൽ ചുമതലകൾ മറികടന്ന് പദ്ധതി രൂപീകരിച്ചു നടപ്പാക്കി. |

| | |
|---|---|
| 3-21 | വാനനിരീക്ഷണത്തിനായി ടെലിസ്കോപ്പ് വാങ്ങൽ - പർച്ചേസ് മാർഗ്ഗരേഖ യിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 3-22 | വിദ്യാലയങ്ങളിൽ കായിക പരിശീലനം - വിദ്യാഭ്യാസ, കായിക വകുപ്പുകളുടെ ചുമതലകളിലുള്ള പ്രവർത്തനങ്ങൾക്ക് സമാനമായി പദ്ധതി രൂപീകരിച്ച് നടപ്പാക്കി. |
| 3-23 | സർക്കാർ സ്കൂളുകളിലേയ്ക്ക് IT ഉപകരണങ്ങൾ വാങ്ങൽപദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-24 | എസ്.പി.സി. (Student Police Cadet) പദ്ധതി -സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിച്ചു. |
| 3-25 | സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3-26 | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകൽ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 3-27 | വിദ്യാർത്ഥികൾക്കുള്ള ഫർണീച്ചർ വിതരണ പദ്ധതി - അർഹതാമാനദണ്ഡം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല. |
| 3-28 | അങ്കണവാടികളിൽ കുടിവെള്ളം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 3-29 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയസ്കൂട്ടർ - പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ. |
| 3-30 | സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി. |
| 3-31 | അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - ആവശ്യകത വിലയിരുത്താതെയും പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയും പദ്ധതി തുക ചെലവഴിച്ചു. |
| 3-32 | ഉയർന്ന വരുമാനമുള്ള ഗുണഭോക്താവിന് കറവ പശുവിനെ വാങ്ങാൻ സബ്സിഡി നൽകി. |
| 3-33 | കറവ പശു വളർത്തൽ - പ്രോജക്ട് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. |
| 3-34 | ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ : ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല |
| 3-35 | ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ - മാർഗ്ഗനിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി. |
| 3-36 | ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്നു വാങ്ങൽ : അഡ്വാൻസ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല. |
| 3-37 | പണം നൽകി ഒമ്പത് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചില്ല. |
| 3-38 | പദ്ധതി നടത്തിപ്പിൽ കാർഷിക മേഖലയെ അവഗണിക്കുന്നു. |
| 3-39 | പ്രധാന മന്ത്രി ആവാസ് യോജന പദ്ധതി - പദ്ധതി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 3-40 | ക്ലീൻ കേരള കമ്പനിയുടെ ഓഹരി വാങ്ങൽ - ഷെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |
| 3-41 | ഖരമാലിന്യ തൊഴിലാളികൾക്ക് സുരക്ഷവസ്ത്രം നൽകിയതിലെ അപാകതകൾ. |
| 3-42 | ഖരമാലിന്യ യൂണിറ്റ് അംഗങ്ങൾക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബക്കറ്റ് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |

| | |
|---|---|
| 3-43 | 'ജീവനം' പദ്ധതിക്കായി പിൻവലിച്ച വികസന ഫണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല. |
| 3-44 | എസ്.ജെ.എസ്.ആർ.വൈ.- പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-45 | കുടുംബശ്രീ അംഗങ്ങൾക്ക് ഇ - ഷോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-46 | ആശ്രയ ഭവന നിർമ്മാണത്തിനായി വൻ തുക പ്ലാൻ ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു. |
| 3-47 | ദാരിദ്ര നിർമ്മാജ്ജന വിഭാഗത്തിൽ കണക്കെഴുത്തിന് വ്യവസ്ഥാപിതമായ രീതിയില്ല. |
| 3-48 | സ്വച്ഛഭാരത പദ്ധതി - പണം മുൻകൂട്ടി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽനിക്ഷേപിച്ചു. |
| 3-49 | പഴയ കൗൺസിലർമാർക്ക് യാത്രയയപ്പ് - ഗ്രൂപ്പ് ഫോട്ടോ - നഗരസഭാ ഫണ്ട് ദുർവ്യയം ചെയ്തു. |
| 3-50. | പത്ര പരസ്യം -കിഴിവ് അനുവദിക്കാത്തത് സംബന്ധിച്ച്. |
| 3-51 | വിവിധ ആവശ്യങ്ങൾക്കായി എടുത്ത മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തില്ല. |
| 3-52 | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല. |
| 3-53 | നഗരസഭയിലെ വാഹന ഉപയോഗവും - പരിപാലനവും അവലോകനം. |
| 3-54 | സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം - അവലോകനം |
| | **ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 4-1 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. |
| 4-2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. |
| 4-3 | വായ്പ/ വായ്പ തിരിച്ചടവ്. |
| 4-4. | സ്ഥിരനിക്ഷേപങ്ങൾ. |
| 4-5 | ഓഡിറ്റ് റിക്കവറി. |
| 4-6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-7 | ഓഡിറ്റ് പ്രത്യവലോകനം. |
| 4-8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 - ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| അനുബന്ധം 2 - ഈടാക്കിയ നികുതിയിൽ കുറവ് | |
| അനുബന്ധം 3 - നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ/ജീവനക്കാർ | |
| അനുബന്ധം 4 - പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാരുടെ പട്ടിക | |
| അനുബന്ധം 5 - ഉത്തരവാദികളായ കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1. ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 23.03.2016 തിയതിയിലെ കൗൺസിൽ യോഗത്തിൽ അംഗീകരിച്ചു (തീരുമാന നമ്പർ.1).

### 1-2. വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയ്യതി |
|---|---|---|---|
| 31.07.2016 | 30.07.2016 | 12.08.2016 | 20.10.2016 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 89,33,14,365.78 |
| വരവ് | 108,68,29,400 |
| ആകെ | 198,01,43,765.78 |
| ചെലവ് | 165,66,73,296 |
| നീക്കിയിരിപ്പ് | 32,34,70,469.78 |

വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളുടെ സംക്ഷിപ്തമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നഗരസഭയുടെ വാർഷിക കണക്കിൽ ഖണ്ഡിക 2-1 ൽ വിവരിക്കും വിധമുള്ള അപാകതകളുള്ളതിനാൽ മേൽ കണക്കുകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് തുക | നീക്കി യി-രിപ്പ് തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 25,92,34,231 | 17,86,48,871** | 43,78,83,102 | 43,78,83,102 (25,92,34,231+17,86,48,871 ട്രാൻസ്ഫർക്രെഡിറ്റ്) | ഇല്ല |
| വികസനഫണ്ട് എസ്.സി.പി. | 7,79,14,927 | -- | 7,79,14,927 | 7,79,14,927 (64,74875+7,14,40,052 ട്രാൻസ്ഫർ ക്രെഡിറ്റ്) | ഇല്ല |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 9,09,97,114 | -- | 9,09,97,114 | 11,63,50,934 (9,09,97,114+2,53,53,82 സംരക്ഷണഗ്രാന്റ് റോഡി-തരത്തിൽ നിന്ന്ചെലവഴിച്ചത്) | ഇല്ല |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 7,70,59,224 | -- | 7,70,59,224 | 5,17,05,404 (ബാക്കി 2,53,53,820 രൂപ സംരക്ഷണഗ്രാന്റ് റോഡിനായി വിനിയോഗിച്ചു) | ഇല്ല |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,64,17,246 | -- | 12,64,17,246 | 12,64,17,246 (1,92,08,427+10,72,08,819 ട്രാൻസ്ഫർ ക്രെഡിറ്റ്) | ഇല്ല |
| ബി ഫണ്ട് | -- | 40,01,77,368 | 40,01,77,368 | 40,01,77,368 | ഇല്ല |

** വികസനഫണ്ട് എസ്.സി.പി., ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1148 | 180,60,93,959 | 532 | 62,77,07,163 | -- | 616 | 34.8% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി തയ്യാറാക്കിയ പ്രോജക്ടുകളും, വകയിരുത്തിയ അടങ്കൽ, ചെലവ് എന്നിവയും താഴെ ചേർക്കും വിധമാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ഡപ്യൂട്ടി ഡയറക്ടർ, കൃഷി | 6 | 6 | 23,06,350 | 9,28,637 | 40.3% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6 | 5 | 37,59,900 | 20,88,832 | 55.6% |
| ഡപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 45 | 26 | 6,90,91,280 | 4,10,48,915 | 59.4% |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ (കുടുംബശ്രീ) | 36 | 8 | 8,06,39,667 | 2,44,58,765 | 30.3% |
| പട്ടികജാതി വികസന ഓഫീസർ | 26 | 16 | 9,86,07,584 | 1,68,02,680 | 17% |
| പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 1 | 0 | 1,20,000 | -- | -- |
| സീനിയർ വെറ്റിനറി സർജ്ജൻ | 18 | 8 | 99,04,916 | 48,72,515 | 49.2% |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 1 | 1,87,83,000 | 40,000 | .002% |

| | | | | | |
|---|---|---|---|---|---|
| ശിശുവികസന പദ്ധതി ഓഫീസർമാർ, അർബൺ 1, 2, 3, 4 | 24 | 18 | 11,24,87,146 | 6,42,19,961 | 57.1% |
| സൂപ്രണ്ട്, വൃദ്ധമന്ദിരം | 2 | 2 | 5,50,000 | 5,46,350 | 99.3% |
| ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | 20 | 12 | 5,09,79,439 | 1,11,08,502 | 21.8% |
| സെക്രട്ടറി, കോർപ്പറേഷൻ | 12 | 9 | 14,01,58,367 | 8,50,91,769 | 60.7% |
| കോർപ്പറേഷൻ എഞ്ചിനീയർ | 944 | 423 | 121,87,06,310 | 37,65,00,237 | 30.9% |
| ആകെ | 1148 | 532 | 180,60,93,959 | 62,77,07,163 | 34.8% |

നഗരസഭയിൽ 2015-16 വർഷത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 34.8% ശതമാനമാണ് ചെലവഴിച്ചത്. പ്രാദേശിക വികസനവും, സാമൂഹ്യ നീതിയും ലക്ഷ്യംവെച്ച് രൂപീകരിക്കുന്ന പദ്ധതികൾ പ്രായോഗികക്ഷമമല്ല എന്നതിന്റെ വ്യക്തമായ തെളിവാണ് കുറഞ്ഞ ചെലവു ശതമാനം. വകയിരുത്തിയ വിവിധയിനം ഫണ്ടിനങ്ങളും അവയുടെ ചെലവും താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 66,34,83,001 | 30,54,63,623 | 46% |
| വികസനഫണ്ട് എസ്.സി.പി. | 15,43,32,175 | 2,34,08,813 | 15.2% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 43,61,53,296 | 13,30,83,596 | 30.5% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 26,91,77,764 | 11,41,86,560 | 42.4% |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 15,78,40,224 | 5,15,64,571 | 32.7% |
| കേന്ദ്രാവിഷ്കൃതഫണ്ട് | 1,00,20,000 | 0 | -- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2,97,71,165 | 0 | -- |
| തനതുഫണ്ട് | 3,92,38,001 | 0 | -- |
| മറ്റുള്ളവ | 4,60,78,333 | 0 | -- |

- നഗരസഭയിൽ വർഷങ്ങളായി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിയിലുൾപ്പെടുത്താതെ തനതുഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്തു വരുന്നുണ്ട്. 16.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 362/2013/ത.സ്വ.ഭ.വ. ഖണ്ഡിക 7.iii യിൽ തനതുഫണ്ട് പദ്ധതിയുടെ വിഭവ സ്രോതസ്സായി വകയിരുത്തണം എന്ന് നിഷ്കർഷിക്കുന്നു. തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ പൊതു ചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ, ശുചീകരണം, വൈദ്യുതി ചാർജ്ജ് അടക്കൽ, വെള്ളക്കരം അടക്കൽ, സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള വിതരണം എന്നിവയുടെ മെയിന്റനൻസ് തുടങ്ങിയ അടിയന്തിര പ്രവൃത്തികൾക്കും, പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവച്ച ശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. പദ്ധതിയിലുൾപ്പെടുത്താതെ തനതുഫണ്ടുപയോഗിച്ച് പ്രവൃത്തികൾ നടത്തുന്നത് പദ്ധതി മാർഗ്ഗരേഖ ലംഘനമാണ്.

- നഗരസഭയുടേയും, കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും വികസനേതര ചെലവുകൾ/ആവർത്തന സ്വഭാവമുള്ള ചെലവുകൾ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് തുടങ്ങിയവ ചെലവുകൾക്ക് പ്രത്യേക പ്രോജക്റ്റ് രൂപീകരിക്കേണ്ടതില്ല. എന്നാൽ ഓഡിറ്റ് വർഷത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസനഫണ്ട്, സംരക്ഷണഗ്രാന്റ് (റോഡിതരം) തുടങ്ങിയവ, കൈമാറികിട്ടിയ അങ്കണവാടികളുടേയും, സ്കൂളുകളുടെയും ആവർത്തന ചെലവുകളായ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് എന്നിവ അടയ്ക്കുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2015-16 വർഷത്തിൽ കോഴിക്കോട് കോർപ്പറേഷന് അനുവദിച്ച വിവിധ ഫണ്ടിനങ്ങളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം (ആയിരത്തിൽ) | ലഭിച്ച ഗ്രാന്റ് തുക രൂപ | റിമാർക്സ് |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 363186 | 41,55,28,126 | -- |
| വികസനഫണ്ട് എസ്.സി.പി | 76332 | 7,63,32,000 | -- |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 153753 | 38,90,05,854 | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 176133 | 17,61,33,000 | -- |
| സംരക്ഷണഗ്രാന്റ് റോഡിതരം | 81781 | 8,17,81,000 | യഥാർത്ഥ ബജറ്റ് വിഹിതമായ 88176,000 ൽ നിന്ന് 63,95,000 രൂപ കിഴിവ് വന്നിട്ടുണ്ട്. |
| ആകെ | | 113,87,79,980 | |

മേൽ വിവരിച്ച രീതിയിൽ 2015-16 വർഷത്തിൽ ആകെ 113.87 കോടി രൂപ കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. തൻവർഷം ഈ തുക വിനിയോഗിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഈ തുക മുഴുവനായി വർഷാവസാനം സഞ്ചിതനിധിയിലേക്ക് എടുക്കപ്പെട്ടു.

## 1-6 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ( നഗരസഭ ലഭ്യമാക്കിയ റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 37,97,05,806 | 41,09,57,469 | 3,12,51,663 | 8.2%(+) |
| നികുതിയേതര വരവുകൾ | 18,79,99,665 | 18,95,89,843 | 15,90,178 | 0.85%(+) |
| ആകെ | 56,77,05,471 | 60,05,47,312 | 3,28,41,841 | 5.8% |

മുനിസിപ്പൽ കോർപ്പറേഷന്റെ യഥാർത്ഥ തനത് ഫണ്ട് വിശദാംശങ്ങൾ ലഭ്യമല്ലാത്തതു സംബന്ധിച്ചും, തനതുഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെ ബാഹുല്യത്തെ കുറിച്ചും മുൻവർഷ റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്താത്തവ ക്ലോസ് ചെയ്യുകയോ, ഉപയോഗിക്കുന്നവ വർഷാവസാനം റീകൺസീലിയേഷൻ നടത്തി കണക്കുകൾ കൃത്യമാക്കുകയോ ചെയ്തിട്ടില്ല. വിവിധ നികുതി നികുതിയേതര വരവുകളുടെ തൻവർഷ ഡിമാന്റ് രജിസ്റ്ററും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തിനാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മേൽ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(വാർഷിക കണക്ക് പ്രകാരം) | ഗുണഭോക്താക്കളുടെഎണ്ണം (കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയത്) |
|---|---|---|
| തൊഴിൽരഹിത വേതനം | 41,68,320/- | 1697 |
| കർഷകതൊഴിലാളി പെൻഷൻ | 76,69,950/- | 952 |
| വിധവാപെൻഷൻ | 18,69,48,040/- | 22109 |
| വാർദ്ധക്യകാലപെൻഷൻ | 12,34,59,330/- | 20790 |
| വികലാംഗപെൻഷൻ | 4,17,20,180/- | 4312 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,62,15,520/- | ലഭ്യമാക്കിയില്ല |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതാതുസമയം പ്രത്യേക റിപ്പോർട്ടുകളായി കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പോർട്ടുകളിൻ മേൽ കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിക്കുന്നില്ല. (ലറ്റർ നമ്പർ കെ.എസ്.എ/കെ.ഒ.സി/എ 7/1628 / 16 തിയ്യതി:02.12.2016)

## 1-9 ആന്തരിക നിയന്ത്രണം.

ഏതൊരു സ്ഥാപനത്തിന്റേയും കാര്യക്ഷമമായ പ്രവർത്തനത്തിന് ശക്തമായ ആന്തരികനിയന്ത്രണം അനിവാര്യമാണ്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും, നടപടിക്രമങ്ങളിലെ സുതാര്യമില്ലായ്മയും സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ആന്തരിക നിയന്ത്രണ സംവിധാനത്തിലെ ചില പോരായ്മകൾ താഴെ പറയുന്നു.

1.പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മനേജിംഗ് കമ്മിറ്റികൾ പുന:സംഘടിപ്പിച്ചില്ല – കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളുടെ ലംഘനം

2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം മൂന്നു പ്രകാരം, സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കിനടത്തുന്നതിലേയ്ക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ചട്ടം

അഞ്ചു പ്രകാരം ഒരിക്കൽ രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി കൗൺസിലിന്റെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതുമാണ്. ഇതു പ്രകാരം കോഴിക്കോട് കോർപ്പറേഷനിൽ രൂപീകരിച്ച ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ കാലാവധി 2015 നവംബർ മാസത്തിൽ അവസാനിച്ചിരിക്കുന്നു. എന്നാൽ പുതിയ കൗൺസിൽ നിലവിൽ വന്ന് ഒരു വർഷം കഴിഞ്ഞിട്ടും ഈ കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിട്ടില്ല. മാനേജിംഗ് കമ്മിറ്റികൾ പുന:സംഘടിക്കേണ്ടതു സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും 08.03.2016, 30.06.2016, 17.08.2016, 02.12.2016 എന്നീ തിയ്യതികളിൽ കോർപ്പറേഷന് കത്തുകൾ നൽകിയിരുന്നു. ഇവയ്ക്ക് 15.12.2016 ന് എഫ് 3-46003/15 നമ്പർ കത്തിലൂടെ ഹെൽത്ത് ഓഫീസർ നൽകിയ മറുപടി, ആകെയുള്ള പത്ത് മാനേജിംഗ് കമ്മിറ്റികളിൽ, ബേപ്പൂർ പി.എച്ച്.സി., ബേപ്പൂർ ആയുർവേദ ഡിസ്പെൻസറി, ചെറുവണ്ണൂർ ആയുർവേദ ഡിസ്പെൻസറി, അമ്പലപ്പടി ആയുർവേദ ഡിസ്പെൻസറി, കരുവിശ്ശേരി ആയുർവേദ ഡിസ്പെൻസറി എന്നീ അഞ്ചെണ്ണം പുനർസംഘടിപ്പിച്ചു എന്നാണ്. എന്നാൽ പുന:സംഘടിച്ച കമ്മിറ്റിയിൽ ഉൾപ്പെടുത്തിയ അംഗങ്ങൾ, മേൽ ചട്ടത്തിൽ പ്രതിപാദിക്കും വിധം ഏതൊക്കെ മേഖലകളിൽ ഉള്ളവരാണെന്ന് വ്യക്തമല്ല. സർക്കാർനിർദ്ദേശങ്ങൾ പാലിക്കാതെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2.മേഖലാ ഓഫീസുകളുടെ പ്രവർത്തനം മെയിൻ ഓഫീസുമായി ബന്ധിപ്പിച്ചിട്ടില്ല:-

കോർപ്പറേഷന്റെ മൂന്നു മേഖല ഓഫീസുകളുടെ പ്രവർത്തനം മെയിൻ ഓഫീസുമായി ബന്ധിപ്പിക്കുന്നതിനായി വർഷങ്ങളായി തുക വകയിരുത്തുന്നുണ്ടെങ്കിലും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതല്ലാതെ ഇതുവരെ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ കണക്കുകൾ അക്രുവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രിയിലാക്കുവാൻ ഐ.കെ.എം. മുഖേന വികസിപ്പിച്ചെടുത്ത 'സാംഖ്യ' സോഫ്റ്റ് വെയർ കോർപ്പറേഷനിൽ 2007-08 കാലയളവു മുതൽ ഉപയോഗിച്ചു വരുന്നുണ്ട്. നഗരസഭയുടെ തനതു വരുമാനത്തിന്റെ 1/3 ഭാഗം മേഖലാ ഓഫീസ് പരിധിയിൽ നിന്നാണെങ്കിലും എലത്തൂർ മേഖലാ ഓഫീസിൽ നാളിതു വരെ 'സാംഖ്യ' ഉപയോഗപ്പെടുത്തിയിട്ടില്ല. ബേപ്പൂർ, ചെറുവണ്ണൂർ - നല്ലളം മേഖല ഓഫീസുകളിൽ സാംഖ്യ ഉപയോഗിക്കുന്നുണ്ടെങ്കിലും, ആയത് മെയിൻ ഓഫീസിലെ സെർവ്വറുമായി ബന്ധപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ മേഖല ഓഫീസിൽ എൻട്രി വരുത്തിയ വരവ് വീണ്ടും മെയിൻ ഓഫീസിലെ 'സാംഖ്യ'യിൽ വരവായി ഉൾപ്പെടുത്തുന്നു. നഗരസഭയുടെ സുഗമമായ നടത്തിപ്പിന് അത്യാവശ്യമായ മേൽ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിൽ വരുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നു:-

പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ യഥാവിധം കൈകാര്യം ചെയ്യാത്തതു സംബന്ധിച്ച് മുൻവർഷ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നതാണ്. ഓഡിറ്റ് കാലയളവിൽ കോർപ്പറേഷനിലും, വിവിധ മേഖല കാര്യാലയങ്ങളിലും പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ചെറുവണ്ണൂർ -നല്ലളം മേഖലാ ഓഫീസിൽ ലഭിച്ചിരുന്ന പരാതികൾ ബന്ധപ്പെട്ട സെക്ഷനിലേയ്ക്ക് നൽകുകയും, ആയത് പ്രത്യേക ഫയലായി കൈകാര്യം ചെയ്യുകയുമാണ് ചെയ്തിരുന്നത്. ഓഡിറ്റ് കാലളവിൽ ലഭിച്ച ചില പരാതികൾ പരിശോധിച്ചതിൽ, പരാതികൾക്ക് "നടപടികളെടുത്തു വരുന്നു" എന്ന താല്കാലിക മറുപടി നൽകുകയോ, അതല്ലെങ്കിൽ എടുത്ത നടപടികളെ കുറിച്ച് ഒന്നും തന്നെ പരാതിക്കാരനെ അറിയിക്കാതെ പരാതിക്കാസ്പദമായ വ്യക്തിയ്ക്കെതിരെ ഏതെങ്കിലും നടപടി സ്വീകരിച്ച് ഫയൽ അവസാനിപ്പിക്കുകയോ ചെയ്തുവരികയാണ് ചെയ്യുന്നത്. പരാതികളുടെ നിജസ്ഥിതി അറിയാൻ പരാതിക്കാർ തന്നെ വിവരാവകാശ നിയമ പ്രകാരം അപേക്ഷിക്കുന്നത് പരാതികൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ച മൂലമാണ്. ഡയറക്ടർ, ലീഫോങ് എക്സിം പ്രൈ. ലിമിറ്റഡ് 04.07.2016 നും, ശ്രീ. ദേവരാജൻ.വി. 20.07.15 നും, കോസൻസ് ഏരിയ റസിഡൻസ് അസോസിയേഷൻ സെക്രട്ടറി 03.10.2015 നും, ശ്രീ.ചന്ദ്രൻ.എം.ടി.,27.11.2015 നും, ശ്രീ.തൈക്കണ്ടി സുബ്രമണ്യൻ, 19.02.2016 നും വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയിരിക്കുന്നത് മുൻപ് അവർ നൽകിയ പരാതിയുടെ നിജസ്ഥിതി അറിയാനാണ്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് തെറ്റായ പ്രവണതയാണ്.

# ഭാഗം 2

## വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയും യഥാർത്ഥ കണക്കും പൊരുത്തപ്പെടുന്നില്ല

മുൻസിപ്പൽ കോർപ്പറേഷന്റെ 2015-16 വർഷ വാർഷിക ധനകാര്യ പത്രിക 28.7.16 ൽ ലഭ്യമാക്കിയിരുന്നു. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 17, 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 11(3) എന്നിവ പ്രകാരം 12.08.2016 ന് കെ.എസ്.എ/കെ.ഒ.സി/എ 8/1057/2016 കത്ത് മുഖേന അപാകത പരിഹരിച്ച് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് ധനകാര്യപത്രിക തിരിച്ച് നൽകിയിരുന്നു. എന്നാൽ പ്രാഥമിക പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകകൾ പൂർണ്ണമായും പരിഹരിക്കാതെയാണ് 14.10.2016 ന് വാർഷിക ധനകാര്യ പത്രിക പുന:സമർപ്പിച്ചത്. വാർഷിക ധനകാര്യ പത്രിക ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**ബാലൻസ് ഷീറ്റിലെ അപാകതകൾ**

1. ബി- 4 ഷെഡ്യൂൾ പ്രകാരം സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റിനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകകളിൽ, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 2,54,94,653/- രൂപ വർഷാവസാനം നീക്കിയിരിപ്പുണ്ട്. എന്നാൽ വരവു ചെലവു പത്രിക, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പില്ല.
2. ഷെഡ്യൂൾ ബി- 12 ൽ സ്ഥിര നിക്ഷേപം ഇനത്തിലുള്ള നീക്കിയിരിപ്പ് 2,53,31,775/- രൂപയാണ്. എന്നാൽ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ള നിക്ഷേപ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ വർഷാവസാനമുള്ള നീക്കിയിരിപ്പ് 2,81,33,936/- രൂപയാണ്. ഇതിൽ ക്ലീൻ കേരള കമ്പനിയുടെ ഓഹരി വാങ്ങിയതിന്റെ ഷെയർ സർട്ടിഫിക്കറ്റ് (പ്രൊജക്ട് നം. 1484/16, ബിൽ നമ്പർ 40/31.3.16) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കോഡ് നമ്പർ 420800100 ൽ, 2014-15 വർഷം കാണിച്ച അതേ തുക തന്നെയാണ് 2015-16 വർഷത്തിലും അക്കൗണ്ട് ചെയ്തിട്ടുള്ളത്. സ്ഥിര നിക്ഷേപ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
3. ലോൺ രജിസ്റ്റർ പ്രകാരം സ്റ്റേഡിയം ഫ്ലഡ് ലൈറ്റിന്റെയും സ്റ്റേഡിയം സ്പോർട്സ് കോംപ്ലക്സിന്റെയും നിർമ്മാണത്തിനായി ഹഡ്കോയിൽ നിന്നും എടുത്ത വായ്പയിൽ ആകെ 2,63,07,277 രൂപ (2,60,70,000+ 21,37,277) തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. എന്നാൽ ഷെഡ്യൂൾ ബി- 5 ൽ 1,06,67,661/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചത്.
4. ഷെഡ്യൂൾ ബി- 7 പ്രകാരം വിവിധയിനങ്ങളിലായി തൻവർഷം ലഭിച്ച ഡെപ്പോസിറ്റുകളിൽ 26,09,88,413/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ വർഷാവസാനം ക്ലോസ് ചെയ്ത് സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാലും ഓരോ ഇനങ്ങളും പ്രത്യേകമായി എഴുതി സൂക്ഷിക്കാത്തതിനാലും വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. ഈ ഷെഡ്യൂളിൽ താഴെ പറയുന്ന ഇനങ്ങളിൽ 2013-14,2014-15 വർഷങ്ങളിലെ അതേ തുക തന്നെയാണ് 2015-16 വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

| കോഡ് നമ്പർ | ഇനം | തുക |
|---|---|---|
| 340100201 | Coctractor's security Deposit- Muncipal fund | 1,18,234 |
| 340100301 | Coctractor's retention money- Muncipal fund | 5,29,468 |
| 340100302 | Coctractor's retention money- specific grants | 2,41,882 |
| 340100303 | Coctractor's retention money- Special fund | 2,57,464 |
| 340100306 | supplier's retention money- specific grants | 46,400 |

5. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ബി- 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. പ്രസ്തുത ഷെഡ്യൂളിലെ കോഡ് 460100600, 460400103 മുതൽ 460609900 എന്നീ കോഡുകളിൽ 2014-15 വർഷം രേഖപ്പെടുത്തിയ തുകകൾ തന്നെയാണ് 2015-16 വർഷ വാർഷിക കണക്കിലും പ്രസ്തുത കോഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല.
6. ആസ്തികളുടെ വിവരം കാണിക്കുന്ന ബി - 11 ഷെഡ്യൂളിൽ താഴെ പറയുന്ന കോഡുകളിൽ 2014-15 വർഷം രേഖപ്പെടുത്തിയ തുകകൾ തന്നെയാണ് 2015-16 വാർഷിക കണക്കിലും രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| കോഡ് നമ്പർ | ആസ്തിയുടെ ഇനം |
|---|---|
| 410100102 | പാർക്ക് |
| 410100103 | ഡാർഡൻ |
| 410100104 | പാർക്കിങ് ലോട്ട്സ് |
| 410200100 | ബിൽഡിങ്സ് |
| 410200200 | ബിൽഡിങ്സ് - കൈമാറിയ സ്ഥാപനങ്ങൾ |
| 410300100 | കോൺക്രീറ്റ് റോഡ്സ് |
| 410600103 | ഫോട്ടോകോപ്പിയർ |
| 410600105 | ഫാക്സ് മെഷീൻ |
| 410600107 | പ്രൊജക്ടർ |
| 410700100 | ഫർണ്ണിച്ചർ, ഫിറ്റിങ്സ് |
| 410700199 | ഇലക്ട്രിക്കൽ അപ്ലയൻസസ് |

ഇതിൽ നിന്നും പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ലെന്ന് വ്യക്തമാണ്.

7. വരവു ചെലവു പത്രിക ഷെഡ്യൂൾ 40 ബി പ്രകാരം സ്പെസിഫിക്ക് പർപ്പസിനുള്ള എല്ലാ അക്കൗണ്ടുകളുടെയും നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 4 ൽ ഉൾപ്പെട്ടിട്ടില്ല. ഈ ഷെഡ്യൂളിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഇനങ്ങളുടെ തുക മുൻ മൂന്ന് വർഷങ്ങളിലും ഉൾപ്പെട്ട അതേ തുകയാണ്. ഈ തുക ഏതാവശ്യത്തിലേയ്ക്ക് ലഭിച്ചതാണെന്നും ഇവ ഇതുവരെ ചെലവഴിക്കാത്തതെന്താണെന്നും വ്യക്തമല്ല.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ഫണ്ടിനം | തുക |
|---|---|---|---|
| 1 | 320200201 | Fund for Transferred institutions- Agriculture- capital | 6,57,073 |
| 2 | 320200203 | -do- fishing -capital | 12,00,000 |
| 3 | 320200205 | -do- social welfare -capital | 5,70,657 |
| 4 | 320200209 | -do- education - capital | 51,62,158 |
| 5 | 320200107 | -do- Road Renovation Additional fund- capital | 32,05,768 |

| | | | |
|---|---|---|---|
| 6 | 320200299 | -do- others/ miscallaneous - capital | 1,02,100 |
| 7 | 320801000 | Beneficiery contribution | 1,23,43,082 |
| 8 | 32080990 | Other grants and contributions for specific purpose | 2,33,42,140 |

8. ഷെഡ്യൂൾ ബി -2 ൽ Ear marked Funds എന്ന ഹെഡിൽ 62,05,258 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വരവു ചെലവു പത്രിക പ്രകാരം എം.എൽ.എ ഫണ്ടിന്റെ 31.03.16 ലെ നീക്കിയിരിപ്പ് (അക്കൗണ്ട് നമ്പർ 1423000105445089) 27,89,855/- രൂപയാണ്.
9. ഷെഡ്യൂൾ ബി - 6, Unsecured Loans എന്ന ഹെഡിൽ കാണിച്ച 18,414/- രൂപയുടെ വിശദാംശം ലഭ്യമല്ല.
10. ഷെഡ്യൂൾ ബി - 8, Deposit works എന്ന ഹെഡിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.
11. നികുതി നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമല്ലാത്തതിനാൽ, പിരിച്ചെടുത്തതിൽ കിട്ടാൻ ബാക്കിയുള്ളതായി ബി - 15 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. ഇതിൽ പല ഹെഡുകളിലും മുൻ വർഷ വാർഷിക കണക്കിലെ തുകകൾ തന്നെയാണ് ഉൾപ്പെട്ടിട്ടുള്ളത്.
12. ബി -15 ഷെഡ്യൂളിൽ കോഡ് 431910100, state Govt. cessess/levies in property taxes-control account എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ മുൻവർഷങ്ങളിലെ( 2011-12 to 2014-15) തുകയായ 63,71,994.84/- രൂപ തന്നെയാണ് 2015-16 ലും രേഖപ്പെടുത്തിയിട്ടുള്ളത്.

**<u>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ</u>**

1. ഷെഡ്യൂൾ ആർ.പി - 40(a), ആർ.പി - 40(ബി) എന്നീ ഷെഡ്യൂളുകളിൽ മുൻബാക്കി/ നീക്കിബാക്കിയായി ഉൾപ്പെട്ട ബാങ്ക് അക്കൗണ്ടുകളൊന്നും തന്നെ ബാങ്ക് പാസ്സുബുക്കുകളുമായി റീകൺസിലിയേഷൻ നടത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| Sl. no. | Details of Bank & Account no. | Closing Balance as per pass book | Closing Balance as per account |
|---|---|---|---|
| 1 | PNB(Office computarisation – (A/c No. 1423000105435365) | 1,75,588 | 25,99,056 |
| 2 | PNB - IHSDP - 2100110955) | 42,73,581 | 42,53,712 |
| 3 | PNB – Manal – Nallalam Zonal ( A/c no. 4316000100414420) | 34,96,073 | 43,32,972 |
| 4 | PNB – Ray ( A/c no. 1423000105437026) | 22,127.92 | 23,587 |
| 5 | PNB - salary A/c (( A/c no. 1423000105436018) | 60,35,422 | 87,51,951 |
| 6 | PNB – suchithwa mission ( A/c no. 1423000100069547) | 34,84,912 | 31,71,605 |
| 7 | SBI – manal – Elathur Zonal ( A/c no. 31283971081) | 1,82,061 | 1,79,144 |

| | | | |
|---|---|---|---|
| 8 | SBT– SSA ( A/c no. 30043456925) | 43,39,077 | 27,69,987 |
| 9 | SBT - Ayyankali ( A/c no. 67228366288) | 4,28,865 | 2,98,951 |
| 10 | SBT – Own fund ( A/c no. 57023867271) | 13,19,961.77 | 40,98,993.78 |
| 11 | SBT – E payment ( A/c no. 67156252512) | 27,84,432 | 34,98,623 |
| 12 | SBT – Escrow A/c ( A/c no. 67083421356) | 5,54,792 | 3,50,082 |
| 13 | SBT – NSAP ( A/c no. 57023898062) | 7,03,028 | 6,07,523 |
| 14 | SBT – own fund | 16,39,75,278.36 | 12,76,75,124 |
| 15 | SBT – Tax payment ( A/c no. 67199277808) | 661 | 2,84,996 |
| 16 | T.P.A 98 | 1,76,43,146 | 16,32,587 |
| 17 | T.P.A 137 | 5500280 | 5203973 |

ഇതിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്ക് / ട്രഷറി സ്റ്റേറ്റ്മെൻ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

I) Beypore service co-operative Bank
II) Beypore Zonal other Bank
III) Elathur Zonal - PYKKA
IV) Elathur Zonal SBI – other Bank
V) Feroke Service co-operative Bank
VI) Litaracy – cheruvannur Zonal
VII) PD – I
VIII) PNB - MLA
IX) SBI – Pavangad Elathur Zonal
X) SBT - Disaster Management
XI) Elathur Zonal co-operative banks

2. SLBM, RAY തുടങ്ങിയ നോൺ ഓപ്പറേറ്റിങ് അക്കൗണ്ടുകളിൽ പാസ് ബുക്കിൽ പലിശ ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും സാംഖ്യയിൽ എൻട്രി വരുത്തിയിട്ടില്ല.
3. ബി.ഫണ്ട് എ.സി.ആർ വരവ് രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകൾ വരവു ചെലവു പത്രികയിൽ അക്കൗണ്ട് ചെയ്തതായി കാണുന്നില്ല.

| ഇനം | തുക |
|---|---|
| Old age home | 14,997 |
| Mahila Mandiram | 40,95,753 |
| Home for Physically handicapped | 1,99,997 |

| | |
|---|---|
| Orphanage grant | 40,95,753 |
| Krishi Bhavan | 70,000 |
| Pre matric Hostel | 10,67,578 |
| Marriage allowance to girls of widows | 4,00,000 |

4. RP– 1, RP-3, RP- 4, RP- 37 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിനാൽ/ സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ ഈ ഇനങ്ങളുടെ വരവിന്റെ കൃത്യത ഉറപ്പ വരുത്താനായിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ RP - 27, ൽ ഡെപ്പോസിറ്റിനത്തിൽ തൻവർഷം ലഭിച്ച തുകയുടെയും റീഫണ്ട് ചെയ്ത തുകയുടെയും കൃത്യത ഉറപ്പവരുത്താനായിട്ടില്ല.

6. എസ്.ജെ.എസ്.ആർ.വൈ, എൻ. യു.എൽ.എം എന്നീ പദ്ധതികളിലുള്ള വരവ് വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

7. വികസന ഫണ്ട് ജനറൽ, പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻബാക്കിയായി രേഖപ്പെടുത്തിയ തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും വാർഷിക ധനകാര്യപത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വാർഷിക ധനകാര്യപത്രികയിൽ | എ.സി.ആറിൽ | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 25,92,34,231 | 25,95,14,210 | (+) 2,79,979 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,64,17,246 | 12,61,37,267 | (-) 2,79,979 |

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 കളക്ഷനാകാതെ മടങ്ങി വരുന്ന ചെക്കുകൾ - ചട്ട പ്രകാരം നടപടി സ്വീകരിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം, കളക്ഷനാകാതെ ചെക്കുകൾ മടങ്ങി വരുമ്പോൾ, പ്രസ്തുത ചെക്കിനായി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി ക്യാൻസൽ ചെയ്യുകയും, രസീത് ക്യാൻസൽ ചെയ്ത വിവരം ചെക്ക് നൽകിയവരെ അറിയിക്കുകയും, പ്രസ്തുത തുക പണമായോ, ഡിമാന്റ് ഡ്രാഫ്റ്റായോ മാത്രം അടയ്ക്കാൻ (ബാങ്ക് ചാർജ്ജ് അടക്കം) ആവശ്യപ്പെടുകയും വേണം. ഇത്തരത്തിൽ തുക അടയ്ക്കുമ്പോൾ പുതിയൊരു രസീത് നൽകുകയും ചെയ്യണം. ആവശ്യമായ ഘട്ടങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുകയും വേണം. എന്നാൽ 2015-16 വർഷത്തിൽ കോർപ്പറേഷനിൽ മടങ്ങിയെത്തിയ ചെക്കുകൾ, അവ തിരികെ ലഭിക്കുന്ന തിയ്യതികളിൽ തന്നെ ക്യാൻസൽ ചെയ്യാതെ (റിവേഴ്സ് എൻട്രി നടത്താതെ) പിന്നീട് വർഷാവസാനം മാത്രമാണ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2015 ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ

മാസങ്ങളിൽ ലഭിച്ച ചെക്കുകളിൽ മടങ്ങി വന്നവയ്ക്ക് മാർച്ച് 3 ന് മാത്രമാണ് റിവേഴ്സ് എൻട്രി ചെയ്തിട്ടുള്ളത്. തൻവർഷത്തിൽ മടങ്ങി വന്ന ചെക്കുകളുടെ റിവേഴ്സ് എൻട്രികൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ചെക്കുകൾക്ക് റിവേഴ്സ് എൻട്രി നടത്തിയതായി കാണുന്നില്ല.

| ക്രമ നമ്പർ | രസീത് നമ്പർ/തിയ്യതി | ചെക്ക് നമ്പർ/തിയ്യതി | തുക | തിരികെ ലഭിച്ച തിയ്യതി |
|---|---|---|---|---|
| 1. | 11527500010/ 04.04.2015 | 151325/04.04.2015 | 2,457/- | 13.04.2015 |
| 2. | 11539500376/ 05.12.2015 | 322336/0512.2015 | 6,404/- | 14.01.2016 |
| 3. | 11502500632/ 29.12.2015 | 323847/29.12.2015 | 34,840/- | 01.01.2016 |
| 4. | 11510501219/ 30.03.2016 | 324145/30.03.2016 | 88,880/- | 12.04.2016 |

2015-16 വർഷത്തിൽ കൂടുതലായി ചെക്കുകൾ മടങ്ങിയിരിക്കുന്നത് വിനോദ നികുതി ഇനത്തിൽ ലഭിച്ച ചെക്കുകളാണ്. വിനോദ നികുതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ (എ 36/126954/11. പി.വി.സ്. ഫിലിം സിറ്റി) ഇത്തരത്തിൽ ചെക്കുകൾ തിരിച്ച് ലഭിക്കുമ്പോൾ ചട്ടപ്രകാരം ചെയ്യേണ്ട നടപടികൾ ഒന്നും സ്വീകരിച്ച് വരുന്നില്ല എന്ന് കണ്ടു. താഴെ വിവരിക്കും പ്രകാരം നിരവധി ചെക്കുകൾ തൻവർഷം മടങ്ങി വന്നിട്ടുണ്ടെങ്കിലും ഈ വിവരം കക്ഷികളെ അറിച്ചതായോ, ഇവരിൽ നിന്ന് പ്രസ്തുത തുക പണമായി/ഡിമാന്റ് ഡ്രാഫ്റ്റായി ഈടാക്കിയതായോ ഉള്ള യാതൊരു വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. വിനോദ നികുതി ടിക്കറ്റ് സീൽ രജിസ്റ്ററിൽ മടങ്ങി വന്ന ചെക്കുകൾ തന്നെയാണ് ഇപ്പോഴും തുക അടച്ചതിന്റെ വിവരമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | രസീതു നമ്പർ/ തിയ്യതി | ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1. | 11502500149/06.06.2015 | 258622/06.06.2015 | 1,22,320/- |
| 2. | 11502500150/06.06.2015 | 258624/06.06.2015 | 1,01,920/- |
| 3. | 11527500155/06.06.2015 | 0105336/26.08.2015 | 1,00,000/- |
| 4. | 11510500807/21.10.2015 | 319824/21.10.2015 | 2,05,640/- |
| 5. | 11527500370/09.11.2015 | 324031/09.11.2015 | 55,600/- |
| 6. | 11527500371/09.11.2015 | 324032/09.11.2015 | 53,640/- |
| 7. | 11527500372/09.11.2015 | 324033/09.11.2015 | 39,800/- |
| 8. | 11527500373/09.11.2015 | 324034/09.11.2015 | 27,320/- |
| 9. | 11527500374/09.11.2015 | 324035/09.11.2015 | 19,400/- |
| 10. | 11527500375/09.11.2015 | 324030/09.11.2015 | 62,160/- |
| 11. | 11527500376/09.11.2015 | 324026/09.11.2015 | 44,320/- |
| 12. | 11527500377/09.11.2015 | 324027/09.11.2015 | 38,200/- |
| 13. | 11527500378/09.11.2015 | 324028/09.11.2015 | 36,840/- |

| | | | |
|---|---|---|---|
| 14. | 11527500379/09.11.2015 | 324029/09.11.2015 | 11,880/- |
| 15. | 11502500552/30.11.2015 | 831314/28.11.2015 | 72,040/- |
| 16. | 11502500553/30.11.2015 | 831315/28.11.2015 | 54,440/- |
| 17. | 11502500597/11.12.2015 | 8331344/11.12.2015 | 75,600/- |
| 18. | 11502500600/11.12.2015 | 324063/11.12.2015 | 43,160/- |
| 19. | 11502500601/11.12.2015 | 324065/11.12.2015 | 36,240/- |
| 20. | 11502500632/29.12.2015 | 323847/29.12.2015 | 34,840/- |
| 21. | 11510501219/30.03.2015 | 324125/30.03.2015 | 88,880/- |
| ആകെ തുക | | | 13,24,240/- |

മേൽ വിവരിച്ച തുകകൾക്ക് പകരം പിന്നീട് പണം/ഡിമാന്റ് ഡ്രാഫ്റ്റ് അടവാക്കിയതിന്റെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നഗരസഭയിൽ അടവാക്കേണ്ട തുകയ്ക്ക് ചെക്കുകൾ നൽകുകയും, ആയത് ബാങ്കിൽ സമർപ്പിക്കുമ്പോൾ പണമില്ലാത്തതിന്റെ പേരിൽ മടങ്ങുകയും ചെയ്യുന്നത് നഗരസഭയെ കബളിപ്പിക്കലാണ്. ഇത്തരക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നെങ്കിലും (നം.83/15-16) മറുപടി ലഭിച്ചില്ല. മേൽ തുകകൾ നഗരസഭയിൽ അടവാക്കിയതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാകാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ജീവനക്കാരുടെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 2-3 കെട്ടിടനിർമ്മാണ പെർമിറ്റ് - അധിക പെർമിറ്റ് ഫീ ഈടാക്കാത്തതും മറ്റ് അപാകതകളും

ഫയൽ നമ്പർ : ടി.പി.5 /ഇ 4/47694/97

(1) അധിക പെർമിറ്റ് ഫീ ഈടാക്കിയില്ല.

ശ്രീ. പി.കെ. ആലിഹാജി, പുതിയോത്തുകണ്ടി, എലത്തൂർ, കോഴിക്കോട്, എന്ന വ്യക്തി വാർഡ് നം.7, റീ സർവ്വേ നം. 6/1 ൽ പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന "മാനാഞ്ചിറ ടവർ" എന്ന കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനു സമർപ്പിച്ച അപേക്ഷയിൽ കാലതാമസം വന്നതിനാലും, കെട്ടിടനിർമ്മാണ ചട്ടം 2010 – ലെ ക്രമവത്ക്കരണ മാനദണ്ഡങ്ങൾ ലംഘിച്ചിട്ടുള്ളതിനാലും ടിയാന്റെ 19/7/1997- ലെ അപേക്ഷ നിരസിച്ചുകൊണ്ട് ( ഗവ. ഉത്തരവ് 48068/ആർ ബി 3/2010/തസ്വഭവ, തീയതി. 21/12/2011 പ്രകാരം) ഉത്തരവാകുകയുണ്ടായി. മേൽ നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ടി കക്ഷി ഡബ്ള്യൂ. പി. സി. നം. 25610/13(എ) പ്രകാരം നല്കിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ, കക്ഷിയുടെ റഗുലറൈസേഷൻ അപേക്ഷ പരിഗണിക്കുന്നതിന് 17/7/2014 ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവാകുകയും, ജി.ഒ.(ആർ.ടി).നം./3419/2014/തസ്വഭവ, തീയതി. 20/12/2014 പ്രകാരം മേൽ കെട്ടിടം (മാനാഞ്ചിറ ടവർ) ക്രമവത്ക്കരിക്കുകയും ചെയ്തു. 1,35,000 /- രൂപ കോമ്പൌണ്ടിംഗ് ഫീസും (ട്രഷറി ചെലാൻ നം. 118, തീയതി. 30/12/2014), 1,81,350 /-രൂപ പെർമിറ്റ് ഫീസും (രശീതി നം. 115011-03585 തീയതി 20/05/2015) ഉൾപ്പെടെ 3,16,350 /- രൂപ കക്ഷി അടവാക്കി,20/5/2015 തീയതിയിൽ ടി.പി.5/ഇ 4/47694/97 നമ്പറായി കെട്ടിടം റഗുലറൈസ് ചെയ്തു. കെട്ടിടം സംബന്ധിച്ച റിവൈസ്ഡ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ തരം | കൊമ്മേഴ്സ്യൽ |
| വാർഡ് നമ്പർ | 7 |
| റീ സർവ്വേ നമ്പർ | 6/1 |
| കെട്ടിടത്തിന്റെ ഉയരം | 15.90 മീ (സ്റ്റെയർ കേസ് ഉൾപ്പെടാതെ) |

| | |
|---|---|
| കാർപ്പെറ്റ് ഏരിയ | 3221.968 എം2 } സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് |
| പ്ലോട്ട് ഏരിയ | 1216.2276 എം2 } വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം |
| ഫ്ലോർ ഏരിയ | 4027.46 എം2 (GF+4 ഫ്ലോർ ) |
| കെട്ടിട നിർമ്മാണം ആരംഭിച്ചത് | 1/1/1995 |
| കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത് | 31/3/1999 |
| കോമ്പൗണ്ടിംഗ് ഫീ അടച്ചത് | 1,35,000 /-(ട്രഷറി ചെലാൻ നം. 118/30.12.2014 ) |
| പെർമിറ്റ് ഫീ അടച്ചത് | 1,81,350 /- (രശീതി നം. 115011-03585/ 20.5.2015) |
| ആകെ അടച്ചത് | 3,16,350 /- |

5.2.2013 മുതൽ നിലവിൽ വന്ന 1999 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി പ്രകാരം ഫ്ലോർ ഏരിയ റേഷ്യോ 2.5 ൽ അധികരിക്കുന്നതിനാൽ മേൽപ്പറഞ്ഞ വാണിജ്യ കെട്ടിടത്തിന്, കെ.എം.ബി.ആർ. ചട്ടം 31(2) ലെ, പട്ടിക (ഇനം. 7) അനുസരിച്ച് ഈടാക്കേണ്ട അധിക പെർമിറ്റ് ഫീസ് താഴെക്കൊടുക്കുന്നു.

| | |
|---|---|
| എഫ്.എ.ആർ. | ഫ്ലോർ ഏരിയ/ പ്ലോട്ട് ഏരിയ<br>= 4027.46/1216.2276 =3.3114 |
| അധിക എഫ്.ഏ.ആർ. | (4027.46/1216.2276) – 2.5 = 0.8114 |
| അധിക പെർമിറ്റ് ഫീ ഈടാക്കേണ്ടത് | 0.8114 X പ്ലോട്ട് ഏരിയ X3000<br>= 29,60,541 /- രൂപ |

(2) റിവൈസ്ഡ് പ്ലാനിലെ മറ്റ് അപാകതകൾ താഴെക്കൊടുക്കുന്നു.

(a) 5.2.2013 മുതൽ നിലവിൽ വന്ന 1999 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി പ്രകാരം, വാണിജ്യപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് (ഗ്രൂപ്പ് എഫ്) , 1000 എം$^2$ കാർപ്പെറ്റ് ഏരിയ വരെ 75 എം$^2$ ന് ഒരു പാർക്കിംഗ് ഏരിയ എന്ന തോതിലും, 1000 എം$^2$ ൽ അധികരിക്കുന്ന ഏരിയയ്ക്ക് 50 എം$^2$ ന് ഒരു പാർക്കിംഗ് ഏരിയ എന്ന തോതിലും പാർക്കിംഗ് യൂണിറ്റുകൾ ആവശ്യമാണ്. റിവൈസ്ഡ് പ്ലാനിൽ പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടില്ല.

(b) കെ.എം.ബി.ആർ. ചട്ടം 109 A (3) (ഭേദഗതി ചട്ടം) പ്രകാരം ഗ്രൂപ്പ്.എഫ് വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഫ്ലോർ ഏരിയയുടെ ഒരു ചതുരശ്രമീറ്ററിന് 25 ലിറ്റർ എന്ന തോതിലുള്ള മഴവെള്ളസംഭരണ ടാങ്ക് ആവശ്യമാണ്. ആയത് റിവൈസ്ഡ് പ്ലാനിൽ കാണിച്ചില്ല.

(c) കെ.എം.ബി.ആർ. ചട്ടം 114 പ്രകാരമുള്ള ഫയർ എസ്കേപ്പ് സ്റ്റെയർകേസ് ബിൽഡിംഗ് പ്ളാനിൽ കാണിച്ചില്ല. കെ.എം.ബി.ആർ. ചട്ടം 110 പ്രകാരം 15 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഫയർ എസ്കേപ്പ് സ്റ്റെയർകേസ് ആവശ്യമാണ്. ഫയർ ആൻറ് റസ്ക്യൂ സർവ്വീസസ്സ് ഡിവിഷണൽ ഓഫീസിൽ നിന്നും കെട്ടിടത്തിന് NOC ലഭിച്ചിട്ടില്ല.

(d) രജിസ്റ്റേർഡ് എഞ്ചിനീയർ/സൂപ്പർവൈസറിൽ നിന്നും ലഭിക്കേണ്ട സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് , വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കേണ്ട കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ കെട്ടിടത്തിന് ലഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 93/2015-16 നമ്പറായിക്കൊടുത്ത ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, റിവൈസ്ഡ് പ്ലാനിലെ അപാകതകൾ പരിഹരിച്ച്, കെ.എം.ബി.ആർ. ചട്ടം31(2), പട്ടിക ഇനം.7 പ്രകാരം ഈടാക്കേണ്ട അധിക പെർമിറ്റ് ഫീയായ 29,60,541/- രൂപ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും CTP യുടെ നിർദ്ദേശവും മറികടന്ന് വൻകിട കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി

1999– ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചീഫ് ടൗൺ പ്ലാനറുടെ ( CTP) ലേ ഔട്ട് അംഗീകാര പത്രത്തിലെ പ്രത്യേക നിബന്ധന എന്നിവ പാലിക്കാതെ മുനി. കോർപ്പറേഷൻ അധികൃതർ താഴെപ്പറയുന്ന വൻകിടകെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയതായി പരിശോധനയിൽ കണ്ടെത്തി.

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | TP 4 / 54943 / 13 തിയ്യതി.1.12.15 |
| അപേക്ഷകർ | കെ.പി.ഫരീദ മുതൽ പേർ, കുഞ്ഞി പറമ്പത്ത് ( H ) , കുരിക്കിലാട്(P.O), വടകര. |
| കെട്ടിടത്തിന്റെ തരം | 5 നില ആശുപത്രി കെട്ടിടം. |
| കെട്ടിടം വിഭാവനം ചെയ്യുന്നത് | റവന്യൂ വാർഡ് നമ്പർ 28, സർവ്വേ നമ്പർ 3/6, 10 / 1A , നെല്ലിക്കോട് വില്ലേജ്. |
| പെർമിറ്റ് പ്രകാരം കെട്ടിടത്തിന് അനുവദിച്ച ആകെ പ്ലിന്ത് വിസ്തീർണം | 10734.73 എം$^2$ |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണം | 104.81 സെന്റ് =4241.66 എം$^2$ |

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ

| കെട്ടിടത്തിന്റെ നില | പ്ലിന്ത് വിസ്തീർണം (എം$^2$) |
|---|---|
| Basement Floor | 1743.54 |
| Ground Floor | 1748.1 |
| First Floor | 1658.04 |
| Second Floor | 1731.26 |
| Third Floor | 1718.03 |
| Fourth Floor | 1711.33 |
| Terrace Floor | 190.75 |
| Machine Room | 233.68 |
| ആകെ | 10734.73 എം$^2$ |

ഇതേ പ്ലോട്ടിൽ ഒരു വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് TP4/152250/11 തിയ്യതി. 11.4.13 പ്രകാരം അനുമതി നല്കിയതായി നോട്ട് ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഈ പ്ലോട്ടിനോട് കൂടി 5.86 സെന്റ് കൂട്ടിച്ചേർത്ത് മറ്റൊരു വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷകർ റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചു. ഈ പ്ലാൻ CTP യുടെ ലേ – ഔട്ട് അനുമതിക്കുവേണ്ടി അയച്ചു എങ്കിലും അനുമതി ലഭിച്ചില്ല. ഏറ്റവും ഒടുവിലായി അപേക്ഷകർ കെട്ടിടത്തിന്റെ പ്ലാൻ വീണ്ടും പരിഷ്കരിച്ച് 10734.72 എം$^2$ പ്ലിന്ത വിസ്തീർണത്തോട് കൂടിയ ആശുപത്രി കെട്ടിടത്തിന് വേണ്ടിയുള്ള

പ്ലാൻ മുനി.കോർപ്പറേഷനിൽ സമർപ്പിച്ചു. ഇത് TP 4 / 54943 / 13 തിയ്യതി 12.6.15 കത്തുപ്രകാരം CTP യുടെ ലേ ഔട്ട് അംഗീകാരത്തിനായി അയച്ചു. ചീഫ് ടൗൺ പ്ലാനറുടെ സി1 / 1527 / 15 ഡി. ഡിസ്. തിയ്യതി 16.7.15 നമ്പർ കത്തു പ്രകാരമാണ് ഒടുവിൽ ലേ – ഔട്ട് അനുമതി ലഭിച്ചത്. മേൽ വസ്തുതകൾ നോട്ട് ഫയലിൽ നിന്നും മനസ്സിലാക്കുന്നു. ഇപ്രകാരം ലഭിച്ച ലേ – ഔട്ട് അനുമതിയിൽ നിരവധി നിബന്ധനകൾ CTP അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കവറേജ് 40 % - ൽ അധികരിക്കുന്നില്ല എന്ന് മുനി.കോർപ്പറേഷൻ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണെന്ന് ഇത്തരം നിബന്ധനകളുടെ കൂട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈ നിബന്ധന പെർമിറ്റ് നൽകുമ്പോൾ പാലിച്ചതായി കാണുന്നില്ല. 1999 -ലെ കേരള മുനി.കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 31 (2) – ന് താഴെയുള്ള കുറിപ്പ് ( i ) പ്രകാരം ഒരു കെട്ടിടത്തിന്റെ പരാമവധി അനുവദനീയ വ്യാപ്തിയുടെ മൂല്യം പട്ടിക 2 ൽ കൊടുത്തിട്ടുള്ള മൂല്യ സംഖ്യയിൽ പരിമിതപെടുത്തേണ്ടതും അത് കെട്ടിടത്തിന് പുറത്തുള്ള തുറസ്സായ സ്ഥലങ്ങൾക്കും ( മുൻ, പിൻ, പാർശ്വം) അകത്തുള്ള തുറസ്സായ സ്ഥലങ്ങൾക്കും വേണ്ടി കണക്കാക്കിയിട്ടുള്ള സ്ഥലം കഴിച്ചിട്ടുള്ളതും ഭൂ നിരപ്പിന് മുകളിലുള്ള ഏതെങ്കിലും നിലയിൽ കെട്ടിടം വ്യാപിച്ചിരിക്കുന്നതുമായ വിസ്തീർണമാകുന്നു. PWO ശ്രീമതി. ജിതേഷിണി 27.9.14 ൽ എഴുതിയ നോട്ട് പ്രകാരം കെട്ടിടത്തിന്റെ Coverage 39.86 ശതമാനം ആണെന്ന് കാണിച്ചിട്ടുണ്ട്. Basement Floor Covered Area 1690.93 എം2 ആണെന്ന് പരിഗണിച്ചശേഷം ഈ വിസ്തീർണം ഉപയോഗിച്ചാണ് coverage നിർണയിച്ചത് എന്നു മനസ്സിലാക്കുന്നു. കൂടാതെ ചട്ടം 31 (2) കുറിപ്പ്1 പ്രകാരമുള്ള കിഴിവുകൾ കവറേജ് കണക്കാക്കുമ്പോൾ വരുത്തേണ്ടതുണ്ട്. അതായത് കെട്ടിടത്തിന് അകത്തുള്ള തുറസ്സായ സ്ഥലങ്ങൾക്കു പുറമേ പുറത്തുള്ള തുറസ്സായ സ്ഥലങ്ങളും(മുൻ, പിൻ,പാർശ്വം) കവറേജ് കണക്കാക്കുമ്പോൾ ഒഴിവാക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം പുറത്തുള്ള തുറസ്സായ സ്ഥലങ്ങൾ ഒഴിവാക്കാതെയാണ് ഇവിടെ കവറേജ് 39.86 % എന്ന് നിർണയിച്ച് , CTP നിഷ്കർഷിച്ച 40 %- ൽ അധികരിച്ചിട്ടില്ല എന്ന കാരണത്താൽ പെർമിറ്റ് നൽകിയത്. കവറേജ് നിർണയിച്ചത് ചട്ടപ്രകാരമല്ല. ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ പൊതുഅപാകതകൾ

1) കെട്ടിടനിർമ്മാണം ക്രമവത്ക്കരിക്കുന്നതിൽ കാലതാമസം.

1999 -ലെ കെ.എം.ബി.ആർ ചട്ടം 143 പ്രകാരം അംഗീകൃത പ്ലാൻ ഇല്ലാതെയോ അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചോ ഉള്ള ഏതെങ്കിലും നിർമ്മാണമോ കൂട്ടിച്ചേർക്കലോ, വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. കൂടാതെ ചട്ടം 14 ൽ പറയുന്ന പ്രകാരമുള്ള മുപ്പത് ദിവസ പരിധിക്കുള്ളിൽ ക്രമവത്ക്കരണനടപടി സ്വീകരിക്കുന്നതാണെന്ന് കോഴിക്കോട് നഗരസഭയുടെ പൗരാവകാശരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ, കോഴിക്കോട് നഗരസഭയിൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ വളരെയധികം കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഫയൽ നം. /കെട്ടിട ഉടമയുടെ പേര് / മേൽവിലാസം | അപേക്ഷ ലഭിച്ച തീയതി | നിർമ്മാണം ക്രമവൽക്കരിച്ച തീയതി | കാലതാമസം |
|---|---|---|---|---|
| 1 | ടി.പി.7/30582/15 കൃഷ്ണൻ, 21/2685, പെരിയമ്പ്ര ഹൗസ്, താഴെകുനിയിൽ പറമ്പ്, കല്ലായി, വാർഡ് -21 (ഓഫീസ് / ബിസിനസ്സ്) | 06 / 03 /2015 | ടിപി7/ബിഎ/ (33434)/15,തീയതി 13/ 10 /2015 | 7 മാസം |

| | | | | |
|---|---|---|---|---|
| 2 | ടി.പി.6/74881/15<br>കെ. മുഹമ്മദ് ഹാരിസ്, ഷാലിമാർ, മാങ്കാവ്, വാർഡ് - 24(റസിഡൻഷ്യൽ കം ഓഫീസ് / ബിസിനസ്സ്) | 3/06/2015 | ടിപി6/ബിഎ/(24961)/16,തീയതി<br>21/ 06/2016 | 1 വർഷം |
| 3 | ടി.പി.7/17156/15<br>എൻ.പി, അബ്ദുൾ റഷിദ്,<br>കെ.പി. ആലിഫ്, നാലേടത്ത് പറമ്പ്, ദാറുൽ മുബാറക്ക്, കുണ്ടൂങ്ങൽ, വാർഡ് - 21 (റസിഡൻഷ്യൽ) | 07/02/2015 | ടിപി7/ബിഎ/(38884)/15,തീയതി<br>18/ 12/2015 | 10 മാസം |
| 4 | ടി.പി.6/74390/15<br>ഡോ മുഹമ്മദ് ചാലക്കൽ, മെഡിക്കൽ കോളേജ്, കോഴിക്കോട് വാർഡ് - 27(സ്പെഷ്യൽ റസിഡൻഷ്യൽ) | 02/07/2015 | ടിപി4/ബിഎ/(10118)/16,തീയതി<br>10/ 03/2016 | 8 മാസം |
| 5 | ടി.പി.4/94835/15<br>ഗിരീഷ് ബാബു. എൻ, പീടികക്കണ്ടി, കോട്ടൂളി, വാർഡ് - 28<br>DOC 03/08/2015<br>(റഗുലറൈസേഷൻ) | 03/09/2015 | ടിപി4/ബിഎ/(222747)/16,തീയതി<br>15/ 06/2016 | 9 മാസം |
| 6 | ടി.പി.4/89282/15<br>എൻ.ടി. ബേബി, സി.ബി. മന്ദിർ, പൊറ്റമ്മൽ<br>വാർഡ് - 28 (റസിഡൻഷ്യൽ) | 13/08/2015 | ടിപി4/ബിഎ/(24237)/16,തീയതി<br>25/ 06/2016 | 10 മാസം |
| 7 | ടി.പി.4/110838/15<br>രാധാകൃഷ്ണൻ.പി, 29/445A ,<br>കുരുവിട്ടംകണ്ടി പറമ്പ്, കോട്ടൂളി. വാർഡ് - 28<br>DOC 01/10/2015 (റസിഡൻഷ്യൽ) | 16/10/2015 | ടിപി4/ബിഎ/(30269)/16,തീയതി<br>01/ 08/2016 | 9 1/2 മാസം |
| 8 | ടി.പി.4/73135/15<br>പി. ഗോപാലകൃഷ്ണൻ, 33 ശ്രുതി, മേലേടത്ത് പറമ്പ്, ചേവായൂർ<br>വാർഡ് - 28<br>DOC 01/2/2015 (റസിഡൻഷ്യൽ)<br>(റഗുലറൈസേഷൻ) | 28/06/2015 | ടിപി4/ബിഎ/(25470)/15,തീയതി<br>24/ 05/2016 | 11 മാസം |
| 9 | ടി.പി.4/126577/15<br>എ.ബാലകൃഷ്ണൻ, പരപ്പക്കുന്നിൽ ഹൗസ്, ചേവായൂർ, വാർഡ് - 28<br>DOC 12/11/2015 (റസിഡൻഷ്യൽ)<br>(റഗുലറൈസേഷൻ) | 09/12/2015 | ടിപി4/ബിഎ/(32982)/16,തീയതി<br>06/ 08/2016 | 8 മാസം |
| 10 | ടി.പി.4/17042/15<br>സറഫുദ്ധീൻ. കെ, റിഷിൻ, മീഞ്ചന്ത<br>വാർഡ് - 21<br>(റസിഡൻഷ്യൽ) | 06/02/2015 | ടിപി7/ടിബിഎ/(19306)/15,തീയതി<br>04/ 06/2015 | 4 മാസം |

| | | | | |
|---|---|---|---|---|
| 11 | ടി.പി.7/30551/15<br>പ്രദീപ്. കെ.പി, വിജയകുമാർ, കൃഷ്ണ, കല്ലായ്<br>വാർഡ് - 22<br>(റസിഡൻഷ്യൽ) | 06/03/2015 | ടിപി7/ടിബിഎ/ (21449)/15,തീയതി<br>02/ 07/2015 | 4 മാസം |
| 12 | ടി.പി.6/91236/15<br>സി.പി.സക്കീർ ഹുസൈൻ, പത്തരിക്കൽ ഹൗസ്, പുതിയപാലം കോഴിക്കോട്<br>വാർഡ് - 27<br>(റസിഡൻഷ്യൽ) | 20/08/2015 | ടിപി6/ടിബിഎ/ (37748)/15,തീയതി<br>03/ 12/2015 | 3 മാസം |
| 13 | ടി.പി.7/87767/15<br>മനരിക്കൽ യൂസഫ്, ഹാപ്പി നിവാസ് പുതിയപാലം കോഴിക്കോട്<br>വാർഡ് - 19<br>(റസിഡൻഷ്യൽ) | 10/08/2015 | ടിപി7/ടിബിഎ/ (2655)/15, തീയതി<br>21/ 01/2016 | 5 മാസം |
| 14 | ടി.പി.7/77564/15<br>കെ.എസ്.ശിവകുമാർ, കെ.എസ്.രമേഷ്കുമാർ, കെ.എസ്. ശരവണകുമാർ, കറ്റയാട്ടുപറമ്പ്<br>വാർഡ് - 21<br>(ഓഫീസ് / ബിസിനസ്സ്) | 13/07/2015 | ടിപി7/ടിബിഎ/ (38699)/15,തീയതി<br>19/ 12/2015 | 5 മാസം |
| 15 | ടി.പി.4/124349/15<br>സി. മുസ്തഫ, വി.ടി. ജമീല, താപ്പല്ലിപ്പറമ്പ്<br>വാർഡ് - 25<br>(റസിഡൻഷ്യൽ) | 03/12/2015 | ടിപി4/ടബിഎ/ (25469)/15,തീയതി<br>01/04/2016 | 4 മാസം |
| 16 | ടി.പി.7/12588/15<br>ബാബുരാജ്. കെ, കരിയാടടത്ത്, പന്നിയങ്കര<br>വാർഡ് - 21<br>(റസിഡൻഷ്യൽ) | 30/01/2015 | ടിപി7/ടിബിഎ/ (17232)/15,തീയതി<br>03/ 06/2015 | 5 മാസം |

2) ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ കാലതാമസം

1999 -ലെ കെ.എം.ബി.ആർ ചട്ടം (3) ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസത്തിനകം "അപ്പൻഡിക്സ്- എച്ച് "ഫോറത്തിലുള്ള ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് സെക്രട്ടറി നൽകണം എന്നു നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം കാണിക്കുന്ന "അപ്പൻഡിക്സ് ഇ"ഫോറത്തിലുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് കെട്ടിട ഉടമയിൽ നിന്നും ലഭിച്ചിട്ടും (ചട്ടം 20 (എഫ്)) , കംപ്ലീഷൻ സർട്ടിഫിക്കറ്റിനൊപ്പം ഹാജരാക്കേണ്ടതായ എല്ലാ രേഖകളും, അംഗീകരിച്ച കെട്ടിട പ്ലാനുകളും ഉണ്ടായിട്ടും, ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കാൻ വൈകുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഫയൽ നം. /കെട്ടിട ഉടമയുടെ പേര് / മേൽവിലാസം | കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതി | ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|---|---|
| 1 | ടി.പി.7/77564/15<br>കെ.എസ്.ശിവകുമാർ, കെ.എസ്.രമേശ്കുമാർ, കെ.എസ്. ശരവണകുമാർ, കറ്റയാട്ടുപറമ്പ് വാർഡ് - 21 | 10/06/2015 | 11/12/2015 |
| 2 | ടി.പി.4/110838/15<br>രാധാകൃഷ്ണൻ.പി, 29/445A , കുരുവിട്ടംകണ്ടി പറമ്പ്, കോട്ടൂളി, വാർഡ് - 28 | 01/10/2015 | 22/04/2016 |
| 3 | ടി.പി.4/94835/15<br>ഗിരീഷ് ബാബു. എൻ, പീടികക്കണ്ടി, കോട്ടൂളി. വാർഡ് - 28 | 03/08/2015 | 01/04/2016 |
| 4 | സുധീഷ്.കെ.എം,അപർണ്ണ.സി, വടക്കേ ക്കണ്ടത്ത് പറമ്പ്, തിരുവണ്ണൂർ വാർഡ് - 22 | 19/12/2014 | 05/05/2015 |
| 5 | ടി.പി.4/126577/15<br>എ.ബാലകൃഷ്ണൻ, പരപ്പക്കുന്നിൽ ഹൗസ്, ചേവായൂർ, വാർഡ് - 28 | 08/12/2015 | 05/08/2016 |
| 6 | ടി.പി.4/116812/15<br>സന്ദീപ്. വി.പി, രൺദീപ്. വി.പി, കുറുപ്പാശാൻകണ്ടി, ചേവായൂർ, വാർഡ് - 33 | 27/10/2015 | 15/01/2016 |
| 7 | ടി.പി.7/84203/15<br>വി.നാരായണൻ, കാവിലാട്ടുപറമ്പിൽ, 618, ശ്രീവിഹാർ, കല്ലായി, വാർഡ് - 20 | 20/07/2015 | 31/12/2015 |
| 8 | ടി.പി.7/79345/15<br>മണികണ്ഠൻ.കെ, ദിനേശ്കുമാർ.കെ, ചാമ്പക്കുട്ടിപറമ്പ്, മണരിപ്പാടം, തിരുവണ്ണൂർ വാർഡ് - 22 | 12/07/2015 | 31/12/2015 |
| 9 | ടി.പി.7/77562/15<br>കെ.എസ്.ശിവകുമാർ, കെ.എസ്.രമേശ്കുമാർ, കെ.എസ്. ശരവണകുമാർ,<br>വാർഡ് - 10 | 11/06/2015 | 11/12/2015 |

3) <u>സൗരോർജ്ജ വാട്ടർ ഹീറ്റർ സിസ്റ്റം / ലൈറ്റിംഗ് സിസ്റ്റം ബിൽഡിംഗ് പ്ലാനിൽ കാണിച്ചില്ല</u>

2013 – ലെ കെ.എം.ബി.ആർ. ഭേദഗതി ചട്ടം 109(സി)(1) പ്രകാരം 500 എം2 ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ളതായ ഗ്രൂപ്പ് എ 1, എ 2, സി, ഡി തരത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് സൗരോർജ്ജ വാട്ടർ ഹീറ്റർ സിസ്റ്റം / ലൈറ്റിംഗ് സിസ്റ്റം ആവശ്യമാണ്. എന്നാൽ, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ബിൽഡിംഗ് പ്ലാനിൽ ഈ സൗകര്യം കാണിച്ചിട്ടില്ല. ചട്ടം 109(സി)(4) പ്രകാരം ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനു മുൻപ് മേൽപ്പറഞ്ഞവ സജ്ജീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്താനാവശ്യപ്പെടാവുന്നതാണ്.

| ക്രമ നം | ഫയൽ നം. /കെട്ടിട ഉടമയുടെ പേര്/ മേൽവിലാസം | കെട്ടിടത്തിന്റെ തരം | കെട്ടിട വിസ്തീർണ്ണം |
|---|---|---|---|
| 1 | ടി.പി.5/110373/15 അഷ്റഫ് അലി & റിയാസ്, അൽമാസ്, പുതിയപൊൻമണിച്ചിന്തകം, ഫ്രാൻസിസ് റോഡ്. | കൊമ്മേഴ്സ്യൽ കം ഡോർമ്മിറ്ററി ഗ്രൂപ്പ്-എ 2 | 1066.95 എം$^2$ |
| 2 | ടി.പി.6/115946/14 ഡോ. സി.കെ.എൻ.പണിക്കർ, നാരായണീയം, മഞ്ജുനാഥറാവു (റോഡ്) | കൊമ്മേഴ്സ്യൽ കം നൈറ്റ് ഷെൽട്ടർ ഗ്രൂപ്പ്-എ 2 | 1261.95 എം$^2$ |
| 3 | ടി.പി.11/124328/14 എം.പി.അഹമ്മദ് ബഷീർ, കെ.എ.സിയാദ്, എൻ.എം.സലിം, M/S മലബാർ ഇൻഫ്രാ ഡവലപ്പേഴ്സ് ലിമിറ്റഡ്, റാം മോഹൻ റോഡ്, പുതിയറ. | റസിഡൻഷ്യൽ ഗ്രൂപ്പ്-എ 2 | 12080.10 എം2 |

4) <u>മഴവെള്ള സംഭരണി ഇല്ലാതെ കെ.എം.ബി.ആർ. പ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി നൽകുന്നു.</u>

1999 ലെ കെ.എം.ബി.ആർ. ചട്ടം 109 (ബി) പ്രകാരം വിവിധ ഒക്യുപ്പൻസി വിഭാഗങ്ങളിലെ കെട്ടിടങ്ങൾക്ക് നിശ്ചിത അളവുകളിലെ മഴവെള്ള സംഭരണികൾ നിർബന്ധമാക്കിയിട്ടുണ്ട്. റസിഡൻഷ്യൽ ഒക്യുപ്പൻസി വിഭാഗമായ "ഗ്രൂപ്പ് എ 1" , കൊമ്മേഴ്സ്യൽ ഒക്യുപ്പൻസി വിഭാഗമായ "ഗ്രൂപ്പ് എഫ് " എന്നിവയ്ക്ക് ഒരു എം$^2$ തറവിസ്തീർണ്ണത്തിന് 25 ലിറ്റർ എന്ന തോതിലുള്ള മഴവെള്ള സംഭരണികളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ, നിബന്ധന പാലിക്കാതെ സമർപ്പിച്ച പ്ലാനുകൾക്ക് നിർമ്മാണ അനുമതി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഫയൽ നം. /കെട്ടിട ഉടമയുടെ പേര്/ മേൽവിലാസം, കെട്ടിടത്തിന്റെ തരം, തറ വിസ്തീർണ്ണം. | മഴവെള്ള സംഭരണിയുടെ ശേഷി (പ്ലാൻ പ്രകാരം) | മഴവെള്ള സംഭരണിയുടെ ശേഷി (ആവശ്യമായത്) |
|---|---|---|---|
| 1 | ടി.പി.5/99965/15 അഹമ്മദ് ജവാഹർ,ദാറുൽ ബറാമി, 327, അരീക്കാട്. വാർഡ്-16. റസിഡൻഷ്യൽ തറ വിസ്തീർണ്ണം- 346.45 എം$^2$ | 7500 .ലി | 8661 .ലി |
| 2 | ടി.പി.5/33033/15 പി.വി.ഖദീജ, പി.വി. നിസ്സാർ ഹൈദ്രോസ്, പി.വി.റംല, പി,വി. വസീറലി, പി.വി.സഹീറുദ്ദീൻ, പി.വി.ഫസീലത്ത് ഹസ്നത്ത് ഹൗസ്, നഗരം, കല്ലായി വാർഡ്-14. റസിഡൻഷ്യൽ തറ വിസ്തീർണ്ണം- 291.23 എം$^2$ | ഇല്ല | 1281. ലി |

| | | | |
|---|---|---|---|
| 3 | ടി.പി.5/116937/15<br>മുഹമ്മദ് നിതാൽ പള്ളി വീട്,<br>മുച്ചുന്തിപ്പള്ളി, കുറ്റിച്ചിറ, വാർഡ്-14.<br>റസിഡൻഷ്യൽ<br>തറ വിസ്തീർണ്ണം- 542.92 എം$^2$ | 4725. ലി | 13573. ലി |
| 4 | ടി.പി.7- ടി.ബിഎ/32954/15<br>വി.ആർ. രേഖ, 28/0/835-ഡി, വല്ലം,<br>ഗോവിന്ദപുരം, വാർഡ്-26.<br>റസിഡൻഷ്യൽ<br>തറ വിസ്തീർണ്ണം- 204.81 എം2 | ഇല്ല | 5120. ലി |
| 5 | ടി.പി.7- ടി.ബിഎ/161/2016<br>ടി.പി.ഉണ്ണികൃഷ്ണൻ, 24/0/1664 എ,<br>ശ്രീപാദം, തളിക്കുന്നു ടെമ്പിൾ,<br>മാങ്കാവ് വാർഡ്-24.<br>റസിഡൻഷ്യൽ<br>തറ വിസ്തീർണ്ണം- 152.84 എം$^2$ | 1425. ലി | 3821. ലി |
| 6 | ടി.പി.6- ബിഎ/35688/2015<br>പി.എം.മൊയ്തീൻ കോയ മരിയാസ്,<br>ആഴ്ച്ചവട്ടം, 24/0, ഷയാസ് 766 ,<br>മാങ്കാവ് വാർഡ്-25.<br>റസിഡൻഷ്യൽ<br>തറ വിസ്തീർണ്ണം- 198.46 എം$^2$ | ഇല്ല | 4962. ലി |
| 7 | ടി.പി.6- ബിഎ/16337/2015<br>ഷാമിലി യാസീൽ അലി ബിൻ<br>അബ്ദുൾ അസീസീ , മാങ്കാവ്<br>വാർഡ്-25.<br>റസിഡൻഷ്യൽ<br>തറ വിസ്തീർണ്ണം- 624.37 എം$^2$ | ഇല്ല | 15609. ലി |
| 8 | ടി.പി.6- ബിഎ/21068/2015<br>രവി.എം, കുതേരി സത്രം കോളനി,<br>പുതിയറ വാർഡ്-26.<br>റസിഡൻഷ്യൽ<br>തറ വിസ്തീർണ്ണം- 119.07 എം$^2$ | ഇല്ല | 2977. ലി |

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 106/2015-16 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനും, ഓക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമായി കെ.എം.ബി.ആർ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കാത്തതിനും, മഴവെള്ളസംഭരണികൾക്ക് കെ.എം.ബി.ആർ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയും, സൗരോർജ്ജ വാട്ടർ ഹീറ്റർ സിസ്റ്റം/ലൈറ്റിംഗ് സിസ്റ്റം ഇൻസ്റ്റാളേഷൻ രേഖപ്പെടുത്താതെയും സമർപ്പിച്ച പ്ലാനുകൾക്ക് നിർമ്മാണാനുമതി നൽകുകയും ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-6 പരസ്യ നികുതി പിരിവ് - കുത്തകാവകാശം ലേലം - അപാകതകൾ.

ഫയൽ നമ്പർ - എ.36/39893/15

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 271 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് സർക്കാർ അംഗീകാരത്തോടെ കൗൺസിൽ നിശ്ചയിച്ച നിരക്കിൽ പരസ്യ നികുതി ചുമത്താവുന്നതാണ്. നഗരസഭ തയ്യാറാക്കിയ ബൈലോയിലെ വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് പരസ്യം പിരിക്കുന്നതിന് കുത്തകാവകാശം നൽകാവുന്നതാണ്.

2015-16 സാമ്പത്തിക വർഷത്തിലെ പരസ്യ നികുതി പിരിക്കുന്നതിനുള്ള ലേലം/ടെണ്ടർ നോട്ടീസ് നൽകുന്നത് 26.02.2015 നാണ്.7.03.15 ന് നടന്ന ആദ്യ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ ലേലം ഉറപ്പിക്കാനായില്ല. തുടർന്ന് രണ്ട് തവണ ലേലവും, ഓഫറും ക്ഷണിച്ചെങ്കിലും ലേലം ഉറപ്പിക്കാനായില്ല. 04.04.15 ലെ എ 36/39893/15 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പരസ്യ നികുതിയും തറവാടകയും നേരിട്ട് പിരിച്ചെടുക്കാൻ തീരുമാനിച്ചു. 21.04.15 ന് ശ്രീ.എം.ശിവാനന്ദൻ 40,10,000/-രൂപ പരസ്യനികുതിയായി അടവാക്കി ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചു.അദ്ദേഹവുമായി നടത്തിയ അനുരഞ്ജനത്തിൽ തുക 41,10,000/-ഉയർത്താൻ സമ്മതിക്കുകയുണ്ടായി.എന്നാൽ ധനകാര്യ സ്ഥിരം സമിതിയുടെ 28.04.15 ലെ 19-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത ഓഫർ ലേലനിബന്ധനകൾക്ക് എതിരായതിനാലും തുക കുറവായതിനാലും ഓഫർ നിരസിക്കുന്നതിനും ഡിപ്പാർട്ട്മെന്റലായി പിരിക്കുന്നതിനും തീരുമാനിച്ചു. 19.05.15 ന് ശ്രീ.അബ്ദുൾ ശിഹാബ്, സുബിതാസ് മഹൽ, മാത്തോട്ടം, കോഴിക്കോട് എന്നയാൾ സമർപ്പിച്ച 42,20,000/- രൂപയുടെ ഓഫർ അടിസ്ഥാനപ്പെടുത്തി ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം(ധനകാര്യ സ്ഥിരം സമിതിയുടെ 03.06.15 ലെ തീരുമാനം-8)ബഹു. മേയറുടെ 09.06.2015 ലെ മുൻകൂർ അനുമതിയോടെ അദ്ദേഹത്തിന് നൽകി.

<u>പരസ്യ നികുതി നേരിട്ട് പിരിച്ചെടുത്തതും, ലേലം സംബന്ധിച്ചുമുള്ള അപാകതകൾ താഴെ കൊടുക്കുന്നു..</u>

1. 01.04.2015 മുതൽ ആരംഭിക്കേണ്ട പരസ്യനികുതി പിരിവിന് 26.02.15 നു മാത്രമാണ് ലേലനോട്ടീസ് തയ്യാറാക്കുന്നത്. ആദ്യലേലം 7.3.15 നും തുടർന്ന് 17.03.15,26.0315 തിയ്യതികളിൽ പുനർലേലങ്ങളും നടന്നു. ലേലനടപടികൾ ആരംഭിക്കാൻ വൈകിയത് നഗരസഭയുടെ സാമ്പത്തികതാല്പര്യത്തിന് അനുകൂലമല്ല.
2. ലേലം നോട്ടീസിന് വേണ്ടത്ര പ്രചാരണം നൽകിയതായി കാണുന്നില്ല. നോട്ടീസിൽ കാണിച്ച സ്ഥലങ്ങളിൽതന്നെ ഇവ പ്രദർശിപ്പിച്ചതിന് ബന്ധപ്പെട്ടവരുടെ സാക്ഷ്യപത്രമില്ല.. 22.07.2011 ലെ 30270 എഫ്.എം.3/07 ത.സ്വ.ഭ.വ. നം. സർക്കുലറിലെ നിബന്ധനകൾ പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലെ പരസ്യ ലേലം നടത്തുന്നതിന്റെ അറിയിപ്പ് വ്യാപക പ്രചാരമുള്ള പത്രമാധ്യമങ്ങളിൽ ഉൾപ്പെടെ നൽകേണ്ടതാണ്.2015-16 ൽ മൂന്നു പ്രാവശ്യവും ലേലം സംബന്ധിച്ച പത്രപ്പരസ്യം നൽകിയിരിക്കുന്നത് പ്രദീപം,ദേശാഭിമാനി എന്നീ പത്രങ്ങളിലാണ്.കോഴിക്കോട് നഗരത്തിൽ മാത്രം പ്രചാരമുള്ള സായാഹ്നദിനപത്രമാണ് പ്രദീപം.ലേലം സംബന്ധിച്ച് നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.മൂന്നുപ്രാവശ്യം ലേലം നടത്തിയിട്ടും ആളുകൾ പങ്കെടുക്കാത്തത് പ്രചാരണത്തിന്റെ പോരായ്മയാണ്. പത്രപ്പരസ്യം നൽകുന്ന കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കപെട്ടിട്ടില്ല.
3. ലേല വ്യവസ്ഥകൾ പ്രകാരം ലേലം ഉറപ്പിക്കുമ്പോൾ ലേല തുകയുടെ 50% വും ലേലം സ്ഥിരപ്പെടുത്തുമ്പോൾ 25% വും ബാക്കി 3 ഗഡുക്കളായി തുടർന്നുള്ള മാസങ്ങളിലും അടവാക്കേണ്ടതാണ്. എന്നാൽ ജൂൺ 2015 ന് ഉറപ്പിച്ച ലേലത്തിന്റെ 50% അടവാക്കി

ബാക്കി 3 തുല്യ ഗഡുക്കളായി അടക്കുന്നതിന് (7/2015 മുതൽ 9/15 വരെ) സമയം അനുവദിച്ചതായി കരാർ ഉടമ്പടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ലേല നിബന്ധനകൾക്ക് വിരുദ്ധമാണ്.

4. കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറിയുടെ 4.4.15 ലെ എ 36/39893/15 നമ്പർ ഉത്തരവ് പ്രകാരം പരസ്യനികുതിയും തറവാടകയും നേരിട്ട് പിരിച്ചെടുക്കാൻ റവന്യൂ- ഇൻസ്പെക്ടർമാർ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയെങ്കിലും 01.04.2015 മുതൽ 16.06.2015 വരെ 2,57,448/-രൂപമാത്രമാണ് ഈയിനത്തിലുള്ള വരവ്. ഇതിൽ ഏറിയപങ്കും ബന്ധപ്പെട്ടവർ നഗരസഭയിൽ നേരിട്ട് അടച്ചതാണ്. നഗരസഭാ പ്രദേശത്ത് പരസ്യം പ്രദർശിപ്പിച്ചവരിൽനിന്നും നികുതി ഈടാക്കുന്നതിനോ അനധികൃതപരസ്യങ്ങൾ നീക്കം ചെയ്യുന്നതിനോ നടപടിയെടുത്തതായി കാണുന്നില്ല.
5. ധനകാര്യ സ്ഥിരം സമിതിയുടെ 28.04.15 ലെ 19-ാം നമ്പർ തീരുമാന പ്രകാരം ശ്രീ.ശിവാനന്ദൻ,തച്ചമ്പലത്ത് ഹൗസ് എന്നയാൾ സമർപ്പിച്ച ഓഫർ (41,10,000/-)ലേലനിബന്ധനകൾക്ക് എതിരായതിനാലും തുക കുറവായതിനാലും നിരസിക്കുന്നതിനും, പരസ്യനികുതി ഡിപ്പാർട്ട്മെന്റലായി പിരിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ 19.05.15 ന് ശ്രീ.അബ്ദുൾ ശിഹാബ്, സുബിതാസ് മഹൽ, മാത്തോട്ടം, കോഴിക്കോട് എന്നയാൾ സമർപ്പിച്ച 42,20,000/- രൂപയുടെ ഓഫർ അടിസ്ഥാനപ്പെടുത്തി ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം(ധനകാര്യ സ്ഥിരം സമിതിയുടെ 03.06.15 ലെ തീരുമാനം-8)ബഹു. മേയറുടെ 09.06.2015 ലെ മുൻകൂർ അനുമതിയോടെ അദ്ദേഹത്തിന് നൽകി.ലേലം ഉറപ്പിക്കുമ്പോൾ അടവാക്കേണ്ട 25% തുക ഒഴിവാക്കി ലേലതുകയുടെ 50% മൂന്ന് ഗഡുക്കളായി നൽകാമെന്ന ശ്രീ.ശിവാനന്ദന്റെ ഓഫറിൽ കാണിച്ച വ്യവസ്ഥ തന്നെയാണ് ശ്രീ.അബ്ദുൾ ശിഹാബിന്റെ ഓഫറിലും കാണിച്ചതും അംഗീകരിച്ചതും . ഈ രണ്ട് ഓഫറും ലേലനിബന്ധനകൾക്ക് എതിരാണെന്നിരിക്കെ ഒരാളുടെ ഓഫർ നിരസിച്ചതിന്റെ കാരണം വ്യക്തമല്ല.മാത്രമല്ല ഇവരിൽനിന്നും ഓഫറുകൾ സ്വീകരിച്ചത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമല്ല.ഓഫറുകൾ ക്ഷണിച്ചതുസംബന്ധിച്ച് രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.
6. ഉടമ്പടിയിലെ വ്യവസ്ഥ 4 പ്രകാരം തുടർച്ചയായി 2 മാസം ലേല ഗഡുക്കൾ അടക്കാതിരുന്നാൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണെങ്കിലും ലേലതുക അടവാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടും(15.09.15 ലെ കുടിശ്ശിക 14,96,462/-രൂപ)തുടർന്നും പരസ്യ നികുതി പിരിക്കാൻ കരാറുകാരനെ അനുവദിച്ചു. കൂടാതെ ലൈസൻസ് വ്യവസ്ഥ പ്രകാരം അടക്കേണ്ട കുടിശ്ശികയായ 3,80,546/-രൂപയിൽ 3 ലക്ഷം രൂപ കുറച്ച് 80,546/-രൂപമാത്രമാണ് അടവാക്കിയത്. കുറവ് വന്ന തുകയും പലിശയും നാളിതുവരെ അടവാക്കിയിട്ടില്ല.
7. കരാർ വ്യവസ്ഥ 17 പ്രകാരം ഡപ്പോസിറ്റ് തുക കരാർ കാലാവധി കഴിഞ്ഞ് ബാദ്ധ്യത ഒന്നും ഇല്ലെങ്കിൽ തിരിച്ചു നൽകുന്നതാണ് എന്നും കരാർ വ്യവസ്ഥ ഒന്നു പ്രകാരം ഡെപ്പോസിറ്റ് തുക കഴിച്ച് ബാക്കി മൂന്ന് ഗഡുക്കൾ നോട്ടീസിൽ പറഞ്ഞ സമയത്തിനുള്ളിൽ അടച്ചുതീർക്കേണ്ടതാണെന്നും പരസ്പര വിരുദ്ധമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
8. കരാർ വ്യവസ്ഥയിലെ ക്രമനമ്പർ 1,15 എന്നിവ പ്രകാരം കുടിശ്ശിക തുകയായ 3,00,000/- രൂപയും പലിശയും അടയ്ക്കാൻ ലൈസൻസിയും ജാമ്യക്കാരനും ബാധ്യസ്ഥരാണ്. എന്നാൽ തുക ഈടാക്കാൻ വീഴ്ച വരുത്തിയിട്ടും ലൈസൻസിക്കും, ജാമ്യക്കാരനുമെതിരെ തുടർ നടപടി എടുത്തിട്ടില്ല.
9. 2014 ലെ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷന്റെ ലേലം സംബന്ധിച്ച നിയമാവലി അനുശാസിക്കും പ്രകാരം ലേല സംഖ്യയുടെ തുല്യ തുകയ്ക്കുള്ള സോൾവെൻസി /ബാങ്ക് ഗ്യാരണ്ടി ഹാജരാക്കിയിട്ടില്ല.
10. ലേല ഉടമ്പടിയിൽ ക്രമ നമ്പർ I6 പ്രകാരം പരസ്യ ബോർഡുകളുടെയും മററും സൈസ്സും യഥാർത്ഥ ലൊക്കേഷനും, ഈടാക്കിയ തുകയുടെ കണക്കുകളും അടങ്ങിയ വിവരങ്ങളുടെ

സമഗ്രമായ ലിസ്ററ് തയ്യാറാക്കി ലൈസൻസി ഹാജരാക്കേണ്ടതാണ്. എന്നാൽ ടി വ്യവസ്ഥ ലൈസൻസി പാലിച്ചില്ല.

11. പരസ്യ നികുതി രജിസ്ററിൽ നികുതിയായി ഈടാക്കിയ തുക കൃത്യമായി രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
12. പുതിയ ബോർഡുകൾ സ്ഥാപിക്കുമ്പോൾ ട്രാഫിക് അഡ്വൈസറി കമ്മററിയുടെ സമ്മതപത്രം ലഭ്യമാക്കേണ്ടതാണെങ്കിലും 2015-16 ൽ ഇത്തരം സമ്മതപത്രങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
13. 9.05.16 ലെ എ 36/39893/15 നമ്പർ കത്ത് പ്രകാരം കരാറുകാരനിൽനിന്നും നഗരസഭക്ക് വല്ല നഷ്ടവും സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ ഇൻസ്പെക്ടർമാരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെയും റിപ്പോർട്ട് ലഭ്യമാക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.
14. ലേലക്കാരൻ ലേലതുക അടവാക്കാൻ തയ്യാറാകാതിരുന്നിട്ടും ലേല ഡെപ്പോസിറ്റ് തുക നഗരസഭാഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.86/2015-16 തീയതി.03.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. പരസ്യനികുതി ലേല കുടിശ്ശിക തുക ലേലക്കാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-7 ബീച്ച് റോഡ് സൗന്ദര്യവത്കരണം - നടപടികളിലെ കാലതാമസം മൂലം ലക്ഷങ്ങളുടെ നഷ്ടം

ഫയൽ നം : എ 36/28794/05

കോഴിക്കോട് ബീച്ച് റോഡിൽ ടെലഗ്രാഫ് ഓഫീസ് മുതൽ ലയൺസ് പാർക്ക് വരെയുള്ള 1.2 കി.മീ. ദൂരത്തിലുള്ള സെൻട്രൽ മീഡിയനിലെ തെരുവു വിളക്കുകൾ കേടുപാടുകൾ തീർത്തു കത്തിയ്ക്കുന്നതും, തുടർന്നുള്ള പരിപാലനവും, മീഡിയനിലുള്ള വിളക്കുകാലുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശവും ശ്രീ.സച്ചു.ടി.റസാഖ് എന്നയാൾക്ക് 01.06.2006 മുതൽ മൂന്നു വർഷ കാലയളവിലേയ്ക്ക് അനുവദിക്കുകയും, 17.11.2006 ൽ 13 വ്യവസ്ഥകളടങ്ങിയ കരാറിൽ ഏർപ്പെടുകയും ചെയ്തു.

ശ്രീ.സച്ചുവിന് അനുവദിച്ച കാലയളവ് പൂർത്തിയായതിനെ തുടർന്ന് പരസ്യ ബോർഡുകൾ എടുത്തുമാറ്റാൻ ആവശ്യപ്പെട്ട കോർപ്പറേഷൻ നോട്ടീസ് നൽകിയപ്പോൾ, അതിനെതിരായി (ടിയാനു നൽകിയ കാലയളവിന് ശേഷം തുടർന്നും പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അനുവാദം നൽകാതിരുന്നതിന്)കോഴിക്കോട് ഒന്നാം നമ്പർ മുൻസിഫ് കോടതി മുമ്പാകെ സി18 ഒ.എസ്.395/09 നമ്പർ കേസ് ഫയൽ ചെയ്തു. എന്നാൽ ഈ കേസ് 2012 ഏപ്രിൽ മാസത്തിൽ കോർപ്പറേഷനു അനുകൂലമായി ഉത്തരവായി. ഈ കോടതി വിധിയ്ക്കെതിരായി ശ്രീ.സച്ചു ഐ.എ.1455/12 നമ്പർ ഇഞ്ചക്ഷൻ അപേക്ഷയും, എ.എസ്.103/12 നമ്പർ അപ്പീൽ പെറ്റീഷനും നൽകിയിരുന്നെങ്കിലും ഇതിൻമേൽ ഇടക്കാല ഉത്തരവുകളൊന്നും ലഭിച്ചില്ല. (അപ്പീൽ പെറ്റീഷൻ സെപ്റ്റംബർ 2013 ൽ ഡിസ്മിസ് ചെയ്ത് ഉത്തരവായി) ടിയാന് ഇടക്കാല ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ലെന്നും, ഈ വിഷയത്തിൽ തുടർനടപടികൾ/ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിൽ തടസ്സമില്ലെന്ന നിയമോപദേശവും 12.10.2012 ൽ കോർപ്പറേഷൻ സ്റ്റാന്റിംഗ് കൗൺസൽ നൽകിയിരുന്നു.

തുടർന്ന് ശ്രീ.സച്ചു സ്ഥാപിച്ചിരുന്ന പരസ്യ ബോർഡുകൾ നഗരസഭ നീക്കം ചെയ്യുകയും, റോഡിലെ വിളക്കുകൾ കത്തിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കോർപ്പറേഷൻ എഞ്ചിനീയർക്ക് 29.11.2012 ൽ നിർദ്ദേശം/ കുറിപ്പ് നൽകുകയും ചെയ്തു. പിന്നീട് ഒരു വർഷക്കാലം ഈ ഫയലിൽ ഒരു നടപടിയുമുണ്ടായില്ല. കോർപ്പറേഷൻ എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിൻമേൽ നടപടികളുണ്ടാകാതിരുന്നതിനാൽ 29.09.2013, 04.10.2013, 29.10.2013 തിയ്യതികളിൽ ഓർമ്മക്കുറിപ്പ

നൽകി. എന്നാൽ ഈ വിഷയത്തിൽ കോർപ്പറേഷൻ എഞ്ചിനീയർ റിപ്പോർട്ട് നൽകിയത് 04.02.2014 ൽ മാത്രമാണ്.

എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24.03.2014 ലെ ഡെ.സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത സ്ഥലത്ത് പോസ്റ്റ് സ്ഥാപിച്ച് ലൈറ്റ് കത്തിയ്ക്കുന്നതിന് താല്പര്യമുള്ള വ്യക്തി/ സ്ഥാപനങ്ങളിൽ നിന്ന് "എക്സ്പ്രെഷൻ ഓഫ് ഇൻടസ്റ്റ്" ക്ഷണിച്ചു. ഇതിനായി പ്രദീപം, ദേശാഭിമാനി എന്നീ പത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിയ്ക്കുകയും, മൂന്നു പേർ താല്പര്യം അറിയിക്കുകയും ചെയ്തു.(16.05.2014 ലെ പരസ്യത്തിനായി 3480/-രൂപ ചെലഴിച്ചിട്ടുണ്ട്)എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കോർപ്പറേഷൻ കൗൺസിലോ, മറ്റു കമ്മിറ്റികളോ നിർദ്ദേശിച്ചിരുന്നില്ല എന്ന കാരണത്താൽ ലഭിച്ച ടെണ്ടറുകൾ/എക്സ്പ്രെഷൻ ഓഫ് ഇൻടസ്റ്റിൻമേൽ തുടർനടപടികളൊന്നും നടന്നില്ല. പിന്നീട് ധനകാര്യ സ്ഥിരം സമിതിയുടേയും, കൗൺസിലിന്റേയും അനുവാദത്തോടെ "എക്സ്പ്രെഷൻ ഓഫ് ഇൻടസ്റ്റ് " വീണ്ടും ക്ഷണിക്കുകയാണുണ്ടായത്. 2015 ജനുവരി 19,20 തിയ്യതികളിൽ മാതൃഭൂമി, ദേശാഭിമാനി, പ്രദീപം എന്നീ പത്രങ്ങളിലായി ഇത് പ്രസിദ്ധീകരിക്കുകയും, മൂന്നു പേരിൽ നിന്ന് ഓഫറുകൾ ലഭിക്കുകയും ചെയ്തു. കൂടുതൽ ആക്രഷകമായ ഓഫർ സമ്രപ്പിച്ച 'സോളസ് ആഡ് സൊല്യൂഷൻസ്' എന്ന സ്ഥാപനത്തിന്റെ നിരക്ക് സ്വീകാര്യമാണോ എന്നറിയിക്കാൻ 31.03.2015 ൽ കോർപ്പറേഷൻ എഞ്ചിനീയർക്ക് ഡെപ്യൂട്ടി സെക്രട്ടറി കുറിപ്പ് നൽകിയെങ്കിലും, 22.06.2015, 12.08.2015 എന്നീ തിയ്യതികളിൽ ഓർമ്മക്കുറിപ്പുകൾ നൽകിയതിനു ശേഷമാണ് പ്രസ്തുത നിരക്ക് സ്വീകരിക്കാമെന്ന റിപ്പോർട്ട് എഞ്ചിനീയർ നൽകുന്നത്. തുടർന്ന് 01.10.2015 ലെ കൗൺസിൽ തീരുമാന പ്രകാരം(തീരുമാനം 26) 'സോളസ് ആഡ് സൊല്യൂഷ്യന്റെ' ഓഫർ അംഗീകരിക്കുകയും, 09.10.2015 ൽ പ്രസ്തുത സ്ഥാപനത്തിന് സെലക്ഷൻ മെമ്മോ നൽകുകയും ചെയ്തു.

'സോളസ് ആഡ് സൊല്യൂഷൻസ് ' നൽകിയ ഓഫർ പ്രകാരം ബീച്ച് റോഡിലെ നിശ്ചിത ദൂരത്തിൽ 60 വിളക്ക കാലുകൾ സ്ഥാപിച്ച് അതിൽ എൽ.ഇ.ഡി.ലൈറ്റുകൾ തെളിയിക്കുകയും, തുടർന്നുള്ള അറ്റകുറ്റ പണികളും നടത്തുകയും, 60 വിളക്കുകാലുകളിലായി പരസ്യം വയ്ക്കുന്നതിന് ഒരു കാലിന് 1750/- രൂപ നിരക്കിൽ ലൈസൻസ് ഫീസായി എല്ലാ വർഷവും കോർപ്പറേഷനിൽ അടവാക്കുകയും ചെയ്യും. ഈ സ്ഥാപനത്തിന് നൽകിയ സെലക്ഷൻ മെമ്മോയിൽ പ്രവർത്തി ആരംഭിക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുന്നതിനു മുമ്പായി ഒരു വർഷത്തേയ്ക്കുള്ള ഓഫർ തുക, നികുതികളുൾപ്പെടെ മുൻകൂറായി അടവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക അടവാക്കാതെ തന്നെ സ്ഥാപനവുമായി 09.11.2015 ൽ 24 കരാർ വ്യവസ്ഥകളടങ്ങിയ വിശദമായ കരാറുടമ്പടിയിലേർപ്പെട്ടു. കരാറിൽ നിർദ്ദേശിച്ച പ്രകാരം വിളക്കുകാലുകളിൻമേൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ഇടയിലുള്ള മരങ്ങൾ തടസ്സമായതിനാൽ 04.07.2016 ലെ കൗൺസിൽ തീരുമാന പ്രകാരം(തീരുമാനം 8) പരസ്യബോർഡുകൾ വാഹന ഗതാഗതത്തിന് തടസ്സമില്ലാത്ത വിധം തറയിൽ സ്ഥാപിക്കാൻ അനുമതി നൽകി. 19.10.2016 ൽ മേൽ സ്ഥാപനം നൽകിയ കത്ത് പ്രകാരം 17.06.2016 ന് വിളക്കുകാലുകളുടെ പ്രവൃത്തിയും, 01.10.2016 ന് പരസ്യബോർഡുകളുടെ പണിയും പൂർത്തീകരിച്ചിട്ടുണ്ട്.

വിളക്കുകാലുകളിൽ മേൽ പരസ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ ആകെ 60 പരസ്യ ബോർഡുകളാണ് സ്ഥാപിക്കാനാവുക. എന്നാൽ പരസ്യ ബോർഡുകൾ തറയിൽ സ്ഥാപിച്ചിരിക്കുന്നത് രണ്ടു വിളക്കുകാലുകൾക്കിടയിൽ രണ്ടു വീതം എന്ന തോതിലാണ്. അതുകൊണ്ടു തന്നെ സ്ഥാപനത്തിന് ലഭിക്കുന്ന ആദായം ഇരട്ടിയായി വർധിച്ചു. എന്നാൽ ഇതിനനുസൃതമായി കോർപ്പറേഷനിലേയ്ക്ക് ലഭിക്കാവുന്ന തുക വർധിപ്പിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

19.10.2016 ലെ സ്ഥാപനം കോർപ്പറേഷനു നൽകിയ കത്തു പ്രകാരം വൈദ്യുതി വിളക്കുകൾ വൈകുന്നേരം 6.30 മുതൽ രാവിലെ 5.30 വരെയും, പരസ്യ ബോർഡുകൾ വൈകുന്നേരം 7 മണി മുതൽ രാത്രി 10.30 വരെയും പ്രകാശിപ്പിയ്ക്കുന്നുണ്ട്. പരസ്യബോർഡുകളിലേയ്ക്കുള്ള വൈദ്യുതി

തുക അടവാക്കാൻ സ്ഥാപനം തയ്യാറാണെന്നും, ഇതിന് പ്രത്യേകം കണക്ഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സ്ഥാപനമുടമ അപേക്ഷിച്ചിട്ടുണ്ട്. നിലവിൽ ഈ വൈദ്യുതി തുക അടവാക്കുന്നത് ആരാണെന്ന് വ്യക്തമല്ല. പരസ്യബോർഡുകളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് സ്ഥാപനമുടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

കരാറിലെ നിബന്ധന 20 പ്രകാരം വിളക്കുകാലുകൾ പ്രവർത്തന സജ്ജമാകുന്ന പക്ഷം, കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കാണ് എഗ്രിമെന്റ് കാലാവധിയായ നാലു വർഷക്കാലം കണക്കാക്കുന്നത് എന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് സമയം വരെ ഇത്തരത്തിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധന നടത്തി റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. അതു കൊണ്ടു തന്നെ സ്ഥാപനത്തിന് അനുവദിച്ച നാലു വർഷ കാലാവധി എന്നു തുടങ്ങുന്നു എന്ന് വ്യക്തമല്ല. മുൻകൂറായി ഫീസ് തുക അടവാക്കണമെന്ന് സെലക്ഷൻ മെമ്മോയിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഉത്തരവിനുശേഷം 10 മാസങ്ങൾ കഴിഞ്ഞ് 22.09.2016 ൽ മാത്രമാണ് ഒരു വർഷത്തെ തുക 1,20,750/-(സർവ്വീസ് ടാക്സ് ഉൾപ്പെടെ)കോർപ്പറേഷനിൽ അടവാക്കിയത്. കരാറുകാരൻ ഉടമ്പടിയിൽ ഏർപ്പെട്ട് രണ്ടാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാൽ, രണ്ടാം വർഷത്തേയും ഫീസ് നഗരസഭയ്ക്ക് ലഭിക്കേണ്ടതുണ്ട്.

മേൽ വിവരിച്ച രീതിയിൽ ഈ വിഷയത്തിൽ നടപടി പൂർത്തീകരണത്തിന് നാലു വർഷത്തെ താമസമുണ്ടായി. നടപടിക്രമങ്ങളിലെ കാലതാമസം മൂലം നാലുലക്ഷത്തിലധികം രൂപയും, പരസ്യബോർഡുകളുടെ എണ്ണം ഇരട്ടിയാക്കിയതിനാൽ 1,20,750 രൂപയും നഗരസഭയ്ക്ക് നഷ്ടപ്പെട്ടിരിയ്ക്കുന്നു. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നം.102/15-16) മറുപടി ലഭിച്ചില്ല. വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കാത്ത പക്ഷം നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദിയായവരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 2-8 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല.

നഗരസഭ പരിധിയിലുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും, അവക്കെതിരെ നടപടിയെടുക്കുന്നതിലും കോർപ്പറേഷൻ വേണ്ട വിധം ഇടപെടുന്നില്ല. ചില നിർമ്മാണങ്ങളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു.

### എ) സി.ടി.പി. വിജിലൻസ് റിപ്പോർട്ട് ഉണ്ടായിട്ടും അനധികൃത നിർമ്മാണം നീക്കം ചെയ്തില്ല

ചെറുവണ്ണൂർ മേഖലാ ഓഫീസിനു കീഴിൽ കുണ്ടായിത്തോടിൽ സർവ്വേ നമ്പർ 156/7 B സ്ഥലത്ത് നടന്നു വരുന്ന അനധികൃത നിർമ്മാണം സംബന്ധിച്ച് 12.01.2015 ന് സമീപമുള്ള റസിഡൻസ് അസോസിയേഷൻ (കോസൻസ് ഏരിയ റസിഡൻസ് അസോസിയേഷൻ) പരാതി നൽകിയിരുന്നു. ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ സെക്ഷൻ ക്ലാർക്ക് 19.01.2015 ൽ തന്നെ ബന്ധപ്പെട്ട ഓവർസിയർക്ക് ഫയൽ കൈമാറിയിരുന്നു. എന്നാൽ ഏകദേശം രണ്ടു മാസത്തോളം കഴിഞ്ഞ് 09.03.2015 ലാണ് ഈ വിഷയത്തിൽ ഓവർസിയർ റിപ്പോർട്ട് നല്കിയത്. നിലവിൽ പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത് എന്നും, ഉടമസ്ഥൻ സമർപ്പിച്ച പ്ലാൻ പ്രകാരം പരാതിക്കാസ്പദമായ കാര്യങ്ങൾ നിലനിൽക്കുന്നതല്ലെന്നും പരാതിക്കാരനെ അറിയിച്ചു. എന്നാൽ 30.4.2015 ൽ റസിഡൻസ് അസോസിയേഷൻ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ എണ്ണമിട്ട് വിശദീകരിച്ചു കൊണ്ട് വീണ്ടും പരാതി നൽകി. ഈ പരാതിയും വളരെ ലാഘവത്തോടെയാണ് ഓവർസിയർ കൈകാര്യം ചെയ്തത്. 09.05.2015 ൽ അന്വേഷണത്തിനായി കൈമാറിയ ഫയലിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് 06.07.2015 ൽ മാത്രമാണ്. പരാതി വീണ്ടും ലഭിച്ചപ്പോൾ സ്ഥലം നേരിട്ട് പരിശോധിക്കാതെയാണ് ഓവർസിയർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് എന്ന് നോട്ട് ഫയൽ പരിശോധിച്ചാൽ മനസ്സിലാക്കാം. പരാതിക്കാസ്പദമായ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ടിലെവിടെയും (നോട്ട് ഫയലിലെവിടെയും) പരാമർശിച്ചിട്ടില്ല. പരാതിയിൽ

ഉന്നയിച്ചിരിക്കുന്ന ഭൂമി കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ വില്ലേജ് ഓഫീസറോട് ആരായുന്നുണ്ടെന്നും, പെർമിറ്റ് അനുവദിക്കുന്ന സമയം സ്ഥലമിടപാടിന്റെ എഗ്രിമെന്റ് മാത്രമാണ് നടന്നിട്ടുള്ളതെന്നുമാണ് പരാതിക്കാരന് മറുപടി നൽകിയിരിക്കുന്നത്.

തുടർന്ന് പരാതിക്കാർ ജില്ലാ കളക്ടർക്കും, തദ്ദേശ സ്വയം ഭരണ സെക്രട്ടറിയ്ക്കും ഇതു സംബന്ധിച്ച് പരാതി നൽകിയപ്പോൾ മാത്രമാണ് മേഖല ഓഫീസിൽ നിന്നും സ്ഥലം പരിശോധിക്കുന്നതും, ഉടമസ്ഥന് നിർമ്മാണം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതും. ബന്ധപ്പെട്ട നോട്ട് ഫയലിൽ, ഈ വിഷയത്തിൽ ഉത്തരവ് പാലിക്കുന്നുണ്ടോയെന്ന് കൂടെ കൂടെ പരിശോധിക്കണമെന്നും 17.11.2015 നും,16.01.2016 നും കോർപ്പറേഷൻ സെക്രട്ടറി കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഉടമസ്ഥനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

16.04.2016 ന് തദ്ദേശ സ്വയം ഭരണ സെക്രട്ടറി, സി.ടി.പി. വിജിലൻസ് കണ്ടെത്തിയ ഏഴോളം വരുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് അടക്കം, കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നഗരസഭയോട് നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓവർസിയർ 19.04.2016 ന് സമർപ്പിരുന്നെങ്കിലും പിന്നീടിതു വരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 05.11.2016 ന് മേഖല ഓഫീസ് റവന്യൂ ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം സ്ഥലം നേരിൽ പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ നിർമ്മാണം പ്ലാസ്റ്ററിംഗ് വരെ കഴിഞ്ഞ അവസ്ഥയിലാണ്. സി.ടി.പി. വിജിലൻസിന്റെ റിപ്പോർട്ടിൽ ഉൾപ്പെട്ട ലംഘനങ്ങളെല്ലാം തുടർന്ന് വരുന്നു.



സി.ടി.പി.വിജിലൻസ് റിപ്പോർട്ടിനാധാരമായ നിർമ്മാണം

മേൽ വിവരിച്ച രീതിയിൽ പരാതി വളരെ ലാഘവത്തോടെ കൈകാര്യം ചെയ്തതിനും, നാളിതു വരെ വകുപ്പ സെക്രട്ടറിയുടെ നിർദ്ദേശം പാലിച്ച് അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നം.77/15-16) മറുപടി ലഭിച്ചില്ല.

**ബി) അനധികൃത നിർമ്മാണം ബഹു.ഓംബുഡ്സ്മാൻ നിർദ്ദേശം നടപ്പാക്കിയില്ല**

ഫയൽ നം.ബി3/10557/14

കോർപ്പറേഷന്റെ ചെറുവണ്ണൂർ - നല്ലളം മേഖല ഓഫീസ് പരിധിയിലുള്ള അനധികൃത നിർമ്മാണം സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു.ഓംബുഡ്സ്മാൻ

മുമ്പാകെ ശ്രീ.ടി.പി.രാമചന്ദ്രൻ നായർ, എ-1, ന്യൂ ഹൗസ്, അരീക്കാട് എന്നയാൾ സി.എം.പി.നം.106/16 ഫയൽ ചെയ്തിരുന്നു. ഈ കേസിൽ ശ്രീ.സിദ്ദീഖ് ഹാജി, പുല്ലനങ്ങാടത്ത് ന്യൂ ഹൗസ്, ശ്രീമതി. ചേനത്ത് സൗദാബി, പുല്ലനങ്ങാടത്ത് ന്യൂ ഹൗസ്, കോഴിക്കോട് നഗരസഭ സെക്രട്ടറി എന്നിവരാണ് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് എതിർകക്ഷികൾ. ഒന്നും, രണ്ടും എതിർകക്ഷികളുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിലെ രണ്ടാം നിലയിലെ അനധികൃത നിർമ്മാണവും, തറ നിലയിലെ അനധികൃത നിർമ്മാണവും പൊളിച്ച് നീക്കുന്നതിന്, ടിയാൻ ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ ആദ്യം നൽകിയ പരാതിയിലെ( നം.483/2011) സി.എം.പി.നം.332/2014 യിൻമേൽ 14.05.2015 ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി കിട്ടുന്നതിനാണ് ഇവർ സി.എം.പി. 106/16 നൽകിയിട്ടുള്ളത്. ഈ കേസിൻമേൽ 26.08.2016 ന് ബഹു.ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിക്കുന്നത് കെട്ടിട ഉടമ ശ്രീ.സിദ്ദീഖ് ഹാജി തന്റെ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ നടത്തിയിരിക്കുന്ന നിർമ്മാണം ക്രമവത്കരിക്കുന്നതിനായി കോർപ്പറേഷനിൽ നൽകിയ അപേക്ഷ പരിഗണിക്കാനും, ക്രമവത്കരണം അനുവദിക്കുവാൻ സാധിക്കില്ലെങ്കിൽ നിർമ്മാണം പൊളിച്ച് മാറ്റിക്കാൻ നഗരസഭ നടപടികൾ സ്വീകരിക്കണം എന്നാണ്.

ഇതേ വിഷയത്തിൽ ബഹു.ഹൈക്കോടതി മുമ്പാകെ നടന്ന മറ്റു രണ്ടു വ്യവഹാരങ്ങളാണ് ഡബ്ല്യൂ.പി.(സി) 10391/2013, ഡബ്ല്യൂ.പി.(സി) 27292/2014 എന്നിവ. ഇതിൽ ആദ്യത്തേത് കൈവശക്കാരൻ ശ്രീ.ദിലീപ്കുമാർ നൽകിയതും, രണ്ടാമത്തേത് കെട്ടിട ഉടമ ശ്രീ.സിദ്ദീഖ് ഹാജി നൽകിയതുമാണ്. ഈ രണ്ടു കേസുകൾക്കുമായി ബഹു.ഹൈക്കോടതി നൽകിയ സംയുക്ത വിധിയിൽ, കൈവശക്കാരൻ ശ്രീ.ദിലീപ്കുമാർ നടത്തിയ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കം ചെയ്യുന്നതിനും, അനധികൃത നിർമ്മാണം നീക്കം ചെയ്തതിനു ശേഷം ഉടമസ്ഥന്റെ സമ്മതപത്രം/എൻ.ഒ.സി. ഇല്ലാതെ കൈവശക്കാരന്റെ ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുന്നതിനും, ഇതിനു ശേഷം കെട്ടിട ഉടമയുടെ മുകളിലെ നിലയിൽ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിന് പുതിയ അപേക്ഷ പരിഗണിക്കുന്നതിനും ഉത്തരവായി.

ബഹു.ഹൈക്കോടതിയുടെ മേൽ പരാമർശിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈവശക്കാരനും, കെട്ടിട ഉടമയ്ക്കും 15.09.2015 ൽ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി നോട്ടീസ് നൽകി. ഈ നോട്ടീസിനെതിരെ കൈവശക്കാരൻ ശ്രീ.ദിലീപ്കുമാർ ആറു മാസം സമയം ആവശ്യപ്പെട്ട് കത്ത് നൽകുകയും, ആയത് നടത്തിയെടുക്കുന്നതിന് ബഹു.ഹൈക്കോടതി മുമ്പാകെ വീണ്ടും കേസ് ഫയൽ ചെയ്യുകയും ചെയ്തു. (നംഡബ്ല്യു.പി(സി) 33309/2015) കേസിന്റെ വിധിയിൽ കൈവശക്കാരന്റെ അപേക്ഷ പരിഗണിക്കുന്നതിന് ഉത്തരവായി. ഈ ഉത്തരവിനു ശേഷം കൈവശക്കാരനേയും, കെട്ടിട ഉടമയേയും നേരിൽ കേട്ട് 02.06.2016 ന് കൈവശക്കാരനും, കെട്ടിട ഉടമയ്ക്കും അനധികൃത നിർമ്മാണം 10 ദിവസത്തിനകം പൊളിച്ചു നീക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി ഉത്തരവാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തറ നിലയിലെ അനധികൃത നിർമ്മാണം കൈവശക്കാരൻ പൊളിച്ചു നീക്കിയിട്ടുണ്ട്.

ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവിനു (സി.എം.പി.106/16 ൻമേൽ) മുമ്പായി തന്നെ കെട്ടിട ഉടമ ശ്രീ.സിദ്ദീഖ് ഹാജി 11.08.2016 ന് ചെറുവണ്ണൂർ മേഖല ഓഫീസിൽ ക്രമവത്കരണത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്.(നം.ടി.പി.15/7567/16) ഈ അപേക്ഷ 19.08.2016 ന് തന്നെ സെക്ഷൻ ക്ലാർക്ക്

ഓവർസിയർക്ക് അന്വേഷണത്തിനായി കൈമാറിയിരുന്നു. എന്നാൽ ചെറുവണ്ണൂർ മേഖലാ ഓഫീസിൽ 05.11.2016 വരെ ഈ വിഷയത്തിൽ ഒരു നടപടിയും ഓവർസിയർ നടത്തിയിട്ടില്ല. മുകളിൽ വിവരിച്ച രീതിയിൽ ഒരു വിഷയത്തിൽ ഇത്രയധികം വ്യവഹാരങ്ങൾ ഉണ്ടായിട്ടും, പല വ്യവഹാരങ്ങളും നഗരസഭയുടെ സമയോചിത ഇടപെടൽ ഉണ്ടാകാതിരുന്നതിനെതിരെ ആയിരുന്നിട്ടും, ബഹു.ഓംബുഡ്സ്മാൻ നിർദ്ദേശിച്ച പ്രകാരം ശ്രീ. സിദ്ദീഖ് ഹാജിയുടെ ക്രമവത്കരണ അപേക്ഷ ഇതുവരെ തീർപ്പാക്കാത്തതും, ക്രമവത്കരണം സാധ്യമാകാത്ത സാഹചര്യമാണെങ്കിൽ അനധികൃത നിർമ്മാണം പൊളിച്ചു കളയുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതും നഗരസഭയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

ബഹു.ഓംബുഡ്സ്മാന്റേയും, ബഹു.ഹൈക്കോടതിയുടേയും ഉത്തരവുകൾ നടപ്പാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

## സി) അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിൽ വീഴ്ച

ഫയൽ നം. :-ടി.പി.15/6107(എ)/14

ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസിന്റെ പരിധിയിൽ വാർഡ് 7 ൽ ശ്രീ.മനോജ്.പി., മണാൽ പൂവിങ്ങൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പീടിക കെട്ടിടത്തിനു മുകളിൽ അനധികൃതമായി നിർമ്മാണം നടത്തുകയും, അവിടെ അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുകയും ചെയ്യുന്നതിന് എതിരെ ശ്രീ.ദേവരാജൻ.വി., 'ശ്രീകൃഷ്ണകൃപ', എന്ന വ്യക്തി നൽകിയ പരാതിയാണ് ഫയലിനാധാരം. ഇതു പ്രകാരം ഓവർസിയർ സ്ഥലം പരിശോധിച്ച്, പീടിക മുറിയ്ക്ക് മുകളിൽ രണ്ടാം നില നിർമ്മിച്ചിരിക്കുന്നത് അനധികൃതമാണെന്ന് 21.08.2014 ന് കുറിപ്പെഴുതിയിട്ടുണ്ട്. തുടർന്ന് 30.08.2014 ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406(1)(2) പ്രകാരം അനധികൃതമായി ടെറസ്സിനു മുകളിൽ ഷീറ്റുകൊണ്ട് നിർമ്മിക്കപ്പെട്ട നിർമ്മാണം എത്രയും വേഗം പൊളിച്ചു മാറ്റി വിവരം രേഖാമൂലം അറിയിക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകി. ഈ നോട്ടീസിന് ബന്ധപ്പെട്ട കക്ഷി മറുപടി നൽകിയത്, ടെറസ്സിന് ചോർച്ചയുള്ളതിനാലാണ് മുകളിൽ ഷീറ്റ് ഇട്ടതെന്നും, എത്രയും വേഗം ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതാണെന്നുമാണ്. എന്നാൽ ടിയാൻ ക്രമവത്കരണത്തിനായി സമർപ്പിച്ച അപേക്ഷ (BL-347/14) കെ.എം.ബി.ആർ. ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് 27.07.2015 ന് നിരസിച്ചു.



പീടിക മുറിയ്ക്ക് മുകളിലെ അനധികൃത നിർമ്മാണം

ഓഡിറ്റ് ടീം 05.11.2016 ന് മേഖലാ ഓഫീസ് റവന്യൂ ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലം നേരിൽ പരിശോധിച്ചപ്പോൾ ഈ നിർമ്മാണം ഇപ്പോഴും നിലനിൽക്കുന്നതായി കണ്ടു. ഒരിക്കൽ താമസക്കാരെ ഒഴിപ്പിച്ചതിനു ശേഷം വീണ്ടും ആളുകളെ താമസിപ്പിച്ചതിനാൽ പരാതി ആവർത്തിക്കുന്നതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നുണ്ട്. പരാതി പരിഹരിക്കുന്നതിനൊപ്പം അനധികൃത നിർമ്മാണം നീക്കം ചെയ്യാതിരുന്നതിനാലാണ് വീണ്ടും ആളുകളെ താമസിപ്പിക്കാൻ അവസരമുണ്ടായത്. പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയ്ക്ക് താല്കാലിക പരിഹാരം മാത്രം കണ്ടെത്തി, കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യാതിരിക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് ( നം.76/15-16) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം നീക്കം ചെയ്തതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2005 -ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാപ്രദേശത്ത് തൊഴിൽ ചെയ്യുന്ന ഏതൊരാൾക്കും, സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ 2015-16 കാലയളവിൽ നഗരസഭയുടെ പ്രധാന ഓഫീസിന്റെ കീഴിലും, വിവിധ മേഖലാ കാര്യാലയ പരിധിയിലും സ്ഥിതി ചെയ്യുന്ന പല സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടേയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കൂടാതെ ജീവനക്കാരിൽ നിന്നും ഈടാക്കിയ നികുതിയിൽ 37,737/- രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്. വിശദ വിവരം അനുബന്ധം 1, 2 എന്നിവയായി ഉൾപ്പെടുത്തിയിരിക്കുന്നു. തൊഴിൽ നികുതി സംബന്ധിച്ച മറ്റപാകതകൾ ചുവടെ ചേർക്കുന്നു.

<u>1.എല്ലാ വിഭാഗം ജീവനക്കാരേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നില്ല</u>

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്ററുകളുടേയും, രേഖകളുടേയും പരിശോധനയിൽ നഗരസഭ പരിധിയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ജീനവക്കാരെ പൂർണ്ണമായും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.വിശദാംശം താഴെ ചേർക്കുന്നു.

<u>എ) സൈനികർ, മറ്റു ജീവനക്കാർ</u>

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡ് 1(2) ലെ ആർമി റെക്രൂട്ടിംഗ് ഓഫീസ്, ബരാക്ക് റോഡ്, വെസ്റ്റ് ഹിൽ ,എന്ന സ്ഥാപനത്തിലെ സൈനികരിൽ നിന്നും മറ്റു ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

<u>ബി) ക്ഷേത്ര ജീവനക്കാർ</u>

നഗരസഭ പരിധിയിലുള്ള തളി ക്ഷേത്രം, വളയനാട് ദേവിക്ഷേത്രം എന്നിവ ഒഴികെയുള്ള മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭയുടെ പരിധിയിലുള്ള എ ,ബി ,സി,ഗ്രേഡ് ക്ഷേത്രങ്ങളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ക്ഷേത്രത്തിന്റെ പേര് | ഗ്രേഡ് |
|---|---|---|
| 1 | അഴകൊടി ദേവീക്ഷേത്രം, കോഴിക്കോട്. | എ |
| 2 | ബിലാത്തികുളം ശിവക്ഷേത്രം, കസബ | ബി |
| 3 | ബിലാത്തികുളം വേട്ടയ്ക്കൊരുമകൻ ക്ഷേത്രം, കച്ചേരി | ബി |
| 4 | കാമ്പുറത്ത് ഭഗവതിക്ഷേത്രം, ഏലത്തൂർ | ബി |
| 5 | കണ്ണഞ്ചേരി മഹാഗണപതിക്ഷേത്രം, പന്നിയങ്കര | ബി |

| | | |
|---|---|---|
| 6 | പന്നിയങ്കര ദുർഗ്ഗാ ഭഗവതിക്ഷേത്രം, പന്നിയങ്കര | ബി |
| 7 | രേണുക മാരിയമ്മൻക്ഷേത്രം, കസബ | ബി |
| 8 | ശ്രീകണ്ഠേശ്വരക്ഷേത്രം, കസബ(ഇപ്പോൾ മലബാർ ദേവസ്വത്തിന്റെ കീഴിലല്ല) | എ |
| 9 | സുബ്രഹ്മണ്യസ്വാമിക്ഷേത്രം, ചെറുവണ്ണൂർ | ബി |
| 10 | ഉദയകുറുമ്പക്ഷേത്രം, കാരപറമ്പ് | ബി |
| 11 | അഴാത്രിക്കോവിൽക്ഷേത്രം, നെല്ലിക്കോട് | ബി |
| 12 | ഒല്ലൂർ ശിവക്ഷേത്രം, നെല്ലിക്കോട് | ബി |
| 13 | തിരുവച്ചിറ ശ്രീക്രൃഷ്ണക്ഷേത്രം, മീഞ്ചന്ത | സി |
| 14 | വരയ്ക്കൽ ഭഗവതിക്ഷേത്രം, കച്ചേരി | ബി |

അംഗീകൃത സേവനവേതനവ്യവസ്ഥകൾ നിലവിലുള്ള മേൽക്കാണിച്ച ക്ഷേത്രങ്ങളുടേതുൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കോഴിക്കോട് നഗരസഭയോട് കൂട്ടിചേർക്കപ്പെട്ട മുൻ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലുള്ള മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള മുഴവൻ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെയും അർദ്ധവർഷവരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

സി) <u>ബസുടമകൾ/ബസ് ജീവനക്കാർ</u>

കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സിവിൽ സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരത്തിലൂടെ സർവ്വീസ് നടത്തുന്ന 1136 ബസുകൾ ഉണ്ട്, ഇതിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിക്കുള്ളിൽ സർവ്വീസ് നടത്തുന്ന ബസുടമകളിൽ നിന്നോ, അതിലെ ജീവനക്കാരിൽ നിന്നോ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഡി)<u>വിവിധ വിഭാഗം ഏജന്റുമാർ</u>

കോഴിക്കോട് നഗരസഭ പരിധിയിൽ പ്രവർത്തിച്ച് വരുന്ന കെ.എസ്.എഫ്.ഇ, എൽ.എ.സി, കോർപ്പറേറ്റിവ് ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു. എന്നാൽ ഇതേ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഏജന്റുമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇ) <u>അഭിഭാഷകർ</u>

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള തൊഴിൽ നികുതി സ്ഥാപന രജിസ്റ്ററിലെ സ്ഥാപന നം 11/52 ആയി ബാർ അസോസിയേഷൻ എന്ന് ചേർത്തിട്ടുണ്ടെങ്കിലും അഭിഭാഷകരുടെ വിവരങ്ങൾ ലഭ്യമല്ല. നഗരസഭ പരിധിയിലുള്ള അഭിഭാഷകരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

<u>2.രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ</u>

നഗരസഭ മെയിൻ ഓഫീസിലും, മേഖലാ ഓഫീസുകളിലും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംക്ഷിപിതം തയ്യാറാക്കുന്നില്ല. ഇതു സംബന്ധിച്ച്

വിവിധ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റുകൾ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. മുൻവർഷത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള നികുതി തുകകൾ ഉൾപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല. അതുകൊണ്ടു തന്നെ കുടിശ്ശിക വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 2-10 വസ്തുനികുതി നിർണ്ണയത്തിൽ ചട്ടലംഘനം

ജി.ഒ.(പി) നം 17/2011 തസ്വഭവ തീയ്യതി - 14/01/2011 പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമമനുസരിച്ച് ഒരു ചതുരശ്രമീറ്ററിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ കോഴിക്കോട് നഗരസഭാപരിധിയിൽപ്പെട്ട ബേപ്പൂർ സോണൽ പ്രദേശത്ത് വസ്തുനികുതി പരിഷ്കരിക്കാത്തതിനാൽ വാർഷിക വാടകയെ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതിയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഒറ്റ കെട്ടിടത്തിൽ തന്നെ ഒരേ പ്ളിന്ത് ഏരിയയുള്ളതും രണ്ട് വ്യത്യസ്ത നമ്പറുകൾ നൽകിയതുമായ രണ്ട് ഭാഗങ്ങൾക്ക് കെട്ടിടനികുതി കണക്കാക്കിയത് വ്യത്യാസപ്പെട്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, മേൽവിലാസം | കെട്ടിട നം, പ്ളിന്ത് ഏരിയ | ഈടാക്കിയ വസ്തുനികുതി |
|---|---|---|---|
| 1 | പി.ജയപ്രകാശ്, പുനത്തിൽ, അരക്കിണർ, ഫയൽ നം- BZ/TP/6106/14 | 1) 14/231B / 109.10 ച.മീ /തറ നില.<br>2) 14/231C / 109.10 ച.മീ/ ഒന്നാം നില | 656 /-<br>1028 /- |
| 2 | കെ.എൻ.ദേവയാരി, വെളുത്തപറമ്പത്ത്, ചേവായൂർ, ഫയൽ നം- BZ/TP/5272/15 | 1) 6/732F / 24.48 ച.മീ /തറ നില.<br>2) 6/732E / 24.48 ച.മീ /ഒന്നാം നില. | 1527 /-<br>2493 /- |
| 3 | സി.കെ. ആസാദ് മൊയ്തീൻ, ഹാൻഷിഷം, മാത്തോട്ടം,ഫയൽ നം- BZ/TP/7683/14 | 1) 15/5C / 85.60 ച.മീ /ഒന്നാം നില.<br>2) 15/5D / 85.60 ച.മീ /തറ നില. | 568 /-<br>1028 /- |
| 4 | മുഹമ്മദ് ഇഷാക്ക്, മന്നോടിപ്പറമ്പ്, നടുവട്ടം, ഫയൽ നം- BZ/TP/547/13 | 1) 6/688H / 40.81 ച.മീ /ഒന്നാം നില.<br>2) 6/688I / 40.81 ച.മീ /തറ നില. | 3937 /-<br>2678 /- |
| 5 | ലില്ലി കാരാട്ട്, കാരാട്ട് വില്ല, അരക്കിണർ, ഫയൽ നം- BZ/TP/1478/15 | 1) 10/908C/ 17.23 ച.മീ /ഒന്നാം നില.<br>2) 10/908D / 17.23 ച.മീ /തറ നില. | 1313 /-<br>1285 /- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28.10.2016 ന് 64/2015-16 നമ്പറായിക്കൊടുത്ത ഒ.എസി ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമമനുസരിച്ച് ഒരു ചതുരശ്രമീറ്ററിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ബാധകമാക്കിക്കൊണ്ടുള്ള കേരള സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവു പ്രകാരം വസ്തുനികുതി പരിഷ്കരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-11 വസ്തു നികുതി - പണി പൂർത്തിയായ അർദ്ധ വർഷം മുതൽ നികുതി ഈടാക്കിയില്ല, മറ്റു അപാകങ്ങൾ

1. നഗരസഭയുടെ ചെറുവണ്ണൂർ നല്ലളം മേഖലയിലെ വാർഡ് 6 ലെ 1/2 എ സർവ്വേ നമ്പറിൽ പേരാപുറത്ത് അഷ്റഫ്, സുബൈർ എന്നിവരുടെ പേരിലുള്ള വാണിജ്യകെട്ടിടത്തിന്റെ താഴെ നിലയിലെ (99.08 ച.മീ) 7 മുറികളും ഒന്നാം നിലയിലെ (99.08 ച.മീ) 2 മുറികളും കംപ്ലീഷൻ

പ്ലാൻ ഹാജരാക്കിയതിനെ തുടർന്ന് വസ്തു നികുതി നിർണ്ണയിച്ചു നൽകി. 01.10.2013 മുതലാണ് നികുതി ഡിമാന്റ് ചെയ്തതത് (ഫയൽ നമ്പർ A1/416/14) അർദ്ധവാർഷിക നികുതി താഴെ കൊടുക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | | വസ്തു നികുതി (രൂ) |
|---|---|---|---|
| 1 | താഴെ നില | 6/117K | 772/- |
| 2 | | 6/117 L | 618/- |
| 3 | | 6/117 M | 618/- |
| 4 | | 6/117 N | 539/- |
| 5 | | 6/117 P | 539/- |
| 6 | | 6/117 Q | 463/- |
| 7 | | 6/117 R | 386/- |
| 8 | ഒന്നാം നില | 6/117 S | 945/- |
| 9 | | 6/117 T | 454/- |

2. പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാം നിലയ്ക്ക് (99.08 ച.മീ) ഫയൽ നമ്പർ A8/546/15 പ്രകാരം വസ്തു നികുതി നിർണ്ണയിച്ചു. 6/117 T1 നമ്പർ നൽകിയാണ് രണ്ടാം നിലയ്ക്ക് 01.04.2015 മുതൽ 2772/- രൂപ (2640+132) അർദ്ധവാർഷിക നികുതി ചുമത്തിയത്.

3. കക്ഷികളുടെ 13.01.2016 ലെ അപേക്ഷയെ തുടർന്ന് രണ്ടാം നില (6/171 T നമ്പറിട്ട മുഴുവൻ ഏരിയയും) അഞ്ചു ഭാഗങ്ങളായി തിരിച്ച് നമ്പറുകൾ നൽകി വസ്തു നികുതി ഡിമാന്റ് ചെയ്തു. (ഫയൽ നമ്പർ A8/336/16)

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി (രൂ) |
|---|---|---|
| 1 | 6/117 T1 | 945/- |
| 2 | 6/117 T2 | 945/- |
| 3 | 6/117 T3 | 504/- |
| 4 | 6/117 T4 | 315/- |
| 5 | 6/117 T5 | 315/- |

<u>അപാകങ്ങൾ താഴെ കൊടുക്കുന്നു</u>

1) കെട്ടിടത്തിന്റെ രണ്ടാം നിലയ്ക്ക് 6/117 T1 എന്ന നമ്പർ നൽകി 2772/- രൂപ വസ്തു നികുതി ഈടാക്കി തുടങ്ങുന്നത് 01.04.2015 മുതൽ മാത്രമാണ്. ഈ നിലയുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ, എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. താഴത്തെ നിലയ്ക്കും ഒന്നാം നിലയ്ക്കും നികുതി ഈടാക്കി തുടങ്ങിയ 01.10.2013 മുതൽ തന്നെ രണ്ടാം നിലയ്ക്കും നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു.

2) ആദ്യ നികുതി നിർണ്ണയപ്രകാരം താഴത്തെ നിലയിലെ 7 മുറികൾക്കായി ലഭിക്കുന്ന ആകെ അർദ്ധവാർഷിക നികുതി 3935/- രൂപയാണ്. ഒന്നാം നിലയ്ക്ക് ആകെ 1399/- രൂപയും, നാല് ഉപനമ്പറുകൾക്ക് 2772/- രൂപയും നികുതി ലഭിക്കുന്നു. മൂന്ന് നിലകളുടെയും വിസ്തീർണ്ണം തുല്യമായതിനാൽ തന്നെ ഒന്നാം നിലയ്ക്ക് നിർണ്ണയിച്ചിരിക്കുന്ന നികുതി വളരെ കുറവാണെന്നു വ്യക്തമാണ്, (ഒന്നാം നില 6/117S, 6/117 T എന്നിവ വീണ്ടും വിഭജിച്ചു)

3) A 8/336/16 നമ്പർ ഫയലിൽ കക്ഷികളുടെ അപേക്ഷ പ്രകാരം 6/117 T1 നമ്പറായിരുന്ന രണ്ടാം നിലയ്ക്ക് T1 നമ്പറിന് പുറമേ T2, T3, T4, T5 നമ്പറുകൾ നൽകി 01.10.2015 മുതൽ നികുതിചുമത്തിയിട്ടുണ്ട്. എന്നാൽ T1 നമ്പറിനുണ്ടായിരുന്ന 2772/- രൂപ നിലനിർത്തി നാല് ഉപനമ്പറുകൾക്ക് പ്രത്യേകമായി നികുതിചുമത്തുന്നതിനു പകരം T1 ന്റെ നികുതി 945 രൂപയായി കുറച്ചത് ക്രമപ്രകാരമല്ല.

4) 6/117S നമ്പർ (65.69 ച.മീ) പിന്നീട് മൂന്നായി വിഭജിച്ച് 6/117 S, S1, S2 നമ്പറുകൾ നൽകി 01.04.2015 മുതൽ പ്രത്യേകമായി നികുതി നിർണ്ണയിച്ചു. ഈ വിഭജനത്തിൽ 6/117S നമ്പർ മുറിയുടെ ആദ്യ നികുതിയായ 945/- രൂപ നിലനിർത്താതെ 617/- രൂപയാക്കി കുറച്ചു. ഇതോടൊപ്പം തന്നെ 6/117 T നമ്പർ (33.38 ച.മീ) പിന്നീട് 6/117 T യ്ക്ക് പുറമേ U1, V1 എന്നിങ്ങനെ മൂന്നായി വിഭജിച്ച് 01.04.2015 മുതൽ പുതിയ നികുതി നിർണ്ണയിച്ചു. ഇതിലും ആദ്യനികുതി (454/-രൂപ) നിലനിർത്താതെ 232/- രൂപയാക്കി കുറച്ചു.

അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. നഗരസഭയ്ക്ക് അർഹമായ നികുതി വരുമാനം ഉറപ്പുവരുത്തേണ്ടതാണ്.

**2-12 വാണിജ്യകെട്ടിടം വാസഗൃഹമാക്കി നൽകി - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല ; വസ്തുനികുതിയിൽ വൻകുറവ് വരുത്തി**

ചെറുവണ്ണൂർ - നല്ലളം മേഖലയിൽ വാർഡ് 8 ലെ 52/7 റീസർവ്വേ നമ്പരിൽ ശ്രീ. സി. മുഹമ്മദ് ബഷീർ, ചട്ടിപ്പുരയിൽ എന്നയാൾക്ക് , നിലവിലുണ്ടായിരുന്ന 8/67 A നമ്പർ ഷെഡ്ഡിനോട് കൂട്ടിച്ചേർത്ത് 158.06 ച.മീ. പ്ലിന്ത് ഏരിയയുള്ള ഒരു സ്റ്റോറേജ് ഷെഡ്ഡ് നിർമ്മിക്കാൻ E/BL 458/13-14 പെർമിറ്റിൽ നഗരസഭ അനുവാദം നൽകി. പണി പൂർത്തിയായ കെട്ടിടത്തിന് 3.6.2015 തീയതിയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിനെ തുടർന്ന് 8/67A 1 കെട്ടിട നമ്പർ നൽകി 77000+7000=84000/- രൂപ വാർഷിക വാടകമൂല്യം നിശ്ചയിച്ച് 5145+257=5403/- രൂപ 1.4.2015 മുതൽ അർദ്ധവാർഷിക നികുതി നിർണ്ണയിച്ചു (ഡിമാന്റ് നം. 20069)

പ്രസ്തുത കെട്ടിടം താമസാവശ്യത്തിന് മാറ്റി നൽകാൻ കക്ഷി 8.1.2016 ൽ അപേക്ഷ നൽകി. കെട്ടിടത്തിന്റെ ഒക്യുപൻസി മാറ്റി നൽകാവുന്നതാണെന്ന് അതേ തീയതിയിൽ തന്നെ ഓവർസിയർ റിപ്പോർട്ട് നൽകി. തുടർന്ന് 14.1.2016 ന് ഇത് വാസഗൃഹമാക്കി മാറ്റി 12000/- രൂപ പുതിയ വാർഷിക വാടകമൂല്യം നിശ്ചയിച്ച് 1.4.2015 പ്രാബല്യത്തിൽ അർദ്ധവാർഷിക നികുതി 633/- രൂപയാക്കി കുറച്ച് റവന്യൂ ഓഫീസർ ഉത്തരവാക്കി. അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 8/67 A നമ്പർ ഷെഡ്ഡിനോട് കൂട്ടിച്ചേർത്താണ് സ്റ്റോറേജ് ഷെഡ്ഡ് നിർമ്മിച്ച് പിന്നീട് വാസഗൃഹമാക്കി മാറ്റിയതെങ്കിലും 8/67 A നമ്പർ ഷെഡ്ഡിന്റെ ജമ ഇപ്പോഴും നിലനിൽക്കുന്നു. 2016-17 രണ്ടാം അർദ്ധവർഷം വരെ നികുതി അടച്ചതായി സാംഖ്യയിൽ കാണുന്നു. വസ്തുനികുതി അടച്ചുവരുന്നതിൽ നിന്നും 8/67 A നമ്പർ കെട്ടിടം ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു.

2. 1999 ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കെട്ടിടനിർമ്മാണാനുമതിയുടെ ആവശ്യകതയെന്തെന്ന് വിവരിക്കുന്നുണ്ട്. ചട്ടം 3 (എ) പ്രകാരം പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തെ

സംബന്ധിച്ച് അതിന്റെ രൂപകൽപ്പനയ്ക്കും നിർമ്മാണത്തിനും ചട്ടം 3 (ബി) പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണത്തിൽ മാറ്റം വരുത്തിയിടത്ത് മാറ്റം വന്ന കെട്ടിട ഭാഗത്തിനും , ചട്ടം 3 (സി)പ്രകാരം കെട്ടിടത്തിന്റെ കൈവശാവകാശത്തിനോ ഉപയോഗത്തിനോ മാറ്റം വരുമ്പോൾ മാറ്റം ബാധിക്കുന്ന കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ചട്ടം 3 (ഡി)പ്രകാരം കെട്ടിടത്തിനോടുള്ള കൂട്ടി ചേർക്കലോ , വിപുലീകരണമോ നടത്തുന്ന സംഗതിയിൽ അത്തരം കൂട്ടിച്ചേർക്കലിനും വിപുലീകരണത്തിനും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. ടി ചട്ടങ്ങളിലെ ചട്ടം 11 (എ) 4 പ്രകാരം , സെക്രട്ടറി നൽകിയ പെർമിറ്റിൽ നിന്നും എന്തെങ്കിലും മാറ്റങ്ങളോ അല്ലെങ്കിൽ വ്യതിയാനങ്ങളോ വരുത്തേണ്ടതുണ്ടെങ്കിൽ അത് ചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് പര്യാപ്തമായി അതാത് സംഗതിയനുസരിച്ച് പുതിയ ഡ്രോയിംഗ്സും ഇനം തിരിച്ചുള്ള വിശദാംശങ്ങളും സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. എന്നാൽ സ്റ്റോറേജ് ഷെഡ്ഡ് ആയിരുന്ന കെട്ടിടം ഗാർഹികാവശ്യത്തിനായി മാറ്റുന്നതിന്, പുതിയ ഡ്രോയിംഗ്സും ഇനം തിരിച്ചുള്ള വിശദാംശങ്ങളും സഹിതമല്ല കക്ഷി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഉപയോഗതരം , ഏരിയ എന്നിവ മാറുന്ന ഈ സംഗതിയിൽ (ഏരിയയിലുള്ള മാറ്റം വസ്തുനികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്) യാതൊരു വിശദാംശങ്ങളും കൂടാതെ കക്ഷി സമർപ്പിച്ച അപേക്ഷയിൽ അപേക്ഷാ തീയതിയിൽ തന്നെ ഓവർസിയർ അനുകൂല റിപ്പോർട്ടാക്കി. ഉപയോഗതരം മാറിയെങ്കിലും പുതുക്കിയ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുമില്ല.

3. വാണിജ്യകെട്ടിടമായിരുന്ന കാലത്ത് 7000+77000=84000/- രൂപ വാർഷിക വാടകമൂല്യം കണക്കാക്കി 5402/- രൂപ അർദ്ധവാർഷിക നികുതി ഈടയാക്കിയിരുന്ന കെട്ടിടത്തിന്റെ നികുതി 633/- രൂപയാക്കി കുറച്ചുകൊടുത്തു. വാണിജ്യകെട്ടിടമായിരുന്നപ്പോഴുള്ളതിന്റെ 88 ശതമാനം നികുതി കുറച്ച് പുതിയ നികുതി ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

4. വാസഗൃഹത്തിന് പുതിയ നികുതി റവന്യൂ ഓഫീസർ അംഗീകരിക്കുന്നത് 14.01.2016-ന് മാത്രമാണ്.അതായത് 2015-16 ലെ രണ്ട് അർദ്ധവർഷങ്ങളിലും വാണിജ്യകെട്ടിടത്തിന് ബാധകമായ നികുതിയാണ് സ്വീകരിക്കേണ്ടിയിരുന്നത്. ഒന്നാം അർദ്ധവർഷത്തിൽ വാണിജ്യകെട്ടിടത്തിന് ബാധകമായ 5400/-രൂപ അടച്ചെങ്കിലും രണ്ടാം അർദ്ധവർഷത്തിൽ വാസഗൃഹത്തിന് നിർണ്ണയിച്ച നികുതി മാത്രമാണ് അടച്ചിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-13 ബേപ്പൂർ കമ്മ്യൂണിറ്റി ഹാൾ ശോചനീയാവസ്ഥയിൽ-ഹാൾ വാടകയിനത്തിൽ നഗരസഭയ്ക്ക് വരുമാന നഷ്ടം

| ഫയൽ നമ്പർ |
|---|
| BZ/G2/3212/14 |
| BZ/C1/11834/12 |

1981 ൽ പണികഴിഞ്ഞ കമ്മ്യൂണിറ്റി ഹാളിന് ആസ്തി രജിസ്റ്റർ പ്രകാരം 435 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിന് 16,01,246 രൂപ ചെലവഴിച്ച് 2014-15 വർഷം പെയിന്റിംഗ്, സീലിംഗ്, ചുറ്റുമതിൽ ഉയരം കൂട്ടൽ, നിലം, ചുമര് എന്നിവിടങ്ങളിലെ ടൈൽ വർക്ക് എന്നിവ നടത്തിയിട്ടുണ്ട്. അതിനു ശേഷം കമ്മ്യൂണിറ്റി ഹാൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ബൈലോ 12/19-3-15 തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ബൈലോ അംഗീകരിക്കുന്നതിനോടൊപ്പം കമ്യൂണിറ്റി ഹാളിന്റെ വയറിംഗ് അടിയന്തിരമായി ചെയ്യുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 12-2-15, 6-9-16 എന്നീ തീയ്യതികളിൽ എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർക്ക് വയറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ബേപ്പൂർ റവന്യൂ ഓഫീസർ കത്തയച്ചിട്ടുണ്ടെങ്കിലും തുടർനടപടിയുണ്ടായിട്ടില്ല. 27-10-2016 ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ

ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ഹാളിന്റെ സീലിംഗ് ചില സ്ഥലങ്ങളിൽ നനഞ്ഞ് ഇളകിയ നിലയിലും,വയറിംഗ് പൊളിഞ്ഞു തൂങ്ങിയ നിലയിലും കണ്ടു. പിറകുവശത്തായുള്ള ബാത്റൂമിലേക്ക് പോകുന്ന വഴി കാട്ടു മൂടിക്കിടക്കുന്ന അവസ്ഥയിലാണുള്ളത്. കിണർ മാലിന്യം നിറഞ്ഞ് ഉപയോഗ്യ ശൂന്യമായും മോട്ടോർ കേടായും കിടക്കുന്നു.ഹാളിലേക്കുള്ള വാട്ടർ ടാപ്പുകൾ കേടായിക്കിടക്കുന്നു. ഹാളിന്റെ സ്റ്റേജിന് ഇരുവശത്തുമായുള്ള ഗ്രീൻ റൂമുകളിൽ പഴയ ഫർണ്ണിച്ചറുകൾ അട്ടിയിട്ടിരിക്കുന്നു. ഹാളിന് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. വിശാലമായ കോമ്പൗണ്ടും ഓഫീസ് മുറിയും പാചകമുറിയുമുണ്ട്.

ശുദ്ധജലം, വൈദ്യുതി, ബാത്റൂം സൗകര്യം എന്നിവയുടെ അഭാവത്തിൽ ഹാൾ ഉപയോഗപ്പെടുത്താനാവുന്നില്ല. നിലവിലെ അവസ്ഥയിൽപോലും 2015-16 ൽ 7 പരിപാടികൾക്കായി ഹാൾ വാടകയ്ക്കെടുക്കുകയും 17,900 രൂപ ഈയിനത്തിൽ വരവുലഭിക്കുകയും ചെയ്തിട്ടുണ്ട്.കൗൺസിൽ തീരുമാനപ്രകാരം ഇലക്ട്രിക്ക് പ്രവൃത്തി നടത്തി ജലലഭ്യതയും, ബാത്റൂം സൗകര്യവുമൊരുക്കി ഹാൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (ഒ.എസ്.നം.56/15-16 തീ.28-10-16)മറുപടി നൽകിയിട്ടില്ല. ഹാൾ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-14 ഡി&ഒ ലൈസൻസ് എടുക്കാതെയും വാടക നൽകാതെയും നഗരസഭാ കെട്ടിടത്തിൽ അലക്കുയൂണിറ്റ് പ്രവർത്തിക്കുന്നു.

| ഫയൽ നമ്പർ |
|---|
| BZ/G2/3722/16 |
| BZ/C1/11832/12 |
| BZ/H1/6034/16 |
| BZ/G2/6705/16 |

2004-05 ൽ ജില്ലാ പഞ്ചായത്തു ഫണ്ടുപയോഗിച്ച് കേരളവികസന പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ചതാണ് നഗരസഭയുടെ ബേപ്പൂർ ബി.സി റോഡിൽ സ്ഥിതി ചെയ്യുന്ന വനിതാ മത്സ്യ സംസ്കരണ യൂണിറ്റ് കെട്ടിടം. 2010 ൽ ബേപ്പൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വനിതാഘടക പദ്ധതിയിൽപെടുത്തി 4,08,618 രൂപ ചെലവിൽ കെട്ടിടത്തിന് ഒന്നാം നില നിർമ്മിച്ചിട്ടുണ്ട്. 2014-15 വർഷം 2,73,007 രൂപ ചെലവഴിച്ച് കെട്ടിടത്തിന് പെയിന്റിംഗ്, നിലം ടൈൽ പാകൽ, പിൻഭാഗത്തായി ഷെഡ് കെട്ടൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ തറനിലയ്ക്ക് 91.52 ചതുരശ്രമീറ്ററും ഒന്നാം നിലയ്ക്ക് 72.80 ചതുരശ്രമീറ്ററും വിസ്തീർണ്ണമുണ്ട്. ബേപ്പൂർ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 9.02.2010 ലെ 5/10-4 നംപർ തീരുമാനപ്രകാരം കെട്ടിടത്തിന്റെ തറനില അലക്കുകമ്പനി യൂണിറ്റിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. കെട്ടിടത്തിന്റെ തറനില എഗ്രിമെന്റ് വച്ച് നിബന്ധനകളോടെ രേഖാമൂലം അലക്കുകമ്പനി യൂണിറ്റിന് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

ഫയൽ പ്രകാരം 11-4-2016 ന് യൂണിറ്റ് സെക്രട്ടറി ശ്രീമതി വാഴയിൽ ശ്രീജ അലക്കുകമ്പനി യൂണിറ്റിന് വാടക നിശ്ചയിച്ചുതരുവാൻ അപേക്ഷിച്ചിട്ടുണ്ട്. ഡിവിഷൻ 47 ൽപ്പെട്ട കെട്ടിടം പഞ്ചായത്ത് വനിതാഘടക പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ 2010 ൽ ഭരണസമിതി വാടക തീരുമാനിച്ചിട്ടില്ലെന്നും കെട്ടിടത്തിന് വാടക നിശ്ചയിക്കേണ്ടതുണ്ടെങ്കിൽ അടയ്ക്കുവാൻ തയ്യാറാണെന്നും അപേക്ഷയിൽ പറയുന്നു. വാടക നിശ്ചയിക്കേണ്ടതിനായി ഫയൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്. 27-10-2016 ന് ശ്രീ.പി.വി.ശ്രീനിവാസൻ, സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ തറ നിലയിൽ വർണ്ണം അലക്കുകമ്പനി യൂണിറ്റ് പ്രവർത്തിക്കുന്നതായും ഒന്നാം നില അടച്ചിട്ടിരിക്കുന്നതായും കണ്ടു. 2010 മുതൽ നഗരസഭയുടെ കൈവശമുള്ള കെട്ടിടം ഒരു സ്വകാര്യ വ്യക്തി കൈവശം വച്ച് പോന്നിട്ടും നാളിതുവരെ നഗരസഭ

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (55/15-16 തീ.28-10-16)മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും കെട്ടിടത്തിന് 2010 മുതലുള്ള വാടക നിശ്ചയിച്ച് ഈടാക്കേണ്ടതുമാണ്.

## 2-15 കെട്ടിട വാടക – ഓഫീസ് നടപടിക്രമങ്ങളിലെ അപാകങ്ങൾ

നഗരസഭയുടെ വിവിധ മേഖലാ ഓഫീസ് പരിധിയിൽ, നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലെ നടപടി പാളിച്ചകൾ ചുവടെ ചേർക്കുന്നു.

**ചെറുവണ്ണൂർ -നല്ലളം മേഖല ഓഫീസ്**

1)ബൈലോ നിലവില്ല.

ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസിനു കീഴിലുള്ള 7 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 87 മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട് ബൈലോകൾ ഒന്നും തയ്യാറാക്കിയിട്ടില്ല. കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായാണ് സോണൽ ഓഫീസിലെ വാടക വ്യവസ്ഥകൾ. കോർപ്പറേഷൻ 3 വർഷത്തിലൊരിക്കൽ 20% വർദ്ധനവ് വരുത്തുമ്പോൾ സോണൽ ഓഫീസ് പരിധിയിൽ വർഷം തോറും 5% വർദ്ധനവ് എന്ന വ്യവസ്ഥയാണ് നിലനിൽക്കുന്നത്. മുൻ വർഷത്തെ ഓഡിറ്റിൽ ഈ അപാകം ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല.

2)ഡെപ്പോസിറ്റ് സ്വീകരിക്കുന്നില്ല.

കോർപ്പറേഷനിലെ വ്യവസ്ഥ അനുസരിച്ച് കൈവശക്കാരനിൽ നിന്നും 12 മാസത്തെ ലൈസൻസ് ഫീ കെട്ടിടത്തിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റായും ഇത്രയും തുക തന്നെ ലൈസൻസ് ഫീസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റായും ഈടാക്കുകയാണ് ചെയ്യുന്നത്. കോർപ്പറേഷനിൽ ഉപയോഗിക്കുന്ന മാതൃകയിലുള്ള ഉടമ്പടി പത്രം തന്നെയാണ് സോണൽ ഓഫീസിലും ഉപയോഗിച്ചു വരുന്നത്. എന്നാൽ സോണൽ ഓഫീസിലെ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കിയതായതിന്റെ രേഖകൾ ഒന്നും ലഭ്യമായി കാണാത്തതിനാൽ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.(ഒ.എസ്. നമ്പർ-72/2015-16) തുടർന്ന് പഞ്ചായത്ത് ആയിരുന്ന കാലത്ത് തുക ഡെപ്പോസിറ്റ് ചെയ്തിരുന്ന വാടകക്കാർ പ്രസ്തുത രസീതുകൾ സോണൽ ഓഫീസിൽ ഹാജരാക്കുകയുണ്ടായി.എന്നാൽ താഴെ ചേർക്കുന്ന വാടകക്കാരിൽ നിന്നും ഇപ്പോഴും ഡെപ്പാസിറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോഴും ലഭിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ | വാടകക്കാരന്റെ പേര് |
|---|---|---|---|
| 1 | അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് | 9 | ഷൈമ |
| 2 | ടി | 10 | പി.പി.ഇഖ്ബാൽ |
| 3 | ടി | 11 | പി.പി.ഗിരിജാമണി |
| 4 | ടി | 13 | ഫക്രുദ്ദീൻ അലി |
| 5 | ടി | 14 | കെ.പി.എ.ഹാഷിം |
| 6 | ടി | 15 | പി.സുഹറാബി |
| 7 | ടി | 17 | വി.മമ്മദ്കോയ |
| 8 | ടി | 18 | ടി.വിജയലക്ഷ്മി |

| | | | |
|---|---|---|---|
| 9 | ടി | 19 | അബൂബക്കർ കെ.പി. |
| 10 | ടി | 20 | എം.മുഹമ്മദ് അഷറഫ് |
| 11 | ടി | 21 | പി.റ്റി.ഉമ്മർകോയ |
| 12 | ടി | 22 | സെക്രട്ടറി ,ഫെറോക്ക് സർവീസ് സഹകരണ ബാങ്ക് |
| 13 | ടി | 24 | സീനിയർ സൂപ്രണ്ട്,സിറ്റി പോസ്റ്റ് ഓഫീസ് |
| 14 | ടി | 25 to 30 | എക്സൈസ് റേഞ്ച് ഓഫീസ് |
| 15 | ചെറുവണ്ണൂർ ഫിഷ് മാർക്കറ്റ് | 1 | എൻ.ടി.ഇ. സുധിൻ |
| 16 | ടി | 4 | നിനീഷ് |
| 17 | ടി | 8 | സി.അബൂബക്കർ ഹാജി |
| 18 | ടി | 9 | കെ.ടി.അബൂബക്കർ |
| 19 | ടി | 10 | കെ.ടി,മുഹമ്മദ്കുട്ടി |
| 20 | ഇൻഡസ്ട്രിയൽ ഫ്ലാറ്റ്, കരുന്തയ്യിൽ | 1 | ഷബീർ അഹമ്മദ്. |
| 21 | ടി | 2 | ടി |
| 22 | ടി | 3 | മുഹമ്മദ് ബഷീർ |
| 23 | ടി | 4 | സുനിൽനാഥ് |
| 24 | ടി | 5 | ടി |
| 25 | ടി | 6 | ദാമോദരൻ പി. |
| 26 | ടി | 7 | ശിവദാസൻ വി. |
| 27 | ടി | 8 | വി.എം,രാജശേഖരൻ |
| 28 | ടി | 9 | ഉമ്മർകോയ എം. |
| 29 | എസ്.സി.വ്യവസായ കേന്ദ്രം,മധുര ബസാർ | 3 | ഷാജിഷ്കുമാർ കെ. |
| 30 | ടി | 4 | എൻ.നിർമ്മല |
| 31 | വനിതാ വ്യവസായ കേന്ദ്രം, ജയന്തി റോഡ്. | 1 | അയിഷ ബി. |
| 32 | ടി | 2 | ഷർമ്മിള |

| | | | |
|---|---|---|---|
| 33 | ടി | 3 | നൂർജഹാൻ |
| 34 | ടി | 4 | അഫ്സത്ത് |
| 35 | ടി | 5 | ഷൈനി |
| 36 | ടി | 6 | ഷീന എം.പി. |
| 37 | ടി | 7 | റസിയ എൻ. |
| 38 | ടി | 8 | ഫൗസിയ കെ.പി. |
| 39 | ടി | 9 | റംല സി. |
| 40 | ടി | 10 | റജീന |
| 41 | ടി | 11 | റാണി സി. |
| 42 | ടി | 12 | ശുഭ പി.പി. |

3) കുറഞ്ഞ നിരക്കിലുള്ള വാടക-കോർപ്പറേഷനു നഷ്ടം.

നഗരവത്കരിക്കപ്പെട്ട് പ്രദേശമായിട്ടും ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസിനു കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾക്ക് കുറഞ്ഞ നിരക്കിൽ വാടക ഈടാക്കുന്നതിനെപ്പറ്റി കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ ഇപ്പോഴും ഈ അവസ്ഥ തുടരുകയാണ്. 500 രൂപയിൽ താഴെ വാടക നിരക്കുള്ള കെട്ടിടങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോപ്ലക്സ്, റൂം നമ്പര | വാടകക്കാരന്റെ പേര് | വാടക തുക |
|---|---|---|---|
| 1 | അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 4 | പാറക്കൽ ബഷീർ | 353 |
| 2 | ടി -റൂം നമ്പർ 5 | വിജയലക്ഷ്മി .ടി. | 376 |
| 3 | ടി -റൂം നമ്പർ 6 | എം.വി.അസ്ലം | 372 |
| 4 | ടി -റൂം നമ്പർ 7 | പി.വി. ഹരീഷ് | 428 |
| 5 | ടി -റൂം നമ്പർ 8 | കെ.പി.രവി | 353 |
| 6 | ടി -റൂം നമ്പർ 12 | കെ.പി.അബൂബക്കർ | 491 |
| 7 | ടി -റൂം നമ്പർ 15 | പി.സുഹറാബി | 463 |
| 8 | ടി -റൂം നമ്പർ 17 | മമ്മദ്കോയ | 359 |
| 9 | എസ്.സി. വ്യവസായ കേന്ദ്രം മധുര ബസാർ റൂം നമ്പർ 1 | ഇ.ലക്ഷ്മി | 318 |
| 10 | ടി -റൂം നമ്പർ 3 | ഷാജിഷ്കുമാർ | 365 |

**ബേപ്പൂർ മേഖല ഓഫീസ്**

1.ലൈസൻസുകൾ യഥാസമയം അപേക്ഷ സ്വീകരിച്ച് പുതുക്കുന്നില്ല.

വാടകമുറികൾ ലേലത്തിലെടുക്കുന്ന ലൈസൻസി 3 വർഷത്തേക്ക് മുറി കൈവശം വയ്ക്കുന്നതിനുള്ള എഗ്രിമെന്റ് വയ്ക്കുകയാണ് ചെയ്യുന്നത്.3 വർഷ കാലാവധി പൂർത്തിയാകുന്നതിന് മുൻപു തന്നെ മുറി ആവശ്യമുള്ള ലൈസൻസികൾക്ക് നിബന്ധനകളോടെ വീണ്ടും അടുത്ത 3

വർഷത്തേക്ക് കരാർ പുതുക്കി നൽകുകയാണ് ചെയ്യുന്നത്. എന്നാൽ കരാർ കാലാവധി കഴിയുന്നതിന് മുൻപ് സോണൽ ഓഫീസ് പരിധിയിലുള്ള പല മുറികളുടെയും ലൈസൻസികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് കൗൺസിൽ അംഗീകാരത്തോടെ എഗ്രിമെന്റ് പുതുക്കി നൽകുന്നില്ല. ഇത് അനധികൃതമായി ലൈസൻസികൾ മുറി കൈവശം വയ്ക്കുന്നതിന് ഇടയാക്കുന്നു.ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | റൂം നംപർ/ ലൈസൻസിയുടെ പേര് | ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയ തീയ്യതി | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നംപർ/തീയ്യതി | കൗൺസിൽ തീരുമാനം നംപർ/തീയ്യതി | ലൈസൻസ് പുതുക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 15/178 ബി മുഹമ്മദ് സിന്നൂസ് , ഉള്ളിശ്ശേരിക്കുന്ന്, നല്ലളം. | 29-3-16 | 29/5-5-16 | 39/4-7-16 | 1-4-13 മുതൽ 31-3-16 വരെ |
| 2 | 15/178 സി | 29-3-16 | 28/5-5-16 | 51/4-7-16 | 1-4-13 മുതൽ 31-3-16 വരെ |
| 3 | 15/178 എച്ച് | 29-3-16 | 33/5-5-16 | 41/4-7-16 | 1-4-13 മുതൽ 31-3-16 വരെ |
| 4 | 15/178 ഐ | 29-3-16 | 34/5-5-16 | 42/4-7-16 | 1-4-13 മുതൽ 31-3-16 വരെ |

2.<u>അപേക്ഷ നൽകിയിട്ടും നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തി.</u>

താഴെ കൊടുത്തിരിക്കുന്ന മുറികളുടെ ലൈസൻസികൾ കരാർ പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടും വർഷങ്ങൾക്കുശേഷമാണ് അപേക്ഷകൾ പരിഗണിച്ച് കരാർ പുതുക്കാൻ നടപടി സ്വീകരിച്ചിരിക്കുന്നത്.

| ക്രമ നം | റൂം നമ്പർ/ ലൈസൻസിയുടെ പേര് | ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയ തീയ്യതി | കൗൺസിൽ അംഗീകാരത്തിനുള്ള അജണ്ട തയ്യാറാക്കിയ തീയ്യതി | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ/ തീയ്യതി | കൗൺസിൽ തീരുമാനം നമ്പർ/ തീയ്യതി | ലൈസൻസ് പുതുക്കിയ കാലയളവ് |
|---|---|---|---|---|---|---|
| 1 | 1/240D അബൂബക്കർ തറയിൽ | 17-6-13 | 4-4-16 | 22/5-5-16 | 46/4-7-16 | 1-4-13 മുതൽ 31-3-16 വരെ |
| 2 | 6/684 ഗോപി അമ്പലത്തിൽ ഹൗസ് | 28-6-13 | 4-4-16 | 26/5-5-16 | 48/4-7-16 | 1-4-13 മുതൽ 31-3-16 വരെ |
| 3 | നടുവട്ടം ഇന്റസ്ട്രിയൽ എസ്റ്റേറ്റ് ഷെഡ്. പ്രസിഡണ്ട്, കയർ വ്യവസായ സഹകരണ സംഘം | 13-3-13 | 4-4-16 | 25/5-5-16 | 50/4-7-16 | 1-4-13 മുതൽ 31-3-16 വരെ |

3.എഗ്രിമെന്റില്ലാതെ കടമുറികൾ കൈവശം വയ്ക്കുന്നു.

ബേപ്പൂർ സോണൽ ഓഫീസിന്റെ പരിധിയിലുള്ള വിവിധ കെട്ടിടങ്ങളിലെ 48 മുറികളുടെ ലൈസൻസ് കാലാവധി 31-3-16 ന് അവസാനിച്ചതാണ്.എന്നാൽ ഇതുവരെയും ലൈസൻസികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് മുറി പുതുക്കി നൽകുന്നതിനോ കൗൺസിലിൽ വച്ച് അംഗീകാരം വാങ്ങി എഗ്രിമെന്റ് വയ്ക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.ഇക്കാര്യങ്ങൾ 58/2015-16 ഒ.എസ്.മുഖേന ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

**2-16 ലീസിനു നൽകുന്നതിലെ അപാകങ്ങൾ.**

നഗരസഭയുടെ ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസ് പരിധിയിലെ ലീസ് നടപടികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) ബൈലോ തയ്യാറാക്കിയിട്ടില്ല.

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയതുമായ ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നു. എങ്കിലും ഇപ്പോഴും തൽ സ്ഥിതി തുടരുകയാണ്. ലീസ് സംബന്ധിച്ച് കോർപ്പറേഷൻ ബൈലോയൊന്നും തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.നഗരസഭയുടെ ആസ്തി രജിസ്റ്ററിലും ലീസിനു കൊടുത്ത സ്ഥലം സംബന്ധിച്ച് സർവേ നമ്പർ സഹിതം വ്യക്തമായി പരാമർശിച്ചിട്ടില്ല.സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചുള്ള രേഖകളും ലഭ്യമായി കാണുന്നില്ല. ചെറുവണ്ണൂർ-നല്ലളം മേഖല പഞ്ചായത്ത് ആയിരുന്ന കാലത്ത് പാട്ട തുക അടവാക്കിയതു സംബന്ധിച്ചുള്ള രേഖകൾ പാട്ടക്കാരിൽ നിന്നും ആവശ്യപ്പെടേണ്ട അവസ്ഥയിലാണ് നഗരസഭ എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി വെളിപ്പെടുത്തുന്നു.

2) കൗൺസിലിൻെ അംഗീകാരമില്ലാതെ പാട്ടം പുതുക്കി നൽകുന്നു.

2012-13 വർഷത്തിനു ശേഷം കൗൺസിലിന്റെ അംഗീകാരമില്ലാതെയാണ് പാട്ടം പുതുക്കി വരുന്നത്.ഇത് ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

3) പാട്ട തുക പരിഷ്കരിച്ചിട്ടില്ല.

2011-12 നു ശേഷം പാട്ട തുകയിൽ വർദ്ധനവൊന്നും വരുത്തിയിട്ടില്ല. 1995 ലെ മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം കമ്പോള വിലയുടെ പത്തു ശതമാനം പാട്ടമായി ഈടാക്കേണ്ടുന്ന ആവശ്യത്തിലേക്കായി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് കമ്പോള വില നിർണ്ണയിച്ച് പാട്ടത്തുക പുതുക്കി നിശ്ചയിക്കാൻ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു, എന്നാൽ ഇതു സംബന്ധിച്ച് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല.

4) പാട്ടക്കാരുമായി കരാർ വച്ചിട്ടില്ല.

പാട്ടക്കാരുമായി യാതൊരു വിധത്തിലുള്ള കരാറും വയ്ക്കാതെയാണ് ഭൂമി പാട്ടത്തിനു പുതുക്കി നൽകി വരുന്നത്. ലീസ് കുടിശ്ശിക നിയമപരമായി ഈടാക്കാനും ഭൂമിയുമായി ബന്ധപ്പെട്ട ഭാവിയിയിൽ ഉണ്ടായേക്കാവുന്ന നിയമ വ്യവഹാരങ്ങളിൽ കോർപ്പറേഷന് അനുകൂലമായ തെളിവായി ഹാജരാക്കുന്നതിനും ഉടമ്പടി അത്യാവശ്യമാണ്. ലീസിനു നൽകിയപ്പോൾ ഏർപ്പെട്ട കരാറുകൾ നഗരസഭയ്ക്ക് കൈമാറി കിട്ടിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നൽകിയ വിശദീകരണം.

5) പാട്ടം കുടിശ്ശിക അവശേഷിക്കുന്നു.

റി.സ.279/1,279/2,242 എന്നിവകളിലായി ശ്രീ.അബ്ദുള്ള ബറാമി എന്നയാൾക്ക് ലീസിനു നൽകിയിട്ടുള്ള 1 ഏക്കർ 34 സെന്റ് സ്ഥലത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ പാട്ട തുകകൾ കുടിശ്ശികയായി അവശേഷിക്കുകയാണ്.11550 രൂപ (5775X2) ഈയിനത്തിൽ കോർപ്പറേഷനിലേക്ക്

വരവ് വരാനുണ്ട്. ലീസിന് നൽകിയ 1.34 ഏക്കർ സ്ഥലം തന്റേതാണെന്ന് കക്ഷി അവകാശ വാദം ഉന്നയിച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ പ്രസ്തുത് വിഷയം സംബന്ധിച്ച് വില്ലേജ് ഓഫീസർക്കും ടൗൺ സർവ്വേയർക്കും കത്തുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ റവന്യൂ ഓഫീസർ അറിയിച്ചിരുന്നു. നഗരസഭക്ക് ഭീമമായ നഷ്ടം സംഭവിക്കാവുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. നഗരസഭക്ക് അവകാശപ്പെട്ട ഭൂമി വ്യക്തമായ രേഖകൾ തയ്യാറാക്കി സംരക്ഷിക്കാനും ലീസ് തുക ഉചിതമായ രീതിയിൽ വർദ്ധിപ്പിക്കാനും നിയമവിധേയമായ രീതിയിൽ കരാർ ഉടമ്പടികൾ തയ്യാറാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭ അനാവശ്യമായ നിയമ വ്യവഹാരങ്ങളിലേയ്ക്ക് എത്തിപ്പെടുന്ന സ്ഥിതിയുണ്ടാവും.

ലീസുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-17 അവലോകനം - വസ്തുനികുതി പരിഷ്കരണം - സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും ഉത്തരവുകളും നടപ്പാക്കുന്നതിൽ കാലതാമസം- നഗരസഭയ്ക്ക് വരുമാന നഷ്ടം.

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ തനത് വരുമാനസ്രോതസ്സുകളിൽ പ്രധാനപ്പെട്ട ഒന്നാണ് വസ്തുനികുതി. 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ 230, 231, 232, 233 എന്നിവകുപ്പുകളിലാണ് വസ്തുനികുതിയെക്കുറിച്ച് പരാമർശിക്കുന്നത്. കെട്ടിടത്തിന്റെ വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കിയിരുന്ന വകുപ്പ് 233 ലെ വ്യവസ്ഥ , 2009 ലെ നിയമം 30 ലൂടെ ഭേദഗതി ചെയ്യപ്പെട്ടു. 7.10.2009 മുതൽ പ്രാബല്യത്തിൽ വന്ന ഭേദഗതിയിലെ 233 (2) (എ) വകുപ്പ്, വസ്തുനികുതി ചുമത്തുന്നതിലേക്കായി നഗരസഭാ പ്രദേശത്തെ കെട്ടിടങ്ങളെ താമസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവ, വ്യാവസായിക ആവശ്യത്തിനുപയോഗിക്കുന്ന തുടങ്ങി 7 തരങ്ങളായി തിരിക്കാനും, കെട്ടിടത്തിന്റെ ചതുരശ്രമീറ്ററിലുള്ള തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കാനും പ്രാബല്യ തീയതി വിജ്ഞാപനം വഴി നിശ്ചയിക്കാനും സർക്കാരിന് അധികാരം നൽകുന്നുണ്ട്. 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 565, മുൻകാലപ്രാബല്യത്തോടു കൂടിയോ പിൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നുണ്ട്. ഇതുപ്രകാരം, 14.1.2011 തീയതിയിലെ സ.ഉ.(അ) നം. 17/11/ത.സ്വ.ഭ.വ. പ്രകാരം (S.R.O.No.34/2011) , മുനിസിപ്പൽ കൗൺസിൽ / മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കി. കൂടാതെ 14.1.2011 തീയതിയിലെ സ.ഉ.(അ) നം. 18/11/ത.സ്വ.ഭ.വ. പ്രകാരം (S.R.O.No.35/2011) 2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചു. വസ്തുനികുതി ചുമത്തേണ്ട രീതിയും നൽകേണ്ട ഇളവുകളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് ചട്ടങ്ങളും പുതിയ നികുതിദായകർക്ക് 14.1.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വന്നു. 2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ലെ 1 മുതൽ 5 വരെയുള്ള ഉപചട്ടങ്ങളിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കാനായി സ്വീകരിക്കേണ്ട നടപടികൾ പറയുന്നു. ഉപചട്ടം 7 ൽ മുനിസിപ്പാലിറ്റിയിലെ ഭൂപ്രദേശത്തെ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയുടെ അടിസ്ഥാനത്തിലുള്ള ഇളവ് / വർദ്ധനവ് വരുത്തേണ്ട ആവശ്യത്തിനായി പ്രഥമ/ ദ്വിതീയ/തൃതീയ മേഖലകളായി തരം തിരിയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുന്നു. അടിസ്ഥാന വസ്തുനികുതി നിർണ്ണയം, മേഖലാ നിർണ്ണയം എന്നിവ കൗൺസിലിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണെങ്കിലും സ.ഉ.(അ) നം. 17/11/ത.സ്വ.ഭ.വ. (S.R.O.No.34/2011) പ്രകാരം സർക്കാർ വ്യവസ്ഥ ചെയ്ത തറവിസ്തീർണ്ണത്തിന് ബാധകമായ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾക്ക് വിധേയമായി വേണം അടിസ്ഥാന വസ്തുനികുതീ നിരക്കുകൾ കൗൺസിൽ തീരുമാനിക്കേണ്ടത്.

## നികുതി പരിഷ്കരണം - നഗരസഭയിലെ തുടർനടപടികൾ

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ റവന്യൂ ടാക്സ് വിഭാഗത്തിലെ എ 1/111552/11 നമ്പർ ഫയൽ പരിശോധിച്ചതിൽ, മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 1/3.10.2013 നം. തീരുമാനപ്രകാരമാണ് നഗരസഭാ പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് ആദ്യമായി നിശ്ചയിച്ചിട്ടുള്ളത്. റവന്യൂ ടാക്സ് വിഭാഗം നിർദ്ദേശിച്ച നികുതി നിരക്കുകളിൽ ചിലതരം കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിനിരക്കിൽ കുറവ് വരുത്തിക്കൊണ്ടുള്ള ധനകാര്യ സ്ഥിരം സമിതിയുടെ തീരുമാനമാണ് (25/14.11.2011) കൗൺസിലിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശ ഏതാണ്ട് 2 വർഷം തികയുമ്പോഴാണ് കൗൺസിൽ തീരുമാനം എടുത്തിരിക്കുന്നത് എന്നത് കാണാതിരിക്കാനാവില്ല.

എ) നഗരസഭയിൽ നിലവിലുണ്ടായിരുന്ന 39 റവന്യൂ വാർഡുകൾക്ക് 17/2011 നം. ചട്ടത്തിൽ പറയുന്ന പ്രകാരം ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്, മേൽ ചട്ടപ്രകാരം ബാധകമായ എറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് വിധേയമായ നിരക്കുകളും 2010 ഒക്ടോബർ മാസത്തിൽ , നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട (മുമ്പ് ഗ്രാമപഞ്ചായത്തായിരുന്നവ) പ്രദേശത്തിന് ചട്ടത്തിൽ നിഷ്കർഷിച്ചതിലും കുറഞ്ഞ നിരക്കുകളുമാണ് (ചിലതരം കെട്ടിടങ്ങളുടെ സംഗതിയിൽ) കൗൺസിൽ ശുപാർശ ചെയ്തിരുന്നത്. 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ 233 (3) വകുപ്പ് ഒരു മുനിസിപ്പൽ പ്രദേശത്ത് ഒരേ അടിസ്ഥാനനികുതി വിഭാവനം ചെയ്യുന്നു. മുനിസിപ്പാലിറ്റി പ്രദേശത്ത്, എല്ലായിടത്തും ഉപയോഗക്രമമനുസരിച്ച്, അതതു സംഗതിപോലെ , ഒരേ ഇനത്തിലോ അതിന്റെ ഉപവിഭാഗത്തിലോപെട്ട എല്ലാ കെട്ടിടങ്ങൾക്കും ഒരേ അടിസ്ഥാന വസ്തുനിരക്ക് ആയിരിക്കേണ്ടതാണ് എന്ന ഉപചട്ടം 4(3) ലെ വ്യവസ്ഥ പരിഗണിക്കാതെയാണ് രണ്ടുതരം നികുതിനിരക്ക് നിർണ്ണയിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനം എടുത്തിരിക്കുന്നത്.

2010 ഒക്ടോബർ മാസത്തിൽ നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട (മുമ്പ് ഗ്രാമപഞ്ചായത്തായിരുന്നവ) പ്രദേശത്തിന് കൗൺസിൽ നിശ്ചയിച്ച നിരക്ക് നിയമത്തിലെ 233(3) വകുപ്പിന്റെ ലംഘനമായതിനാൽ ആയത് വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്താനാവാത്ത വിവരം സെക്രട്ടറി , ബഹുമാനപ്പെട്ട മേയറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നതായി കാണുന്നു. കൗൺസിൽ തീരുമാനത്തിൽ 17/2011 നമ്പർ സർക്കാരുത്തരവിലും കുറഞ്ഞ നിരക്ക് (ചിലതരം കെട്ടിടങ്ങളുടെ സംഗതിയിൽ) ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നതിനാൽ തന്നെ അടിസ്ഥാന വസ്തുനികുതി നിർണ്ണയം അംഗീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ അയയ്ക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്ത പ്രകാരം 12.11.2013, 9.1.2014, 23.5.2014 എന്നീ തീയതികളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് ഇക്കാര്യത്തിനായി അപേക്ഷിച്ചിരുന്നു. എന്നാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 8.7.2014 തീയതിയിലെ 8263/RD /2/2014/ത.സ്വ.ഭ.വ. നമ്പർ കത്തിൽ, 17/2011 സർക്കാരുത്തരവിലും കുറഞ്ഞ നിരക്ക് (ചിലതരം കെട്ടിടങ്ങളുടെ സംഗതിയിൽ) തീരുമാനിച്ചിരുന്നതിനാൽ തന്നെ അടിസ്ഥാന വസ്തുനികുതി നിർണ്ണയം അംഗീകരിക്കാൻ നിർവാഹമില്ലെന്നും തീരുമാനം കൗൺസിൽ പുനപരിശോധിക്കണമെന്നും അറിയിച്ചു.

ബി) തുടർന്ന് 14.8.2014 ൽ 41 നമ്പരായി കൗൺസിൽ തീരുമാനമെടുത്തപ്പോൾ, 17/2011 നം. ഉത്തരവിലെ പരിധികൾക്ക് വിധേയമായാണ് അടിസ്ഥാന വസ്തുനികുതികൾ നിശ്ചയിച്ചതെങ്കിലും ഇതിലും നഗരസഭാ പ്രദേശത്തിലെ കെട്ടിടങ്ങൾക്കും കൂട്ടിച്ചേർത്ത മുൻ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്കും വ്യത്യസ്ത നികുതിനിരക്കുകളാണ് ഉണ്ടായിരുന്നത്. ഒരു നഗരസഭാ പ്രദേശത്ത് ഒരേ തരം കെട്ടിടങ്ങൾക്ക് ഒരേ തരം അടിസ്ഥാന നികുതി നിരക്കേ നിലനിൽക്കു എന്ന കാര്യം ചൂണ്ടിക്കാട്ടി കൗൺസിൽ തീരുമാനം പുന:പരിഗണിക്കാൻ സെക്രട്ടറി 25.10.2014 ന് കത്ത് നൽകി.

സി) ഇതിനുശേഷം ധനകാര്യസ്ഥിരം സമിതിയുടെ 48/11.8.2016 നമ്പറായി പുതിയ ശുപാർശ (സർക്കാർ നിഷ്കർഷിച്ച നിരക്കുകൾ പ്രകാരമുള്ളത്) പ്രകാരം , കൗൺസിൽ (24.10.2016 ലെ തീരുമാനം നം. 50 )അംഗീകരിച്ചത് 10.11.2016 ന് പത്രങ്ങളിൽ കരട് വിജ്ഞാപനം നടത്തി , പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ ക്ഷണിച്ചിട്ടുണ്ട്. ഇവ പരിഗണിച്ചശേഷമുള്ള ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശകളിൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിരിക്കുന്നത് ഈ റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിലാണ് (തീരുമാനം നം. 39/27.1.2017)

**കാലതാമസത്തിന് കാരണങ്ങൾ**

കൗൺസിലിൽ പ്രമേയം അവതരിപ്പിച്ച് തീരുമാനമെടുക്കാൻ കാലതാമസമുണ്ടായതും, ചട്ടത്തിൽ നിഷ്കർഷിച്ച ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ എറ്റവും കുറഞ്ഞ അടിസ്ഥാന വസ്തുനികുതി നിരക്കുകളിൽ കൗൺസിൽ മാറ്റം വരുത്തിയതും, മുനിസിപ്പൽ പ്രദേശത്ത് മുമ്പ് നിലവിലുണ്ടായിരുന്ന പ്രദേശങ്ങൾക്കും പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങൾക്കും വ്യത്യസ്ത നിരക്കുകൾ തീരുമാനിച്ചതും അടക്കമുള്ള നിരവധി കാരണങ്ങളാലാണ് വസ്തുനികുതി പരിഷ്കരണം നടപ്പിലാവാതെ പോയത്. ഈ വിഷയത്തിൽ ഭേദഗതി ചട്ടവും, നിരവധി ഉത്തരവുകളും സ്പഷ്ടീകരണങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇവ നടപ്പാക്കുന്നതിൽ നഗരസഭ സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല.

**നിലവിലെ നികുതി നിർണ്ണയരീതി നിയമവിരുദ്ധം**

2011 മാർച്ച് വരെ നിലവിലുണ്ടായിരുന്ന വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി നിർണ്ണയ രീതിയാണ് നഗരസഭ ഇന്നും അവലംബിക്കുന്നത്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനാണ് സർക്കാർ 2009 ൽ കേരളാ മുനിസിപ്പാലിറ്റി നിയമത്തിൽ ഭേദഗതി വരുത്തിയശേഷം 2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. നഗരസഭ ഇതുവരെ വസ്തുനികുതി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നത് ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെയാണ്. മാത്രമല്ല, നികുതി പരിഷ്കരണം മൂലം നഗരസഭയക്ക് ലഭിക്കേണ്ടതായ വരുമാനവർദ്ധനവ് നഷ്ടമാവുകയും ചെയ്യുന്നു. ഈ വിഷയം 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2 ആയി പരാമർശിക്കുകയും നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു.

**2-18 വിനോദ നികുതി - അവലോകനം**

കോർപ്പറേഷന്റെ പ്രധാന തനത് വരുമാന മാർഗ്ഗങ്ങളിലൊന്നാണ് വിനോദനികുതി. ലഭ്യമാക്കിയ രേഖകൾ പ്രകാരം നഗരസഭ പരിധിയിൽ മൾട്ടിപ്ലക്സ് ഉൾപ്പടെ 18 തിയേറ്ററുകൾ നിലവിലുണ്ട്. ഇവയിൽ 14 എണ്ണം റിലീസിങ് കേന്ദ്രങ്ങളാണ്. മറ്റ് നാല് തീയേറ്ററുകൾ കോർപ്പറേഷൻ മേഖലാ കാര്യാലയത്തിനു കീഴിൽ പ്രവർത്തിക്കുന്നവയാണ്.

കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകളുടെ സീറ്റുകളുടെയും പ്രദർശനങ്ങളുടെയും അടിസ്ഥാനത്തിൽ കോർപ്പറേഷനു ലഭിയ്ക്കേണ്ട പരമാവധി വിനോദനികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയേറ്ററുകളുടെ എണ്ണം | സീറ്റുകളുടെ എണ്ണം (ഫയൽ പ്രകാരം) | | | ശരാശരി പ്രദർശനങ്ങളുടെ എണ്ണം (ഡി. സി.ആർ പ്രകാരം) | ഒരു ദിവസത്തെ ശരാശരി ടിക്കറ്റുകളുടെ എണ്ണം | ശരാശരി വിനോദ നികുതി നിരക്ക് ശതമാനം | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി |
|---|---|---|---|---|---|---|---|---|
| | ക്ലാസ് 1 | ബാൽക്കണി | ആകെ | | | | | |
| 18 | 6244 | 1819 | 8063 | 74 | 4300 | 25% | 627216 | 228933913 |

മുകളിൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ഒരു വർഷത്തെ പരമാവധി പ്രതീക്ഷിത വിനോദനികുതി 22,89,33,913/- രൂപയാണ്. തിയേറ്ററുകളിൽ നിന്നും ഈയിനത്തിൽ ലഭിച്ചിട്ടുള്ള വരവ് 76717896 രൂപയാണ്. പ്രതീക്ഷിത വിനോദനികുതിയും യഥാർത്ഥത്തിൽ ലഭ്യമായ നികുതിയും തമ്മിൽ വലിയ അന്തരം കാണുന്നു. ഇവ തമ്മിലെ വ്യത്യാസം 15,22,16,017/- രൂപയാണ്.

ബജറ്റ് പ്രകാരം വിനോദനികുതി ഇനത്തിൽ 7 കോടി രൂപ കണക്കാക്കിയിരുന്നെങ്കിലും വാർഷിക കണക്കു പ്രകാരം 7,83,06,838/- രൂപ 2015-16 വർഷത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ബജറ്റിൽ കണക്കാക്കിയ തുകയും യഥാർത്ഥത്തിൽ പിരിച്ചെടുത്ത തുകയും തമ്മിൽ 83,06,838/- രൂപയുടെ അധിക വരവ് കാണുന്നു.

| | വിനോദനികുതി ഡിമാന്റ് |
|---|---|
| ബജറ്റ് പ്രകാരം | 70000000 |
| വാർഷിക കണക്ക് പ്രകാരം ആകെ | 78306838 |

18.03.16 ൽ കൗൺസിൽ അംഗീകരിച്ച പുതുക്കിയ ബജറ്റിൽ വിനോദനികുതിയിനത്തിൽ പ്രതീക്ഷിത വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 6 കോടി രൂപ മാത്രമാണ്. സാമ്പത്തികവർഷം അവസാനിക്കാറായ ഘട്ടത്തിൽ തയ്യാറാക്കിയ പുതുക്കിയ ബജറ്റിൽ പോലും കാണിച്ചിരിക്കുന്ന പ്രതീക്ഷിത വരവ് തുകയും യഥാർത്ഥ വരവ് തുകയും തമ്മിലുള്ള വ്യത്യാസം 1,83,06,838/- രൂപയായി വർദ്ധിക്കുകയാണുണ്ടായത്. ബജറ്റിൽ ഉൾക്കൊള്ളിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതാണ് (കേരള മുനിസിപ്പാലിറ്റി ആക്ട് 293(3)).

സീൽ ചെയ്ത് കൊടുത്ത ടിക്കറ്റുകളും പ്രതീക്ഷിത വിനോദ നികുതിയും യഥാർത്ഥത്തിൽ ലഭ്യമായ വിനോദ നികുതിയും ചുവടെ ചേർത്തപ്രകാരം താരതമ്യം ചെയ്യാവുന്നതാണ്.

| തീയേറ്ററിന്റെ പേര് | ഒരു ദിവസത്തെ പരാമാവധി ടിക്കറ്റുകൾ | ഒരു വർഷത്തെ പരാമാവധി ടിക്കറ്റുകൾ | സീൽ ചെയ്തു കൊടുത്തത് | വ്യത്യാസം | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി | വരവ് വെച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| കൽപ്പക | 2931 | 1069815 | 125800 | 944015 | 12490665 | 1504300 | 10986365 |
| അപ്സര | 4052 | 1478980 | 378200 | 1100780 | 33511380 | 6846440 | 26664940 |
| ഗംഗ | 2076 | 757740 | 263100 | 494640 | 9820544 | 3131628 | 6688916 |
| രാധ | 4328 | 1579720 | 468500 | 1111220 | 30989960 | 8865700 | 22124260 |
| കോർണേഷൻ | 3448 | 1258520 | 409100 | 849420 | 25613072 | 7780910 | 17832162 |
| ക്രൗൺI | 740 | 270100 | 100000 | 170100 | 9993700 | 3980000 | 6013700 |
| ക്രൗൺII | 1000 | 365000 | 139000 | 226000 | 13505000 | 5005520 | 8499480 |
| കൈരളി | 2804 | 1023460 | 345000 | 678460 | 21309576 | 6998000 | 14311576 |
| ശ്രീ | 1244 | 454060 | 184000 | 270060 | 8899576 | 3606400 | 5293176 |
| ഫിലിംസിറ്റി എമറാൾഡ | 725 | 264625 | 210000 | 54625 | 11251125 | 7672447 | 3578678 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഫിലീംസിറ്റി സഫയർ | 705 | 257325 | 200000 | 57325 | 10951825 | 6837506 | 4114319 |
| ഫിലീംസിറ്റി കോറൽ | 510 | 186150 | 140000 | 46150 | 7924150 | 4667738 | 3256412 |
| ഫിലീംസിറ്റി ടോപ്പാസ് | 435 | 158775 | 120000 | 38775 | 5206725 | 3507854 | 1698871 |
| ഫിലീംസിറ്റി റൂബി | 395 | 144175 | 100000 | 44175 | 6166675 | 2773923 | 3392752 |
| വിജിത്ത് | 1125 | 410625 | 46500 | 364125 | 3942000 | 446416 | 3495584 |
| ഷാജി | 1125 | 410625 | 77800 | 332825 | 3942000 | 746880 | 3195120 |
| രാജ | 1281 | 467565 | 82000 | 385565 | 4488624 | 787200 | 3701424 |
| മല്ലിക | 2964 | 1081860 | 181283 | 900577 | 8927316 | 1559034 | 7368282 |
| ആകെ | 31888 | 11639120 | 3570283 | 80868837 | 228933913 | 76717896 | 152216017 |

സീൽ ചെയ്ത് കൊടുത്ത ടിക്കറ്റുകളുടെ എണ്ണവും ഒരു വർഷത്തെ പരമാവധി ടിക്കറ്റുകളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. അതുപ്രകാരം ഒരു വർഷം തിയേറ്ററുകളിൽ നിന്നുമുള്ള പ്രതീക്ഷിത വിനോദനികുതിയും കോർപ്പറേഷൻ വരവ് വന്ന വിനോദനികുതിയും തമ്മിൽ 15,22,16,017/- രൂപയുടെ(228933913-76717896) വ്യത്യാസം കാണുന്നു.

പ്രതീക്ഷിത വിനോദ നികുതിയുടെ 33.5 ശതമാനമാണ് യഥാർത്ഥ വിനോദനികുതി വരവ്. പരമാവധി പ്രതീക്ഷിത വിനോദ നികുതി 22,89,33,913 രൂപയാണ് എന്നാൽ യഥാർത്ഥത്തിൽ ഈയിനത്തിൽ വരവായി ലഭിച്ചിട്ടുള്ളത് 7,67,17,096 രൂപമാത്രമാണ്.

| ഒരു വർഷത്തിൽ | പ്രതീക്ഷിത വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 22,89,33,913 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 11,44,66,957 |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 5,72,33,478 |
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 2,28,93,391 |

തിയേറ്ററുകളുടെ സാഹചര്യം കണക്കിലെടുത്ത് ശരാശരി 50% ആളുകളെ പ്രതീക്ഷിച്ചാൽ പോലും 11 കോടിയിൽപരം രൂപ കോർപ്പറേഷന് വരുമാനം ലഭിയ്ക്കേണ്ടതാണ്. എന്നാൽ ഈയിനത്തിൽ മൂന്നിലൊന്ന് വരുമാനം മാത്രമേ കോർപ്പറേഷന് ലഭിക്കുന്നുള്ളൂ.

കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററുകളിൽ കോമ്പൗണ്ടിംഗ് സമ്പ്രദായമില്ല. തിയേറ്റർ പരിശോധനയുമായി ബന്ധപ്പെട്ട് എല്ലാ മാസങ്ങളിലും പരിശോധനയ്ക്കായി ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ ഉദ്യോഗസ്ഥരും വിശദമായ പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.
വിനോദനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾപരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. ടിക്കറ്റ് സീൽഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. ഉദാ:-

| തീയതി | തീയേറ്ററിന്റെ പേര് | അപാകത |
|---|---|---|
| 16.09.15 | രാധ | വിനോദനികുതിയുടെ കോളത്തിൽ 10,880 ന് പകരം 108800 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ടിക്കറ്റ് സീൽഡ് രജിസ്റ്റർ പേജ് 3) |
| 19.09.15 | രാധ | മുദ്രണം ചെയ്ത ടിക്കറ്റുകളുടെ എണ്ണം കൃത്യമായി എഴുതിയിട്ടില്ല. |
| 06.08.15 | കോർണേഷൻ | ടിക്കറ്റ് സീൽ രജിസ്റ്ററിൽ പേജ് 65, 58 എന്നിവ കൂട്ടിച്ചേർത്തിരിക്കുന്നു.80000 വരെ മുദ്രണം ചെയ്തശേഷം84501 ലാണ് തുടങ്ങുന്നത്.(4501 ടിക്കറ്റുകളുടെ വ്യത്യാസം) |

2. ടിക്കറ്റ് സീൽഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പി.പി.ആർ ലൈസൻസ് ഫീ ഡിമാന്റ് രജ്സറ്റർ സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് ജി.ഒ(പി)14/2016 എൽ.എസ്.ജി.ഡി തീയതി.04/03/16 പ്രകാരം ഇ-ടിക്കറ്റ് സംവിധാനം എല്ലാ തീയേറ്ററുകളിലും നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ട്രയൽറൺനടത്തുന്നതിനും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിനായി 02.05.16 വരെ സമയം അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവിനെ തുടർന്ന് തിയേറ്റർ മാനേജർമാരുടെ യോഗം 22.04.16 ന് കോർപ്പറേഷൻ ഓഫീസിൽ വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇ-ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നിതനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലം സാവകാശം അനുവദിക്കണമെന്ന് തിയേറ്റർ ഉടമകൾ അപേക്ഷിച്ചതായി കാണുന്നു. കോഴിക്കോട് നഗരസഭാ പരിധിയിലെ തീയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഹാർഡ് വെയർ, സോഫ്റ്റ് വെയർ തുടങ്ങിയ സജ്ജീകരണങ്ങൾ എർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് 30.04.16 ന് റിപ്പോർട്ട് ചെയ്യുന്നതിന് ഡപ്യൂട്ടി സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്തരത്തിലുള്ള സജ്ജീകരണങ്ങൾ തിയേറ്ററുകളിൽ ഏർപ്പെടുത്തിയിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇ-ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നത് സർക്കാർ പലതവണ നീട്ടിവെയ്ക്കുകയുണ്ടായി. ജി.ഒ (ആർ.ടി) നമ്പർ 2524/2016 എൽ.എസ്.ജി.ഡി തീയതി.26.08.16 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഇ-ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സമയപരിധി 30.11.2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത സമയപരിധിയ്ക്ക് ശേഷവും നഗരസഭ പരിധിയിലെ തിയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

കോർപ്പറേഷൻ പരിധിയിൽ സ്ഥിരം അമ്യൂസ്മെന്റ് പാർക്കുകൾ നിലവിലില്ല. മറ്റ് പ്രദർശനങ്ങളോടനുബന്ധിച്ച് താൽക്കാലിക അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കി വരുന്നുണ്ട്. പി.പി.ആർ ലൈസൻസിനത്തിൽ 15,89,442/- രൂപ 2015-16 വർഷം പിരിച്ചെടുത്തിട്ടുണ്ട്. വിനോദനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിൻെറ ഭാഗമായി കോഴിക്കോട് നഗരസഭാ പരിധിയിലെ സിനിമാ തിയേറ്ററുകളിലെ പരിശോധന കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദമായ പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടിക്കറ്റ് സീൽ രജിസ്റ്ററുകളിൽ സീൽ ചെയ്യുന്ന ടിക്കറ്റുകളുടെ വിവരം യഥാസമയം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പുവരുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
കോർപ്പറേഷൻ പരിധിയിലെ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 2-19 പരസ്യ നികുതി - അവലോകനം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 271 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്ത് പൊതു ജനങ്ങൾക്ക് കാണത്തക്ക വിധം പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അംഗീകാരത്തോടുകൂടി കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ നികുതി നൽകേണ്ടതാണ്. 1998 ലെ മോട്ടോർ വാഹന ആക്ടിൽ ( 1988 ലെ കേന്ദ്ര ആക്ട് 89) നിർവചിച്ച പ്രകാരമുള്ള ഒരു പബ്ലിക്ക് സർവ്വീസ് വാഹനത്തിൽ പ്രദർശിപ്പിച്ച പരസ്യത്തിൻമേലും വകുപ്പ് 271 പ്രകാരമുള്ള പരസ്യനികുതി ചുമത്തേണ്ടതാണ്. കോഴിക്കോട് നഗരസഭ തയ്യാറാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്ത ബൈലോയിലെ വ്യവസ്ഥകൾ പ്രകാരം (നം. ഇ 3 / 135949/2004) ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് പരസ്യ നികുതി പിരിക്കുന്നതിന് കുത്തകാവകാശം നൽകാവുന്നതാണ്. പരസ്യ നികുതി നിരക്ക് 2015-ൽ പുതുക്കുകയും, ആയത് 29/9/2015 ലെ ഗസറ്റിൽ(നമ്പർ 38) പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പരസ്യ പ്രദർശനത്തിനു പ്രത്യേക അനുമതി നൽകിയിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 272 – പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഇത്തരം അനുമതികൾ നൽകിയതായി കാണുന്നില്ല. പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തവാവകാശം ലേല നടപടികളിലൂടെ നൽകിയ സ്ഥാപനത്തിന് പരസ്യനികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം മാത്രമേ രേഖാമൂലം നൽകിയിട്ടുള്ളൂ.

ലേല നടപടികൾ സുതാര്യമല്ല.

2013-2014 മുതൽ 2015-2016 വരെയുള്ള വർഷങ്ങളിൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം ലേല നടപടികളിലൂടെ കുത്തകയ്ക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്, എന്നാൽ ലേല നടപടികളിൽ സുതാര്യത ഉറപ്പ് വരുത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. 2014-2015 -ൽ ലേല ഓഫർ സ്വീകരിക്കുന്നതിന് മൂന്ന് ദിവസത്തെ സമയ പരിധി മാത്രമാണ് ലേല നോട്ടീസിൽ അനുവദിച്ചത്. 2015-2016 ലും ലേല നടപടികൾ ആരംഭിക്കാൻ കാലതാമസം വന്നിട്ടുണ്ട്. ആദ്യ ലേലം 07/03/15 ലും തുടർ ലേലങ്ങൾ 17/03/15, 26/03/15, തീയതികളിലുമാണ് നടന്നിട്ടുള്ളത്. ലേല നടപടികൾ ആരംഭിക്കാൻ വൈകുന്നത് നഗരസഭയുടെ സാമ്പത്തിക താല്പര്യത്തിനു അനുകൂലമല്ല. ലേല നോട്ടീസുകൾ,നോട്ടീസിൽ കാണിച്ച സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പവരുത്താനാവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല. 22.07.2011 ലെ 30270 എഫ്.എം 3/07 ത.സ്വ.ഭ.വ നം സർക്കുലറിലെ നിബന്ധനകൾ പ്രകാരം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ പരസ്യ ലേലം നടത്തുന്നതിനുള്ള അറിയിപ്പ് വ്യാപക പ്രചാരമുള്ള പത്രമാധ്യമങ്ങളിലുൾപ്പടെ നൽകേണ്ടതാണ്. എന്നാൽ 2015-2016 ൽ മൂന്ന് പ്രാവശ്യവും ലേലം സംബന്ധിച്ച പത്ര പരസ്യം നൽകിയിരിക്കുന്നത് ഈ നിബന്ധന പാലിച്ചല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ് സൈറ്റിലും ലേല നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതായി കാണുന്നില്ല. അതുകൊണ്ട് തന്നെ ലേല നടപടികളിൽ കുറച്ച് ആളുകൾ മാത്രമേ പങ്കെടുക്കുന്നുള്ളൂ. ലേലം തുടർച്ചയായി മാറ്റി വക്കേണ്ടി വരുകയും പിന്നീട് നേരിട്ട് നികുതി പിരിക്കേണ്ടി വരുകയും അതിനു ശേഷം ഏതെങ്കിലും വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്ത് അവർ പറയുന്ന തുകയ്ക്ക് കുത്തകാവകാശം നൽകേണ്ടതായും വരുന്നു.

പരസ്യ നികുതി - പിരിവിന്റെ വിശദാംശം

പരസ്യ നികുതി പിരിവിന്റെ ഡിമാന്റ് രജിസ്റ്ററിൽ ഓരോ വർഷത്തെയും ഈയിനത്തിലുള്ള ആകെ ഡിമാന്റ് തുക, തൻ വർഷം പിരിച്ച തുക, പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഓരോ വർഷത്തെയും ലേല തുകകളും ഈയിനത്തിലുള്ള പിരിവിന്റെ വിശദാംശവും ഭാഗികമായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫയൽ

പരിശോധിച്ചതിൽ നിന്നും 2014-15 ലും 2015-16 ലും ലേല നടപടികൾ വൈകിയതിനാൽ വർഷാരംഭത്തിൽ നേരിട്ട് പരസ്യ നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന് കാണുന്നു. ആയതിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഓരോ വർഷത്തെയും നേരിട്ട് പിരിച്ച തുകയുടെയും ലേല തുകകളുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ലേല തുക | നേരിട്ട് പിരിച്ച തുക (ലെഡ്ജർ പ്രകാരം) | ആകെ |
|---|---|---|---|
| 2013-14 | 5826000 | ---- | 5826000 |
| 2014-15 | 5950000 | 10000 | 5960000 |
| 2015-16 | 4220000 | 257448 | 4477448 |

2014-15, 2015-16 വർഷങ്ങളിൽ ലേല തുകയിൽ 300000 രൂപ വീതം ഈടാക്കാൻ ബാക്കിയുണ്ട്. ലേലക്കാരന്റെ ഡെപ്പോസിറ്റ് തുകയായ 300000/- രൂപ കുടിശികയിലേക്ക് അഡ്ജസ്റ്റ് ചെയ്യാവുന്നതാണെങ്കിലും അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. മുൻ വർഷത്തെ അപേക്ഷിച്ച് 2015 - 16 ൽ പരസ്യ നികുതിയിൽ 14,82,522/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. അനുദിനം വളരുന്ന നഗരത്തിൽ വ്യാപാര വാണിജ്യ സംരംഭങ്ങൾ പെരുകുമ്പോൾ പരസ്യങ്ങളും വർദ്ധിക്കുന്നുണ്ട്. എന്നാൽ ഈ വളർച്ച പരസ്യനികുതി വരുമാനത്തിൽ പ്രതിഫലിച്ച് കാണുന്നില്ല. വ്യാപക പ്രചാരം നൽകി ലേലം നടത്തുന്നതിൽ വന്ന വീഴ്ചയും നേരിട്ട് നികുതി പിരിച്ചെടുക്കുന്നതിൽ വന്ന അലംഭാവവും വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ലേലം നടക്കാത്ത കാലയളവിൽ നേരിട്ട് നികുതി പിരിച്ചെടുക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയെങ്കിലും നികുതി പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. പ്രസ്തുത കാലയളവിൽ നികുതിദായകർ നേരിട്ട് നഗരസഭയിൽ പണമടവാക്കുകയാണുണ്ടായത്. ഒടുവിൽ നടപടിക്രമങ്ങൾ പാലിക്കാതെ വീണ്ടും കുറഞ്ഞ തുകക്ക് കരാറുകാരന് നൽകുകയും ചെയ്തു. പരസ്യ നികുതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല.

<u>അനധികൃത പരസ്യബോർഡുകൾക്കെതിരെ സ്വീകരിച്ച നടപടികൾ</u>

2014-15 ൽ അനധികൃമായി സ്ഥാപിച്ച 13 സ്ഥാപനങ്ങളുടെ പരസ്യബോർഡുകൾ നീക്കം ചെയ്യുകയും പിഴയടയ്ക്കാൻ നോട്ടീസ് നൽകുകയുമുണ്ടായി. ഡിമാന്റ് നോട്ടീസ് നം A36/10557/13 തീ 30.07.14 പ്രകാരം 56,80,785/- രൂപ പിഴയായി അടയ്ക്കേണ്ടിയിരുന്നെങ്കിലും 41000/- രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. ഇതിൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിശദാംശം പരിശോധനയ്ക്ക് നൽകിയിട്ടില്ല.

സർക്കുലർ നം 75667/RC2/2013/LSGD തീയതി02.01.2014 ൽ നിർദ്ദേശിച്ച പ്രകാരം പൊതുസ്ഥലങ്ങളിലെ മരങ്ങൾ പരസ്യത്തിന് ഉപയോഗിക്കരുതെന്നും ഇത്തരത്തിൽ നിലവിൽ മരങ്ങളിൽ പരസ്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് നീക്കം ചെയ്യണമെന്നും നഗരസഭ എല്ലാ റവന്യൂ ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിർദ്ദേശം നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

പരസ്യനികുതി സംബന്ധിച്ച് യാതൊരു ചർച്ചകളും ബോധവൽക്കരണവും വാർഡ് സഭാ യോഗത്തിൽ നടത്തിയതായി വാർഡ് സഭ, മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മുനിസിപ്പൽ കോർപ്പറേഷനിലൂടെ കടന്നുപോകുന്ന പബ്ലിക് സർവ്വീസ് വാഹനങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കുന്നതിനുള്ള കുത്തകാവകാശം ലേല നടപടികളിലൂടെ നൽകിയിട്ടുണ്ട്. ആയതിനുള്ള നികുതി നിരക്ക് കാലാകാലങ്ങളിൽ പുതുക്കി വരുന്നു.

പരസ്യനികുതി പിരിവിന് കുത്തകാവകാശം ലഭിയ്ക്കുന്ന വ്യക്തികൾ ലേലതുകയ്ക്ക് തുല്യമായ സോൾവെൻസി സർട്ടിഫിക്കറ്റ്/ബേങ്ക് ഗ്യാരണ്ടി നൽകേണ്ടതാണെങ്കിലും ഫയലുകൾ

പരിശോധിച്ചതിൽ 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഇത്തരം രേഖകൾ വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നില്ല. പുതിയ ബോർഡുകൾ സ്ഥാപിക്കുമ്പോൾ ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ സമ്മതപത്രം ലഭ്യമാക്കേണ്ടതാണെങ്കിലും ഇത്തരം നിബന്ധനകൾ പാലിക്കുന്നില്ല.

ലേല ഉടമ്പടികൾ പ്രകാരംപരസ്യബോർഡുകളുടേയും മറ്റും സൈസും യഥാർത്ഥ ലൊക്കേഷനും ഈടാക്കിയതുകയുടെ കണക്കുകളും അടങ്ങിയ വിവരങ്ങളുടെ സമഗ്രമായ ലിസ്റ്റ് തയ്യാറാക്കി ലൈസൻസി ഹാജരാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പ്രസ്തുത വ്യവസ്ഥ 13-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ ലൈസൻസികൾ പാലിച്ചിട്ടില്ല. ഇതിനെതിരെ കോർപ്പറേഷൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥത്തിൽ ഈയിനത്തിൽ ഓരോവർഷവും എത്ര തുക ലഭിയ്ക്കുന്നുണ്ടെന്ന് മനസ്സിലാക്കി ആയതിന്റെയടിസ്ഥാനത്തിൽ ലേലത്തിന്റെ അടിസ്ഥാന വില (upset price) നിശ്ചയിക്കാൻ സാധിക്കുന്നില്ല. ഇത് ലേലതുകയിൽ ക്രമാതീതമായി കുറവ് സംഭവിക്കാൻ കാരണമാകുന്നു.

## 2-20 ഡി&ഒ ലൈസൻസ് ഫീസ് - അവലോകനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 447, 448, 449, 450, 453, 454, 455, 456, 459, 460, 462, 469, 470, 492 എന്നീ വകുപ്പുകളിൽ നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് 25.01.2011 ലെ സ.ഉ.(അ)നം. 24/11 ത.സ്വ.ഭ.വ ഉത്തരവ് (01.02.11 ലെ കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 24/11/ത.സ്വ.ഭ.വ.2011) പ്രകാരം കേരള മുനിസിപ്പാലിറ്റി ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ ഈ ചട്ടം നടപ്പിലാക്കുന്നത് ഗവൺമെന്റ് 11 ഉത്തരവുകളിലായി 5 തവണ 6 മാസം വീതവും 2 തവണ 3 മാസം വീതവും ഒരു തവണ 8 മാസവും ദീർഘിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ 10.01.17 ലെ സ.ഉ(സാ.ധാ) 70/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം 30.04.17 വരെ ചട്ടങ്ങൾ നടപ്പിലാക്കുന്നത് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

- നിലവിൽ കോർപ്പറേഷൻ കൗൺസിലിന്റെ 09.12.1994 തിയ്യതിയിലെ തീരുമാന നമ്പർ 39 പ്രകാരം തയ്യറാക്കിയതും 31-01.1995 ലെ കോർപ്പറേഷന്റെ (നമ്പർ.5) ഗസറ്റ് പ്രകാരം വിഞ്ജാപനം ചെയ്തിട്ടുള്ളതുമായ ബൈലോയുടെ അടിസ്ഥാനത്തിലാണ് ഡി&ഒ ട്രേഡ് ലൈസൻസ് ഫീസും പിഴയും ഈടാക്കിവരുന്നത്. ഇത് വളരെ പഴയതും കാലഹരണപ്പെട്ടതുമായ നിരക്കായതിനാൽ നഗരസഭയ്ക്ക് ഈയിനത്തിൽ ലഭിയ്ക്കേണ്ട വരുമാനത്തിൽ ഗണ്യമായ കുറവു വരുന്നുണ്ട്. നഗരസഭയിലും മേഖലാ കാര്യാലയങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാ ഫോറത്തിൽ സ്ഥാപനത്തിന്റെ വിറ്റു വരവിനെ വ്യക്തമാക്കുന്ന രേഖകളൊന്നും ഇല്ലാത്തതിനാൽ നഗരസഭയിൽ നിശ്ചയിച്ച് ഈടാക്കുന്ന ലൈസൻസ് ഫീസിന് യാതൊരു ആധികാരികതയുമില്ല. പുതിയ ചട്ടങ്ങൾ പ്രകാരം ഫീസ് പിരിക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം വരുന്നതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിലവിൽ ഈടാക്കുന്ന ലൈസൻസ് ഫീസ് | പുതിയ ചട്ട പ്രകാരം ഈടാക്കാവുന്നത് |
|---|---|---|
| സ്വർണ്ണം- ശുദ്ധീകരിക്കുക സംഭരിക്കുക, സൂക്ഷിക്കുക, വിൽക്കുക | വാർഷിക വിറ്റുവരവ് 5 ലക്ഷം രൂപ വരെ - 250<br>വാർഷിക വിറ്റുവരവ് 10 ലക്ഷം രൂപ വരെ -500<br>വാർഷിക വിറ്റുവരവ് 10 ലക്ഷത്തിനുമുകളിൽ-1000 | കൗൺസിലിന് വ്യാപാരത്തിന്റെ സ്വഭാവത്തിനനുസരിച്ച് എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളിലായി തിരിച്ച് ഏറ്റവും കുറഞ്ഞത് 5000, 3000,1500 എന്നീ നിരക്കുകളിൽ ഫീസ് ഈടാക്കാവുന്ന താണ്. |

| | | |
|---|---|---|
| സ്വകാര്യ ആശുപത്രി നടത്തുകയോ ദ്രാവക ഔഷധങ്ങളോ ഔഷധ ഇനങ്ങളോ സംഭരിക്കുകയോ ചെയ്യൽ | ആശുപത്രി നഴ്സിങ്ങ് ഹോമുകൾ -250<br>ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ - 100<br>ക്ലിനിക്കൽ ലബോറട്ടറികൾ<br>ഒരാൾ ഉള്ളത് - 100<br>ഒന്നിലധികം പേർ ഉള്ളത് - 250<br>എക്സ്റേ യൂണിറ്റ് - 200<br>ബ്ലഡ് ബാങ്ക് - 250<br>സ്കാനിംങ്ങ് സെന്റർ - 500 | കൗൺസിലിന് എ, ബി, സി വിഭാഗങ്ങളാക്കി മാനദണ്ഡ പ്രകാരം കുറഞ്ഞത് 5000, 3000, 1500 എന്നിങ്ങനെ ഈടാക്കാവുന്നതാണ്. |
| തുണി ചായം മുക്കൽ സംഭരണം, വില്പന | മൊത്ത വിൽപന-5 ലക്ഷം വരെ - 500<br>4 ലക്ഷത്തിലധികം - 1000<br>ചില്ലറ വിൽപന- 1 ലക്ഷം വരെ - 100<br>5 ലക്ഷം വരെ - 250<br>5 ലക്ഷത്തിനു മീതെ - 300 | കൗൺസിലിന് എ, ബി, സി വിഭാഗങ്ങളാക്കി തിരിച്ച് കുറഞ്ഞത് 1500, 1,000 ,500 എന്നിങ്ങനെ ഈടാക്കാവുന്നതാണ്. |
| കരി മരുന്നുകൾ | സംഭരണം, പായ്ക്കിങ്ങ്, വൃത്തിയാക്കൽ,<br>സൂക്ഷിപ്പ് വിൽപ്പന മൊത്തം- 250<br>ചില്ലറ - 100 | കൗൺസിലിന് എ, ബി, സി വിഭാഗങ്ങ ളാക്കി തിരിച്ച് കുറഞ്ഞത് 3000, 2,000,1000 എന്നിങ്ങനെ ഈടാക്കാവുന്നതാണ്. |

പുതിയ ചട്ടം നിലവിൽ വരുമ്പോൾ നഗരസഭയ്ക്ക് ഫീസ് പിരിയ്ക്കുന്നതിന് തീരുമാനമെടുക്കാവുന്നതും ചട്ടം 7 പ്രകാരം ലൈസൽസ് ഫീസ് വ്യപാരം, തൊഴിൽ, കച്ചവട സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രധാന്യം, വ്യപാരത്തിന്റെ സ്വഭാവം മുതൽ മുടക്ക് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും സുതാര്യമായ മാനദണ്ഡ പ്രകാരം എ, ബി, സി എന്നീ 3 വിഭാഗങ്ങളായി തിരിച്ച് എല്ലാ ലെസൻസിനും പട്ടികകൾ പ്രകാരം അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിലിന് നിരക്ക് നിശ്ചയിച്ച് വാർഷിക ലൈസൻസ് ഫീസ്, യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീ എന്നിവ ഈടാക്കാവുന്നതാണ്. നഗരസഭാ പരിധിയിൽ ഇരുപതോളം മേജർ ആശുപത്രികളും നൂറോളം ചെറുകിട ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ 6,00,000/- രൂപയോളം ആശുപത്രികളിൽ നിന്നു മാത്രം ലൈസൻസ് ഫീസിനത്തിൽ ലഭിക്കുന്നതാണ്.

- നഗരസഭയുടെയും മേഖലാകാര്യാലയങ്ങളുടെയും പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/കച്ചവട സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ആയതിനാൽ എതെങ്കിലും സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പ വരുത്താൻ കഴിഞ്ഞിട്ടില്ല.
- **<u>കച്ചവടക്കാർക്കും വ്യാപാരികൾക്കും ലൈസൻസ് നൽകുന്നില്ല.</u>**

2015-16 ൽ ബേപ്പൂർ മേഖലാകാര്യാലയത്തിൽ 1078 കച്ചവടക്കാരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്.എന്നാൽ ലൈസൻസിന്റെ കാര്യാലയ കോപ്പികൾ പരിശോധിച്ചതിൽ 137 ലൈസൻസ് മാത്രമേ നൽകിയതായി കാണുന്നുള്ളൂ.

അപേക്ഷയിൽ തീരുമാനമെടുക്കുന്ന മുറക്ക് ഫീസ് ഈടാക്കികൊണ്ട് ലൈസൻസ് നൽകേണ്ടതും ആയത് വ്യാപാരം നടത്തുന്ന കെട്ടിടത്തിന്റെ മുൻവശത്ത് പ്രദർശിപ്പിക്കേണ്ടതുമാണ് എന്ന നിർദ്ദേശം പാലിക്കുന്നില്ല എന്നതിന് തെളിവാണിത്.

- ഡി & ഒ ലൈസൻസ് ഫീസ് കണക്കാക്കുന്നതിന് സ്ഥാപനത്തിന്റെ വാർഷിക വിറ്റുവരവ് , സ്ഥാപിക്കപ്പെട്ട യന്ത്രത്തിന്റെ കുതിരശക്തി, തൊഴിലാളികളുടെ എണ്ണം, ആശുപത്രികളിലെയും ലോഡ്ജുകളിലെയും കിടക്കകളുടെ എണ്ണം, ആശുപത്രികളിലെ വിവിധ സൗകര്യങ്ങൾ (എക്സറേ യൂണിറ്റ്, ബ്ളഡ് ബാങ്ക്, സ്കാനിംഗ് യൂണിറ്റ്, മെഡിക്കൽ ഷോപ്പ് മുതലായവ)ബാർബർ ഷോപ്പ് /ബ്യൂട്ടി പാർലർ എന്നിവിടങ്ങളിലെ കസേരകളുടെ എണ്ണം, കല്ല്യാണ മണ്ഡപം / ഓഡിറ്റോറിയം എന്നിവയുടെ വിസ്തീർണ്ണം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആവശ്യമായിരിക്കെ ലൈസൻസിനുള്ള അപേക്ഷയിലോ ഇൻസ്പെക്ഷൻ റിപ്പോർട്ടിലോ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് അപേക്ഷ സ്വീകരിച്ച് ലൈസൻസിന് ശുപാർശ ചെയ്തുവരുന്നത്. നിയമങ്ങളിലെയും ബൈലോയിലേയും വ്യവസ്ഥകൾ പാലിച്ച് ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-21 കെട്ടിട നിർമ്മാണ പെർമിറ്റ് - അവലോകനം

1) അപേക്ഷകളിൻമേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പെർമിറ്റ് അനുവദിക്കാൻ വളരെയധികം കാലതാമസം

നഗരസഭയിൽ 2014 വർഷം മുതൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ കൈകാര്യം ചെയ്യുന്നത് 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴിയാണ്. മേൽപ്പറഞ്ഞ ആപ്ലിക്കേഷനിൽ ആർക്കിടക്ച്ചർ രജിസ്ട്രേഷനും, കെട്ടിട പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനും ഇ – ഫയലിംഗ് സംവിധാനം കൂടി ഉൾപ്പെടുത്തി ചെക്ക് ലിസ്റ്റ് ഓട്ടോമാറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സൂചിക (ഫയൽ ട്രാക്കിംഗ് ), സാംഖ്യ (ഡബിൾ എൻട്രി അക്കൗണ്ടിംഗ്) എന്നീ ആപ്ലിക്കഷനുകളുമായി സംയോജിച്ചാണ് 'സങ്കേതം' പ്രവർത്തിച്ചു വരുന്നത്. നഗരസഭയിൽ സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴി ഇതുവരെ കൈകാര്യം ചെയ്ത അപേക്ഷകൾ സംബന്ധ്ച്ച വിവരം താഴെക്കൊടുക്കുന്നു.

| ഇ-ഫയൽ ചെയ്ത അപേക്ഷകളുടെ എണ്ണം | അംഗീകാരം ലഭിച്ചവയുടെ എണ്ണം | നിരാകരിച്ചവയുടെ എണ്ണം |
|---|---|---|
| 9236 | 2425 | 344 |

ബാക്കിയുള്ളവ പല കാരണങ്ങൾ കൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തവയാണ്. 01.04.2015 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ 100 അപേക്ഷകളുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നഗരസഭയിൽ അപേക്ഷകളിൻമേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പെർമിറ്റ് അനുവദിക്കാൻ വളരെയധികം കാലതാമസം വരുന്നതായിക്കാണുന്നു .

2) കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവ നിർണ്ണയിച്ചതിൽ അപാകത.

ഒരു കെട്ടിടത്തിലെ താമസക്കാരുടെയും പൊതുജനങ്ങളുടെയും സൗകര്യവും സുരക്ഷിതത്വവും മാത്രമല്ല, പ്രദേശത്തിന്റെ ആസൂത്രിതമായ വികസനവും കൂടി ലക്ഷ്യമാക്കിക്കൊണ്ടാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് രൂപം നല്കിയിരിക്കുന്നത്. ഇതിലെ വ്യവസ്ഥകൾ കർക്കശമായും പാലിക്കേണ്ടതുണ്ട്. സാധാരണ സംഗതിയിൽ ഉണ്ടു ഭൂമിയിൽ ഒന്നോ രണ്ടോ നിലകളോടു കൂടിയ ചെറിയ കെട്ടിടം നിർമ്മിക്കുന്നവർക്കാണ് സാങ്കേതികത്വം സംബന്ധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചില ഇളവുകൾ അനുവദിക്കുന്നത്. അയൽവാസികളുടെയോ പൊതുജനങ്ങളുടെയോ

അവകാശങ്ങളെയോ സുരക്ഷിതത്വത്തെയോ ബാധിക്കാത്ത വിധത്തിലുള്ളതായിരിക്കണം ഇത്. എന്നാൽ പാർക്കിംഗ് സ്ഥലം, അഗ്നിശമന ഉപാധികൾ എന്നിവ സംബന്ധ്ച്ച വ്യവസ്ഥകൾ ബാധകമാകുന്ന കെട്ടിട സമുച്ചങ്ങളുടെയും ഫ്ളാറ്റുകളുടെയും മറ്റും സംഗതികളിൽ ഇത്തരം ഇളവുകൾ യാതൊരു കാരണവശാലും ബാധകമാകുന്നില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിക്കപ്പെട്ട ഒരു കെട്ടിടം പൊതുജന താത്പര്യത്തെ ദോഷകരമായി ബാധിക്കുന്നുവെങ്കിൽ, ആവശ്യമെങ്കിൽ അത്തരം നിർമ്മാണം പൊളിച്ചു മാറ്റാൻ തദ്ദേശസ്ഥാപനത്തിന് നടപടി കൈക്കൊള്ളാവുന്നതാണ് .

താഴെപ്പറയുന്ന കൈവശങ്ങളുടെ പരമാവധി വ്യാപ്തി (കവറേജ്), തറ വിസ്തീർണ്ണാനുപാതം എന്നിവ 1999 – ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31 പട്ടിക 2 – ലെ പരമാവധിയിലും കവിഞ്ഞതായി കാണുന്നു.

(i) ഫയൽ നം. ടി.പി.9/86240/13 തീയതി 15/07/2014

ഷൗക്കത്തലി.കെ, നസീറ.പി

വാർഡ് നം. 33

കെട്ടിടത്തിന്റെ തരം - ഓഫീസ് കം റസിഡൻഷ്യൽ (ഗ്രൂപ്പ് - ഇ)

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 30(3)(എഫ്). റൂൾ 31(2) ന്റെ ചുവടെയുള്ള നോട്ട് (ii)പ്രകാരം പ്ലോട്ട് വിസ്തീർണ്ണം 0.5 ഹെക്ടർ വരെയുള്ള കേസുകളിൽ തറവിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവ ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും. അതായത് ഈ കെട്ടിടത്തിന് ബാധകമായ തറവിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവ ഗ്രൂപ്പ് - ഇ ഓഫീസ് കം ബിസിനസ് ഒക്യുപ്പൻസി വിഭാഗത്തിന്റേതാണ് (499.5 എം$^2$).

പ്ലോട്ട് ഏരിയ – 809.40 എം2 (20 സെന്റ്)

ചട്ടം 31(2)(i) പ്രകാരം അനുവദിക്കേണ്ട പരമാവധി വ്യാപ്തി (കവറേജ്) 40 ശതമാനമാണ്. അനുവദിച്ച വ്യാപ്തി 61.7 ശതമാനമാണ് {(499.5/809.4)*100%}

പ്ലാൻ പ്രകാരം നല്കിയ തറ വിസ്തീർണ്ണാനുപാതം - 2.47 (2000.64/809.4)

റൂൾ 31(2) പട്ടിക (2) പ്രകാരം അനുവദിക്കേണ്ട തറ വിസ്തീർണ്ണാനുപാതം - 2 (അധിക ഫീസില്ലാതെ)

(ii) ഫയൽ നം. ടി.പി.11/45100/13 തീയതി 30/10/2013

ഡോ. രാജേന്ദ്രൻ, ഗീത രാജേന്ദ്രൻ, സുനിൽ രമേശ്, രാഖി.പി.ആർ

കെട്ടിടത്തിന്റെ തരം - റസിഡൻഷ്യൽ ഫ്ലാറ്റ്(ഗ്രൂപ്പ് - എ 1)

എന്നാൽ, 1999 കെ.എം.ബി.ആർ, ചട്ടം 30(3)(ഇ) പ്രകാരം, 150.എം$^2$ ൽ കവിയുന്ന തറ വിസ്തീർണ്ണമുള്ളതും വിനോദപരമോ, ഉല്ലാസപരമോ ആയതടക്കമുള്ള ആവശ്യങ്ങൾക്ക് ജനങ്ങൾ ഒരുമിച്ച്കൂടുന്ന കെട്ടിടം അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം ഗ്രൂപ്പ് - ഡി (Assembly)എന്ന ഒക്യുപ്പൻസി വിഭാഗത്തിൽപ്പെടുന്നു (തറ വിസ്തീർണ്ണം-172.81 എം$^2$).

പ്ലോട്ട് ഏരിയ – {3773.22 (-) 323.82(Rd widening)}=3449.4 എം$^2$

പ്ലാൻ പ്രകാരം നല്കിയ തറ വിസ്തീർണ്ണാനുപാതം - 3.1 (10544.03/3449.4)

റൂൾ 31(2) പട്ടിക (2) പ്രകാരം ഗ്രൂപ്പ് - ഡി (Assembly)എന്ന ഒക്യുപ്പൻസി വിഭാഗത്തിന് അനുവദിക്കേണ്ട തറ വിസ്തീർണ്ണാനുപാതം - 1.5 (അധിക ഫീസില്ലാതെ), അധിക ഫീസോടുകൂടി - 2.5

(iii) ഫയൽ നം. ടി.പി.4/753598/13 തീയതി 25/08/2014

മണിക്കുട്ടൻ, ഗോകുലം, കരിമ്പനപ്പാലം, എരഞ്ഞിപ്പാലം, കോഴിക്കോട്.

കെട്ടിടത്തിന്റെ തരം - ഗ്രൂപ്പ് - ഡി (Assembly)

പ്ലോട്ട് ഏരിയ – 1436.69 എം$^2$ (35.5 സെന്റ്)

പ്ലാൻ പ്രകാരം നല്കിയ തറ വിസ്തീർണ്ണാനുപാതം - 2.82 (4054.22/1436.69).

എന്നാൽ, 1999 കെ.എം.ബി.ആർ, ചട്ടം 30(3)(ഇ) പ്രകാരം, 150.എം$^2$ ൽ കവിയുന്ന തറ

വിസ്തീർണ്ണമുള്ളതും വിനോദപരമോ, ഉല്ലാസപരമോ ആയതടക്കമുള്ള ആവശ്യങ്ങൾക്ക് ജനങ്ങൾ ഒരുമിച്ച്കൂടുന്ന കെട്ടിടം അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം ഗ്രൂപ്പ് - ഡി (Assembly)എന്ന ഒക്യുപ്പൻസി വിഭാഗത്തിൽപ്പെടുന്നു (തറ വിസ്തീർണ്ണം-224.8 എം$^2$).
റൂൾ 31(2) പട്ടിക (2) പ്രകാരംഗ്രൂപ്പ് - ഡി (Assembly)എന്ന ഒക്യുപ്പൻസി വിഭാഗത്തിന് അനുവദിക്കേണ്ട തറ വിസ്തീർണ്ണാനുപാതം - 1.5 (അധിക ഫീസില്ലാതെ), അധിക ഫീസോടുകൂടി - 2.5

കൂടാതെ, 1999 കെ.എം.ബി.ആർ, ചട്ടം 31(2)(i) പ്രകാരമുള്ള കിഴിവുകൾ പ്ലോട്ട് വിസ്തീർണ്ണത്തിൽ വരുത്താതെയാണ് കെട്ടിടത്തിന്റെ വ്യാപ്തി (കവറേജ്) 25.16% (361.44/1436.69)എന്ന് നിർണ്ണയിച്ചത്. ആയതിനാൽ, മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകാൻ പാടില്ലാത്തതാണ്.

3) തറ വിസ്തീർണ്ണാനുപാതം നിർണ്ണയിച്ചതിലെ അപാകത കാരണം നഗരസഭാ ഫണ്ടിനു നഷ്ടം

| ക്രമ നം | ഫയൽ നം., അപേക്ഷകന്റെ പേര്, മേൽവിലാസം | സൈറ്റ് പ്ലാൻ പ്രകാരം F.A.R | ഈടാക്കേണ്ട അധിക ഫീസ് {ചട്ടം 31(2)- പട്ടിക (2), ഇനം .7} | ഈടാ-ക്കിയ അധിക ഫീസ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ടി.പി.5/ഇ 4/47694/97 തീയതി 20/05/2015<br>പി.കെ.അലി ഹാജി, പുതിയോത്തുകണ്ടി, എലത്തൂർ, കോഴിക്കോട്<br>പ്ലോട്ട് ഏരിയ - 1216.2276 എം$^2$<br>കൈവശാവകാശ ഗണം - വാണിജ്യം | 3.3114<br><br>(4027.46/ 1216.2276) | (3.3114-2.5) x1216.2276x3000 = 29,60,541 /- | അധിക ഫീസ് ഈടാക്കിയില്ല | 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് |
| 2 | ടി.പി.9/136150/13 തീയതി 09/04/2015<br>സൈനബ, അഷ്റഫ്, ചുണ്ടൻപുത്തിൽ (H), ഇരിങ്ങണ്ണൂർ<br>പ്ലിന്ത് ഏരിയ – 2007.93 എം$^2$<br>പ്ലോട്ട് ഏരിയ – 647.52 എം$^2$<br>കൈവശാവകാശ ഗണം - ഷോപ്പ് കം റസിഡൻഷ്യൽ | 2.58<br><br>(1673.2/ 647.52) | (2.58-2.5)x 647.52x3000 = 1,55,405 /- | | 1,55,405/- രൂപ രശീതി നം 11627122926 തീ. 26/10/16 പ്രകാരം അടച്ചു. |
| 3 | ടി.പി.6/31998/13 തീയതി 24/05/2013<br>ശ്രീ. സന്തോഷ്കുമാർ.യു.എസ്, അട്ടുക്കത്ത് (H), ഐ.ഐ.എം.മെയിൻ ഗേറ്റിനു സമീപം, കുന്ദമംഗലം<br>പ്ലിന്ത് ഏരിയ – 1123.13 എം$^2$<br>പ്ലോട്ട് ഏരിയ – 343.995 എം$^2$<br>കൈവശാവകാശ ഗണം - റസിഡൻഷ്യൽ കം കൊമ്മേഴ്സ്യൽ | 2.7646<br><br>(951.02/343.99) | (2.7646-2.5) x343.995x3000 = 2,73,063 /- | 16,950 /- രശീതി നം 11304108834 തീ. 21/05/13 | 2,73,063/- രൂപ രശീതി നം 11639500457 തീ. 20/09/16 പ്രകാരം അടച്ചു |

| | | | | | |
|---|---|---|---|---|---|
| 4 | ടി.പി.10/86231/13 തീയതി 30/07/2014<br>പി.ടി.സുഭാഷ്, യൂറോ കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്, 2 - ാം നില, സി. സി. എച്ച്. സി. സൊസൈറ്റി ലിമിറ്റഡ്, വൈ. എം. സി. എ. ക്രോസ് റോഡ്<br>പ്ലിന്ത് ഏരിയ -7345.83 എം$^2$<br>പ്ലോട്ട് ഏരിയ-1873.76 എം$^2$<br>റോഡ് വീതി കൂട്ടമ്പോൾ നഷ്ടമാകുന്ന ഭാഗം കഴിച്ചുള്ള പ്ലോട്ട് ഏരിയ - 1781.99 എം$^2$<br>കൈവശാവകാശ ഗണം - വാണിജ്യം | 3.34<br><br>{ചട്ടം 31(2)- പട്ടിക (2), ഇനം .7 പ്രകാരമുള്ള F.A.R =5217.95/1781.99= 2.9282 } | (2.9282-2.50) x 1781.99x 3000 = 22,89,144 | 73,500 / -<br>രശീതി നം 11304121 383 തീ. 05/09/13 | 22,89,177/- രൂപ രശീതി നം1160250 548 തീ. 20/10/16 പ്രകാരം അടച്ചു |
| 5 | ടി.പി.4/28409/13 തീയതി 05/09/2013<br>ശ്രീ. പി.കുഞ്ഞിരാമൻ നായർ, റോം നിവാസ്, തടപ്പറമ്പ്, നെല്ലിക്കോട് ജംഗ്ഷൻ.<br>പ്ലിന്ത് ഏരിയ – 4886.44 എം$^2$<br>പ്ലോട്ട് ഏരിയ – 1345.62 എം$^2$<br>റോഡ് വീതി കൂട്ടമ്പോൾ നഷ്ടമാകുന്ന ഭാഗം കഴിച്ചുള്ള പ്ലോട്ട് ഏരിയ – 1170.67 എം$^2$<br>കൈവശാവകാശ ഗണം - വാണിജ്യം | 3.34 | (3.34-2.50) x 1170.67x 3000 = 29,50,088 /- | 73,500 / -<br>രശീതി നം 11304121 383 തീ. 05/09/13 | കെ.എസ്. എ.കെ.ഓ. സി.എ 6/ 1340/16 തീ. 01/10/2016 പ്രകാരം നഷ്ട സംഖ്യ 16,22,54 ആയി പുനർ നിർണ്ണയിച്ചു. രശീതി നം 1163912707 204/ 01/10/16 പ്രകാരം അടവാക്കി. |

4) <u>ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷ സെക്ഷനിൽ ലഭിക്കുമ്പോൾ തന്നെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റര്റിൽ അപേക്ഷകന്റെ പേര് , അപേക്ഷാ നമ്പർ , ഓക്യുപ്പൻസി വിഭാഗം , കെട്ടിടത്തിന്റെ നിലകളുടെ എണ്ണം, തറ വിസ്തീർണ്ണാനുപാതം എന്നീ പ്രാഥമിക വിവരങ്ങൾ ചേർക്കേണ്ടതുണ്ട്. കൂടാതെ രജിസ്റ്ററിന്റെ അവസാന ഭാഗത്ത് ആപ്ലിക്കേഷൻ ഫീ, F.A.R. അഡീഷണൽ ഫീ എന്നീ ഇനങ്ങളിൽ ലഭിച്ച ആകെ ഫീസിന്റെ സംക്ഷിപ്തം എന്നിവയും എഴുതി സൂക്ഷിക്കേണ്ടതുണ്ട്. കോഴിക്കോട് നഗരസഭയിൽ മേൽപ്പറഞ്ഞ വിധത്തിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല.

2015 വർഷം മുതൽ കോഴിക്കോട് നഗരസഭയിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## ഭാഗം 3
## ചെലവുകണക്കുകളിന്മേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചില്ല - ചട്ടപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച

കേരള മുനിസിപ്പൽ കോമൺസർവ്വീസിലെ ജീവനക്കാർ കെ.എസ്.ആർ, കെ.എസ് & എസ്.എസ്.ആർ ചട്ടങ്ങൾ പ്രകാരം നിശ്ചിത കാലാവധിക്കുളളിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഈ നഗരസഭയിലെ 45 ജീവനക്കാർ നിശ്ചിത കാലാവധി കഴിഞ്ഞിട്ടും പ്രൊബേഷൻ പൂർത്തിയാക്കാതെ ജോലിയിൽ തുടർന്ന് വരുന്നുണ്ട്. ഇതിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി കഴിഞ്ഞ് 20 വർഷത്തിലധികമായി ജോലിയിൽ തുടരുന്നവരും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ ടെസ്റ്റ് പാസ്സാകാത്തവരും ഉൾപ്പെട്ടിട്ടുണ്ട്.

പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് പ്രത്യേക ടെസ്റ്റുകളൊന്നും ആവശ്യമില്ലെന്നിരിക്കെ 18 ഓഫീസ് അറ്റന്റന്റമാരുടെ പ്രൊബേഷൻ ഇതുവരെയും വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യപിക്കാത്തത് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിൽ വന്ന അപാകതയാണ്.

20.11.2012 മുതലും 29.05.2013 മുതലും തുടർച്ചയായി സസ്പെൻഷനിലുള്ള 7 ജീവനക്കാരും പ്രൊബേഷൻ പൂർത്തീകരിക്കാത്തവരുടെ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്. ഇവരുടെ കാര്യത്തിൽ അച്ചടക്കനടപടികൾ പൂർത്തിയാക്കാത്തതിനുളള കാരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 19,20,21 പ്രകാരം പ്രൊബേഷൻ പൂർത്തീകരിക്കാത്തവരുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.105/15-16 തീയതി.16.01.17) മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പട്ടികയിൽ കാണിച്ച ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുകയും അല്ലെങ്കിൽ മേൽ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. വിഷയം നഗരസഭ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാരുടെ പട്ടിക അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

### 3-2 വെള്ളരിക്കണ്ടി ഫുട് പാത്ത് & തലയനാടത്ത് ഫുട് പാത്ത് ഡ്രെയിൻ നിർമ്മാണം ടെണ്ടർ നടപടികൾ കൈകൊള്ളുന്നതിനു മുമ്പുതന്നെ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചു

| | | |
|---|---|---|
| ഫയൽ നമ്പർ | : | E.G.6/77019/15 |
| പ്രൊജക്ട നമ്പർ | : | 389/15 |
| വകയിരുത്തിയ തുക | : | 12,00,000(വികസനഫണ്ട്) |
| എം ബുക്ക് | : | 14/16 |
| കരാറുകാരൻ | : | സി.ശശികുമാർ(0.01% കുറവ്) |
| നിർവഹണം | : | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| ബിൽ നമ്പർ ,തുക | : | 170/15-16dt31.3.16 |

കോർപ്പറേഷൻ വാർഡ് 21ൽ വെള്ളരിക്കണ്ടി ഫുട്പാത്ത്, തലയനാടത്ത് ഫുട്പാത്ത് ഡ്രെയിൻ എന്നിവയുടെ പ്രവൃത്തിക്കുവേണ്ടിയാണ് എസ്ററിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മേൽ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ 30.1.16 ൽ ആരംഭിക്കുകയും 4.2.16 ൽ അവസാനിക്കുകയും ചെയ്തു. 8.2.16 ന് ടെണ്ടർ തുറന്ന് പരിശോധിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.കെ.ശശികുമാറിന്റെ 0.01% കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും 20.2.2016 ൽ ടിയാൻ മേൽ പ്രവൃത്തിക്ക് കോർപ്പറേഷനുമായി കരാറിലേർപ്പെടുകയും ചെയ്തു. ഇതിനെതുടർന്ന് 2.3.16 ടിയാന് വർക്ക് ഓർഡർ നൽകി. പ്രവൃത്തിയുടെ എം ബുക്ക്

പരിശോധിച്ചതിൽ പ്രവൃത്തിയുടെ മിക്ക ഇനങ്ങളും ടെണ്ടർ നടപടികൾക്ക് മുമ്പ് 23.1.2016 മുതൽ അസി.എഞ്ചിനീയർ അളവെടുത്ത് 24.1.16 മുതൽ അസി.എക്സി ക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം ബുക്ക് പേജ്.1 to 26 കാണുക). 20.02.2016 ൽ കരാർ വെച്ച് 2.3.16 ൽ വർക്ക് ഓർഡർ നൽകിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള മിക്ക ഇനങ്ങളും എഗ്രിമെന്റ് തിയ്യതിക്കു മുമ്പ് തന്നെ പൂർത്തികരിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസ്.നുള്ള മറുപടി പ്രവർത്തി തുടങ്ങിയ കരാറുകാരന് തന്നെയാണ് ടെണ്ടർ ലഭിച്ചതെന്നും പ്രവർത്തി ഭംഗിയായി പൂർത്തീകരിച്ചിട്ടുണ്ടെന്നുമാണ്. ഈ മറുപടി തൃപ്തികരമല്ല. ടെണ്ടർ നടപടിക്രമങ്ങളിലെ സുതാര്യത ഇല്ലായ്മയാണ് ഇത് വ്യക്തമാക്കുന്നത്. ആയത് കൗൺസിലിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-3 കുളങ്ങര -കല്ലൂട്ടിവയൽ ഫുട് പാത്ത് നിർമ്മാണം.-കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി വിനിയോഗിച്ചില്ല.

| | | |
|---|---|---|
| ഫയൽ നമ്പർ | - | E.G.8/91603/14 |
| പ്രൊജക്ട് നമ്പർ | - | 719/15&880/16 |
| വകയിരുത്തിയ തുക | - | 24,10,000(റിവൈസ്ഡ് എസ്റ്റിമേറ്റ്) |
| കരാറുകാരൻ | - | വി.മുഹമ്മദ് ബഷീർ (16%കുറവ്) |
| ചെലവുതുക | - | 3,45,648(ബിൽ നമ്പർ224/15dt31.3.15)<br>14,31,415 (ബിൽ നമ്പർ2/15-16dt16.2.16) |
| എം ബുക്ക് | - | 141/15&150/15 |
| നിർവഹണം | - | സൂപ്രണ്ടിംഗ് എഞ്ചിനീയർ |

കോഴിക്കോട് കോർപ്പറേഷൻ വാർഡ് ഒൻപതിൽപെട്ട കുളങ്ങര കല്ലൂട്ടിവയൽ ഫുട്പാത്ത് വീതി കൂട്ടി സിമന്റ് കോൺക്രീറ്റ് ചെയ്തു അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2014-15 വർഷത്തിൽ ആരംഭിച്ച പ്രവൃത്തി കരാറുകാരൻ 2015-16 സാമ്പത്തിക വർഷം പൂർത്തീകരിച്ച് ഫൈനൽ ബിൽ കൈപറ്റിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വർക്ക് ബിൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഒന്നാം ഇനമായ സാധാരണ മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തി താഴെപ്പറയുന്ന അളവിൽ നടത്തിയിട്ടുണ്ട്

| എം ബുക്ക് നമ്പർ/പേജ് | | | കിളച്ചുമാറ്റിയ മണ്ണിന്റെ അളവ് |
|---|---|---|---|
| 141/15 | page | 1 to 3 | 27.68 എം .ക്യൂബ് |
| 141/15 | ,, | 23 to 25 | 14.03 എം ക്യൂബ് |
| 150//15 | ,, | 1 to 3 | 35.89 എം ക്യൂബ് |
| മൊത്തം | | | 77.6 എം. ക്യൂബ് |

മേൽ അളവുപ്രകാരം കിളച്ചെടുത്ത മണ്ണിൽ ഒന്നാമതായി രേഖപ്പെടുത്തിയ 27.68 എം .ക്യൂബ് മണ്ണ് ആവശ്യത്തിന് വിനിയോഗിക്കാൻ പറ്റാത്തതാണെന്ന് എം ബുക്ക് 141/15 പേജ് 3 ൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 6 പ്രകാരം പ്രവൃത്തിക്ക് മൊത്തം 77.364 എം.ക്യൂബ് മണ്ണ് ഫില്ലിംഗ് നടത്തിയിട്ടുണ്ട് (എംബുക്ക് 150/15 Page20 കാണുക). പ്രവൃത്തിയുടെ ഭാഗമായികിളച്ചെടുത്ത മണ്ണിൽ ഫില്ലിംഗിന് യോഗ്യമായ 49.92 എം.ക്യൂബ് മണ്ണ് (77.6-27.68) ആയതിന് വിനിയോഗിച്ചുകാണുന്നില്ല. കിളച്ചെടുത്ത മണ്ണിൽ ഉപയോഗയോഗ്യമായ മണ്ണ് ഫില്ലിംഗിന് വിനിയോഗിക്കാത്തത് മൂലം കരാറുകാരന് താഴെപ്പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| കരാറുകാരന് മണ്ണ് ഫില്ലിംഗിനായി അനുവദിച്ച തുക<br>(എംബുക്ക് 150/15 പേജ് 20 കാണുക) | 77.364x288/എം .ക്യൂബ് = 22280.83 |
| ഫില്ലിംഗ് നടത്തിയത്. | 77.364 |
| (-) കിളച്ചെടുത്ത മണ്ണ് | 49.92 |
| അനുവദനീയമായ തുക | 27.444x288/എം .ക്യൂബ് = 7903.87<br>14376.96 രൂപ |
| (-) ടെണ്ടർ കുറവ് (16%) | 2300.31 |
| അധികം നൽകിയ തുക | 12076.65 |

കിളച്ചെടുത്ത ഉപയോഗ യോഗ്യമായമണ്ണ് ഫില്ലിംഗിനായി വിനിയോഗിക്കാതെ ഫില്ലിംഗ് നടത്തിയ മണ്ണിന് മുഴുവൻ തുകയും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുള്ള ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ 12,077 രൂപ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 വരദൂർ G.L.P സ്കൂൾ ക്ലാസ്റൂം നിർമ്മാണം പ്രവൃത്തി പൂർത്തികരിക്കാത്തതും മറ്റ് അപാകതകളും

| | | |
|---|---|---|
| ഫയൽ നമ്പർ | : | E.G.8/91063/14 |
| പ്രൊജക്ട് നമ്പർ | : | 540/15 |
| വകയിരുത്തിയ തുക | : | 1800000(വികസന ഫണ്ട്) |
| എം ബുക്ക് നമ്പർ | : | 412/15 |
| കരാറുകാരൻ | : | രാജേഷ് കെ(0.01%കുറവ്) |
| പാർട്ട് ബിൽ | : | 13,49,365 |
| നിർവഹണം | : | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| ബിൽ നമ്പർ തുക | : | 43/15-16 dt29.3.16 |

കോർപ്പറേഷൻ വാർഡ് 11 പെട്ട വരദൂർ ഗവ.എൽ.പി സ്കൂളിൽ രണ്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിനായി ബഹു വർഷ പ്രൊജക്ടായി 2014-15 വർഷത്തിൽ ആരംഭിച്ച പ്രവൃത്തി കരാറുകാരനായ ശ്രീ.രാജേഷ്.കെ 31.3.15 ന് കരാർ വെച്ച് ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധയിൽ കണ്ടെത്തിയ അപാകതകൾ താഴെ ക്കൊടുക്കുന്നു

1. പ്രൊജക്ടിന്റെ പ്രവർത്തന കലണ്ടർ പ്രകാരം 30.6.15 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരന്റെ അപേക്ഷ പ്രകാരം30.6.16 വരെ നീട്ടിനൽകിയിട്ടുണ്ട്. 2012 ലെ പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്നത് ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ ആറുമാസം (ഏതാണ് കുറവെങ്കിൽ അത്) എന്നതിൽ അധികരിക്കാൻ പാടില്ല. അനുവദിക്കാവുന്ന പരമാവധി Extention പൂർത്തീകരണ പിരീഡിന്റെ 50% അധികരിക്കാൻ പാടില്ല. ആയതിനു വിരുദ്ധമായി പൂർത്തീകരണ കാലാവധി ഒരുവർഷം നീട്ടി നൽകിയതിന് വിശദികരണം ലഭ്യമാക്കേണ്ടതാണ്. പൂർത്തികരണ കാലാവധിക്കുള്ളിലും കരാറുകാരൻ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല.
2. പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയപ്പോൾ നിയമാനുസൃതം പ്രവൃത്തിമൂല്യത്തിന്റെ 10% റിട്ടൻഷൻ പിടിക്കേണ്ടതാണെങ്കിലും റിട്ടൻഷൻ തുക കുറവു ചെയ്യാതെയാണ് പാർട്ട് ബിൽ അനുവദിച്ചിരിക്കുന്നത്.
3. പ്രവൃത്തിക്ക് അനുബന്ധമായി കെട്ടിടത്തിന്റെ വശങ്ങളിൽ ഇന്റർ ലോക്ക് ചെയ്യുന്നതിനും

ക്ലാസ് റൂമിൽ ടൈൽസ് പതിക്കുന്നതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനീയറുടെ ശുപാർശ കൗൺസിൽ അംഗീകാരത്തിനായി 13.6.16 ൽ സമർപ്പിച്ചെങ്കിലും നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല.

4. പ്രവൃത്തിയുടെ എം ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## <u>3-5 അക്ഷയ അങ്കണവാടി നിർമ്മാണം - പൊളിച്ചുമാറ്റി അട്ടിയിട്ട ജനൽ; വാതിൽ എന്നിവയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല</u>

| | | |
|---|---|---|
| ഫയൽ നമ്പർ | : | E.G.6/90829/14 |
| പ്രോജക്ട് നമ്പർ | : | 1584/15 |
| വകയിരുത്തിയ തുക | : | 17,00,000(വികസനഫണ്ട്) |
| എം ബുക്ക് | : | 943/14 |
| കരാറുകാരൻ | : | നളിനാക്ഷൻ .പി.എ |
| നിർവഹണം | : | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| ബിൽ നമ്പർ തിയ്യതി | : | 199/15-16 dt 30.3.16 |

കോർപ്പറേഷൻ വാർഡ് 21ൽ സെന്റർ 61അക്ഷര അങ്കണവാടി നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയകെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തികരിച്ച് ഫൈനൽ ബിൽ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എം ബുക്ക്, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് ഇനം 4, 5 എന്നിവ പ്രകാരം നാല് എണ്ണം വീതം വാതിൽ, ജനൽ എന്നിവ പൊളിച്ചുമാറ്റി അട്ടിയിട്ടതിന് 2268 രൂപ ചെലവഴിച്ചിട്ടുണ്ട് (എം. ബുക്ക് പേജ് നമ്പർ4). എന്നാൽ പൊളിച്ചുമാറ്റിയ ജനൽ, വാതിൽ എന്നിവ പുതിയ അങ്കണവാടി കെട്ടിടത്തിന് ഉപയോഗിക്കുകയോ ആയത് ഉപയോഗ ശൂന്യമാണെന്ന് എഞ്ചിനീയർ എം ബുക്കിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പൊളിച്ചുമാറ്റി അട്ടിയിട്ട വാതിൽ, ജനൽ എന്നിവയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിനുള്ള മറുപടിയിൽ ആയത് പഴയ കോർപ്പറേഷൻ കെട്ടിടത്തിൽ അട്ടിയിട്ടതായും എത്രയും പെട്ടെന്ന് ലേലംചെയ്ത തുക കോർപ്പറേഷൻ ഫണ്ടിൽ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലേല നടപടികൾ കൈകൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>3-6 കച്ചേരിക്കുന്ന് ഗവ:ജി .എൽ.പി സ്കൂൾ ക്ളാസ് റൂം നിർമ്മാണം - പ്രവൃത്തിക്ക് ആവശ്യമായ കമ്പിക്ക് അധിക തുക നൽകി</u>

| | | |
|---|---|---|
| ഫയൽ നമ്പർ | - | E.G.5 113498/14 |
| പ്രൊജക്ട് നമ്പർ | - | 615/15&1201/16 |
| വകയിരുത്തിയ തുക | - | 1840000(വികസന ഫണ്ട്)റിവൈസ്ഡ് എസ്റ്റിമേറ്റ് |
| എം ബുക്ക് | - | 657/14 |
| കരറുകാരൻ | - | ശ്രീ.സഫനാസ്.എൻ (എസ്റ്റിമേറ്റ് നിരക്ക്) |
| നിർവഹണം | - | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| ബിൽ നമ്പർ തുക | - | 76/15-16dt20.2.16 1821127 രൂപ |

കോർപ്പറേഷൻ മുപ്പത്തി നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന G.L.P സ്കൂൾ കച്ചെരിക്കുന്നിൽ രണ്ട് ക്ളാസ് റൂമുകൾ നിർമ്മിക്കുന്നതിനായി ബഹുവർഷ പ്രൊജക്ടായി തയ്യാറാക്കിയ

മേൽ പ്രവൃത്തി കരാറുകാരനായ സഫ്ലാസ്.എൻ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് പൂർത്തികരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ,എം ബുക്ക്, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചതിൽ ക്ളാസ് റൂം നിർമ്മാണത്തിന് ആവശ്യമായ കമ്പിയുടെ മൊത്തം തൂക്കം 68.08 ക്വിന്റലായി രേഖപ്പെടുത്തിയിട്ടുണ്ട്.(റിവൈസ്ഡ് എസ്റ്റിമേറ്റ് ഐറ്റം നമ്പർ 16 കാണുക). പ്രവൃത്തിക്ക് 7109.03kg കമ്പി വിനിയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവായ 68.08 ക്വിന്റലായി പരിമിതപ്പെടുത്തിയിട്ടുണ്ട്. (എം ബുക്ക് പേജ് 42 കാണുക) എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ പരിമിതപ്പെടുത്തിയ തൂക്കം പരിഗണിക്കാതെ7109.03 കിലോ കമ്പിക്ക് ക്വിന്റലിന് 7290 രൂപ പ്രകാരം 518248.28 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| | |
|---|---|
| ക്ലാസ് റൂം നിർമ്മാണത്തിനുള്ള കമ്പിക്കായി അനുവദിച്ച തുക (ഐറ്റം നമ്പർ 16) | 518248.28 |
| അനുവദനീയമായ തുക (എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയത്, എം ബുക്ക് പോജ് നമ്പർ 42 കാണുക) 68 .08x7290/ക്വിന്റൽ | 496303.20 |
| അധികം നൽകിയ തുക | 21,945.08 |

പ്രവൃത്തിക്ക് ആവശ്യമായ കമ്പിയുടെ അളവ് റിവൈസ്ഡ് എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടും ആയത് പരിഗണിക്കാതെ കരാറുകാരന് അധികതുക നൽകാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട കൊണ്ടുള്ള ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ 21,945 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ടാഗോർ ഹാൾ അഡീഷണൽ പ്രവൃത്തി- 4 വർഷമായിട്ടും പാതിവഴിയിൽ

| | |
|---|---|
| ഫയൽ നമ്പർ | - Eg12165805/12 |
| എസ്റ്റിമേറ്റ് | - 18,25,000 |
| സാങ്കേതികാനുമതി നമ്പർ | - DP-118/12-13 തിയതി 24.12.12 |
| കരാറുകാരൻ | - ശ്രീ.കെ.എ.ഗംഗേഷ് |
| പ്രൊജക്റ്റ് നമ്പർ | - 362/13 |
| എഗ്രിമെന്റ് നമ്പർ | - ACE/179/12-13 തിയതി 15.03.13 |
| എം.ബുക്ക് | - 411/11 (പേജ് 1 മുതൽ 14 വരെ)<br>322/08(പേജ് 1 മുതൽ 12 വരെ)<br>153 ( പേജ് 1 മുതൽ 12 വരെ) |
| ചെലവുതുക | - 4,67,565/-(പാർട്ട് ബിൽ) |
| ബിൽ നമ്പർ | - 11/15-16, 30.08.2014 |

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ വക ടാഗോർ ഹാളിന്റെ അഡീഷണൽ പ്രവർത്തികൾക്കായി 18,25,000/- രൂപ വകയിരുത്തി സാങ്കേതികാനുമതി ലഭിച്ച മേൽ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (.1% ടെണ്ടർ കുറവ്) ശ്രീ. ഗംഗേഷ് എന്ന കരാറുകാരന്റെ ടെണ്ടർ, 14.3.13 ലെ കൗൺസിൽ തീരുമാനപ്രകാരം (തീരുമാനം നമ്പർ 65) അംഗീകരിക്കുകയും 15.03.13 ന് ടിയാന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. 22.08.13 ന് 467565/- രൂപയുടെ പാർട്ട് ബിൽ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ കാലാവധി 5 മാസമാണ്. അതായത് 14.8.13 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാർ കാലാവധി കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ 25.09.13, 13.11.13, 14.02.14, 10.10.14, 09.01.15, 05.07.16, 13.12.16 എന്നീ തിയതികളിലായി പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശിച്ച് കത്തയച്ചിട്ടുണ്ട്. 10.10.13 ന് കരാറുകാരൻ ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തി 30.11.13 നകവും 24.2.14 ലെ മറുപടിയിൽ 2 മാസത്തിനകവും പൂർത്തീകരിക്കുന്നതാണെന്ന് പരാമർശിച്ചുവെങ്കിലും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112, 2112(1) എന്നിവ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലാവധി പരമാവധി ദീർഘിപ്പിച്ചു നൽകാവുന്നത് ഒറിജിനൽ സമയത്തിന്റെ 50% ആണ് . ആയതിനു വിരുദ്ധമായി 4 വർഷത്തോളമായി പ്രത്യേക കാരണങ്ങളൊന്നും ഇല്ലാതെ തന്നെ കരാറുകാരന് കാലാവധി ദീർഘിപ്പിച്ചു നൽകി.

2. പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.2 അനുസരിച്ച് കരാർ റദ്ദാക്കി കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും മറ്റൊരാളെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാർ റദ്ദ് ചെയ്യുകയോ കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

   പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനാൽ വകുപ്പ് 2116.1 അനുസരിച്ച് കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായും 2116.2 അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുകയും കരാറുകാരനിൽ നിന്നും 3 മാസത്തിനകം ഈടാക്കേണ്ടതാണെങ്കിലും ഇതുവരെ കരാറുകാരനിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നാല് വർഷത്തോളമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കാത്തത് വീഴ്ചയാണ്. 28.01.2017 ന് അസി.എഞ്ചിനീയർ ശ്രീ.പി.ജി.ശശിയുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിൽ പരിശോധിച്ചതിൽ, ടാഗോർ ഹാൾ അടുക്കളയുടെ പടിഞ്ഞാറു ഭാഗത്തായി നിർമ്മിച്ച ഡ്രെയിനിന്റെ മുകൾ ഭാഗം കവറിംങ് സ്ലാബിടാത്ത അവസ്ഥയിലും, അതുമൂലം ഡ്രെയിനിൽ മണ്ണും, പാഴ്വസ്തുക്കളും നിറഞ്ഞ് വെള്ളം ഒഴുകിപ്പോകാൻ സാധിക്കാത്ത അവസ്ഥയിലുമാണുള്ളത്. പടിഞ്ഞാറുഭാഗത്ത് സ്ഥാപിച്ച ഇരുമ്പ് ഗേറ്റ് തുരുമ്പിച്ച അവസ്ഥയിലാണ്.



ഡ്രൈനേജ് കവറിംഗ് സ്ലാബിടാത്ത അവസ്ഥയിൽ

3. സാങ്കേതികാനുമതി ലഭിച്ച 18,25,000 രൂപയിൽ നിന്നും6,38,816.57/- രൂപയുടെ പാർട്ട് ബിൽ കഴിച്ച് ശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുകയും ലിക്വിഡേഷൻ ഡാമേജും ഈടാക്കി അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ ശേഷം നഷ്ടം വല്ലതുമുണ്ടെങ്കിൽ ആയതും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 സുരഭി അംഗൻവാടി നിർമ്മാണം : പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| ഫയൽ നം. | : EG3/98623/14 |
| പ്രൊജക്ട് നം. | : 1214/16 |
| സാങ്കേതികാനുമതി | : 12,00,000/രൂപ |
| കരാറുകാരൻ | : കെ.ജയനാരായണൻ |
| എഗ്രിമെന്റ് നം. | : 423/14-15/27.3.2015 |
| ചെലവു തുക | : 11,50,701/രൂപ |

മേൽ പ്രൊജക്ട് പ്രകാരം 12,00,000/-രൂപ സാങ്കേതികാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി 27.3.2015 ന് എഗ്രിമെന്റ് വെച്ച് കരാറുകാരൻ ഏറ്റെടുക്കുകയുണ്ടായി. പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം 90 ദിവസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. 27.3.2015 ന് കരാർ വെച്ചെങ്കിലും പ്രവൃത്തിയാരംഭിക്കുന്നത് 21.10.2015 നാണ്. മൺസൂൺ ആരംഭിച്ചതിനാലും നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിലെ കാലതാമസം മൂലവും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.12.2015 വരെ നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിനാൽ പൂർത്തീകരണ കാലാവധി പിഴകൂടാതെ 30.12.2015 വരെ ദീർഘിപ്പിച്ചു നൽകിയതായി കാണുന്നു. പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനമോ അല്ലെങ്കിൽ 6 മാസമോ ഏതാണ് കുറവ് ആയതിൽ അധികരിക്കാവുന്നതല്ല. മാത്രമല്ല പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല. അതുപ്രകാരം ഒറിജിനൽ സമയമായ 90 ദിവസത്തിന്റെ 50% ആയ 45 ദിവസം പരമാവധി ദീർഘിപ്പിച്ചു നൽകുന്നതിനു പകരം 179 ദിവസം നൽകിയത് ക്രമവിരുദ്ധമാണ്.
2. ജി.ഒ.(എം.എസ്) 362/13/ത.സ്വ.ഭ.വ./16.11.2013 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.3(Xiv)(സി) അനുസരിച്ച് ഒരു കെട്ടിടനിർമ്മാണ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രൊജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേററ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയശേഷം ഈ പ്രവൃത്തികൾ ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല.

നിലവിലുള്ള ചട്ടങ്ങൾക്കു വിരുദ്ധമായും പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയും പ്രവൃത്തി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിററ് ഒബ്ജക്ഷൻ സ്റ്റേററ്മെന്റ് (ഒ.എസ്.നം.108/15-16/19.1.2017) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 11,50,701/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

**3-9 ടാർ വാങ്ങൽ : സിഡ്കോയ്ക്ക് അനുവദിച്ച അധിക തുക 28,12,673/- രൂപ തിരികെ ഈടാക്കിയില്ല**

ഫയൽ നം. EG4/104649/14, EG4/133814/14

2014-15 വർഷത്തിൽ റോഡു പ്രവൃത്തികൾക്കായി വിവിധ ഫണ്ടുകൾ വിനിയോഗിച്ച് സിഡ്കോയിൽ നിന്നും ടാർ വാങ്ങിയതിന് 4,82,35,248/-രൂപ താഴെ പറയും പ്രകാരം സിഡ്കോക്ക് അനുവദിച്ചിട്ടുണ്ട്.

| ഡിമാന്റ് ഡ്രാഫ്റ്റ് നം./തീയതി | അനുവദിച്ച തുക |
|---|---|
| 583545/23.12.2014 | 3927684 |
| 975402/27.12.2014 | 7478069 |
| 975403/27.12.2014 | 9586076 |
| 975725/6.1.2015 | 125206 |
| 975726/6.1.2015 | 1604200 |
| 975727/6.1.2015 | 117381 |
| 976776/6.2.2015 | 5869095 |
| 976773/6.2.2015 | 2270201 |
| 976777/6.2.2015 | 117831 |
| 977238/23.2.2015 | 5869034 |
| 977236/23.2.2015 | 511586 |
| 977301/24.2.2015 | 120791 |
| 977298/24.2.2015 | 362374 |
| 977299/24.2.2015 | 1669761 |
| 977297/20.2.2015 | 1884937 |
| 977237/20.2.2015 | 240932 |
| 584177/6.3.2015 | 3917954 |
| 980806/16.4.2015 | 1079803 |
| 980492/16.4.2015 | 1482333 |
| ആകെ | 48235248 |

മേൽ പ്രകാരം അനുവദിച്ച തുകയ്ക്ക് 6468 ബാരൽ ടാർ സിഡ്കോ സപ്ലൈ ചെയ്തിട്ടുണ്ട്. സിഡ്കോ ലഭ്യമാക്കിയ ടാറിന്റെ ഇൻവോയ്സ്, 26.3.2016 ൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 6468 ബാരൽ ടാറിന്റെ വിലയായി നൽകേണ്ടത് 45422575/-രൂപയാണ്. എന്നാൽ 48235248/-രൂപ നൽകിയിട്ടുണ്ട്. ടാറിന്റെ വിലയായി 2812673/-രൂപ (48235248-45422575) അധികം അനുവദിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ 1.8.2016 ലെ ഇജി-4/133814/14 നം. കത്ത് പ്രകാരം 2812673/-രൂപ 10 ദിവസത്തിനകം തിരിച്ചടയ്ക്കാനാവശ്യപ്പെട്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ സിഡ്കോ മാനേജർക്ക് കത്തുനൽകി കാണുന്നു. എന്നാൽ നാളിതുവരെ തുക തിരികെ ലഭ്യമാക്കിയിട്ടില്ല. ഒന്നര

വർഷത്തിലേറെ കഴിഞ്ഞിട്ടും അധികം നൽകിയ തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഒ.എസ്.നം.91/15-16/14.12.2016 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടാറിന്റെ വിലയായി അധികം നൽകിയ 2812673/-രൂപ സിഡ്കോയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 തെരുവു വിളക്ക് _ സ്പെയർ പാർട്സ് വാങ്ങൽ, പരിപാലനം,സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്ട് നിർവ്വഹണം അപാകതകൾ

2015-16 വർഷത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ മുഖേന തെരുവുവിളക്ക് സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നംപർ/പേര് ഫയൽ നംപർ | അടങ്കൽ തുക,ഫണ്ടിനം | ചെലവ് തുക, ബിൽ നംപർ | | ചെലവിന്റെ വിശദാംശം | |
|---|---|---|---|---|---|---|
| | | | 2014-15 | 2015-16 | ചെലവിനം | തുക |
| 1 | 786/16-2014-15 സ്പിൽ ഓവർ പോസ്റ്റ് നാട്ടി സ്ട്രീറ്റ് മെയിൻ വലിച്ച് സിംഗിൾ റ്റ്യൂബ് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് EG/13/96307/14 | 30,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13,22,572-81/26-3-15<br>11,200-82/26-3-15<br>13,33,712<br>ആകെ ചെലവ് | 8,24,261 -10/30-11-15<br>2,73,196 -11/30-11-15<br>68,233 -12/30-11-15-<br>11,66,670<br>25,00,382 | ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് | 25,00,382 |
| 2 | 784/16-2014-15 സ്പിൽ ഓവർ സ്ട്രീറ്റ് മെയിൻ ഉള്ള സ്ഥലങ്ങളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ EG/13/96274/14 | 50,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,89,201 -115/31-3-15<br>1,83,149 -114/31-3-15<br>4,72,350<br>ആകെ ചെലവ് | 45,27,650-6/30-9-15<br>50,00,000 | ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ ഫറോക്ക് കെൽട്രോ ണിൽ നിന്നും എൽ.ഇ.ഡി ലൈറ്റും അനുബന്ധ ഫിറ്റിംഗുകളും വാങ്ങി | 2,89,201<br>1,83,149<br>45,27,650 |
| 3 | 785/16-2014-15 സ്പിൽ ഓവർ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ EG/13/96303/14 | 75,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14,85,243- 16/31-3-15<br>2,30,880-117/31-3-15<br>37,94,050<br>ആകെ ചെലവ് | 37,05,950<br>2/25-8-16<br>75,00,000 | ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ, ഫറോക്ക് കെൽട്രോണിൽ നിന്നും എൽ.ഇ.ഡി ലൈറ്റും അനുബന്ധ ഫിറ്റിംഗുകളും വാങ്ങി | 23,08,807<br>14,85,243<br>37,05,950 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 790/16-2014-15 സ്പിൽ ഓവർ സ്ട്രീറ്റ് ലൈറ്റ് പരിപാലനത്തിനായി തുക കെ.എസ്.ഇ. ബിയിൽ നിക്ഷേപിക്കുന്നു EG/13/ 96724/ 14 | 80,00,000 റോഡിതര സംരക്ഷണ ഗ്രാന്റ് | 17,33,600-65/27-2-15<br>11,76,780-66/27-2-15<br>29,10,380<br>ആകെ ചെലവ് | 2,28,382- 4/18-12-15<br>24,99,684-5/18-12-15<br>4,78,918-20/22-3-16<br>32,06,984<br>61,17,364 | ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട്<br>ഡെപ്പോസിറ്റ്, ഇലക്ട്രിക്കൽ സെക്ഷൻ , ഫറോക്ക് | 42,33,284<br>18,84,080 |

പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

- ക്രമ നമ്പർ 1മുതൽ 4 വരെ പ്രോജക്ടുകളിലായി 2014-15, 15-16 വർഷങ്ങളിലായി കെ എസ്.ഇ.ബിയിൽ നിക്ഷേപിച്ച 12884146/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി തുകയുടെ വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല.
- തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി വിവിധ വർഷങ്ങളിലായി വൻതുക കെ.എസ്.ഇ.ബിയിൽ നിക്ഷേപിക്കുന്നുണ്ടെങ്കിലും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ.ഉ(എം.എസ്)നം.362/2016 തീ: 16-11-13 ലെ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം കെ.എസ്.ഇ.ബിയുമായി കരാറുടമ്പടി ചമയ്ക്കുന്നില്ല.ഇത് പ്രവർത്തി പൂർത്തിയാക്കുന്നതിന് അനാവശ്യ കാല താമസവും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടവും വരുത്തി വയ്ക്കുന്നു. ഉദാഹരണമായി ക്രമ നംപർ 1 പ്രോജക്ട് പ്രകാരം 223/12, 224/12, 268/14, 423/14 എന്നിങ്ങനെ 2012-13 ലും 13-14 ലും ആരംഭിച്ച പ്രോജക്ടുകളുടെ പൂർത്തീകരണമാണ് നിർവ്വഹിക്കുന്നത്. 223/12 പ്രോജക്ടിന്റെ 2012-13 ലെ ഒറിജിനൽ എസ്റ്റിമേറ്റ് 2180042 രൂപയും റിവൈസ്ഡ് എസ്റ്റിമേറ്റ്(15-16 വർഷത്തിൽ കെ.എസ്.ഇ.ബി 5-5-15 ലെ ഡി.ബി4/സ്ട്രീറ്റ് ലൈറ്റ് കോർപ്പ്/15-16/973 കത്ത് മുഖേന ആവശ്യപ്പെട്ട പ്രകാരം ) 3150763 രൂപയുമായതിനാൽ സമയബന്ധിതമായി പണി പൂർത്തീകരിക്കാത്തതിനാൽ 970721 രൂപ കെ.എസ്.ഇ.ബിക്ക് അധികമായി നൽകേണ്ടി വന്നിട്ടുണ്ട്.
- ക്രമ നം.2,3 പ്രോജക്ടുകളുടെ കാര്യത്തിൽ സ്ട്രീറ്റ് മെയിൻ ഉള്ള സ്ഥലങ്ങൾ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങൾ എന്നിവയുടെ കൃത്യമായ സ്കെച്ച്, പോസ്റ്റിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.ക്രമ നം.2,3,5 എന്നീ പ്രോജക്ടുകൾ മുഖേന വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ അനുബന്ധ സാമഗ്രികൾ എന്നിവ സ്ഥാപിച്ചതിന്റെ സാക്ഷ്യ പത്രം വാർഡ് മെമ്പർമാരിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ക്രമ നംപർ 4 പ്രോജക്ട് മുഖേന തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുമ്പോൾ കേടായ സാധനങ്ങൾ 23-3-1997 ലെ സ.ഉ (എം.എസ്)നം.13/97 പവ്വർ ഡിപ്പാർട്ട്മെന്റിൽ നിർദ്ദേശിച്ച പ്രകാരം തിരികെ സ്റ്റോക്കിലെടുക്കുന്നില്ല. റിപ്പയർ ചെയ്യുന്ന സമയത്ത് നഗരസഭയുടെ ഭാഗത്തുനിന്നും ആരും തന്നെ കെ.എസ്.ഇ.ബിയുടെ പ്രവർത്തി മോണിറ്റർ ചെയ്യുന്നുമില്ല. ആയതിനാൽ കെ.എസ്.ഇ.ബി നൽകുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ടനുസരിച്ചുള്ള വിളക്കുകൾ സ്ഥാപിച്ചതായി കണക്കാക്കുന്ന രീതിയാണുള്ളത്.
- ക്രമ നമ്പർ 3 പ്രോജക്ട് മുഖേന കെ.എസ്.ഇ.ബി ഫറോക്ക് ഡിവിഷനിൽ നിന്നും എൽ.ഇ.ഡി ലൈറ്റ് ഫിറ്റ് ചെയ്യുന്നതിന് ഒന്നിന് 680 രൂപ, കോഴിക്കോട് ഡിവിഷനിൽ നിന്നും ഒന്നിന് 431 രൂപ എന്ന നിരക്കിലാണ് നഗരസഭയിൽ നിന്നും ഈടാക്കിയിരിക്കുന്നത്. ഒരേയിനം ലൈറ്റ് ഫിറ്റു ചെയ്യുന്നതിന് വ്യത്യസ്ത നിരക്ക് ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2015-16 വർഷത്തിൽ ഡെപ്പോസിറ്റായി നൽകിയ 43,72,674/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടുപയോഗിച്ച് സോഡിയം വേപ്പർ ലാമ്പുകളുടെ പരിപാലനത്തിനും സ്പെയർപാർട്സ് വാങ്ങിക്കുന്നതിനുമായി തുക ചെലവഴിച്ചു.

ഫയൽ നമ്പർ : EG/13/7717/16
പ്രൊജക്ട് നിർവ്വഹണം : സൂപ്രണ്ടിംഗ് എഞ്ചിനീയർ
പ്രൊജക്ട് നമ്പർ/പേര് : 1377/16 നഗരത്തിലെ എല്ലാതരത്തിലുമുള്ള തെരുവുവിളക്കുകളുടെ പരിപാലനവും സ്പെയർ പാർട്സ് വാങ്ങിക്കലും. (പുതിയ പ്രോജക്ട്)
വകയിരുത്തിയ തുക : 1,30,00,000 (വികസന ഫണ്ട് -പൊതുവിഭാഗം)

**ചെലവ് തുക**

| 2015-16 | | 2016-17 | |
|---|---|---|---|
| ബിൽ നംപർ | ചെലവ് തുക | ബിൽ നംപർ | ചെലവ് തുക |
| 176/30-3-16 | 33,55,947 | 1/25-7-16 | 747560 |
| | | 2/25-7-16 | 863060 |
| | | 4/19-9-16 | 397043 |
| | | 5/19-9-16 | 540535 |
| | | 10/27-10-16 | 1129480 |
| | | 11/27-10-16 | 3460536 |
| | 33,55,947 | | 7138214 |
| ആകെ | | | 1,04,94,161 |

1,30,00,000 രൂപ വകയിരുത്തിയ പ്രോജക്ട് മുഖേന മൈക്രോ ടെക്നോളജി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 2015-16 ൽ 33,55,947 രൂപയ്ക്ക് തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള വിളക്കുകളും സ്പെയർ പാർട്സുകളും വാങ്ങിയിട്ടുണ്ട്. മൈക്രോ ടെക്നോളജി, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 29/26-3-16,30/26-3-16 എന്നീ ബില്ലുകൾ മുഖേനയാണ് സ്പെയർ പാർട്സുകൾ ലഭ്യമാക്കിയിരിക്കുന്നത്. സ്പെയർ പാർട്സുകളിൽ ഫ്ളൂറസെന്റ് ട്യൂബ് ലൈറ്റ്, ഫിറ്റിംഗ്സ്, എൽ.ഇ.ഡി ലൈറ്റ്, ഫിറ്റിംഗ്സ് എന്നിവ കൂടാതെ താഴെ കൊടുത്തിരിക്കും പ്രകാരം 4,51,777 രൂപയുടെ സോഡിയം വേപ്പർ ലാമ്പും ആയതിന്റെ സ്പെയർ പാർട്സുകളും വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | യുണിറ്റ് വില | ആകെ |
|---|---|---|---|---|
| 1 | 70w സോഡിയം വേപ്പർ Ballast | 750 | 397.50 | 298125 |
| 2 | 70-400 സോഡിയം വേപ്പർ Ignater | 800 | 74 | 59200 |
| 3 | 70w സോഡിയം വേപ്പർ Holder | 400 | 49 | 19600 |
| 4 | 70w സോഡിയം വേപ്പർ Holder | 200 | 88.20 | 17640 |

| | | |
|---|---|---|
| | ആകെ | 394565 |
| | വാറ്റ് @14.5% | 57212 |
| | ആകെ വില | 4,51,777 |

ജി.ഒ.(എം.എസ്) /362/13 ത.സ്വ.ഭ.വ തീ:6-11-2013 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.8 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ സംരക്ഷണ ഗ്രാന്റ് /തനതു ഫണ്ടുപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. മേൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടുപയോഗിച്ചാണ് സോഡിയം വേപ്പർ ലാമ്പുകളും റിപ്പയർ ചെയ്യുന്നതിനുള്ള സ്പെയർ പാർട്സുകളും വാങ്ങിയിരിക്കുന്നത്.

കൂടാതെ 2016-17 ൽ 36,77,678 രൂപ തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിക്കുന്നതിനും 34,60,536 രൂപ തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള സ്പെയർ പാർട്സുകൾ വാങ്ങുന്നതിനുമായി വിനിയോഗിച്ചിട്ടുണ്ട്.ഇതിൽ താഴെ കൊടുത്തിരിക്കും പ്രകാരം 5,95,572/- രൂപയുടെ സോഡിയം വേപ്പർ ലാമ്പും ആയതിന്റെ സ്പെയർ പാർട്സുകളും ഉൾപ്പെടുന്നു.

| ക്രമ നം | ഇനം | എണ്ണം | യുണിറ്റ് വില | ആകെ |
|---|---|---|---|---|
| 1 | 70w സോഡിയം വേപ്പർ വിളക്ക് | 1000 | 151.50 | 151500 |
| 2. | 150 സോഡിയം വേപ്പർ വിളക്ക് | 500 | 258.50 | 129250 |
| 3. | 150 സോഡിയം വേപ്പർ Ballast | 400 | 598.50 | 239400 |
| | | | ആകെ | 520150 |
| | | | വാറ്റ് @14.5% | 75422 |
| | | | ആകെ വില | 595572 |

പ്രോജക്ട് നിർവ്വഹണത്തിലെ മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

(1) ജി.ഒ(ആർ.ടി)2/2015 ത.സ്വ.ഭ.വ തീയ്യതി 1-1-15, ജി.ഒ (ആർ.ടി)2134/2015 ത.സ്വ.ഭ. തീയ്യതി 15-7-15 എന്നീ തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച ഉത്തരവുകൾ പ്രകാരം സർക്കാർ കോഴിക്കോട് ജില്ലയിലെ തെരുവുവിളക്കുപകരണങ്ങളുടെ വിതരണവും പരിപാലനവും സംബന്ധിച്ച മുഴവൻ പ്രവർത്തികളും ക്രൂസ് മുഖേന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പാലിച്ചിട്ടില്ല.

(2) തെരുവുവിളക്കുകളുടെ സ്പെയർ പാർട്സുകൾ വാങ്ങുമ്പോൾ ജി.ഒ(പി) 259/2010/ത.സ്വ.ഭ.വ തീയ്യതി 8-11-2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ പാലിക്കേണ്ട താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

(a) 100000-ൽ കൂടുതൽ മതിപ്പുവിലയുള്ള സാധനങ്ങൾ വാങ്ങുമ്പോൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിന പത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ 2016 ഫെബ്രുവരി 19 ലെ ദേശാഭിമാനി ദിനപത്രത്തിലും മംഗളം ദിനപത്രത്തിലും മാത്രമാണ് സ്പെയർ പാർട്സുകൾ വാങ്ങുന്നതിനുള്ള പരസ്യം നൽകിയിട്ടുള്ളത്.

(b) ഫയലിലെ ഇ - ടെണ്ടർ പരിശോധിച്ചതിൽ നിന്നും ടെണ്ടർ സ്വീകരിച്ചു തുടങ്ങുന്ന ദിവസം 5-3-16, ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതി 10-3-16 എന്നിങ്ങനെയാണെന്ന് കണ്ടു. എന്നാൽ ടെണ്ടർ തുറക്കുന്ന ദിവസം 14-3-16 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ടെണ്ടറുകൾ സമർപ്പിക്കുവാനുള്ള അവസാന ദിവസം തന്നെ ടെണ്ടർ സമർപ്പണ സമയം കഴിഞ്ഞയുടനെ അവ തുറക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(c)സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ ഒരംഗത്തിന്റെ സാന്നിധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം എന്ന് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് കമ്മറ്റി മാർഗ്ഗരേഖ നിലവിൽ വന്ന് 6 വർഷം കഴിഞ്ഞിട്ടും നഗരസഭ രൂപീകരിച്ചിട്ടില്ല. ഇത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

(3) 2016-17 വർഷത്തിൽ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 36,77,678 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി തുകയുടെ വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല.

(4) തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി വൻതുക കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ.ഉ(എം.എസ്)നം.362/2016 തീ: 16-11-13 ലെ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല. ഇത് പ്രവർത്തി പൂർത്തിയാക്കുന്നതിന് അനാവശ്യ കാല താമസവും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടവും വരുത്താൻ ഇടയാക്കുന്നതാണ്.

(5) പ്രോജക്റ്റ് മുഖേന വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ, അനുബന്ധ സാമഗ്രികൾ എന്നിവ സ്ഥാപിച്ചതിന്റെ സാക്ഷ്യ പത്രം വാർഡ് മെമ്പർമാരിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(6) 23-3-1997 ലെ സ.ഉ(എം.എസ്)നം.13/97 പവ്വർ ഡിപ്പാർട്ട്മെന്റിൽ നിർദ്ദേശിച്ച പ്രകാരം തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുമ്പോൾ കേടായ സാധനങ്ങൾ തിരികെ സ്റ്റോക്കിലെടുക്കുന്നില്ല. റിപ്പയർ ചെയ്തതിന് ശേഷം നഗരസഭയുടെ ഭാഗത്തുനിന്നും ആരും തന്നെ കെ.എസ്.ഇ.ബിയുടെ പ്രവർത്തി മോണിറ്റർ ചെയ്യുന്നുമില്ല. ആയതിനാൽ കെ.എസ്.ഇ.ബി നൽകുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ടനുസരിച്ചുള്ള വിളക്കുകൾ സ്ഥാപിച്ചതായി കണക്കാക്കുന്ന രീതിയാണുള്ളത്.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സോഡിയം വേപ്പർ ലാമ്പും ഫിറ്റിംഗുകളും വാങ്ങിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (100/15-16 തീ.3-1-17)മറുപടി നൽകിയിട്ടില്ല. 2015-16-വർഷം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സോഡിയം വേപ്പർ ലാമ്പും ആയതിന്റെ സ്പെയർ പാർട്സുകളുംവാങ്ങിയതിന് നൽകിയ 4,51,777 രൂപ നിരാകരിക്കുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 4,51,777 രൂപ ഉത്തരവാദിയായ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - കൃത്യതയില്ലാതെ തുക അടവാക്കുന്നതും മറ്റ് അപാകതകളും

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | - 1355/16 | |
| അടങ്കൽ | - 1,30,00,000(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | |
| ബിൽ നമ്പർ | - 03/29.02.16 | 54,37,332 |
| | 22/23.03.16 | 54,37,332 |
| | | 1,08,74,664 |
| നിർവ്വഹണം | - സൂപ്രണ്ടിങ് എഞ്ചിനീയർ | |
| ഫയൽ നമ്പർ | - ഇ.ജി.11 – 78602/09 | |

കോർപ്പറേഷൻ പരിധിയിലുള്ള പൊതു ടാപ്പുകളുടെ ഏപ്രിൽ 2015 മുതൽ മാർച്ച് 2016 വരെയുള്ള വെള്ളക്കരം അടവാക്കുന്നതിന് തൻവർഷം 1.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കോഴിക്കോട് നഗരസഭയുടെ ചുമതലയിലുണ്ടായിരുന്ന ശുദ്ധജല വിതരണ സംവിധാനം എല്ലാ ആസ്തി ബാദ്ധ്യതകളോടും കൂടി 15.11.1990 മുതൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയതാണ്. ഇപ്രകാരം കൈമാറ്റം നടത്തിയ വസ്തു വകകളുടെ മൂല്യ നിർണ്ണയം നടത്തുകയോ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തില്ല. തുടർന്ന് ജി.ഒ.(എം.എസ്)904/ത.സ്വ.ഭ.വ തിയതി 28.02.1994 ഉത്തരവ് പ്രകാരം റിട്ട. കോർപ്പറേഷൻ എഞ്ചിനീയർ ശ്രീ.എസ്.ആർ രാമചന്ദ്രനെ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ ആസ്തിയുടെ മൂല്യനിർണ്ണയത്തിനായി നിയമിക്കുകയും 12.11.1996 ന് 10,05,23,432/- രൂപയുടെ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തു. 19.06.1995 ലെ 133 നമ്പർ കൗൺസിൽ തീരുമാനപ്രകാരം കോർപ്പറേഷൻ അധീനതയിൽ തന്നെ നിലനിർത്താൻ തീരുമാനിച്ച പൂളക്കടവ്, മലാപ്പറമ്പ്, പുതിയറ പാർക്ക് എന്നിവിടങ്ങൾ ഒഴിവാക്കിയുള്ള മൂല്യ നിർണ്ണയമാണ് ഇത്. 1990 ൽ കൈമാറിയ വസ്തുവകകളുടെ മൂല്യ നിർണ്ണയം നാളിതുവരെയായി വാട്ടർ അതോറിറ്റിയെക്കൊണ്ട് അംഗീകരിപ്പിക്കുവാനോ എന്തെങ്കിലും തുക ഈടാക്കുവാനോ നഗരസഭ വേണ്ടത്ര പരിശ്രമം നടത്തിയിട്ടില്ലെന്നാണ് ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. അതേ സമയം നഗരസഭയുടെ സംവിധാനമുപയോഗിച്ച് ജലവിതരണം നടത്തിയതിന് നഗരസഭയിൽ നിന്ന് വാട്ടർ അതോറിറ്റി വാട്ടർ ചാർജ്ജും കാലതാമസത്തിന് പലിശയും ഈടാക്കുന്നുണ്ട്. നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പല വികസന പദ്ധതികൾക്കും ഉയർന്ന നിരക്കിൽ പലിശ നൽകി പണം വായ്പയെടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിൽ കാലതാമസം വരുത്തുന്നത് നഗരസഭയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് ഹാനികരമാണ്.

2. കേരള വാട്ടർ അതോറിറ്റിയുടെ 11.11.09 ലെ എ 5-775/09 നമ്പർ കത്തിൽ, പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ സംയുക്തപരിശോധന ഡിസംബർ 2009 ൽ പൂർത്തിയാക്കിയിട്ടുള്ളതും; 4/08 മുതൽ 12/08 വരെ 2069 ടാപ്പുകളും, 1/09 മുതൽ 10/09 വരെ 2218 ടാപ്പുകളും പ്രവർത്തിക്കുന്നതായി പരാമർശിക്കുന്നുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി വാട്ടർ അതോറിറ്റി മാസം തോറും ലഭ്യമാക്കുന്ന ബില്ലിൽ 2282 ടാപ്പുകൾക്കാണ് ചാർജ്ജ് കണക്കാക്കുന്നത്. എന്നാൽ നഗരസഭ 2069 ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് അടച്ചുവരുന്നത്. 2009 നു ശേഷം സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശം ഫയലിലില്ല. നഗരസഭ വാട്ടർ അതോറിറ്റിയുമായി ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് പരിഹാരം കണ്ടിട്ടില്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി യോജിച്ച് നടപടികൾ സ്വീകരിക്കേണ്ടതും പൊതു ടാപ്പുകളുടെ വിശദ വിവരങ്ങൾ ഒരു രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുതുതായി എടുക്കുന്ന കണക്ഷനുകളുടെ വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിന്റെ കൃത്യത പരിശോധിക്കാനും തെറ്റുകൾ യഥാസമയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ജി.ഒ.(എം.എസ്)നം. 88/2014/WRD/ തിയതി 25.09.14 ഉത്തരവ് പ്രകാരം വാട്ടർചാർജ്ജ് പ്രതിവർഷം 5256/- രൂപയിൽ നിന്നും 7884/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം 2282 ടാപ്പുകൾക്ക് 657/- (7884/12) രൂപ തോതിൽ 14,99,274/- രൂപയുടെ ഡിമാന്റ് നോട്ടീസാണ് മാസം തോറും വാട്ടർ അതോറിറ്റി ലഭ്യമാക്കുന്നത്.

കോഴിക്കോട് കോർപ്പറേഷനിൽ നിന്നും 08.05.12 നും 07.03.13 നും ഇജി - 11/78602/09 നമ്പറായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കയച്ച

കത്തുകൾ പ്രകാരം വാട്ടർ അതോറിറ്റി മുൻവർഷങ്ങളിൽ ഗ്രാന്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത വകയിൽ 6,53,93,658/- രൂപ കോർപ്പറേഷന് ലഭിക്കാനുണ്ട്. തുക ലഭിയ്ക്കുന്നതിന്റെയും കേരള വാട്ടർ അതോറിറ്റിയും കോഴിക്കോട് കോർപ്പറേഷനും തമ്മിൽ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ചുള്ള തർക്കം നിലനിൽക്കുന്നതിന്റെയും അടിസ്ഥാനത്തിൽ കോർപ്പറേഷൻ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിന് വിരുദ്ധമായി വർഷങ്ങളായി ഒരു ടാപ്പിന് 438/- രൂപ തോതിൽ 2069 ടാപ്പുകൾക്ക് 9,06,222/- രൂപ തോതിലാണ് മാസം തോറും അടവാക്കുന്നത്. 2069 ടാപ്പുകൾക്ക് 657/- രൂപ തോതിൽ പുതുക്കിയ നിരക്കിൽ കണക്കാക്കിയാൽ മാസം തോറും 13,59,333 രൂപ അടയ്ക്കേണ്ടതുണ്ട്. അതായത് 10/14 മുതൽ 11/16 വരെ വാട്ടർ ചാർജിനത്തിൽ തന്നെ കോർപ്പറേഷന് 1,17,80,886/- (13,59,333 – 9,06,222 = 4,53,111 x 26 months) രൂപയുടെ അധിക ബാധ്യത ഉണ്ട്. ടി കാലയളവ് മുതലുള്ള പിഴപ്പലിശയും ഒടുക്കേണ്ടതായി വരും.

2016 മാർച്ച് മാസം വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 2110/lsg/03.03.16 ഡിമാന്റ് നോട്ടീസ് പ്രകാരം 4,73,84,249/- രൂപ മാർച്ച് 2016 ൽ അടവാക്കാനുണ്ട്. എന്നാൽ 54,37,322/- രൂപയാണ് 04/16 ൽ അടവാക്കിയത്.

4. വാട്ടർ അതോറിറ്റി മാസം തോറും ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നുണ്ടെങ്കിലും 6 മാസം കൂടുമ്പോഴാണ് സെക്ഷൻ ക്ലർക്ക് ബിൽ അടവാക്കുന്നതിനുള്ള പ്രൊസീഡിങ്ങ്സ് തയ്യാറാക്കുന്നതും തുക അടയ്ക്കുന്നതും. 4/16 മുതൽ 12/16 വരെയുള്ള വാട്ടർ ചാർജ് ഇതുവരെയും അടവാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി നിലനിൽക്കുന്ന തർക്കം തീർപ്പാക്കാത്ത കാരണം പറഞ്ഞ് യഥാർത്ഥത്തിൽ അടവാക്കേണ്ട തുക അടവാക്കാതെ പലിശയും പിഴപ്പലിശയും അടവാക്കേണ്ടി വരുന്നത് ന്യായീകരിക്കാവുന്നതല്ല. നഗരകാര്യ ഡയറക്ടറുടെ 15.10.2010 ലെ സി.സി 3- 1431/10 നമ്പർ സർക്കുലർ പ്രകാരം വെള്ളക്കരം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നതു മൂലം ഉണ്ടാകുന്ന പലിശ, പിഴപ്പലിശ എന്നിവ നഗരസഭാ സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു 7.12.16 ന നൽകിയ 89/15-16 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകളിൽ യഥാസമയം നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം നഗരസഭയ്ക്ക് ഉണ്ടാകുന്ന അധിക ബാധ്യത ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, സൂപ്പർവൈസിങ് ഓഫീസർ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-13 കണക്ടിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു.

പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതി രൂപീകരിക്കേണ്ടതും നിർവ്വഹിക്കേണ്ടതും എപ്രകാരമാണെന്ന് ഓരോ പഞ്ചവത്സര പദ്ധതികളുടെയും മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.10,11,12 പഞ്ചവത്സര പദ്ധതിനിർവ്വഹണത്തിനായി തയ്യാറാക്കിയ മാർഗ്ഗരേഖയിൽ ( ജി.ഒ(.എം.എസ്.)നമ്പർ.40/2004 തീ:31-3-2004, ജി.ഒ.(എം.എസ്).നമ്പർ.225/2012/ തീ.18-8-12, ജി.ഒ.(എം.എസ്).നമ്പർ.362/2013/ തീ.16-11-13 എന്നീ ഉത്തരവുകൾ) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന് കീഴിലുള്ള റോഡുകളെ അവയുടെ ഇനത്തിനനുസരിച്ച് കാണിക്കുന്ന ഒരു റോഡ് കണക്ടിവിറ്റി മാപ്പും മുൻഗണന നൽകേണ്ട റോഡുകളുടെ മാനദണ്ഡങ്ങൾ ചർച്ച ചെയ്ത് അതിന്റെയടിസ്ഥാനത്തിൽ റോഡ് കണക്ടിവിറ്റി പ്ളാനും(വികസന പ്ലാനും) നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണം എന്നും വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഓഡിറ്റ് റിക്വിസിഷൻ നം.50/2015 തീ: 9-1-2017 ആയി റോഡ്

കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ 13-1-2017 ന് നൽകിയ മറുപടിയിൽ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തി രജിസ്റ്ററുകളുടെ അപ്ഡേഷൻ എന്ന പ്രോജക്ടിന്റെ(പ്രോജക്ട് നംപർ 1220/17) ഭാഗമായി നഗരസഭയുടെ അധീനതയിലുള്ള മുഴുവൻ റോഡുകളും ഉൾക്കൊള്ളിച്ചുകൊണ്ട് കണക്ടിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് എന്നാണറിയിച്ചിട്ടുള്ളത് .സമഗ്ര റോഡുവികസനം ലക്ഷ്യമാക്കി പത്താം പഞ്ചവത്സര പദ്ധതിയുടെ ആരംഭകാലം മുതൽ സർക്കാർ തയ്യാറാക്കാൻ നിർദ്ദേശിച്ച കണക്ടിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും തുടർ പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകളിലും നിർബന്ധമായും തയ്യാറാക്കാൻ വ്യവസ്ഥ ചെയ്തിട്ടും, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അവസാനിക്കാറായ വേളയിലും ഇതിനുള്ള പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ലെന്നത് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാതകൾ

നഗരസഭയുടെ 2015-16 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും പണിപൂർത്തിയാക്കിയ ശേഷം വാങ്ങുന്നു.

1997 -ലെ കേരളാ മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം ഒരു പൊതുമരാമത്ത് പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് നടത്തിവരവേ മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ ഏതെങ്കിലും ഇനം ഒഴിവാക്കലും, കൂട്ടിച്ചേർക്കലും, മാറ്റം വരുത്തലും ആവശ്യമായി വരുന്ന സംഗതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാണമെന്നും ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയ അധികാരസ്ഥാനങ്ങളിൽ നിന്ന് തന്നെ ഭരണാനുമതിയും, സാങ്കേതികാനുമതിയും മുൻകൂട്ടി വാങ്ങേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പൂർത്തീകരണം വരെയോ പൂർത്തീകരണത്തിനോടടുക്കുന്നതിനോ കാത്തിരിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞതിന് ശേഷം ബിൽ തയ്യാറാക്കുന്ന ഘട്ടത്തിലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങുന്നത്. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുമ്പോൾ അനുമതി നൽകിയ തീയതി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തുന്നുമില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ അടങ്കൽ/ കരാറുകാരന്റെ പേര് | പ്രവൃത്തി പൂർത്തി യാക്കിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റ് അടങ്കൽ/ ഭരണാനുമതി ലഭിച്ച തീയതി. | സാങ്കേതി കാനുമതി നമ്പർ/ തീയതി. |
|---|---|---|---|---|
| 1 | H.R drainage and covering slab<br>അടങ്കൽ 25,00,000<br>EG2/94354/14,<br>ശ്രീ.ജിതേഷ് ബാലൻ | 30.11.15 | 2550000<br>27.07.16 | T.S.No.DP.25/16-17 തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2. | വടക്കിനാൽ വേങ്ങേരിക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>അടങ്കൽ 881000<br>ഈ.ജി.8/13322/09<br>ജലാലുദ്ദീൻ | 31.05.14 | 1163000<br>10.08.15 | DP:17/15-16 തീയതി രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 3. | കൊട്ടവള്ളിവയൽ റോഡ് സേഫ്റ്റിവാൾ നിർമ്മാണം അടങ്കൽ - 500000 ശ്രീ.കെ.അഷ്റഫ് | 31.05.14 | 535000 03.10.15 | DP22/15-16 തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4. | ഗണപതിക്കുന്ന് കാത്തിച്ചാലിൽ റോഡ് ഇ.ജി.3/97726/14 15,00,000 എസ്.ദേവദാസ് | 14.05.15 | 150600 10.08.15 | DP/301/15-16 തീയതി രേഖപ്പെടുത്തിയിട്ടില്ല |

2. <u>പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.</u>

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2005 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് സമയം നീട്ടിക്കിട്ടുവാൻ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതാണ് എന്നും പൂർത്തീകരണ കാലാവധിക്കകം സമയം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കാരാർ ദുർബലപ്പെട്ടുത്താവുന്നതാണ് എന്നും പറയുന്നു. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും അതിന് തുക നൽകാവുന്നതല്ലെന്നും മാന്വലിൽ വ്യക്തമാക്കുന്നു. എന്നാൽ നഗരസഭ 15-16 ൽ ഫൈനൽ ബിൽ തുക നൽകിയ പല പ്രവൃത്തികളിലും കരാർ കാലാവധി നീട്ടിക്കിട്ടാനുള്ള അപേക്ഷ പലപ്പോഴും നൽകുന്നത് ദീർഘീകരണ കാലാവധിയും കഴിഞ്ഞ് പണി പൂർത്തിയാക്കിയ ശേഷമാണ്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്, ഫയൽ നമ്പർ, കരാറുകാരന്റെ പേര് | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ദീർഘീകരണത്തിന് അപേക്ഷിച്ച തീയതി | സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വെച്ച തീയതി |
|---|---|---|---|---|
| 1. മഠത്തിൽ ഫുട്പാത്ത് നിർമ്മാണം ഇ.ജി.8/52984/12 ശ്രീ.ജലാലുദ്ദീൻ | 12.06.14 | 25.11.14 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 30.09.15 |
| 2. മാവൂർ റോഡ് ശ്മശാന റോഡ് അഭിവൃദ്ധി ഇ.ജി.3/4184895/14 ശ്രീ.സി.പി.മോഹൻദാസ് | 31.08.15 | 31.12.15 | 05.03.16 | 04.03.16 |
| 3. കളരിപ്പറമ്പ് ലെയിൻ അയ്യപ്പൻകണ്ടി ക്ഷേത്രം റോഡ് അഭിവൃദ്ധി ഇ.ജി.3/97719/14 ശ്രീ.സി.പി.മോഹൻദാസ് | 31.03.15 | 30.06.15 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 29.09.15 |
| 4. H.R ഡ്രെയിനേജും കവറിംഗ് സ്ലാബും ഇ.ജി.2/94354/14 ശ്രീ.ജിതേഷ് ബാലൻ | 30.07.15 | 30.11.15 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 29.04.16 |

3. ടെണ്ടറുകൾക്ക് വ്യാപക പരസ്യം നൽകുന്നില്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം-9 പ്രകാരം, 10 ലക്ഷം വരെയുള്ള പ്രവൃത്തിക്ക് നഗരസഭ പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിലും, 10 മുതൽ 50 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് സംസ്ഥാനത്തുടനീളം പ്രചാരമുള്ള 2 മലയാളം പത്രങ്ങൾ, 50 ലക്ഷത്തിന് മുകളിൽ രണ്ട് മലയാള ദിനപത്രം, ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രം എന്നിവയിലും പരസ്യം നൽകേണ്ടതാണ്. എന്നാൽ മേൽ മാനദണ്ഡങ്ങൾ പാലിക്കാതെ താരതമ്യേന പ്രചാരം കുറഞ്ഞ പത്രങ്ങളിലാണ് നഗരസഭ ടെണ്ടർ പരസ്യം നൽകുന്നത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്/ഫയൽ നം | അടങ്കൽ തുക | ടെണ്ടർ പരസ്യ തീയതി, പരസ്യം നൽകിയ പത്രങ്ങൾ |
|---|---|---|
| 1. സോഡിയം ലൈറ്റ് മെയിന്റനൻസിനുള്ള എ.എം.സി ഇ.ജി13/121373/14 | 20 ലക്ഷം | 14.02.15 മംഗളം, ദേശാഭിമാനി ദിനപത്രങ്ങൾ |
| 2. H.R ഡ്രെയിനേജും കവറിംഗ് സ്ലാബും ഇ.ജി.2/94354/14 | 25 ലക്ഷം | 14.02.15 മംഗളം, ദേശാഭിമാനി ദിനപത്രങ്ങൾ |
| 3. ഗവ.അച്യുതൻ ഗേൾസ് എൽ.പി.സ്കൂൾ, ഹാൾ ഇ.ജി.4/127183/14 | 21 ലക്ഷം | 14.02.15 മംഗളം, ദേശാഭിമാനി ദിനപത്രങ്ങൾ |

8-12-2009 ലെ 15744/ആർ.ഡി.1/2007/ത.സ്വ.ഭ.വ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾ സംബന്ധിച്ച നൽകുന്ന പത്രപരസ്യങ്ങൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് പ്രാദേശികമായി പ്രചാരമുള്ള ദിനപത്രങ്ങളുടെ ലിസ്റ്റും സംസ്ഥാനത്തൊട്ടാകെ പ്രചാരമുള്ള ദിനപത്രങ്ങളുടെ ലിസ്റ്റും വർഷാരംഭത്തിൽ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ അതത് ജില്ലയിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്നും ശേഖരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. പത്ര പരസ്യങ്ങൾ പത്രത്തിന്റെ പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പത്രങ്ങൾക്ക് നൽകേണ്ടത് പബ്ലിക് റിലേഷൻസ് വകുപ്പ് ലഭ്യമാക്കുന്ന പത്രങ്ങളുടെ ലിസ്റ്റിൽ നിന്ന് റൊട്ടേഷൻ അടിസ്ഥാനത്തിൻ ആയിരിക്കേണ്ടതാണ് എന്നും റൊട്ടേഷൻ പാലിക്കുമ്പോൾ പ്രചാരം കുറഞ്ഞ പത്രങ്ങളെ ഒഴിവാക്കേണ്ടതാണ് എന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശം പാലിക്കാതെയാണ് കോർപ്പറേഷൻ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകൾ പരസ്യം ചെയ്യുന്നത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളും, 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളും, കേരള പൊതുമരാമത്ത് മാന്വലും പാലിക്കാതെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കി.

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. 7(iii) പ്രകാരം മുനിസിപ്പാലിറ്റി

നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, (വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് തുടങ്ങിയവക്കുള്ള തുക അടയ്ക്കൽ) അടിയന്തിര പ്രവൃത്തികൾ തുടങ്ങിയവക്കും മറ്റും വേണ്ടി വരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെക്കണം. പ്രസ്തുത ചെലവുകൾക്ക് പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതില്ല. എന്നാൽ ഓഡിറ്റ് വർഷത്തിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വികസന പദ്ധതികൾക്കായി സർക്കാർ കോർപ്പറേഷന് അനുവദിച്ച വികസനഫണ്ട്, സംരക്ഷണഗ്രാന്റ് (റോഡിതരം) തുടങ്ങിയവ കൈമാറികിട്ടിയ അങ്കണവാടികളുടേയും, സ്കൂളുകളുടെയും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് എന്നിവ അടവാക്കുന്നതിനായി വിനിയോഗിച്ചു.

19.12.2004 ലെ (എം.എസ്) 330/2004/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേൽത്തരം ചെലവുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പൊതു ആവശ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. കൈമാറികിട്ടിയ സ്കൂളുകളുടെയും, അങ്കണവാടികളുടേയും വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിവ അടവാക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി പേര്, നമ്പർ, നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ ഫണ്ട് | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|
| സർക്കാർ സ്കൂളുകളിലെ വൈദ്യുതി ചാർജ്ജ് അടവാക്കൽ, 525/16, വിദ്യാഭ്യാസ ഉപഡയറക്ടർ | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 22,00,000 | 13,48,523<br>4,10,550 | 2/15-16, 30.07.2015<br>26/15-16, 31.03.2016 |
| സർക്കാർ സ്കൂളുകൾക്ക് വെള്ളക്കരം, ടെലിഫോൺ ചാർജ്ജ്, 1427/16 വിദ്യാഭ്യാസ ഉപഡയറക്ടർ | | 10,00,000 | 2,22,318 | 27/15-16, 31.03.2016 |
| സർക്കാർ സ്കൂളുകളുടെ കറന്റ് ചാർജ്ജ് നൽകൽ, 1416/16 വിദ്യാഭ്യാസ ഉപഡയറക്ടർ | | 25,00,000 | 19,26,428 | 25/15-16, 31.03.2016 |
| അങ്കണവാടികൾക്ക് വൈദ്യുതി ചാർജ്ജ് നൽകൽ, എസ്.ഒ.115/16, 678/15-16 സി.ഡി.പി.ഒ അർബൻ II | വികസന ഫണ്ട് | 60,000 | 35,818 | 8/15-16,16.02.2016 തുക : 16780<br>11/15-16.28.03.2016 തുക : 19038 |
| | | | 39,43,637 | |

അങ്കണവാടികളുടെ, വൈദ്യുതിചാർജ്ജ് എന്ന പ്രോജക്ട് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം നൽകിയത്. ജി.ഒ(പി)362/2013 തസ്വഭവ തീയതി.16.11.2013 ഉത്തരവിലെ അനുബന്ധം II -ൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യേണ്ടതെങ്ങിനെ എന്ന് വ്യക്തമാക്കുന്നുണ്ട്. ഇതിൽ ഖണ്ഡിക 4(I) (II) എന്നിവ പ്രകാരം വനിതാ ഘടക പദ്ധതി സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യക്ഷേമ പദ്ധതിയും വർദ്ധിപ്പിക്കുന്നതിനായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. അങ്കണവാടിയിലെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിലൂടെ മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതെങ്ങിനെ എന്ന് വ്യക്തമാകുന്നില്ല

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസനേതര ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയതിനും, സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 39,43,637/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 ഉയർന്ന വരുമാനമുള്ളവർക്കും വിവാഹ ധനസഹായം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - പട്ടിക ജാതി വികസന ഓഫീസർ |
| പ്രോജക്ട് പേര്, നമ്പർ | - വിവാഹധനസഹായം, 195/ 15-16 |
| അടങ്കൽ തുക, ഫണ്ട് തരം | - 44,50,000/- , [വികസന ഫണ്ട്, എസ്.സി.പി] |
| ചെലവ് തുക | - 30,50,000/- |

പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹത്തിന് രക്ഷകർത്താകൾക്ക് ധനസഹായം നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. 16.11.2013 ലെ (എം.എസ്) 362/2013/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ടതും വരുമാന പരിധി 50,000/- രൂപക്കു വിധേയമായി ബി.പി.എൽ. ലിസ്റ്റിൽപെട്ടവരോ അല്ലാത്തവരോ ആയ കുടുബങ്ങളിലെ വനിതകളുടെ വിവാഹത്തിന് 50,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ കുടുംബ വാർഷിക വരുമാനം 50,000/- രൂപക്ക് മുകളിൽ ലഭിക്കുന്നവർക്കും പദ്ധതി മുഖേന വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ശ്രീ.എം.ഉത്തമൻ, 'ശ്രീനിലയം', ഇത്താരംകുനിയിൽ, എലത്തൂർ.673303 എന്നവർക്ക് എലത്തൂർ വില്ലേജ് ഓഫീസർ 28.02.2015 ന് അനുവദിച്ച വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 48,000/- രൂപയാണ് ആകെ വാർഷിക വരുമാനം. (സർട്ടിഫിക്കറ്റ് നം.10628429). മേൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും, ചെട്ടിക്കുളം വാർഡ് കൌൺസിലർ ശ്രീമതി.കെ.നിഷ (വാർഡ് നം.2) എന്നിവർ 10.09.2015 ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ശ്രീ.എം.ഉത്തമൻ എന്നവരുടെ മകളായ ശ്രീമതി.അനു.ടി.കെ.യുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായം അനുവദിച്ചു. (ഡി.ഡി.നം.49741/03.09.2015). ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച വിവാഹ സർട്ടിഫിക്കറ്റിൽ (നം.2966/2015, 04.05.2015, പെരുവല്ലൂർ ഗ്രാമപഞ്ചായത്ത്) ശ്രീമതി.അനു.ടി.കെ അദ്ധ്യാപികയായി ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ശ്രീ.എം.ഉത്തമൻ എന്നവരുമായി നേരിൽ ബന്ധപ്പെട്ടതിൽ നിന്നും ശ്രീമതി.അനു.ടി.കെ. ജെ.ഡി.ടി. ഇസ്ലാം പോളിടെക്നിക്ക് കോളേജിൽ(കോഴിക്കോട്), എന്ന സ്ഥാപനത്തിൽ 10 വർഷമായി ജോലി ചെയ്യുന്നുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. പ്രസ്തുത സ്ഥാപന തലവൻ കോർപ്പറേഷനിൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ശ്രീമതി.അനു.ടി.കെ എന്നവർക്ക് 2014-15 സാമ്പത്തിക വർഷത്തിലെ 2 അർദ്ധ വർഷങ്ങളിലായി 3,61,644/- രൂപ ശമ്പളമിനത്തിൽ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രീതിയിൽ ശമ്പളവും, ആനുകൂല്യങ്ങളും ലഭിക്കുന്ന ശ്രീമതി.അനു.ടികെ. എന്നവരുടെ വിവാഹത്തിനാണ് കുടുംബവാർഷിക വരുമാനം 50,000/- രൂപ ഇല്ല എന്ന് പരിഗണിച്ച് ധനസഹായം അനുവദിച്ചത്.

2. ശ്രീമതി.ബേബി.ടി, തച്ചാംകോട് കോളനി, മേരിക്കുന്ന് (പി.ഒ), കോഴിക്കോട്.673012, എന്നവർക്ക് ചേവായൂർ വില്ലേജ് ഓഫീസർ 18.02.2015 ന് അനുവദിച്ച വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 12,000/- രൂപയാണ് ആകെ വാർഷിക വരുമാനം. (സർട്ടിഫിക്കറ്റ് നം.10481190). മേൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാർഡ് കൗൺസിലർ ശ്രീ.ബാലഗോപാലൻ (വാർഡ് നം.15) എന്നിവർ 10.09.2015 ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി.ബേബി.ടി എന്നവരുടെ മകളായ

ശ്രീമതി.ടി.സിതാരയുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായം അനുവദിച്ചു. (ഡി.ഡി.നം.491733/03.09.2015). ശ്രീമതി ബേബി.ടി. സമർപ്പിച്ച അപേക്ഷയിൽ ടിയാരി ബേബി മെമ്മോറിയൽ ഹോസ്പിറ്റിൽ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ ടൈപ്പിസ്റ്റായി ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപന തലവൻ കോർപ്പറേഷനിൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ശ്രീമതി.ബേബി.ടി എന്നവർക്ക് 2014-15 സാമ്പത്തിക വർഷത്തിലെ 2 അർദ്ധ വർഷങ്ങളിലായി 1,62,776/- രൂപ ശമ്പളമിനത്തിൽ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രീതിയിൽ ശമ്പാളാനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ മകളുടെ വിവാഹത്തിനാണ് കുടുംബവാർഷിക വരുമാനം 50,000/- രൂപ ഇല്ല എന്ന് പരിഗണിച്ച് ധനസഹായം അനുവദിച്ചത്.

3. ശ്രീ.സുധാകരൻ.കെ.പി, പൊയിലിൽ (ഹൌസ്) വേങ്ങേരി.(പി.ഒ), കോഴിക്കോട്. എന്നവർക്ക് വേങ്ങേരി വില്ലേജ് ഓഫീസർ 21.05.2015 ന് അനുവദിച്ച വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 16,000/- രൂപയാണ് ആകെ വാർഷിക വരുമാനം. (സർട്ടിഫിക്കറ്റ് നം.11667994). മേൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാർഡ് കൗൺസിലർ ശ്രീ.ഒ.സദാശിവൻ (വാർഡ് നം.9) എന്നിവർ 26.05.2015 ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ശ്രീ.സുധാകരൻ.കെ.പി എന്നവരുടെ മകളായ ശ്രീമതി.മിന്നു സുധാകരൻ.കെ.പി. എന്നവരുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായം അനുവദിച്ചു. (ഡി.ഡി.നം.491731/03.09.2015). ഓഡിറ്റിന്റെ ഭാഗമായി ശ്രീ.സുധാകരൻ.കെ.പി. എന്നവരുമായി നേരിൽ ബന്ധപ്പെട്ടതിൽ നിന്നും ശ്രീമതി.മിന്നു സുധാകരൻ 'സദ്ഭാവന വേൾഡ് സ്കൂൾ'(സി.ബി.എസ്.ഇ.) കോഴിക്കോട് എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. പ്രസ്തുത സ്ഥാപന തലവൻ കോർപ്പറേഷനിൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ശ്രീമതി.മിന്നു സുധാകരൻ എന്നവർക്ക് 2014-15 സാമ്പത്തിക വർഷത്തിലെ 2 അർദ്ധ വർഷങ്ങളിലായി 1,44,000/- രൂപ ശമ്പളമിനത്തിൽ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രീതിയിൽ ശമ്പാളാനുകൂല്യങ്ങൾ ലഭിക്കുന്ന ശ്രീമതി.അനു.ടികെ. എന്നവരുടെ വിവാഹത്തിനാണ് കുടുംബവാർഷിക വരുമാനം 50,000/- രൂപ ഇല്ല എന്ന് പരിഗണിച്ച് ധനസഹായം അനുവദിച്ചത്.

ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകളിൽ വിശദമായ പരിശോധന നടത്തുന്നതിലെ വീഴ്ചകൊണ്ടാണ് അനർഹരായ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുവാൻ കാരണമായത്. വകുപ്പിലെ എസ്.സി. പ്രൊമോട്ടർമാർ മുഖേന പ്രാദേശിക പരിശോധന നടത്തുന്നതിലും, സ്ഥാപന പരിധിയിലെ മേൽ വിഭാഗക്കാരുടെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ തയ്യാറാക്കുമ്പോൾ നഗരസഭ മേൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആശ്രയ മാതൃകയിൽ ഒരു പരിപാടി തയ്യാറാക്കണം. എന്നാൽ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് വീഴ്ച വരുത്തി. വാർഡ് കമ്മിറ്റി തെരഞ്ഞെടുത്ത് കൗൺസിൽ അംഗീകരിച്ച രേഖകൾ ഫയലിനോടൊപ്പം പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി, 'ഔദ്യോഗിക ജോലികളുടെ ബാഹുല്യം മൂലം പ്രാദേശിക അന്വേഷണം നടത്താൻ സാധിക്കാറില്ലെന്നും, വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയതെന്നു'മാണ്. ഈ മറുപടി സ്വീകാര്യമല്ലാത്തതിനാൽ അനർഹമായി അനുവദിച്ച 1,50,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-17 പഠനമുറി നിർമ്മാണത്തിന് ധനസഹായം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : പട്ടിക ജാതി വികസന ഓഫീസർ, കോഴിക്കോട് |
| പ്രോജക്ട് പേര്, നമ്പർ | : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം 1153/2015-16 |
| അടങ്കൽ തുക | : 79,00,000/- (വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് തുക | : 1,50,000/- (ബിൽ നം, തീയതി - 46/15-16, 27.02.2016) |

പട്ടികജാതി വിഭാഗത്തിൽപെട്ടതും, ദരിദ്രരുമായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി സ്വന്തം വീടുകളിൽ അടിസ്ഥാന സൗകര്യമൊരുക്കി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി മേൽ വിഭാഗക്കാർക്ക് അവരവരുടെ വീടുകളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ പഠനമുറി നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകും.

15.02.2016 ലെ(സാ.ധാ) 626/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുവാൻ സർക്കാർ താഴെ പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- നിലവിലുള്ള ഒരു മുറി പഠനമുറി ആക്കാതെ പുതിയ മുറി നിർമ്മിക്കണം.
- നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.
- നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.
- നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി/വർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ആയിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.

എന്നാൽ മേൽ ഉത്തരവിലെ നിബന്ധന പാലിക്കാതെയാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വീടിന്റെ തറവിസ്തീർണ്ണം | വാർഡ്/ കെട്ടിട നം | അനുവദിച്ച തുക ഡി.ഡി.നം, തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.ലീല.പി.എം, കാക്കാച്ചി പറമ്പിൽ(ഹ) കൊളത്തറ (പി.ഒ),ചെറുവണ്ണൂർ | 100.48 ച.മീറ്റർ | 10/484D | 30,000/- 496833 / 03.03.2016 |
| 2 | ശ്രീ.സി.കെ.ശിവദാസൻ ചാത്തൻകാവിൽ(ഹ) എരഞ്ഞിക്കൽ, മൊകവൂർ | 1380 ച.അടി | 11/206 | 30,000/- 496834 / 03.03.2016 |

സർക്കാർ നിശ്ചയിച്ച അർഹതാ മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വർഷത്തിൽ അനർഹമായി അനുവദിച്ച 60,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-18 അനർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : പട്ടിക ജാതി വികസന ഓഫീസർ, കോഴിക്കോട് |
| പ്രോജക്ട് പേര്, നമ്പർ | : ഭവന നിർമ്മാണത്തിന് ധനസഹായം, 160/2015-16 |
| അടങ്കൽ തുക | : 3,00,00,000/- |
| ചെലവ് തുക | : 30,60,000/- |

പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങളിലെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിലൂടെ 100 നഗരസഭ പരിധിയിലെ 100 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം ലഭിക്കും.

1) 16.11.2013 ലെ (എം.എസ്) 362/2013/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) 30 ച.മീറ്ററിൽ കുറയാത്തതും 66 ച.മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കാണ് ധനസഹായം നൽകേണ്ടത് [ഉത്തരവ് അനുബന്ധം.1 ഖണ്ഡിക.11(viiii)]. എന്നാൽ പദ്ധതി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശം പാലിക്കാതെ ഗുണഭോക്താവിനു ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | തറവിസ്തീർണ്ണം, ബിൽഡിംഗ് പെർമിറ്റ് നം | ഇതു വരെ അനുവദിച്ച തുക ഡി.ഡി.നം, തീയ്യതി |
|---|---|---|
| ശ്രീമതി മാലിനി,<br>തറമ്മൽ താഴം<br>എരഞ്ഞിപ്പാലം -<br>കോഴിക്കോട് 673006 | 104.89. ച.മീറ്റർ<br>ടി.പി.11/BA(36543)2015<br>(വീടിന്റെ രണ്ട് നില പണി പൂർത്തീകരിച്ചിട്ടുണ്ട്) | 30,000/- 496669,24.02.2016<br>90,000/- 497565, 19.03.2016<br>90,000/- 498583,05.04.2016<br>2,10,000 |

<u>2) സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബത്തിന് ധനസഹായം നൽകി.</u>

മേൽ ഉത്തരവ് അനുബന്ധം.16 ഖണ്ഡിക 2-14 (i) പ്രകാരം സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബത്തെ 50,000/- രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല എന്നു വ്യക്തമാക്കുന്നുണ്ട്. ശ്രീമതി.ഷൈനി.സി, ചെറുകാട്, പെരുന്തുരുത്തി, എലത്തൂർ എന്ന ഗുണഭോക്താവ് സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഭർത്തൃമാതാവ് (ശ്രീമതി.രോഹിണി) സർക്കാർ ജീവനക്കാരിയാണ്. ഇവർ ഗുണഭോക്താവിനൊപ്പമാണ് താമസം. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിൽ ശ്രീമതി രോഹിണി എന്നവർ സംസ്ഥാന കൃഷിവകുപ്പിൽ നിലവിലും ജോലി ചെയ്യുന്നുണ്ട്. ശ്രീമതി.ഷൈനി.സി. എന്നവർക്ക് അനുവദിച്ച തുക 30,000/- രൂപ (ഡി.ഡി.നം.496280, 19.02.2016) ഓഡിറ്റ് അംഗീകരിക്കുന്നില്ല.

അനർഹരായവർക്ക് സബ്സിഡി അനുവദിച്ചത് വഴി ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. 2,40,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-19 മേഖല ചുമതല, പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ എന്നിവ പാലിക്കാതെ പരീശീലന പരിപാടികൾ നടപ്പാക്കി.

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡി.ഡി.ഇ.</u>

- പദ്ധതി പേര്, നമ്പർ - ഈസി ഇംഗ്ലീഷ് സമഗ്ര വിദ്യാഭ്യാസ പദ്ധതി, 57/16
  അടങ്കൽ തുക - 3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
  ചെലവഴിച്ച തുക - 2,92,700/-, ബിൽ നമ്പർ., തീയ്യതി - 13/15-16, 16.12.2015
  ഭരണാനുമതി നമ്പർ, തീയ്യതി - 01/07.04.2015.

നഗരസഭ പരിധിയിലെ സർക്കാർ/എയിഡഡ് ഹൈസ്കൂൾ, യു.പി, എൽ.പി. വിഭാഗത്തിലെ 300 വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകി ഭാഷ പ്രാവീണ്യം വരുത്തുന്നതിനും, അത് വഴി മികച്ച അദ്ധ്യായനം സാധ്യമാക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. 2015 ആഗസ്റ്റ് മാസത്തിൽ നടപ്പാക്കിയ പദ്ധതിയിലൂടെ 317 വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന സ്കൂളുകളിൽ വെച്ച് പരിശീലനം നൽകി.

| പരിശീലന കേന്ദ്രം | വിഭാഗം | കുട്ടികളുടെ എണ്ണം | പരിശീലന കാലയളവ് |
|---|---|---|---|
| ഗവ. ഗണപത് ഗേൾസ് സ്കൂൾ | ഹൈസ്കൂൾ | 103 | 12.08.2015 മുതൽ 27.08.2015 വരെ |
| അച്ചുതൻ ഗേൾസ് സ്കൂൾ | യു.പി. | 114 | |
| ജി.വി.എച്ച്.എസ്സ്.എസ്സ്., മീഞ്ചന്ത | എൽ.പി. | 101 | |

പദ്ധതി നടപ്പാക്കിയതിലൂടെ മേൽ വിവരിച്ച ബിൽ പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---:|
| ഭക്ഷണ ചെലവ് | 2,10,000 |
| ഓണറേറിയം | 30,000 |
| ലൈറ്റ് ആന്റ് സൗണ്ട് | 22,700 |
| ഡോക്യുമെന്റേഷൻ | 3,000 |
| സ്റ്റേഷനറി | 24,000 |
| ബാനർ | 3,000 |
| | 292700 |

- പദ്ധതി പേര്, നമ്പർ - വിജയജ്യോതി, 63/16

  അടങ്കൽ തുക - 10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

  ചെലവഴിച്ച തുക - 5,48,650/-, ബിൽ നമ്പർ., തീയ്യതി - 15/15-16, 04.01.2016

  4,26,000/-, ബിൽ നമ്പർ., തീയ്യതി - 32/15-16, 31.03.2016

  ഭരണാനുമതി നമ്പർ, തീയ്യതി - 01/07.04.2015.

നഗരസഭ പരിധിയിലെ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന എസ്.എസ്.എൽ.സി., +2 വിഭാഗം വിദ്യാർത്ഥികളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ വിജയത്തിന് പ്രാപ്തരാക്കുന്നതിനും സ്കൂളുകളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനുമായിട്ടാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. അക്കാദമിക് കൗൺസിൽ രൂപീകരണം.
2. അദ്ധ്യാപകർക്ക് പരിശീലനം.
3. പ്രവർത്തന സഹായി പഠനസാമഗ്രികൾ, പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ.
4. ഡോക്യുമെന്റേഷൻ.
5. ഗുണഭോക്താക്കളുടേയും രക്ഷിതാക്കളുടേയും സംയുക്ത ശിൽപ്പശാല.
6. പ്രവർത്തന പുരോഗതി അവലോകനം, ഏകീകൃത മൂല്യ നിർണ്ണയം.

പദ്ധതി നടപ്പാക്കിയതിലൂടെ മേൽ വിവരിച്ച ബിൽ പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക | |
|---|---|---|
| | (ബിൽ നമ്പർ.15/15-16, 4.1.2016) | ബിൽനമ്പർ.32/15-16, 31.3.2016 |
| ഭക്ഷണ ചെലവ് | 37,850 | നഗരസഭ പരിധിയിലെ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ വിജയജ്യോതി പദ്ധതി നടപ്പാക്കിയതിനുള്ള ചെലവ്. |
| പ്രിന്റിംഗ് ചെലവുകൾ (ബുക്ക്സ്) | 3,90,200 | |
| റമ്മ്യൂണറൈസേഷൻ | 68,000 | |
| ഡോക്യുമെന്റേഷൻ | 1,000 | |
| സ്റ്റേഷനറി | 38,000 | |
| വർക്കിംഗ് കലണ്ടർ തയ്യാറാക്കൽ | 11,500 | |
| ബാനർ | 2,100 | |
| | 5,48,650 | 4,26,000 |

മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.08.2016 ന് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിനി നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല (09/15-16).

- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 30 പ്രകാരം സർക്കാരിന്റെ വിവിധ തലത്തിലുള്ള സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകൾക്ക് നിക്ഷിപ്തമായ ചുമതല. 18.01.1996 ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്. 16.11.2013 ലെ(എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.
- പദ്ധതി മാർഗ്ഗരേഖ ഉത്തവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഓണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.
- അനുബന്ധം - 3(2) പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളിലെ വിദ്യാഭ്യാസം, കായികം, വിനോദം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളാണ് (സീനിയർ). വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ എന്ന നിലയിൽ പ്രസ്തുത മേഖലയിലെ പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതും മേൽ വിഭാഗത്തിലെ ഉദ്യോഗസ്ഥനാണ്. കോഴിക്കോട് കോർപ്പറേഷനിൽ പ്രസ്തുത തരത്തിലുള്ള ഉദ്യോഗസ്ഥന്റെ

സേവനം ലഭ്യമായിരിക്കേ വിദ്യാഭ്യാസ ഉപഡയറക്ടർ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്. ഹയർ സെക്കണ്ടറി മേഖലയിലെ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

- വിദ്യഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേക ശ്രദ്ധ നൽകി ഉയർത്തി കൊണ്ട് വരേണ്ടതും ആ വകുപ്പിൽ നിയമിതരായ അദ്ധ്യാപകരുടെ ചുമതലയാണ്. നഗരസഭകളെ ഏൽപ്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ ആവർത്തന ചെലവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.
- പദ്ധതി നടപ്പാക്കുന്നതിനായി വിദ്യാർത്ഥികളിൽ നടത്തിയ വിവരശേഖരണം, ആയതിനനുസരിച്ച് ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, റമ്മ്യൂണറൈസേഷൻ നിശ്ചയിച്ച് നൽകിയത് എന്നിവ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
- മേൽ ഉത്തരവ് [അനുബന്ധം-1, ഖണ്ഡിക 10 (vii)] പ്രകാരം എച്ച്.ഐ.വി. അണുബാധിതർ അങ്കണവാടി പോഷകാഹാരം, നിർധനരായ രോഗികൾ ആശുപത്രിയിൽ കഴിയുന്ന സമയങ്ങളിലുള്ള ആഹാരം, ബഡ്സ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് മാത്രമേ മുനിസിപ്പൽ കോർപ്പറേഷൻ പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളൂ. മറ്റ് വിഭാഗങ്ങൾക്കുള്ള പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളതല്ല.

നഗരസഭകളെ ഏൽപ്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ഇരട്ടിപ്പ് വരുത്തിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് തുക 12,67,350/- (2,92,700 + 5,48,650 + 4,26,000) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെയീടാക്കേണ്ടതാണ്.

## 3-20 വിദ്യാഭ്യാസ മേഖലയിൽ ചുമതലകൾ മറികടന്ന് പദ്ധതി രൂപീകരിച്ച നടപ്പാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡി.ഡി.ഇ.
പദ്ധതി പേര്, നമ്പർ - സസ്നേഹം അമ്മയ്ക്ക് കൗമാരക്കൂട്ടായ്മ – സമഗ്ര വിദ്യാഭ്യാസം, 510/16.
അടങ്കൽ തുക - 8,00,00/- ( വികസന ഫണ്ട്)
ചെലവഴിച്ച തുക - 3,22,841/- , ബിൽ നമ്പർ., തീയ്യതി - 07/15-16, 25.08.2015
ഭരണാനുമതി നമ്പർ, തീയ്യതി - 01/24.12.2014

കോർപ്പറേഷൻ പരിധിയിലെ സർക്കാർ, എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾ കൗമാര കാലഘട്ടത്തിൽ വഴിതെറ്റുന്നതിൽ നിന്ന് തടയുന്നതിനും, ആധുനിക സാങ്കേതിക വിദ്യയുടെ വിപുലീകരണത്തിന്റെ തെറ്റായ രീതിയിലുള്ള ഉപയോഗം മൂലം കുട്ടികളുടെ സ്വഭാവ വൈകല്യങ്ങൾ അവരെ മനസ്സിലാക്കി കൊടുക്കുന്നതിനും, ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധങ്ങളായ കോഴ്സുകളെ കുറിച്ചും, കൊമ്മേർഴ്സ് മാനവിക വിഷയങ്ങളിലെ ജോലി സാദ്ധ്യതകളെ കുറിച്ചും അവർക്ക് ആവശ്യമായ കൗൺസിലിങ്ങ് നൽകി ബോധവൽകരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ പ്രവർത്തനഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. ജാഗ്രത സമിതി കൺവീനർക്ക് ഏകദിന പരിശീലനം.
2. ഒന്നാം വർഷ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കൗമാര പ്രശ്നങ്ങളെക്കുറിച്ചും, സൈബർ ക്രൈമിനെക്കുറിച്ചും കൗൺസിലിങ്ങ് ക്ലാസ്സ്.
3. രണ്ടാം വർഷ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ഏകദിന ശിൽപ്പശാല.
4. ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ചും കരിയർ സാദ്ധ്യതകളെ കുറിച്ചുള്ള കൈപുസ്തകം.
5. പ്രവർത്തനങ്ങൾ ചേർത്ത് വാർത്ത പത്രിക നിർമ്മിക്കൽ.
6. സംഘാടനം.

പദ്ധതി നടത്തിപ്പിനായി താഴെ പറയുന്ന തരത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ഭക്ഷണ ചെലവ് | 1,47,441 |
| 2 | ഓണറേറിയം | 67,900 |
| 3 | പ്രന്റിംഗ് ചെലവ് | 98,500 |
| 4 | ഡോക്യുമെന്റേഷൻ | 8,000 |
| 5 | ബാനർ | 1,000 |
| | ആകെ | 3,22,841 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ കൊടുക്കുന്നു.

- 1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 30 ഉപവകുപ്പ്(1) പട്ടിക - 1, സി - (X) പ്രകാരം വിദ്യാഭ്യാസ മേഖലയിൽ നഗരസഭ പരിധിയിലുള്ള സർക്കാർ പ്രീപ്രൈമറി തലം മുതലുള്ള സ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ, തൊഴിലധിഷ്ഠത പരിശീലന കേന്ദ്രങ്ങൾ, പോളിടെക്നിക്കുകൾ, തൊഴിലധിഷ്ഠത ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയവയുടെ നടത്തിപ്പാണ് നഗരസഭകൾക്ക് അനുവദിച്ച മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. 18.01.1996 ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പെതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിലോ, ഉത്തരവിലോ നഗരസഭയെ സർക്കാർ ചുമതലപ്പെടുത്തിയ മേഖലയില്ല പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്.
- 16.11.2013 ലെ(എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല.
- മേൽ ഉത്തരവ് ഖണ്ഡിക.6(V) പ്രകാരം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങണം. എന്നാൽ സർക്കാർ അനുമതിയില്ലാതെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ചും കരിയർ സാദ്ധ്യതകളെ കുറിച്ചുള്ള കൈപുസ്തകം പ്രിന്റ് ചെയ്യുന്നതിന് 98,500/- രൂപ ചെലവഴിച്ചത്.
- പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.7 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാംപയിനുകൾ, സെമിനാറുകൾ,

സമ്മേളനങ്ങൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല.

- മുനിസിപ്പൽ നിയമം പ്രകാരം സർക്കാർ സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകൾക്ക് അനുവദനീയമായ ചുമതല. ഇതിൽ നിന്നും വ്യതിചലിച്ച് സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങളിൽ ഇടപെടുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- മേൽ ഉത്തരവ് [അനുബന്ധം-1, ഖണ്ഡിക 10 (vii)] പ്രകാരം അങ്കണവാടി പോഷകാഹാരം, നിർധനരായ രോഗികൾ ആശുപത്രിയിൽ കഴിയുന്ന സമയങ്ങളിലുള്ള ആഹാരം, ബഡ്സ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണം എന്നീ പറഞ്ഞ വിഭാഗങ്ങൾക്ക് മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളൂ. മറ്റ് വിഭാഗങ്ങൾക്കുള്ള പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളതല്ല.

നഗരസഭയുടെ ചുമതലയിൽ പെടാത്ത ഇനങ്ങൾക്ക് പദ്ധതി പണം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പദ്ധതിക്കായി ചെലവഴിച്ച 3,22,841/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 വാനനിരീക്ഷണത്തിനായി ടെലിസ്കോപ്പ് വാങ്ങൽ - പർച്ചേസ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡി.ഡി.ഇ..
പദ്ധതി പേര്, നമ്പർ - സ്കൂളുകൾക്ക് ടെലിസ്കോപ്പ്, 520/16.
അടങ്കൽ തുക - 15,00,000/- ( വികസന ഫണ്ട്)
ചെലവഴിച്ച തുക - 14,99,984/- , ബിൽ നമ്പർ., തീയ്യതി - 06/15-16, 19.08.2015
ഭരണാനുമതി നമ്പർ, തീയ്യതി - 01/24.12.2014.

കോർപ്പറേഷന് കൈമാറികിട്ടിയ സ്കൂളുകളിലെ കുട്ടികളുടെ പഠനാവശ്യത്തിന് സഹായകരമാക്കുന്നതിനായിട്ടാണ് ടെലിസ്കോപ്പ് വാങ്ങുന്നതിനായി പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. പദ്ധതിക്കായി 14,99,984/- രൂപ ചെലവഴിച്ച് 16 ടെലിസ്കോപ്പും അനുബന്ധ ഉപകരണങ്ങളും സിഡ്കോ, വെസ്റ്റ്ഹിൽ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി യു.പി, ഹൈസ്കൂൾ, വി.ച്ച്.എസ്.എസ്. തലത്തിലുള്ള സ്കൂളുകൾക്ക് നല്കിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ സയൻസ് സെന്റർ & പ്ലാനറ്റോറിയം ടെക്നിക്കൽ ഓഫീസറുടെ 09.11.2014 ലെ ശുപാർശ കത്തിലെ സ്പെസിഫിക്കഷന്റെ അടിസ്ഥാനത്തിലാണ് ടെലിസ്കോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയത്. സിഡ്കോയിൽ നിന്നും ടെലിസ്കോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | Telescope startracker 10 inch professional | 16 | 69,952 | 11,19,232.00 |
| 2 | Colour filters for eyepiece (Red, Blue, Green) | 16 | 2,925 | 46,800.00 |
| 3 | Nebula filter for eyepiece | 16 | 5,850 | 93,600.00 |
| 4 | Solar filter tobe attached in front of the primary mirror | 16 | 3,150 | 50,400.00 |
| | Gross total | | | 13,10,032.00 |

| | | |
|---|---|---|
| | Vat 14.50% | 1,89,954.64 |
| | Discount | (-)2.64 |
| | Grand Total | 14,99,984.00 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെകൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- 08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ പത്രങ്ങളിൽ പരസ്യം ചെയ്യാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും സിഡ്കോ മുഖേന ടെലിസ്കോപ്പും അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങുവാൻ നടപടികൾ സ്വീകരിച്ചത് ഫയലിൽ വിശദീകരിച്ചിട്ടില്ല.
- കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ആയത് ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാം. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് സിഡ്കോയിൽ നിന്നും ടെലിസ്കോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയത്. സിഡ്കോ സമർപ്പിച്ച ഇൻവോയ്സിൽ മേൽ സാധനങ്ങൾ വിദേശത്ത് നിന്നും ഇറക്കുമതി ചെയ്യുന്നതിനുള്ള ചെലവും ഉൾപ്പെടുന്നുണ്ട്. സർക്കാർ ടെണ്ടർ ഇളവ് നൽകാത്ത ഇനങ്ങൾ വിതരണം നടത്തുന്ന സിഡ്കോവിന് ടെണ്ടർ ഇളവ് നൽകിയത് നിയമ വിരുദ്ധമായ നടപടിയാണ്.
- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 219 (ബി) പ്രകാരം 1000/- രൂപയിൽ കവിഞ്ഞ ചെലവ് വരുന്ന ഏതെങ്കിലും സാധനങ്ങളോ സർവ്വീസുകളോ നൽകുന്നതിന് കാലാവധി നിർണ്ണയിച്ച് കരാറിലേർപ്പെടണം. എന്നാൽ പ്രസ്തുത തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സിഡ്കോയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.08.2016 ന് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി സമർപ്പിച്ചിട്ടില്ല. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, വ്യവസ്ഥകളോടെയുള്ള കരാർ ഇല്ലാതെയും ടെലിസ്കോപ്പ് വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-22 വിദ്യാലയങ്ങളിൽ കായിക പരിശീലനം - വിദ്യാഭ്യാസ, കായിക വകുപ്പുകളുടെ ചുമതലകളിലുള്ള പ്രവർത്തനങ്ങൾക്ക് സമാനമായി പദ്ധതി രൂപീകരിച്ച് നടപ്പാക്കി

നിർവ്വഹണം: ഡി.ഡി.ഇ.

കോർപ്പറേഷൻ പരിധിയിലെ യു.പി. ഹൈസ്കൂൾ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായികക്ഷമതയും ആരോഗ്യവും ഉറപ്പാക്കുന്നതിനും, കുട്ടികൾക്ക് കായികയിനങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ നൽകുന്നതിനുമായിട്ടാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പരിശീലന പരിപാടികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. 2 പദ്ധതികളിലായി 100 വിദ്യാർത്ഥികളുടെ പരിശീലന ചെലവ്, ലഘുഭക്ഷണ ചെലവ്,

പരിശീലകർക്കുള്ള റമ്മ്യൂണറേഷൻ തുടങ്ങിയവ നഗരസഭ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പദ്ധതികൾക്കായി കോർപ്പറേഷൻ ഫണ്ട് വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി പേര്, നമ്പർ | അടങ്കൽ തുക | ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|
| 50 സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഫുട്ബോൾ പരിശീലനം, 72/16 | 1,50,000 | ധനകാര്യ കമ്മീഷൻ അവാർഡ് | 1,49,072 | 16/15-16, 04.01.2016 |
| 50 സ്കൂൾ വിദ്യാർത്ഥികൾക്ക് ഹോക്കി പരിശീലനം, 119/16 | 2,00,000 | വികസന ഫണ്ട് | 1,96,332 | 17/15-16, 04.01.2016 |

<u>ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.</u>

| ക്രമ നമ്പർ | ഇനം | ചെലവ് തുക | |
|---|---|---|---|
| | | ഫുട്ബോൾ പരിശീലനം | ഹോക്കി പരിശീലനം |
| 1 | ഭക്ഷണം | 90,000 | 1,20,000 |
| 2 | ഫസ്റ്റ് എയിഡ് | 6,492 | 10,372 |
| 3 | റമ്മ്യൂണറേഷൻ (സ്വകാര്യ പരിശീലകർക്ക്) | 42,700 | 48,800 |
| 4 | സ്പോർട്ട്സ് ഉപകരണങ്ങൾ | 7,830 | 8,710 |
| 5 | ജനറേറ്റർ സൗണ്ട്സ് | --- | 6,400 |
| 6 | ബാനർ | 1,050 | 1,050 |
| 7 | ഡോക്യുമെന്റേഷൻ | 1,000 | 1,000 |
| ആകെ | | 1,49,072 | 1,96,332 |

മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.08.2016 ന് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല (10/15-16)

- 1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 30 ഉപവകുപ്പ്(1) പട്ടിക - 1, സി - XVI പ്രകാരം കായിക വിനോദ മേഖലയിൽ ഓരോ നഗരസഭകളും അവരുടെ പരിധിയിൽ കളിസ്ഥലങ്ങൾ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും, X– പ്രകാരം വിദ്യാഭ്യാസ മേഖലയിൽ നഗരസഭ പരിധിയിലുള്ള സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള സ്കൂളുകൾക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുക, നടത്തിപ്പ് എന്നിവയാണ് നഗരസഭകൾക്ക് അനുവദിച്ച മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. വിദ്യാർത്ഥികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പദ്ധതികൾ നടപ്പാക്കേണ്ടത് വിദ്യാഭ്യാസ വകുപ്പും, കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലുമാണ്. [സ.ഉ.(എം.എസ്) നം.10/08/ പൊ.വി. തീയ്യതി. 07.01.2008, സ.ഉ.(എം.എസ്) നം 217/08/ പൊ.വി. തീയ്യതി. 11.11.2009 എന്നീ ഉത്തരവുകൾ കണ്ടാലും]

- 16.11.2013 ലെ (എം.എസ്) 362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ, ഖണ്ഡിക നം-4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ നിയമം പ്രകാരം അനുവദിനീയമായ ചുമതലകളിൽ നിന്ന് വ്യതിചലിച്ച് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റേയും, സ്പോർട്ട്സ് കൗൺസിലിന്റേയും ചുമതലയിലുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ പദ്ധതി പണം ചെലവഴിച്ചിരിക്കുന്നത്.
- 18.01.1996 ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നഗരസഭകൾക്ക് സർക്കാർ കൈമാറിയ എൽ.പി, യു.പി, ഹൈസ്കൂളുകളിൽ കായികാദ്ധ്വാന സംസ്കാരം പ്രോൽസാഹിപ്പിക്കുന്നതിന് കായിക വിദ്യാഭ്യാസത്തിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി മൽസരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്കൂളുകൾ നടപടിയെടുക്കാറുണ്ടോ എന്നും കായിക അദ്ധ്യാപകർ കിറ്റ് അലവൻസിനുള്ള ശുപാർശകൾ ജില്ല ഓഫീസർക്ക് സമർപ്പിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട അദ്ധ്യാപകർ കിറ്റ് അലവൻസിനു വേണ്ടി സ്കൂൾ സമയത്തിനു ശേഷം ജോലി ചെയ്തിരുന്നോ എന്നും വിലയിരുത്തേണ്ടതാണ്. എന്നാൽ ആയതിൽ നിന്നും വ്യത്യസ്തമായിട്ടാണ് പദ്ധതിക്കായി സ്വകാര്യ പരിശീലകർക്ക് റമ്മ്യൂണറേഷൻ, ജനറേറ്റർ സൗണ്ട്സ്, ബാനർ തുടങ്ങിയവക്കായി തുക ചെലവഴിച്ചത്.
- കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്. 227(1) പ്രകാരം കോർപ്പറേഷന്റെ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ അവരുടെ ഉദ്യേഗസ്ഥൻമാരെയും ജീവനക്കാരെയും കോർപ്പറേഷന്റെ അധീനതയിൽ വിട്ടു നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ അധീനതയിൽ കൈമാറ്റപ്പെടുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും കൈമാറ്റ കാലയളവിൽ അതത് സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിരിക്കുന്നതാണ്. പ്രസ്തുത ജീവനക്കാർ അവരുടെ സാധാരണ ചുമതലകൾക്ക് പുറമേ കോർപ്പറേഷൻ ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ ഒപ്പം നിറവേറ്റേണ്ടതാണ്. കോർപ്പറേഷന് വിട്ടു നൽകിയ സ്കൂളുകളിൽ കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമായിരിക്കേ ആയവരുടെ സേവനം ഉപയോഗപ്പെടുത്താതെ സ്വകാര്യ പരിശീലകരുടെ സേവനം ലഭ്യമാക്കിയതിന്റെ വിശദീകരണം ഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭകളെ ഏൽപ്പിച്ചിട്ടില്ലാത്ത ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ഇരട്ടിപ്പ് വരുത്തിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് തുക 3,45,404/- (1,49,072 + 1,96,332) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെയീടാക്കേണ്ടതാണ്.

## 3-23 സർക്കാർ സ്കൂളുകളിലേയ്ക്ക് IT ഉപകരണങ്ങൾ വാങ്ങൽപദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡി.ഡി.ഇ.
പ്രൊജക്ട് നമ്പർ : 67/16
ചെലവ് തുക : 19,75,999/-
ബിൽ നമ്പർ : 21/2015-16/11-03-2016

നഗരസഭാ പരിധിയിലെ സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 65 കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്ന് വാങ്ങി 21 സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 03.07.2012 -ലെ (സാധാ)/1838/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ് & ഡി.റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലാണ് കെൽട്രോണിൽ നിന്നും വാങ്ങേണ്ടത്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് കെൽട്രോണിൽ നിന്നും Acer -ന്റെ veriton M200-H8 with intel pentium G3220 എന്ന മോഡൽ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ വാങ്ങിയത്.

2. കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ഈ പദ്ധതിയിൽ Acer ന്റെ Veriton M200-H81 with intel pentium G3220 processor intel H81 chipset....എന്ന സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകളാണ് കെൽട്രോൺ നൽകിയിട്ടുള്ളത്. മറ്റ് കമ്പനികൾ നിർമ്മിച്ച കമ്പ്യൂട്ടറുകൾ ടെണ്ടർ നടപടികളില്ലാതെയാണ് കെൽട്രോണിൽ നിന്ന് വാങ്ങിയത്.
3. 15.02.2012-ൽ സംസ്ഥാന പബ്ലിക് ഇൻസ്ട്രക്ഷൻ ഡയറക്ടർ എൻ.ഇ.പി.3/80281/07 നം.ഉത്തരവിലൂടെ സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ വാങ്ങി നൽകേണ്ട ഐ.ടി ഉപകരണങ്ങളുടെ ഏറ്റവും കുറഞ്ഞ സ്പെസിഫിക്കേഷൻ ഉള്ളതും, പരമാവധി വില ഉൾപ്പെടുത്തിയതുമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചല്ല കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

4. കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത:- 65 കമ്പ്യൂട്ടറുകൾ കമ്പ്യൂട്ടർ ഒന്നിന് 30,400/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത് ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരംതദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ പകുതി മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിക്കണമെന്ന സ്റ്റോർ പർച്ചേഴ്സ് ചട്ടങ്ങളിലെ വ്യവസ്ഥയും പാലിച്ചിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല:- വിതരണം ചെയ്യാനുള്ള കമ്പ്യൂട്ടറുകൾ കെൽട്രോൺ നേരിട്ട് സ്കൂളുകളിൽ വിതരണം നടത്തിയതിന് സ്കൂളുകളിൽ നിന്നുള്ള സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റും, സ്ഥാപനത്തിന്റെ ഡെലിവറി ചലാനും ഫയലിൽ ലഭ്യമാണ്. എന്നാൽ കമ്പ്യൂട്ടറുകൾ ഡി. ഡി. ഓഫീസിലെ മെയിൻ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.5/15-16) നാളിതുവരെ മറുപടി ലഭിച്ചില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 19,75,999/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-24 എസ്.പി.സി. (Student Police Cadet) പദ്ധതി -സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഡി.ഡി.ഇ. |
| പ്രൊജക്റ്റ് നമ്പർ | : 74/16 |
| ചെലവ് തുക | : 6,50,000/-(വികസനഫണ്ട്) |
| ബിൽ നമ്പർ , തിയ്യതി | : 29/2015-16/31-03-2016 |

നഗരസഭാ പരിധിയിലുള്ള എസ്.പി.സി. പ്രോഗ്രാം നടപ്പിലാക്കുന്ന 13 സ്കൂളുകൾക്ക് സർക്കാർ നിർദ്ദേശ പ്രകാരം സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഓരോ സ്കൂളിനും 50000/-രൂപ വീതമാണ് നൽകിയത്. എന്നാൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്ന് എസ്.പി.സിയ്ക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സ.ഉ(സാധാ)/03/2012/ത.സ്വ.ഭ.വ/തിയ്യതി:02-01-2012 നമ്പർ ഉത്തരവിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് എസ്.പി.സി. പ്രോഗ്രാം നടപ്പിലാക്കുന്ന സ്കൂളുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്ന് ഒരു വർഷം ആകെ 50000/-രൂപയിൽ കവിയാത്ത തുക കൗൺസിൽ അംഗീകാരത്തിന് വിധേയമായി ചെലവാക്കുന്നതിനാണ് അനുവാദം നല്കിയിട്ടുള്ളത് . എന്നാൽ നഗരസഭാപരിധിയിലെ 13 സ്കൂളുകൾക്ക് ഓരോന്നിനും 50000/-രൂപ വീതം നൽകിയിട്ടുണ്ട്. ഈ കാര്യത്തിൽ സർക്കാരിൽ നിന്ന് വ്യക്തത വരുത്തേണ്ടതും അല്ലാത്തപക്ഷം അധികംനൽകിയതുക തിരികെ ഈടാക്കേണ്ടതുമാണ്.

എസ്.പി.സി. പദ്ധതിയ്ക്ക് വേണ്ടി തനത് ഫണ്ട് ചെലവഴിക്കാനാണ് മേൽ ഉത്തരവിൽ അനുവാദം നല്കിയിട്ടുള്ളത് .ഇവിടെ 13 സ്കൂളുകൾക്ക് 6,50,000 രൂപ വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമായിട്ടില്ല. ചെലവു തുക 6,50,000/- തടസ്സപ്പെടുത്തുന്നു.

## 3-25 സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഡി.ഡി.ഇ. |
| പ്രൊജക്റ്റ് നമ്പർ | : എസ്.ഒ 519/16 |
| ചെലവ് തുക | : 25,85,600 ബിൽ നം: 25/2015-16 11-03-2016 |
| | 7,680 ബിൽ നം: 26/2015-16 11-03-2016 |
| | 25,93,280 രൂപ (വികസന ഫണ്ട്) |

സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ആധുനിക ബോധന തന്ത്രങ്ങൾ ഉപയോഗിക്കുന്നതിനായിട്ടാണ് സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതു പ്രകാരം ടെണ്ടർ ക്ഷണിച്ച് ടെക്ക് മലബാറിക്കസ് എന്ന സ്ഥാപനം മുഖേന 15 സ്കൂളുകളിൽ പുതിയ സോഫ്റ്റ് വെയർ അടക്കമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും സ്ഥാപിച്ചു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചില്ല</u>

പദ്ധതി നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ച് ടെക്ക് മലബാറിക്കസ് എന്ന സ്ഥാപനത്തെയാണ് പദ്ധതി നിർവ്വഹണം ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (8.17-8-20) പ്രകാരം കരാർ തുകയുടെ 5 ശതമാനം പെർഫോർമെൻസ് സെക്യൂരിറ്റിയായി ഈടാക്കിയിട്ടില്ല.

2. പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു.

മേൽ പദ്ധതിയിൽ ടെണ്ടർ, റീടെണ്ടർ പത്ര പരസ്യ ചെലവിനായി മാതൃഭൂമി പത്രത്തിന് 14,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പരസ്യങ്ങൾ 28-02-2015, 12-05-2015 എന്നീ തിയ്യതികളിലെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. ഇതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പരിശോധിച്ചതിൽ പത്ര പരസ്യത്തിന് അധിക നിരക്ക് നൽകിയിട്ടുണ്ട്. ജി.ഒ.(ആർടി.)1/11/ I & PRD/04-01-11, ജി.ഒ. (ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/ I & PRD /22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റി മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റി മീറ്ററിലാണ് കാണിച്ചിട്ടുള്ളത്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് പരസ്യ ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യ തിയ്യതി | അനുവദിച്ചതുക |
|---|---|
| 28.02.2015 | 8 സെ.മീ. വീതിx4 സെ.മീ. നീളം<br>= 32 x 210(നിരക്ക്)=6720 രൂപ |
| 12.05.2015 | 8 സെ.മീ. വീതിx4 സെ.മീ. നീളം<br>= 32 x 240(നിരക്ക്) 7680 രൂപ |

നിശ്ചിത നിർദ്ദേശങ്ങൾ പ്രകാരം മാത്രം പരസ്യചാർജ്ജ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. കരാർ രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

ഈ പദ്ധതി നടപ്പിലാക്കിയ ടെക്ക് മലബാറിക്കസ് എന്ന സ്ഥാപനവുമായി 18-11-2015 ൽ കരാറിൽ ഏർപ്പെടുന്നതിന് സ്റ്റാമ്പ് പേപ്പർ വാങ്ങി വെച്ചതല്ലാതെ കരാർ നിബന്ധനകളൊന്നും എഴുതി കരാറിൽ ഒപ്പിട്ടിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നെങ്കിലും (നം.13/15-16)മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-26 സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകൽ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണം : ഡി.ഡി.ഇ., പൊതു വിദ്യാഭ്യാസം
പ്രോജക്ട് പേര്, നമ്പർ : എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ, 589/15-16

6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന എസ്.എസ്.എ.പദ്ധതിക്ക് കോർപ്പറേഷൻ വിഹിതം നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 1,50,00,000/- രൂപ താഴെ പറയുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച് എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ

അനുവദിച്ചിട്ടുണ്ട്.

1) ബിൽ നം. 14/15-16, 31-12-2015 തുക :750,00,00/-
2) ബിൽ നം. 33/15-16, 31-03-2016 തുക :75,00,000/-

എസ്.എസ്.എ. ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് മേൽ രീതിയിൽ തുക അനുവദിച്ചപ്പോൾ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ച താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

- 16/11/2013 ലെ (എം.എസ്.) 362/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ അനുബന്ധം.1, ഖണ്ഡിക. 6(ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രോജക്ടിനായി എസ്.എസ്.എ.ക്ക് തുക നൽകിയപ്പോൾ പദ്ധതി രൂപീകരണ വേളയിലെ മേൽ നിർദ്ദേശങ്ങൾ പാലിച്ചില്ല.
- സ്കൂളുകളിൽ നടപ്പാക്കേണ്ട എസ്.എസ്.എ.യുടെ വ്യത്യസ്ത പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുമ്പോൾ എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ കോർപ്പറേഷനും ചേർന്ന് ആവശ്യകതകൾ വിലയിരുത്തണമായിരുന്നു. ആയതിനു പകരം എസ്.എസ്.എ. ജില്ല പ്രോഗ്രാം ഓഫീസർ കോർപ്പറേഷൻ അനുവദിക്കേണ്ട വിഹിതം എത്രയെന്ന് അറിയിച്ചു നൽകിയ പ്രവർത്തന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എസ്.എസ്.എ. മാർഗ്ഗരേഖ പ്രകാരം എസ്.എസ്.എ.യുടെ ഫണ്ട് വകയിരുത്തിയതിനു ശേഷം കേർപ്പറേഷൻ വിഹിതം പ്രോജക്ട് ഓഫീസർക്ക് കൈമാറേണ്ടതുള്ളൂ.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനൊപ്പം തുക വിനിയോഗിച്ച സാക്ഷ്യപത്രങ്ങളും, എസ്.എസ്.എ.യുടെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയ വിദ്യാലയങ്ങൾ, പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ടുകൾ, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 1,50,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-27 വിദ്യാർത്ഥികൾക്കുള്ള ഫർണീച്ചർ വിതരണ പദ്ധതി - അർഹതാമാനദണ്ഡം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | |
| പ്രോജക്ട് നമ്പർ | : 186/16 | |
| പ്രോജക്ടിന്റെ പേര് | : മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകുന്ന പദ്ധതി 15-16 | |
| അടങ്കൽ | : 12,59,900/- | |
| ചെലവഴിച്ച തുക | : 12,49,092/- | |
| ബിൽ നമ്പർ, തീയതി, തുക | : 1/15-16 തീയതി. 23.03.16 | : 12,45,192 |
| | 2/15-16 തീയതി.23.03.16 | : 3,900 |
| | | 12,49,092 |

മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് പഠന സഹായമായി ഫർണീച്ചർ വിതരണം ചെയ്യുന്നതാണ് പദ്ധതി. ടെണ്ടർ നടപടിയിലൂടെ ഏറ്റവും കുറവ് വില ക്വോട്ട് ചെയ്തത്

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് വെള്ളയിൽ, ഗാന്ധിറോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റീൽ മേശ കസേര എന്നിവ യഥാക്രമം 3241, 750 രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തു. ഫർണീച്ചർ വിതരണം ചെയതതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | യൂണിറ്റ് വില (നികുതി ഉൾപ്പെടെ) | എണ്ണം | ആകെ |
|---|---|---|---|
| സ്റ്റീൽ മേശ ഒരു ഡ്രോയർ കബോഡ് സഹിതം | 3,241 | 312 | 10,11,192 |
| സ്റ്റീൽ കസേര | 750 | 312 | 2,34,000 |
| ആകെ | 3,991 | - | 12,45,192 |
| പത്രപരസ്യ ചെലവ് | | | 3,900 |

പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെ പറയുന്നു.

1. ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.03 - ലെ പദ്ധതി നിർവഹണ നിബന്ധനകൾ പ്രകാരം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങൾ ബന്ധപ്പെട്ട സ്കൂൾ അധികൃതർ മുഖേനയായിരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം വിതരണം ചെയ്തതിന്റെ രേഖകളില്ല.

2. 'KSIE' വെള്ളയിൽ, ഗാന്ധിറോഡ് എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ ലഭിച്ചതിന്റെ തീയതിയോ സ്റ്റോക്ക് രജിസ്റ്ററോ ലഭ്യമല്ല. കൂടാതെ ഫർണിച്ചർ കൈപ്പറ്റ് രജിസ്റ്ററിൽ (2015-16) അവ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ തീയതി ഒരു ഗുണഭോക്താവും രേഖപ്പെടുത്തിയിട്ടില്ല.

3. ഈ പ്രോജക്ടിനായി 2014-15 -ലെ ഗുണഭോക്തൃ ലിസ്റ്റ് നിലവിലുണ്ട്. ആയത് പരിഗണിക്കാതെ 2015-16 വർഷത്തിൽ പുതിയലിസ്റ്റ് തയ്യാറാക്കുകയും, അതിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും ചെയ്തു. ഗുണഭോക്തൃ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സർക്കുലർ 45369/തസ്വഭവ 27.09.03 പ്രകാരം പഴയലിസ്റ്റിലെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് മുഴുവൻ ധനസഹായം നൽകിയതിന് ശേഷമേ പുതിയ ലിസ്റ്റ് പരിഗണിക്കാവൂ. ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് മേൽ പദ്ധതി നടപ്പിലാക്കിയത്.

4. വാർഷിക വരുമാന പരിധി മാനദണ്ഡമായ പദ്ധതിയിൽ ഫർണീച്ചർ വിതരണം കഴിഞ്ഞതിന് ശേഷമാണ് ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് പരിശോധിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷനം. | വാർഡ് | വിദ്യാർത്ഥിയുടെ പേര് | രക്ഷിതാവിന്റെ പേര് | വരുമാന സർട്ടിഫിക്കറ്റ് നം./ തീയതി. |
|---|---|---|---|---|---|
| 1. | 4 | 62 | അനഘ.ടി | മോഹൻദാസ്.ടി | 18340583/05.06.16 |
| 2. | 9 | 67 | ശിൽപ.ടി | ശിവാനന്ദൻ | 17649165/28.04.16 |
| 3. | 33 | 48 | അഭിഷേക്.എം | സുനിൽ.എം | 249/14/07.04.16 |
| 4. | 72 | 71 | പ്രിത്വികൃഷ്ണൻ | ലീലാകൃഷ്ണൻ.കെ | 17545611/19.04.16 |

5. <u>വാർഷിക വരുമാന പരിധിയ്ക്ക് മുകളിലുള്ളവർക്കും ആനുകൂല്യം നൽകി.</u>

| | |
|---|---|
| അപേക്ഷ നം./വാർഡ് നം. | : 62/1 |
| വിദ്യാർത്ഥിയുടെ പേര് | : സർഗ്ഗ.കെ.കെ |
| രക്ഷിതാവിന്റെ പേര് | : രാജേഷ്.കെ.കെ |
| സ്കൂളിന്റെ പേര് | : CMC GHS എലത്തൂർ |
| വരുമാന സർട്ടിഫിക്കറ്റ് നം., തീയതി, വരുമാനം | : 16746695, തീ.22.02.16, 60,000 |

6. <u>ഗുണഭോക്താവിന് അർഹത മാനദണ്ഡം ലംഘിച്ച് ആനുകൂല്യം നൽകി.</u>

| | |
|---|---|
| അപേക്ഷ നം./വാർഡ് നം. | : 24/49 |
| വിദ്യാർത്ഥിയുടെ പേര് | : ആതിര.കെ |
| പിതാവിന്റെ പേര് | : രഘുത്തമൻ.കെ |
| വിദ്യാഭ്യാസ സ്ഥാപനം | : പ്രോവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട് - 9 |
| പഠിക്കുന്ന ക്ലാസ്, വിഷയം | : ബി.എസ്.സി, ഡിഗ്രി 2-ാം വർഷം |

ഒന്നാം തരം മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യത്തിനർഹത. എന്നാൽ മേൽ പറഞ്ഞ വിദ്യാർത്ഥിക്ക് നൽകിയ ആനുകൂല്യം അനർഹമായതിനാൽ തുക നൽകിയ നിർവഹണ ഉദ്യോഗസ്ഥൻ 3991/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

7. <u>കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കു ആനുകൂല്യം നൽകി.</u>
വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. | വാർഡ് നം. | വിദ്യാർത്ഥിയുടെ പേര് | പിതാവിന്റെ പേര് | വിദ്യാർത്ഥി പഠിക്കുന്ന സ്കൂൾ |
|---|---|---|---|---|---|
| 1 | 69 | 72 | അധിൻ.പി.കെ | മുഹമ്മദ് | ജി.എം.യു.പി.സ്കൂൾ പുതിയങ്ങാടി |
| 2. | 70 | 72 | മർജാന.പി.കെ | മൻസൂർ | സെന്റ് ആഞ്ചിലോസ് യു.പി.എസ്. കോഴിക്കോട് |
| 3. | 74 | 72 | ഷെറീന.പി.പി | റഫീക്ക് | സി.എം.സി.ജി.എച്ച്.എസ് എലത്തൂർ |
| 4. | 83 | 74 | പ്രത്യുഷ.എൻ.പി | ദേവദാസൻ | സി.എം.സി.ജി.എച്ച്.എസ് എലത്തൂർ |
| 5. | 78 | 72 | ഹ്ദഫൈർമി.പി.കെ | സെമീമ.പി.കെ | എച്ച്.ഐ.എച്ച്.എസ്.എസ് കോഴിക്കോട് - 1 |
| 6. | 91 | 72 | മുഹമ്മദ് മിൻഹാജ്.പി.കെ | റഷീദ്.പികെ | സി.എം.സി.ബോയ്സ് എച്ച്.എസ് |
| 7. | 87 | 72 | അഭയ.ടി.പി | മുരളി | സെന്റ് മൈക്കിൾസ് ജി.എച്ച്.എസ്.എസ്. വെസ്റ്റ്ഹിൽ |

വരുമാന പരിധി കൂടുതലുള്ള വിദ്യാർത്ഥിയ്ക്ക് നൽകിയ തുകയും, അർഹതാ മാനദണ്ഡം ഇല്ലാത്ത വിദ്യാർത്ഥിയ്ക്ക് നൽകിയ തുകയും (3991 X 2 = 7982) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-28 അങ്കണവാടികളിൽ കുടിവെള്ളം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | - സി.ഡി.പി.ഒ. അർബൻ. 1 |
| പ്രോജക്ട് പേര്, നമ്പർ | - അങ്കണവാടികളിൽ കുടിവെള്ളം, 166/ 15-16 |
| അടങ്കൽ തുക, ഫണ്ട് തരം | - 20,02,500/- , വികസന ഫണ്ട് |
| ചെലവ് തുക | - 20,02,500/- ബിൽ നം. 07/15-16, തീയ്യതി - 15.03.2016, (ഡി.ഡി.നം. 497225/16.03.2016) |
| ഭരണാനുമതി നമ്പർ | - 01/07.04.2015 |

കോഴിക്കോട് നഗരസഭ പരിധിയിൽ സ്വന്തം കെട്ടിടമുള്ളതും, കുടിവെള്ളം ലഭ്യമാകാത്തതുമായ അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. മേൽ പദ്ധതി നടപ്പാക്കുന്നതിലൂടെ നഗരസഭ പരിധിയിലെ 131 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാകും. പദ്ധതി നിർവ്വഹണം നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി. 18.11.2015 ലെ ഐ.സി.ഡി.എസ്./യു.ആർ/473/2015 നമ്പർ കത്തിലൂടെ കുടിവെള്ള കണക്ഷന് ആവശ്യമായ (അങ്കണവാടികളുടെ പട്ടിക ഉൾപ്പടെ) എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കെ.ഡബ്ല്യൂ.എ.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ എന്നവരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 19.02.2016 നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 25,00,000/- രൂപയുടെ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത്. എന്നാൽ പദ്ധതിക്കായി വകയിരുത്തിയത് 20,02,500/- രൂപയായതിനാൽ പ്രവൃത്തികൾക്ക് അധികം വരുന്ന തുക പിന്നീട് നൽകാമെന്നുള്ള നിബന്ധനയിൽ മേൽ തുക ട്രഷറിയിൽ നിന്നും പിൻലിച്ച് വാട്ടർ അതോറിറ്റിയിൽ ഡപ്പോസിറ്റ് ചെയ്തു. റഫ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.ഡബ്ല്യൂ.എയിൽ ഡപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തികൾ ആരംഭിക്കുകയോ, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടി സഹിതം താഴെ കൊടുക്കുന്നു.

1. കുടിവെള്ള കണക്ഷൻ ആവശ്യമായ 131 അങ്കണവാടികളുടെ പട്ടിക പരിശോധിച്ചതിൽ 88 അങ്കണവാടികളുടെ സമീപത്തുകൂടെയും കോർപ്പറേഷന്റെ വിവിധ കുടിവെള്ള പദ്ധതികൾ മുഖേന ഗുണഭോക്താക്കൾക്ക് ജലം ലഭ്യമാക്കുന്നുണ്ട്. (2 മീറ്റർ മുതൽ 200 മീറ്റർ വരെ ദൂരത്തിൽ). ആയതിൽ നിന്നും അങ്കണവാടികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനു പകരമാണ് കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന ജലം ലഭ്യമാക്കുവാൻ തുക നിക്ഷേപിച്ചത്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിൽ മാർച്ച് മാസം അവസാനിക്കുന്നതിന് മുമ്പ് പണം ചെലവഴിക്കേണ്ടതിനാലാണ് പദ്ധതി ഏറ്റെടുത്ത് നടത്തിയത് എന്നാണ് അറിയിച്ചത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. 07.04.2015 ന് ഭരണാനുമതിയും, 23.05.2015 ന് ജില്ല സാമൂഹ്യ നീതി ഓഫീസറുടെ അംഗീകാരവും ലഭിച്ച പദ്ധതി നടപ്പാക്കുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും ജൂൺ മാസത്തിൽ തന്നെ പൂർത്തിയായതാണ്. പദ്ധതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കെ.ഡബ്ല്യൂ.എ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ എന്നവരോട് നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടത് 18.11.2015 നും തുക അനുവദിച്ചത് വർഷാന്ത്യത്തിലും. പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയാണ്. ആയതിന് തൃപ്തികരമല്ലാത്ത കാരണങ്ങളാണ് ഓഡിറ്റിൽ നൽകിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുമായി ബന്ധമില്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥർ തങ്ങൾക്ക് പ്രാവീണ്യമില്ലാത്ത മേഖലയിൽ പ്രവൃത്തികൾ ചെയ്യുന്നത് ശരിയായ നടപടിയല്ല.
2. 16.11.2013 ലെ ജി.ഒ(എം.എസ്) 362/2013/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ (2012-17 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ

പദ്ധതി ആസൂത്രണ പ്രക്രിയകൾ നടപ്പിലാക്കുന്നതിനുള്ള സമയക്രമം സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം കർമ്മ സമിതികളാണ് സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പദ്ധതി നിർദ്ദേശങ്ങൾ തുടങ്ങിയവ തയ്യാറാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനെ ഏൽപ്പിക്കേണ്ടത്. എന്നാൽ മേൽ നടപടിക്രമങ്ങൾ കൃത്യതയോടെ പാലിക്കാത്തതിനാലാണ് പദ്ധതി തുകയുടെ ചെലവ് എസ്റ്റിമേറ്റ് കണക്കാക്കി വകയിരുത്തുവാൻ കഴിയാതെ പോയത്.

പദ്ധതി പൂർത്തികരിച്ച് ഓഡിറ്റിൽ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട് കർമ്മസമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-29 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയസ്കൂട്ടർ - പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥ | - സി.ഡി.പി.ഒ.അർബ്ബൻ -3 |
| പ്രോജക്റ്റ് നമ്പർ | - എസ്--0086/16 |
| ചെലവഴിച്ച തുക | - 7,15,000 /-ബിൽ നമ്പർ 14-15/16, തിയ്യതി:28.3.16 |

ശാരിരികവെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്യുന്നതിനുവേണ്ടി 7,15,000/- രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് (ഡി.ഡി.നം 498578/5.4.2016) ഡയറക്ടർ കേരള സ്റ്റേറ്റ് ഹാന്റികേപ്പ്ഡ് പേർസൺസ് വെൽഫെയർ സൊസൈറ്റിയുടെ പേരിൽ എടുത്ത് നിർവഹണ ഉദ്യോഗസ്ഥ കൈവശം വച്ചിരിക്കുകയാണ്. പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. 05.04.2016 ന് ഡിമാൻറ് ഡ്രാഫ്റ്റ് എടുത്ത് എട്ടുമാസം പിന്നിട്ടിട്ടും ബന്ധപ്പെട്ടവർക്ക് കൈമാറാതെ നിർവ്വഹണഉദ്യോഗസ്ഥ കൈവശം വച്ചിരിക്കുന്നു.
2. പദ്ധതി പ്രകാരം 10 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ 4 പേർക്ക് ലൈസൻസ് ഉണ്ട്. ബാക്കിയുള്ള ആറു ഗുണഭോക്താക്കളെ പ്രത്യേക മെഡിക്കൽ ക്യാമ്പിലൂടെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചത്. ഇവർ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരാണോ എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമല്ല. ഒരേ പദ്ധതി നടത്തിപ്പിൽ രണ്ട് മാനദണ്ഡങ്ങൾ സ്വീകരിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് ശരിയായ നടപടിക്രമമല്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുകയായ 7,15,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-30 സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി.

| | |
|---|---|
| പ്രോജക്ട് നമ്പർ | : SOO84/16 |
| പ്രോജക്ടിന്റെ പേര് | : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മെഡിക്കൽ ക്യാമ്പും, ഉപകരണങ്ങൾ നൽകലും |
| അടങ്കൽ | : 30,00,000/- (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | : 29,64,611 /-ബിൽ നം. 17/15-16 തീ.22.03.2016 |
| നിർവ്വഹണം | : സി.ഡി.പി.ഒ. അർബൺ 3 |

നഗരസഭാ പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ നിർണ്ണയിക്കുന്നതിന് മെഡിക്കൽ ക്യാമ്പ് നടത്തുകയും, അർഹരായവർക്ക് ഉപകരണം നൽകലുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിയ്ക്കുന്നത്.(മെഡിക്കൽ ക്യാമ്പ് -

2,00,000/-രൂപ, ഉപകരണങ്ങൾ - 28,00,000/-) ഇതിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ നേതൃത്വത്തിൽ 2016 ഫെബ്രുവരി 18 മുതൽ 20 വരെ മെഡിക്കൽ ക്യാമ്പ് നടത്തി. പ്രസ്തുത ക്യാമ്പിൽ ഓർത്തോ വിഭാഗത്തിൽ 258 പേരും ഇ.എൻ.ടി വിഭാഗത്തിൽ 187 പേരും പങ്കെടുത്തു. ഇ.എൻ.ടി, ഓർത്തോ, മറ്റിതര വിഭാഗങ്ങളിലെ ഡോക്ടർമാർ ഗുണഭോക്താക്കളെ പരിശോധിച്ച്, ഇ.എൻ.ടി വിഭാഗത്തിൽ 90% ത്തിനുമുകളിൽ കേൾവിക്കുറവുള്ള 82 പേരെയും ഓർത്തോ വിഭാഗത്തിൽ 55% ത്തിനു മുകളിൽ വൈകല്യമുള്ള 115 പേരെയും തെരെഞ്ഞെടുക്കുകയും, അവർക്ക് അനുയോജ്യമായ ഉപകരണങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ തന്നെയാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 16.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) 362/ 2013 തസ്വഭവയിൽ അനുബന്ധം 16 ഖണ്ഡിക 5-4(1) പ്രകാരം ഓരോ വ്യക്തിയ്ക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും, സ്പെസിഫിക്കേഷനും മതിപ്പ വിലയും നിശ്ചയിച്ച ശേഷം മാത്രമേ ഇതിനായുള്ള പ്രോജക്ട് തയ്യാറാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണ ആവശ്യകത നിർണ്ണയ കാമ്പ് നടത്തണം. എന്നാൽ ഇവിടെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ക്യാമ്പിന്റെ നടത്തിപ്പ് ചെലവ് ഉൾപ്പെടെയുള്ള പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നത്.

2. മെഡിക്കൽ ക്യാമ്പിനും, ഉപകരണങ്ങളുടെ വിതരണത്തിനുമായി ചെലവഴിച്ച 29,64,611/- രൂപയുടെ ചെലവ് താഴെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ബിൽ നമ്പർ/തീയതി. | ഇനങ്ങൾ | തുക |
|---|---|---|---|
| 1. | 386-4/B3/13<br>എച്ച്.ഡബ്ല്യൂ.പി.സി.16<br>കേരള സ്റ്റേറ്റ് ഹാന്റികാപ്പ്ഡ് വെൽഫെയർ കോർപ്പറേഷൻ | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണം | 27,99,861 |
| 2. | ബിൽ നം.098, തീയതി.15.02.2016<br>നാഷണൽ ഗ്രാഫിക്സ് കോഴിക്കോട് | പോസ്റ്റർ ബിൽ ചാർജ്ജ് | 12,500 |
| 3. | ബിൽ നം.14734/തീയതി.18.02.16<br>ഗ്രാനിസ് കാലിക്കറ്റ് | ചായ, മറ്റ് ചെലവുകൾ | 9340 |
| 4. | ബിൽ നം.14776/തീയതി.19.02.16<br>ഗ്രാനിസ് കാലിക്കറ്റ് | ചായ, മറ്റ് ചെലവുകൾ | 9830 |
| 5. | ബിൽ നം.147111/തീയതി.20.02.16<br>ഗ്രാനിസ് കാലിക്കറ്റ് | ചായ, മറ്റ് ചെലവുകൾ | 10,990 |
| 6. | ബിൽ നം.540/തീയതി.20.02.16<br>എൻ.പി.എ. സൗണ്ട്സ്, തിരുവണ്ണൂർ | ലൈറ്റ് & സൗണ്ട്സ് | 38,150 |
| 7. | ബിൽ നം.1220 തീയതി.20.02.16<br>ഒയാസീസ് തിരുവണ്ണൂർ | ആർച്ച് നിർമ്മാണം | 8250 |
| 8. | ബിൽ നം.198/തീയതി.20.02.16<br>എം.എസ്.ഏജൻസീസ് കാലിക്കറ്റ് | ചെയർ, ടേബിൾ ചാർജ്ജ് | 14,250 |

| | | | |
|---|---|---|---|
| 9. | ബിൽ നം.197/തീയതി.20.02.16 ന്യൂസ്റ്റാർ പുതിയ പാലം | പന്തൽ ചാർജ് | 49440 |
| 10. | വൗച്ചർ നമ്പർ.1/തീയതി.20.02.2016 പ്രശാന്ത്.എം.കെ | ഗ്രൗണ്ട് വാടക | 9000 |
| 11. | വൗച്ചർ നമ്പർ.11/തീയതി.20.02.16 സേതുലക്ഷ്മി കാലിക്കറ്റ് | ശുചീകരണ ചാർജ്ജ് | 1500 |
| 12. | വൗച്ചർ നം.111 | സെക്യൂരിറ്റി ചാർജ്ജ് | 1500 |
| ആകെ | | | 29,64,611 |

കോർപ്പറേഷന്റെ ഉടമസ്ഥതയിൽ വിവിധ ഹാളുകളും, ഗ്രൗണ്ടുകളും, സ്റ്റേഡിയം ഉൾപ്പെടെ ഉണ്ടായിരുന്നിട്ടും ഈ പരിപാടി ഒരു സ്വകാര്യ ഗ്രൗണ്ടിൽ വച്ച് നടത്തിയതും, അതിലേയ്ക്കായി ലൈറ്റ് ആന്റ് സൗണ്ട്സ്, പന്തൽ ചാർജ്ജ്, ഗ്രൗണ്ട് വാടക, ചെയർ ആന്റ് ടേബിൾ ചാർജ്ജ്, സെക്യൂരിറ്റി ചാർജ്ജ് എന്നിവ നൽകിയതും ഒഴിവാക്കാവുന്ന ചെലവുകളാണ്. ആർച്ച് നിർമ്മാണം പദ്ധതി ചെലവിൽ ഉൾപ്പെടുത്താവുന്നതല്ല. മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തതിൽ നിന്നും വ്യത്യസ്ഥമായ ആവശ്യങ്ങൾക്കാണ് വികസന ഫണ്ടിൽ നിന്നും ഇത്രയും വലിയ തുക ചെലവഴിച്ചത്. സർക്കാർ നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് മെഡിക്കൽ ക്യാമ്പ് നടത്തിയതിനും, നഗരസഭയുടെ സൗകര്യങ്ങൾ ഉപയോഗിക്കാതെ പദ്ധതി തുക പാഴാക്കിയതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നം.3/15-16) മറുപടി ലഭിച്ചില്ല. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ടാഗോർ ഹാളിന്റെ ബുക്കിംഗ് വിവരങ്ങൾ പരിശോധിച്ചപ്പോൾ മെഡിക്കൽ കാമ്പ് നടത്തിയ ഫെബ്രുവരി മാസത്തിൽ ഒന്നു മുതൽ പത്ത് വരെ തിയതികളിൽ രണ്ടു ദിവസം മാത്രമാണ് ഹാൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഈ തിയ്യതികളിൽ ക്യാമ്പ് നടത്തിയിരുന്നെങ്കിൽ മേൽ വിവരിച്ച ചെലവുകൾ ഒഴിവാക്കാമായിരുന്നു. മുകളിൽ വിവരിച്ച ഇനങ്ങൾക്ക്(ലൈറ്റ് ആന്റ് സൗണ്ട്സ്, പന്തൽ ചാർജ്ജ്, ഗ്രൗണ്ട് വാടക, ചെയർ ആന്റ് ടേബിൾ ചാർജ്ജ്, സെക്യൂരിറ്റി ചാർജ്ജ്,ആർച്ച് നിർമ്മാണം) ചെലവാക്കിയ 1,20,590/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-31 അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - ആവശ്യകത വിലയിരുത്താതെയും പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയും പദ്ധതി തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥ - സി.ഡി.പി.ഒ. അർബൻ. 1
പ്രോജക്ട് പേര്, നമ്പർ - അങ്കണവാടികളുടെ സമഗ്ര വികസനം, 140/ 15-16
അടങ്കൽ തുക, ഫണ്ട് തരം - 15,00,000/- , വികസന ഫണ്ട്
ചെലവ് തുക - 14,98,734/- [ബിൽ നം. 19/15-16, തീയ്യതി - 31.03.2016]

കോർപ്പറേഷൻ പരിധിയിലെ 75 വാർഡുകളിൽ ഒരു വാർഡിലെ ഒരു അങ്കണവാടിക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകി. അങ്കണവാടികളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി ഓഡിറ്റ് വർഷത്തിൽ 42 കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ മേൽ വിവരിച്ച ബിൽ പ്രകാരം തുക പിൻവലിച്ച് 'ശോഭന ടെലികോം'ലാമിയാസ് ബിൽഡിംഗ്, ഈസ്റ്റ് കോട്ടപ്പറമ്പ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| Dell Vestro 3800 comouter core3 with UPS & accessories | @33900 | 42 nos | 1423800 |
| | | Vat 5% | 71190 |
| (ഡി.ഡി.നം.498998, 11.04.2016) | | | **1494990** |
| പരസ്യ ചാർജ്ജ് (മാതൃഭൂമി ദിനപത്രം) | | | 3744 |
| | | ആകെ | 1498734 |

<u>പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.</u>

1. 03.07.2012 ലെ (സാധാ)1838/2012/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പൊതു ടെൻഡറിലൂടെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.
2. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡികകൾ 8.17 - 8.20 പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനത്തിൽ നിന്നും കരാർ തുകയുടെ 5% പെർഫോർമെൻസ് സെക്യൂരിറ്റിയായി വാങ്ങണം. എന്നാൽ അപ്രകാരം പെർഫോർമെൻസ് സെക്യൂരിറ്റി വാങ്ങിയിട്ടില്ല.
3. 16.01.2016 ലെ എ.ബി.2/703/2015/ത.സ്വ.ഭ.വ നം. സർക്കുലർ പ്രകാരം 10,00,000/- രൂപക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്ന കമ്പ്യൂട്ടറുകൾ, സെർവ്വർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്ന ഘട്ടത്തിൽ ഭരണവകുപ്പിന്റേയും, ഐ.റ്റി. വകുപ്പിന്റേയും അനുമതി തേടേണ്ടതും ഇതു സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട വകുപ്പുകളിൽ വാങ്ങേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള അനുമതിയും സാക്ഷ്യപത്രങ്ങളും വാങ്ങി നൽകിയിട്ടില്ല.
4. ടെണ്ടറിൽ പങ്കെടുത്ത 3 ഏജൻസികളും 'ഡെൽ' കമ്പനി നിർമ്മിക്കുന്ന കമ്പ്യൂട്ടറുകളാണ് വിതരണം നടത്തുക എന്ന് പ്രത്യേകം കാണിച്ചാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. 'ഡെൽ'കമ്പനിയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടേയും വില ഡി.ജി.എസ് &ഡി. വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നോ, അംഗീകൃത ഡീലർമാരിൽ നിന്നോ വാങ്ങുന്നതാണ് കൂടുതൽ ലാഭകരം എന്ന സാദ്ധ്യത പർച്ചേസിംഗ് കമ്മിറ്റിയോ, നിർവഹണ ഉദ്യോഗസ്ഥയോ പരിശോധിച്ചിട്ടില്ല. [കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.47]
5. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്നതല്ലെങ്കിൽ ടെണ്ടർ സ്ഥിരീകരിച്ച് ഓർഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേസ് ഓഫീസർ ബാധ്യസ്ഥനാണ്. 'ശോഭന ടെലികോം' ഏജൻസി ടെണ്ടറിനൊപ്പം നൽകിയ ലെറ്റർ ഹെഡ് പ്രകാരം പ്രസ്തുത സ്ഥാപനം 'Optima EPABX, Karel & Transtel Digital ISDN Key Telephone Systems, NEC IP System & Beetel Telephones' എന്ന ഉപകരണങ്ങൾ വിതരണം നടത്തുന്ന സ്ഥാപനമാണ്. ആയതിൻ പ്രകാരം മേൽ സ്ഥാപനത്തിന് കമ്പ്യൂട്ടറും അനുബന്ധ ഉപരണങ്ങളും വിൽപ്പന നടത്തുന്നതിനായി അംഗീകാരം ലഭ്യമായിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥാപനത്തിന് കോർപ്പറേഷൻ പരിധിയിൽ വ്യാപാരം നടത്തുന്നതിന് സെക്രട്ടറി അനുവദിച്ച ഡി.ആന്റ്.ഒ.ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ വിതരണം നടത്തുന്നതിന് അംഗീകാരം ലഭ്യമാക്കാത്ത വിതരണക്കാരിൽ നിന്നാണ് പ്രാഥമികമായ അന്വേഷണം നടത്താതെ പർച്ചേയ്സ് നടത്തിയിട്ടുള്ളത്.

6. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.
7. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12 പ്രകാരം സാധനം വാങ്ങുമ്പോൾ സർക്കാരിലേക്ക് അടയ്ക്കേണ്ട വാറ്റ് സാധനത്തിന്റെ വിലയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. ഈ തുക സർക്കാരിലേക്ക് അടവാക്കിയെന്ന് നിർവ്വഹണോദ്യാഗസ്ഥൻ ഉറപ്പവരുത്തേണ്ടതാണ്. വിതരണക്കാരൻ നൽകിയ ഇൻവോയിസ് പ്രകാരം 14,94,990/-രൂപ ഈടാക്കിയതിൽ 71,190/-രൂപ വാറ്റ് ഇനത്തിൽ കേരള സർക്കാരിലേക്ക് അടവാക്കാനുള്ളതാണ്. എന്നാൽ വാറ്റിനത്തിൽ അടവാക്കിയ തുകയുടെ കൃത്യത നിർവ്വഹണോദ്യാഗസ്ഥ ഉറപ്പ് വരുത്തിയിട്ടില്ല.
8. വിതരണം ചെയ്യുന്ന കമ്പ്യൂട്ടറുകളുടെ ഓപ്പറേറ്റിംഗ് സിസ്റ്റം Windows 7 & Linex എന്നീ സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതാണെന്ന് വിതരണക്കാരൻ നഗരസഭ അധികൃതരെ അറിയിച്ചിട്ടുണ്ട്. കൂടാതെ ആന്റി വൈറസ് സംവിധാനവും കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യും. എന്നാൽ വിതരണം ചെയ്ത കമ്പ്യൂട്ടറുകളിൽ ലിനക്സ് സോഫ്റ്റ് വെയർ മാത്രമേ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളൂ. മേൽ അപാകത പരിശോധിക്കാതെയും, ക്ഷമതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും അഭിപ്രായം ലഭ്യമാക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ വിതരണക്കാരന് പണം കൈമാറിയത്.

മേൽ അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥക്ക് കുറിപ്പ് നൽകിയതിന് (ഒ.എസ്. നം.30/2015-16, തീയ്യതി. 30.08.2016) സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

"നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് മേൽ പദ്ധതി നടപ്പാക്കിയത്. കമ്പ്യൂട്ടർ പർച്ചേസ് ടെണ്ടർ ചെയ്തപ്പോൾ ഇ.എം.ഡി. മാത്രമേ ഈടാക്കിയിട്ടുള്ളൂ (15,000/- രൂപ). പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അനുമതിയും സ്പെസിഫിക്കേഷനും വാങ്ങിയെങ്കിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് ഒഴിവാക്കി നഗരസഭയിൽ പ്രവർത്തിക്കുന്ന ഐ.കെ.എം ജീവനക്കാരിൽ നിന്നും സ്പെസിഫിക്കേഷൻ വാങ്ങി ടെണ്ടർ സമർപ്പിച്ച 3 ഏജൻസികളേയും വിളിച്ച് വരുത്തി മേൽ വിവരിച്ച ടെണ്ടർ മതിയെന്ന് തീരുമാനിക്കുകയായിരുന്നു. ഇതു കാരണം പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഗുണമേന്മ സർട്ടിഫിക്കറ്റ് നൽകിയില്ല. കൂടാതെ വാറ്റ് തുക വിതരണ ഏജൻസി അടവാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ നിലവിലെ സി.ഡി.പി.ഒ.യെ ചുമതലപ്പെടുത്തുന്നതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മേൽ മറുപടി തൃപ്തികരമല്ല. കമ്പ്യൂട്ടർ പർച്ചേയ്സുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവർ പ്രകടിപ്പിച്ച നിർദ്ദേശങ്ങൾ പ്രസ്തുത കമ്മിറ്റിയുടെ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് നടത്തേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ച വരുത്തി. സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് അംഗീകരിച്ച പ്രീപ്രൈമറി വിദ്യാഭ്യാസം സിലബസ്സിൽ കമ്പ്യൂട്ടർ വിനിയോഗിച്ചുള്ള പഠനത്തിന് അംഗീകാരം നൽകിയിട്ടില്ല. സർക്കാർ അംഗീകരിച്ച പാഠ്യ വിഷയത്തിൽ നിന്ന് വ്യതിചലിച്ച് പുതിയ പഠനരീതികൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാതെയാണ് അങ്കണവാടികളിൽ കമ്പ്യൂട്ടർ പഠനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ വിവരങ്ങൾ കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥയുടേതാണ്. ആയത് നിർവ്വഹിച്ചിട്ടില്ല. മേൽ വിവരം പദ്ധതിക്ക് അനുമതിയും അംഗീകാരവും നൽകിയ ജില്ല സാമൂഹ്യ നീതി വകുപ്പ് ഓഫീസറും പരിശോധിച്ചില്ല. ഓഡിറ്റ് വേളയിൽ അങ്കണവാടികളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് പ്രീസ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിൽ അങ്കണവാടികളിലെ ടീച്ചർമാർക്ക് പരിശീലനം നൽകിയിട്ടില്ല എന്ന് അറിയിച്ചു.

16.11.2013 ലെ(എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ

ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നഗരസഭ വിശദമായി അന്വേഷണം നടത്തേണ്ടതും, അങ്കണവാടികളിൽ കമ്പ്യൂട്ടറിന്റെ ആവശ്യകത സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതുമാണ്. മേൽ കാരണങ്ങളാൽ ഇതിനായി ചെലവഴിച്ച 14,98,734/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വീഴ്ചകൾക്ക് വിശദമായ മറുപടി ലഭ്യമാക്കാത്ത പക്ഷം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെയും പ്രോജക്ടിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥയുടെയും വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. കമ്പ്യൂട്ടർ നൽകിയ ഓരോ അങ്കണവാടിയിലും ആയതു ഏതു വിധത്തിൽ ഉപയോഗിക്കുന്നു എന്ന് പ്രത്യേകം റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-32 ഉയർന്ന വരുമാനമുള്ള ഗുണഭോക്താവിന് കറവ പശുവിനെ വാങ്ങാൻ സബ്സിഡി നൽകി

| | | | | |
|---|---|---|---|---|
| നിർവ്വഹണം | : സീനിയർ വെറ്റിനറി സർജ്ജൻ | | | |
| പ്രോജക്ട് നമ്പർ | : 542/16 (സ്പിൽ ഓവർ) | | | |
| അടങ്കൽ | : വികസന ഫണ്ട് | : 45,000 | | |
| | ഗുണഭോകതൃവിഹിതം | : 45,000 | | |
| | ആകെ | : 90,000 | | |
| ചെലവ് | : ബിൽ നം.എസ്.ഒ.03/15-16/22.08.2015 | | : | 30,000 |
| | 06/15-16/12.01.2016 | | : | 15,000 |
| | | | | 45,000 |

മേൽ പ്രോജക്ട് മുഖേന ഒരു കറവ പശുവിന് 30,000 രൂപ നിരക്കിൽ (15000 ഗുണഭോകതൃവിഹിതം+15000 രൂപ സബ്സിഡി )45,000 രൂപ താഴെ കാണിച്ച മൂന്ന് ഗുണഭോക്താക്കൾക്ക് കറവപ്പശുവിനെ വാങ്ങാൻ സബ്സിഡി നൽകി.

എ) സാവിത്രി.എം.എൻ, സായിനിവാസ്
ബി) മാധവൻ നെല്ലൂളിത്താഴത്ത്, പുതിയങ്ങാടി(പി.ഒ)
സി) പ്രവീഷ് കുമാർ, ചമ്പയിൽ ചിറ്റേക്കാട്ട്

ഇതിൽ മാധവൻ എന്നയാളുടെ കുടുംബ വാർഷിക വരുമാനം, എലത്തൂർ വില്ലേജ് ഓഫീസറുടെ 196/15 നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 1,68,000 രൂപയാണ്. ജി.ഒ(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി.06.11.2013 ഖണ്ഡിക 3-2-1 പ്രകാരം കുടുംബവാർഷിക വരുമാനം അമ്പതിനായിരം രൂപയിൽ കവിയാത്തവർക്കും നാമമാത്ര കർഷകർക്കുമാണ് കറവപ്പശുവിനെ വാങ്ങുന്നതിനുള്ള സബ്സിഡിക്ക് അർഹതയുള്ളത്. ശ്രീ.മാധവന്റെ റേഷൻ കാർഡിന്റെ പകർപ്പിൽ ടിയാന്റെ തൊഴിൽ 'പെൻഷണർ' എന്നാണ് കാണിച്ചിട്ടുള്ളത്. കൂടാതെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3-2 ന്റെ കുറിപ്പ് പ്രകാരം പശുവിനെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അയാളുടെ പേരിലാണ് ഡിമാന്റ് ഡ്രാഫ്റ്റ് നൽകേണ്ടത്. ഇവിടെ ഗുണഭോക്താവായ ശ്രീ.മാധവന്റെ പേരിലാണ് 495748/29.01.2016 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 9-8-16 ലെ 18/15-16 ഒ.എസിന് 3-12-2016 ന് 214/16 നമ്പരായി വെറ്ററിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ ശ്രീ.മാധവൻ എന്നയാളിൽ നിന്നും 15,000 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തുക ട്രഷറിയിൽ അടച്ചതിന്റെ ചെലാൻ സമർപ്പിക്കുന്നുണ്ടെന്നും അറിയിച്ചെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 15,000 രൂപയുടെ ചെലവ് തുക നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സീനിയർ വെറ്റിനറി സർജനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-33 കറവ പശു വളർത്തൽ - പ്രോജക്ട് - ചെലവ് രേഖകൾ ലഭ്യമല്ല.

പ്രോജക്ടിന്റെ നമ്പർ : 145/16
നിർവഹണ ഉദ്യോഗസ്ഥൻ : സീനിയർ വെറ്റിനറി സർജൻ
ചെലവ് തുക : 4,35,000 ബിൽ നം.6/31.03.16 (വികസന ഫണ്ട്)
4,50,000 (ഗുണഭോക്തൃവിഹിതം)
8,85,000

മേൽ പ്രോജക്ട് മുഖേന 29 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായി 15,000/- രൂപ വീതം സബ്സിഡി നൽകുന്നതിന് 4,35,000/- രൂപ (29x15,000) ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്നു. അപാകതകൾ.

1. കുടുംബവാർഷിക വരുമാനം 50,000 -ൽ താഴെയാണെന്ന് കാണിക്കുന്ന രേഖകളില്ല.

തൻവർഷം ആനുകൂല്യം ലഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ വാർഷിക വരുമാനം (ജി.ഒ(എം.എസ്)362/2013/തസ്വഭവ തീയതി.16.11.2013 സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം) 50,000 -ൽ കവിയാത്തതാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

| |
|---|
| 1) സി.ശിവരാമൻ, വാർഡ് - 6 കുണ്ടുപറമ്പ് |
| 2) ശിവാനന്ദൻ.വി, വാർഡ് - 5 എലത്തൂർ |
| 3) ശ്രീജ.കെ, വാർഡ് - 6 കീഴിശ്ശേരി ഹൗസ് കരുവിശ്ശേരി |

2. പശുവിനെ ഇൻഷ്വർ ചെയ്തതിന് രേഖയില്ല

മേൽ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ തങ്ങളുടെ പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല

| |
|---|
| 1) വിജയലക്ഷ്മി.പി, വാർഡ് 48, ബി.സി.റോഡ് |
| 2) ബേബി.പി, വാർഡ് - 47 പൂഞ്ഞാട്ടിൽ |
| 3) സിന്ധു, വാർഡ് - 39 തിരുവണ്ണൂർ |

3 . താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ രേഖയില്ലാതെ തന്നെ ആനുകൂല്യത്തിന് തെരഞ്ഞെടുത്തു.

| | |
|---|---|
| 1 | സി.ശിവരാമൻ, കുണ്ടുപറമ്പ് |
| 2 | ബാബു.എം.കെ,വേങ്ങരി |
| 3 | ധർമ്മപുത്രൻ, എലത്തൂർ |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-34 ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ : ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല

പ്രൊജക്റ്റ് നം. : 1347/16
ഫയൽ നം. : F6/91108/15
അടങ്കൽ : 500000/-രൂപ
നിർവ്വഹണം : ഹെൽത്ത് ഓഫീസർ
ചെലവ് തുക : 2,70,127/-രൂപ (ബിൽ നം.4/15-16/31.3.2016)

നഗരസഭയ്ക്ക് കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് സിഡ്കോയിൽ നിന്നും വിവിധ ഫർണ്ണിച്ചറുകൾ വാങ്ങി നൽകിയതിന് ചുവടെ ചേർത്ത പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തുക ചെലവഴിച്ചതായി കാണുന്നു.

| ക്രമ നം. | ഇനം | എണ്ണം | വില (യൂണിറ്റിന്) | ആകെ വില |
|---|---|---|---|---|
| 1 | Steel table with one drawer & one cupboard laminated board top 135X75X75cm | 6 | 6563 | 39378 |
| 2 | Steel Almarah 198X90X48cm (20G) | 7 | 9399 | 65793 |
| 3 | Steel slotted angle rack 6 panel | 16 | 4558 | 72928 |
| 4 | Fibre Chair (Nilkamal) | 20 | 568 | 11360 |
| 5 | Anjili wood stool 40X40X45cm | 10 | 1519 | 15190 |
| 6 | Anjali bench 180X30X45cm | 10 | 3127 | 31270 |
| | | | Total | 235919 |
| | | | Vat 14.5% | 34208 |
| | | | Grand total | 270127 |

മേൽ പ്രകാരം വാങ്ങിയ ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതായോ ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലേക്ക് വിതരണം നടത്തിയതായോ കാണുന്നില്ല. ഫർണ്ണിച്ചറിന്റെ സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനായി ഒ.എസ്.നം.80/15-16/22.11.2016 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,70,127/-രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 3-35 ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ -മാർഗ്ഗനിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി

പ്രൊജക്റ്റ് നം : 527/16
ഫയൽ നം. : F1/96003/15
അടങ്കൽ : 150000/-
ചെലവ് തുക : 149000/-
നിർവ്വഹണം : ഹെൽത്ത് ഓഫീസർ

ഉറവിട മാലിന്യ സംസ്കരണം -ക്ലീൻ കോഴിക്കോടിന്റെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ ടെണ്ടർ മുഖേന കോഴിക്കോട്ടുള്ള M/s. മെഗാടെക് ഇൻഫോകോം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം./ തീയതി | ഇനം | എണ്ണം | ചെലവു തുക | ബിൽ നം./തീയതി |
|---|---|---|---|---|
| CUS 712/8.2.2016 | Desk top Acer 13 processor | 2Nos. | 48570 | 2/15-16/24.2.2016 |
| | Acer Monitor 18.5" | 2Nos. | 11130 | |
| | Toshiba Photostat | 1No. | 79500 | |
| | printer | 1No. | 9800 | |
| | | ആകെ | 149000 | |

3.7.2012 ലെ (സാധാ)/1838/2012/ത.സ്വ.ഭ.വ.നം. സർക്കാർ ഉത്തരവ് ഖണ്ഡിക 7 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിനെക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ./16.1.2012, ഖണ്ഡിക 3(ii)റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പൊതു ടെണ്ടറിലൂടെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് ഓഡിററ് ഒബ്ജക്ഷൻ സ്റ്റേററ്മെന്റ് (ഒ.എസ്.നം.81/15-16/22.11.2016) മുഖേന വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു. ആയതിന് നൽകിയ മറുപടിയിൽ പ്രൊജക്റ്റ് നിർദ്ദേശമനുസരിച്ചാണ് ടെണ്ടറിലൂടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രാബല്യത്തിലുള്ള നിയമങ്ങൾക്കും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണ് പ്രൊജക്റ്റുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനാണ്. പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-36 ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്നു വാങ്ങൽ : അഡ്വാൻസ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. : 494/16

ഫയൽ നം. : F1/89615/15
അടങ്കൽ : 15,00,000/-(മെയിന്റനൻസ് ഗ്രാന്റ്)
നിർവ്വഹണം : ഹെൽത്ത് ഓഫീസർ
ചെലവു തുക : 15,00,000/-രൂപ (ബിൽ നം.1/15-16/29.1.2016)

സർക്കാരിൽ നിന്നും കൈമാറിക്കിട്ടിയ ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്നു ലഭ്യമാക്കുന്നതിനു നഗരസഭ 1500000/-രൂപ ചുവടെ ചേർത്ത പ്രകാരം കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് അനുവദിച്ചിട്ടുണ്ട്.(8.1.2016 ലെ 94ാം നം. കൗൺസിൽ തീരുമാനം).

| ക്രമ നം. | ഡിസ്പൻസറിയുടെ പേര് | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | അനുവദിച്ച തുക | ഡി. ഡി.നം./തീയതി |
|---|---|---|---|---|
| 1 | ഗവ.ഹോമിയോ ഡിസ്പൻസറി, പയ്യാനക്കൽ | PF-815/14.11.2015 | 250000 | 495787/1.2.2016 |
| 2 | ഗവ.ഹോമിയോ ഡിസ്പൻസറി, മലാപറമ്പ് | PF-816/14.11.2015 | 250000 | " |
| 3 | ഗവ.ഹോമിയോ ഡിസ്പൻസറി, പന്നിയങ്കര | PF-817/14.11.2015 | 250000 | " |
| 4 | ഗവ.ഹോമിയോ ഡിസ്പൻസറി, നല്ലളം | PF-818/14.11.2015 | 250000 | " |
| 5 | ഗവ.ഹോമിയോ ഡിസ്പൻസറി, മാങ്കാവ് | PF-819/14.11.2015 | 250000 | " |
| 6 | ഗവ.ഹോമിയോ ഡിസ്പൻസറി, ബേപ്പൂർ | PF-820/14.11.2015 | 250000 | " |
| | | ആകെ | 1500000 | |

പദ്ധതി നിർവ്വണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് 1500000/-രൂപ ഹോംകോക്ക് 1.2.2016 ന് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സ്ഥാപനം മരുന്ന് ലഭ്യമാക്കിയിട്ടില്ല.
2. ഡിസ്പൻസറികളിലേക്കാവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിട്ടിട്ടും ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർനടപടികൾ സ്വീകരിച്ചു കാണുന്നില്ല.
3. മുൻകൂർ തുക അനുവദിക്കുമ്പോൾ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിററ് ഒബ്ജക്ഷൻ സ്റ്റേററ്മെന്റിന് (ഒ.എസ്.നം.79/15-16/22.11.2016) 17.12.2016 ന് അഡീഷണൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സ്ഥാപനമായതിനാലാണ് ഹോംകോയുമായി കരാർ വെയ്ക്കാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂറായി തുക അനുവദിക്കുമ്പോൾ സ്ഥാപനവുമായി കരാർ വെയ്ക്കേണ്ടതാണ്.

ആകെയുള്ള 6 ഡിസ്പൻസറികളിൽ പയ്യാനക്കൽ ഡിസ്പെൻസറി , ചെറുവണ്ണൂർ ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ രണ്ടര ലക്ഷം രൂപ വീതം വിലവരുന്ന മരുന്നുകൾ യഥാക്രമം 5/16, 10/16 എന്നീ കാലയളവിൽ ലഭ്യമായതായി മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും മരുന്നിന്റെ സ്റ്റോക്ക് രജിസ്ററർ, ബിൽ, ഇൻവോയ്സ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബാക്കിയുള്ള 4 ഡിസ്പെൻസറികളിലേക്ക് മരുന്നുകൾ ഇനിയും ലഭ്യമാക്കിയിട്ടില്ലെന്നു കാണുന്നു. രോഗികൾക്ക് അത്യാവശ്യമായി ലഭിക്കേണ്ട മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ഗുരുതരമായ വീഴ്ചയാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 15,00,000/-രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 3-37 പണം നൽകി ഒമ്പത് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | : 480/16 (അലോപ്പതി ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് വാങ്ങൽ) |
| നിർവ്വഹണം | : ഹെൽത്ത് ഓഫീസർ |
| അടങ്കൽ | : 18,00,000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | : 17,99,999/- (ബിൽ നം.03/15-16,തിയ്യതി:30.01.2016) |

നഗരസഭയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 അലോപ്പതി ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് വാങ്ങി നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ ബിൽ പ്രകാരം പിൻവലിച്ച് തുക ഡി.ഡി.യാക്കി (ഡി.ഡി. നം.495786 തി.01.02.16) സ്ഥാപനത്തിന് അയച്ചു കൊടുത്തു. മരുന്നുകൾ 15 ദിവസത്തിനകം ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനവുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്നുകളുടെ സ്റ്റോക്ക് പരിശോധിച്ചപ്പോൾ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല എന്നു കാണുന്നു. ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/ തിയ്യതി | ലഭ്യമായ മരുന്നുകളുടെ ആകെ തുക |
|---|---|---|
| 1. | 4522/ 20.02.2016 | 90,587/- |
| 2. | 5119 / 14.03.2016 | 10,01,682/- |
| 3. | 39 / 16.04.2016 | 1,58,354/- |
| 4. | 1215 / 01.06.2016 | 2,17,036/- |
| 5. | 2432 / 05.08.2016 | 1,65,072/- |
| ആകെ | | 16,32,731/- |

മേൽ വിവരിച്ച രീതിയിൽ ആകെ 16,32,731/-രൂപയ്ക്കുള്ള മരുന്നാണ് കെ.എം.എസ്.സി.എൽ. ഇതു വരെ വിതരണം ചെയ്തിട്ടുള്ളത്. 1,67,268/-രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കുവാൻ അവശേഷിക്കുന്നുണ്ട്. മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വിവിധ ഡിസ്പൻസറികളിലേക്ക് മരുന്നുകൾ വിതരണം ചെയ്തപ്പോൾ അവ കൈപ്പറ്റിയവരിൽ നിന്നും ഒപ്പു വാങ്ങിയിട്ടില്ല.

കൊല്ലം ജില്ലയിലെ കെ.എം.എസ്.സി.എൽ.ന്റെ റീടെയിൽ ഷോപ്പായ കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നാണ് കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ ഡിസ്പെൻസറികളിലേയ്ക്കുമുള്ള മരുന്നുകൾ വാങ്ങിയിട്ടുള്ളത്. 12.03.2008 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 71/2008/ത.സ്വ.ഭ.വ.യിൽ അടിയന്തിര സ്വഭാവമുള്ള മരുന്നുകൾ മാത്രമാണ് ഇത്തരം റീടെയിൽ ഷോപ്പുകളിൽ നിന്നും വാങ്ങാവൂ എന്നും, മറ്റുള്ളവ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നേരിട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശം പാലിക്കാതെ മുഴുവൻ മരുന്നുകളും റീടെയിൽ ഷോപ്പിൽ നിന്നും വാങ്ങിയതിനും, വിതരണം ഏൽപ്പിച്ച സ്ഥാപനവുമായി കരാർ ചമയ്ക്കാതെ മുഴുവൻ തുകയും അഡ്വാൻസ് ആയി നൽകുകയും, മരുന്നുകൾ

ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും നാളിതു വരെ ഒരു നടപടിയും സ്വീകരിക്കാത്തതിനും, മരുന്നുകൾ വിതരണം നടത്തുമ്പോൾ കൈപ്പറ്റുന്നവരുടെ തീയതിയോടുകൂടിയ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് 14.12.2016 ന് അഡീഷണൽ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി പ്രകാരം 36622/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കിയതായി പറയുന്നുണ്ടെങ്കിലും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല ഇനിയും 1,30,646/- രൂപയുടെ മരുന്നുകൂടി ലഭിക്കാനുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് . മരുന്നുകൾ ലഭ്യമാക്കാൻ ടെലിഫോണിലൂടെ ആവശ്യപ്പെട്ടതായി മറുപടിയിൽ പറയുന്നുണ്ടെങ്കിലും ഇതുസംബന്ധിച്ച രേഖകളോ മറ്റ് കത്തിടപാടുകളോ ഫയലില്ല. ഇനിയും ലഭിയ്ക്കാനുള്ള 1,30,646/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-38 പദ്ധതി നടത്തിപ്പിൽ കാർഷിക മേഖലയെ അവഗണിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ [സ.ഉ.(എം.എസ്)) നമ്പർ 362/2013 ത.സ്വ.ഭ.വ തീയതി.16.11.2013] പ്രഥമ പരിഗണന നൽകിയിരിക്കുന്നത് ഉൽപാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കാണ്. ഭക്ഷ്യവിളകളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ഇവ കൂടാതെ ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉല്പാദന വർദ്ധനവ് സാദ്ധ്യമാക്കുന്ന നടപടികൾ സ്വീകരിക്കണം എന്നും പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 2015-16 വർഷം കാർഷിക മേഖലയിൽ രൂപീകരിച്ച് നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചാൽ മേൽ ലക്ഷ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്ന രീതിയിൽ കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകാതെയാണ് പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാണ്.

2015-16 വർഷം നഗരസഭ ആവിഷ്കരിച്ച് നടപ്പിലാക്കിയ കാർഷിക പ്രോജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | ചെലവ് |
|---|---|---|---|---|---|---|
| | | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം (ഗുണഭോകതൃ വിഹിതം നഗരസഭയിൽ അടച്ചെങ്കിലും തുക നഗരസഭയിൽ നിന്നും തിരികെ ലഭിക്കാത്ത-തിനാൽ15-16-ൽ ചെലവഴിച്ചിട്ടില്ല) | ശതമാനം |
| 1. | 134/2016 തെങ്ങ് കൃഷിക്ക് ജൈവവളം | 550000 | 200000 | 465000 | ഇല്ല | |

| | | | | | | |
|---|---|---|---|---|---|---|
| 2. | 179/2016 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 22875 | 22875 | 12000 | ഇല്ല. | |
| 3. | 180/2016 ഇടവിളകൃഷി പ്രോത്സാഹനം | 62250 | 20750 | 52125 | ഇല്ല | |
| 4. | 181/2016 വാഴകർഷകർക്ക് ജൈവവളം | 225000 | 75000 | 185000 | ഇല്ല | |
| 5. | 182/2016 ഫലവൃക്ഷതൈ വിതരണം | 20925 | 6975 | 14112 | ഇല്ല | |
| 6. | 217/2016 പച്ചക്കറി കൃഷി ഗ്രോ ബാഗിൽ വിതരണം. | 800000 | 299700 | 200400 | ഇല്ല | |
| ആകെ | | 1681050 | 625300 | | | |
| | | 2306350 | | 928637 | | 40.26 |

2015-16 വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ് 21.12.2015 നാണ് പ്ലാനിംഗ് സെൽ മുഖേന കൃഷി ഡെപ്യൂട്ടി ഡയറക്ടർ കൈപ്പറ്റിയത്. അതിന് ശേഷമുള്ള 3 മാസക്കാലം കൊണ്ടാണ് പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾ നടത്തി പ്രോജക്ട് നടപ്പിലാക്കുന്നത്. അതായത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ മാത്രമാണ് പ്രഥമസ്ഥാനം നൽകി ഉൽപാദനവും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കേണ്ട കാർഷിക മേഖലയിൽ ശ്രദ്ധ ചെലുത്തുന്നുള്ളൂ. നഗരമേഖലയിൽ ലഭ്യമായ സ്ഥലത്ത് അനുയോജ്യമായ രീതിയിൽ കൃഷി ചെയ്യാൻ താൽപര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി സർക്കാർ നിർദ്ദേശിച്ച രീതിയിൽ കാർഷിക മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ നടപ്പിലാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

കാർഷിക മേഖലയ്ക്ക് വേണ്ടവിധത്തിൽ പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിനും, നടപ്പിലാക്കിയ പദ്ധതിയിൽ വകയിരുത്തിയ തുക ചെലവഴിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-39 പ്രധാന മന്ത്രി ആവാസ് യോജന പദ്ധതി - പദ്ധതി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | - 1485/16 |
| തുക | - 1,00,00,000 |
| ഫണ്ടിനം | - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | - 42/31.03.16 |
| നിർവ്വഹണം | - സെക്രട്ടറി, മുൻസിപ്പൽ കോർപ്പറേഷൻ |
| ഫയൽ നമ്പർ | - ടി.പി.2/117280/2015 |

2022 വർഷത്തിൽ എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരുമായി യോജിച്ച് കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന(പി.എം.എ.വൈ). 2015 ൽ നിലവിൽ വന്ന പദ്ധതിയുടെ സംസ്ഥാന തലത്തിലുള്ള നോഡൽ ഏജൻസി അർബൻ ഹൗസിങ്ങ് മിഷനാണ്. താഴെ പറയും പ്രകാരം നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

1. 300 ആളുകൾ താമസിക്കുന്ന 60-70 വീടുകളുള്ള ചേരിയിലുള്ളവർക്ക് പ്രസ്തുത ചേരിയിൽ തന്നെ ഭവനം നിർമ്മിച്ചു നൽകൽ.
2. താഴ്ന്ന വരുമാനമുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വീട് നിർമ്മിക്കുന്നതിനായി/വീട് വാങ്ങുന്നതിനായി ബാങ്കിൽ നിന്നും പരമാവധി 6 ലക്ഷം രൂപ വായ്പയ്ക്ക് 6.5 % പലിശ സബ്സിഡി നൽകൽ.
3. കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത് വാങ്ങുന്നതിനുള്ള പദ്ധതി.
4. സ്വന്തമായി സ്ഥലമുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന്/ഭവന പുനരുദ്ധാരണത്തിന് ധനസഹായം.

ലഭ്യമാക്കിയ രേഖകൾ അനുസരിച്ച് ക്രമനമ്പർ 4 പ്രകാരമുള്ള പദ്ധതിയാണ് നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നത്. പി.എം.എ.വൈ പദ്ധതിയുടെ മാർഗ്ഗ രേഖ അനുസരിച്ച് 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതം, 0.50 ലക്ഷം രൂപ സംസ്ഥാന വിഹിതം, 0.50 ലക്ഷം രൂപ നഗരസഭ, 0.50 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം എന്നിങ്ങനെയാണ് മേൽ സ്കീമിന്റെ ആകെ യൂണിറ്റ് കോസ്റ്റായ 3,00,000 രൂപ വകയിരുത്തിയിട്ടുള്ളത്. 500 കുടുംബങ്ങൾക്ക് ഒന്ന് എന്ന കണക്കിൽ ഒരു വാർഡിൽ പരമാവധി 2 എന്ന നിലയിൽ വാർഡ് തലത്തിൽ തെരെഞ്ഞെടുക്കുന്ന സർവ്വെയർമാരാണ് ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുന്നത്. തുടർന്ന് വാർഡ് തലത്തിലുള്ള കമ്മറ്റി പ്രസ്തുത ഗുണഭോക്താക്കളുടെ അർഹത നിശ്ചയിക്കേണ്ടതും കർമ്മ പദ്ധതി, വിശദമായ പ്രൊജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രൊജക്ട് പ്രകാരം 1,00,00,000/- രൂപ പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 339802010118529, യൂണിയൻ ബാങ്ക്, കോഴിക്കോട്) നിക്ഷേപിച്ചിരിക്കുകയാണ്. പ്രസ്തുത അക്കൗണ്ടിൽ 04.07.2016 ന് 1,00,72,329/- രൂപ നീക്കിയിരിപ്പുണ്ട്.പദ്ധതിയുടെ വിശദമായ റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക്, നഗരസഭ ഒരു ഗുണഭോക്താവിന് അനുവദിക്കേണ്ട 50,000/- രൂപ തോതിൽ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി തുക അനുവദിക്കുകയായിരുന്നു ചെയ്യേണ്ടത്. എന്നാൽ കർമ്മ പദ്ധതി തയ്യാറാക്കൽ, വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ പ്രാരംഭ പ്രവർത്തനങ്ങൾ പോലും പൂർത്തിയാക്കാതെ വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ഇത് 12.04.06 ലെ ജി.ഒ.(പി) 177/06 ഉത്തരവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. അർബൻ ഹൌസിങ്ങ് മിഷൻ ഡയറക്ടറുടെ 09.11.15 ലെ 5476/N/2015/കെ.എസ്.എച്ച്.ഒ നമ്പർ സർക്കുലർ ഖണ്ഡിക 10 അനുസരിച്ച്, കഴിഞ്ഞ 10 വർഷക്കാലയളവിൽ ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും നഗരസഭാ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ അർബൻ ഹൌസിങ്ങ് മിഷൻ തയ്യാറാക്കിയ പ്രത്യേക ഡാറ്റാ ബേസിൽ രേഖപ്പെടുത്തേണ്ടതാണെന്നും, ഈ വിവരശേഖരണം പൂർത്തിയായാൽ മാത്രമേ നഗരസഭയ്ക്ക് രണ്ടാം ഘട്ട ധനസഹായം ലഭിക്കുകയുള്ളൂ എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വിവരങ്ങൾ അടങ്ങിയ ഡേറ്റാ ബേസ് നഗരസഭ തയ്യാറാക്കിയിട്ടില്ല.

3. പദ്ധതിയുടെ ഉദ്ഘാടന ചെലവിലേയ്ക്ക് മുൻകൂറായി അനുവദിച്ച 20,000/- രൂപ (ചെക്ക് നമ്പർ 658495/18.01.16) ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ 36/17.10.16 നമ്പർ ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിൻവലിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-40 ക്ലീൻ കേരള കമ്പനിയുടെ ഓഹരി വാങ്ങൽ - ഷെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രൊജക്റ്റ് നമ്പർ - 1484/16
അടങ്കൽ - 1,00,00,000
ചെലവു തുക - 1,00,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നമ്പർ - 40/31.03.16
നിർവ്വഹണം - സെക്രട്ടറി

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 04.03.16 ലെ 1121/16/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനിയുടെ ഷെയർ വാങ്ങുന്നതിനായി 1 കോടി രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീത്, ഷെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രസ്തുത ഫയലിനൊപ്പം 2014-15 വർഷം ക്ലീൻ കേരള കമ്പനിയുടെ ഷെയർ വാങ്ങിയ സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് ലഭ്യമാക്കിയത്. 2015-16 വർഷത്തെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലും ഷെയർ സർട്ടിഫിക്കറ്റിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,00,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-41 ഖരമാലിന്യ തൊഴിലാളികൾക്ക് സുരക്ഷവസ്തം നൽകിയതിലെ അപാകതകൾ

നിർവ്വഹണം : പ്രോജക്റ്റ് ഓഫീസർ, കുടുംബശ്രീ
പ്രോജക്റ്റ് നം : SO 001/2016
അടങ്കൽ : 1385480/- വികസനഫണ്ട് (ജനറൽ)
ചെലവ് : 10,91,650/- ബിൽ നം.28/15-16/ തിയ്യതി 30.03.2016

കുടുംബശ്രീ ഖരമാലിന്യ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കി അവർക്ക് സുഗമമായ ജോലിക്കുള്ള സൗകര്യം ഒരുക്കി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ പ്രോജക്റ്റ് വിഭാവനം ചെയ്യുകയും, ഇതിലുൾപ്പെടുത്തി കുടുംബശ്രീ ഖരമാലിന്യ തൊഴിലാളികൾക്ക് യൂണിഫോം,(സാരി, ബ്ലൗസ്, ചുരിദാർ മെറ്റീരിയൽ)ചെരുപ്പ്, ഗ്ലൗസ്, മാസ്ക്, ഓവർകോട്ട്, റെയിൻകോട്ട് എന്നിവ വാങ്ങി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഗ്ലോബൽ യൂണിഫോംസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് ഇവ വാങ്ങിയിരിക്കുന്നത്. വാങ്ങിയ സാധനങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം | ചെലവ് |
|---|---|---|---|---|
| 1. | സാരി | 300 | 350 | 1,05,000 |
| 2. | ബ്ലൗസ് | 195 | 350 | 68,250 |
| 3. | റെയിൻകോട്ട് | 440 | 350 | 1,54,000 |
| 4. | കോട്ട് | 445 | 700 | 3,11,500 |
| 5. | ലേഡീസ് ചെരുപ്പ് | 250 | 700 | 1,75,000 |
| 6. | ഗ്ലൗസ് | 62 | 4200 | 2,60,400 |
| 7. | മാസ്ക് | 25 | 700 | 17,500 |

25.08.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്.)166/2009/ത.സ്വ.ഭ.വ പ്രകാരം നഗരസഭകളിൽ പ്രവർത്തിച്ച വരുന്ന ഖരമാലിന്യ ശേഖരണ കുടുംബശ്രീ യൂണിറ്റ് അംഗങ്ങളുടെ സുരക്ഷ, ക്ഷേമം, പ്രവർത്തനത്തിനാവശ്യമായ സാമഗ്രികളടെ പരിപാലനം എന്നിവയെ കുറിച്ചുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് അംഗീകരിക്കുകയും, ഇവ നടപ്പാക്കുന്നതിന്റെ ഭാഗമായുണ്ടാകുന്ന ബാദ്ധ്യത നഗരസഭയും ബന്ധപ്പെട്ട യൂണിറ്റുകളും 50:50 എന്ന അനുപാതത്തിൽ വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ 07.05.2011 ൽ കെ.എസ്.കെ.കെ.ഡി./എ 3/2427/2011 നമ്പർ കത്തിലൂടെ, യൂണിറ്റ് അംഗങ്ങൾക്ക് പ്രതിവർഷം നൽകാവുന്ന സഹായങ്ങളുടെ ഇനവും, (സാമഗ്രികളുടേയും, മറ്റ ആനുകൂല്യങ്ങളുടേയും) അവയുടെ നിരക്കും നിശ്ചയിച്ച നൽകിയിട്ടുണ്ട്. ഈയിനങ്ങളിൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങി നൽകിയ ചെരുപ്പ്, റെയിൻകോട്ട് എന്നിവ ഉൾപ്പെടുന്നില്ല. കൂടാതെ ഇതിലുൾപ്പെട്ട യൂണിഫോം, ഓവർകോട്ട്, ഗ്ലൗസ്, മാസ്ക് എന്നിവയുടെ ചെലവ് മുഴുവനായി നഗരസഭയാണ് വഹിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് 362/2013 ത.സ്വ.ഭ.വ., തിയ്യതി: 16.11.2013 ലെ ഖണ്ഡിക 3.9.1 പ്രകാരം വാർഷിക പദ്ധതിയിലുൾപ്പെടുത്തി വ്യക്തിഗത സബ്സിഡി നൽകുമ്പോൾ ഒഴിവാക്കേണ്ട ഇനങ്ങളെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. ഇതിലുൾപ്പെട്ട യൂണിഫോം, ചെരുപ്പ് എന്നിവ വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങി നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് മുൻവർഷ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നിട്ടും ആയത് ആവർത്തിക്കുന്നത് അംഗീകരിക്കാവുന്നതല്ല. പ്രോജക്ടിന്റെ നിർവ്വഹണ കാലയളവിൽ, ഫയലിൽ പലയിടത്തായി ഓഡിറ്റ് പരാമർശങ്ങളെ കുറിച്ചും, 50:50 എന്ന അനുപാതത്തിലായിരിക്കണം ചെലവ് എന്നതിനെ കുറിച്ചും സൂപ്രണ്ട്/ പ്രോജക്ട് ഓഫീസർ(ഇൻചാർജ്ജ്) പരാമർശിച്ചിട്ടുണ്ടെങ്കിലും അതൊന്നും പരിഗണിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

ഈ പ്രോജക്ടിനായി നടത്തിയ ടെണ്ടർ നടപടികളിലും സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം കാണുന്നു. 08.11.2010 ലെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി)259/2010, ത.സ്വ.ഭ.വ.) ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ വില വരുന്ന വാങ്ങൽ നടപടികളിൽ, വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, ഒരു മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യുകയും, ടെണ്ടർ ഫോറത്തിന്റെ വിൽപ്പനയ്ക്കും വിതരണത്തിനും പരസ്യത്തിയ്യതി മുതൽ 21 ദിവസം നൽകുകയും ചെയ്യണം. ഈ പ്രോജക്ടിലെ വാങ്ങൽ നടപടിക്കായി ദേശാഭിമാനി, ദീപിക എന്നീ പത്രങ്ങളിലാണ് പരസ്യം നൽകിയിരിക്കുന്നത്. പരസ്യത്തിയ്യതി മുതൽ 13 ദിവസമാണ് ടെണ്ടർ സമർപ്പിക്കാൻ നൽകിയിട്ടുള്ളത്. 21.06.2013 ലെ സർക്കാർ ഉത്തരവ് നം.3/2013 എസ്.പി.ഡി. ഖണ്ഡിക 8.17 പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് മൊത്തം കരാർ തുകയുടെ 5% പെർഫോമൻസ് സെക്യൂരിറ്റിയായി ഈടാക്കണം. എന്നാൽ ടെണ്ടർ ഉറപ്പിച്ചു നൽകിയ സ്ഥാപനത്തിൽ നിന്നും പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനം സമർപ്പിച്ച ഇ.എം.ഡി.(ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ 30.09.2015 ലെ 500470 നമ്പർ ഡി.ഡി, തുക-13,000/-)ഇപ്പോഴും പണമായി മാറി കോർപ്പറേഷൻ ഫണ്ടിൽ അടവാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കയാണ്.

23.03.2016 ലെ കെ2-92/15 നമ്പർ കത്തു മുഖേനയാണ് ഗ്ലോബൽ യൂണിഫോംസ് എന്ന സ്ഥാപനത്തിന് വിതരണ അറിയിപ്പ് നൽകിയത്. എന്നാൽ വിതരണ അറിയിപ്പിൽ നിന്നും വ്യത്യസ്തമായി ഇനങ്ങളിലും, അവയുടെ അളവിലും മാറ്റം വരുത്തിയാണ് യഥാർത്ഥ വിതരണം നടന്നിട്ടുള്ളത്. യഥാർത്ഥത്തിൽ വിതരണം ചെയ്തുവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിതരണ അറിയിപ്പിലെ | | | വിതരണം ചെയ്തു | | |
|---|---|---|---|---|---|---|
| | ഇനം | അളവ് | തുക നികുതിയടക്കം | ഇനം | അളവ് | തുക നികുതിയടക്കം |
| 1. | സാരിയും ബ്ലൗസും | 350 | 1,73,250 | സാരിയും ബ്ലൗസും | 350 | 1,05,000<br>68,250 |
| 2. | ചുരിദാർ മെറ്റീരിയൽ | 350 | 1,36,500 | വിതരണം നടത്തിയിട്ടില്ല | -- | -- |
| 3. | ചെരുപ്പ് | 700 | 1,75,000 | ചെരുപ്പ് | 700 | 1,75,000 |
| 4. | ഗ്ലൗസ് | 2000 | 1,24,000 | ഗ്ലൗസ് | 4200 | 2,60,400 |
| 5. | മാസ്ക് | 700 | 17,500 | മാസ്ക് | 700 | 1,75,000 |
| 6. | ഓവർകോട്ട് | 700 | 3,11,500 | ഓവർകോട്ട് | 700 | 3,11,500 |
| 7. | റെയിൻകോട്ട് | 350 | 1,54,000 | റെയിൻകോട്ട് | 350 | 1,54,000 |
| ആകെ | | | 10,91,750 | ആകെ | | 10,91,650 |

വിതരണ അറിയിപ്പിൽ നിന്നും വ്യതിചലിച്ച് സാധനങ്ങൾ വാങ്ങിയതിന്റെ സാങ്കേതികത്വം വ്യക്തമാക്കേണ്ടതാണ്. ലഭ്യമായ സാധനങ്ങൾ ഓരോ കിറ്റുകളാക്കിയാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണ രജിസ്റ്റർ പ്രകാരം ആകെ 335 അംഗങ്ങൾക്കാണ് ഇവ വിതരണം ചെയ്തിരിക്കുന്നത്. ബാക്കിയുള്ള സാധനങ്ങൾ സംബന്ധിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

നഗര പരിധിയിൽ കുടുംബശ്രീ ഖരമാലിന്യ യൂണിറ്റുകൾ എത്രയുണ്ടെന്നോ, ഓരോ യൂണിറ്റിലും എത്ര വീതം തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള വ്യക്തമായ കണക്കുകൾ പരിശോധിക്കാതെയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതും, അളവുകൾ നിശ്ചയിച്ചിരിക്കുന്നതും. കോർപ്പറേഷൻ പരിധിയിൽ യാഥാർത്ഥത്തിൽ കുടുംബശ്രീയുടെ കീഴിൽ എത്ര തൊഴിലാളികൾ, ഏതൊക്കെ ഗ്രൂപ്പുകളിലായി പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദാംശം ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നെങ്കിലും (നം.47/15-16)ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള 10,91,650/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-42 ഖരമാലിന്യ യൂണിറ്റ് അംഗങ്ങൾക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബക്കറ്റ് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ : SO0017/16
നിർവ്വഹണം : പ്രോജക്ട് ഓഫീസർ, കുടുംബശ്രീ
അടങ്കൽ : 10,00,000/-(പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് : 9,61,280/- ബിൽ നം.27/15-16/30.03.2016

കുടുംബശ്രീ ഖരമാലിന്യ യൂണിറ്റ് അംഗങ്ങൾക്ക് സുഗമമായ ജോലിക്കുള്ള സൗകര്യം ഒരുക്കുന്നതിലേയ്ക്കായി, മാലിന്യം നീക്കം ചെയ്യുന്നതിന് ബക്കറ്റുകൾ വാങ്ങി നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും, കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഗ്രേയ്സ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 19.03.2016 ലെ പർച്ചേസിംഗ് കമ്മിറ്റിയുടെ 23 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട ടെണ്ടർ നപടികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 08.11.2010 ലെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി)259/2010, ത.സ്വ.ഭ.വ.) ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വില വരുന്ന വാങ്ങൽ നടപടികളിൽ, വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, ഒരു മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യുകയും, ടെണ്ടർ ഫോറത്തിന്റെ വിൽപ്പനയ്ക്കും വിതരണത്തിനും പരസ്യതിയ്യതി മുതൽ 21 ദിവസം നൽകുകയും ചെയ്യണം. ഈ പ്രോജക്ടിലെ വാങ്ങൽ നടപടിക്കായി ദേശാഭിമാനി, ദീപിക എന്നീ പത്രങ്ങളിലാണ് പരസ്യം നൽകിയിരിക്കുന്നത്. പരസ്യത്തിയ്യതി മുതൽ 13 ദിവസമാണ് ടെണ്ടർ സമർപ്പിക്കാൻ നൽകിയിട്ടുള്ളത്.

2. 21.06.2013 ലെ സർക്കാർ ഉത്തരവ് നം.3/2013 എസ്.പി.ഡി. ഖണ്ഡിക 8.17 പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് മൊത്തം കരാർ തുകയുടെ 5% പെർഫോമൻസ് സെക്യൂരിറ്റിയായി ഈടാക്കണം. എന്നാൽ ടെണ്ടർ ഉറപ്പിച്ചു നൽകിയ സ്ഥാപനത്തിൽ നിന്നും പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനം സമർപ്പിച്ച ഇ.എം.ഡി. (ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ 30.09.2015 ലെ 500470 നമ്പർ ഡി.ഡി, തുക-13,000/-) ഇപ്പോഴും പണമായി മാറി കോർപ്പറേഷൻ ഫണ്ടിൽ അടവാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കയാണ്.

3. ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്നതല്ലെങ്കിൽ കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ സ്ഥിരീകരിച്ച് ഓഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേഴ്സ് ഓഫീസർ ബാധ്യസ്ഥനാണ്. വസ്തുങ്ങൾക്കും, സുരക്ഷാ സാമഗ്രികൾക്കുമായി ഗ്രേയ്സ് ഇന്റീരിയേഴ്സ്, പൂന്തുർ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അന്വേഷണം കൂടാതെയാണ് അംഗീകരിച്ചത്. 2014-15 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തെപ്പറ്റി പൂന്തുർ പ്രദേശം ഉൾക്കൊള്ളുന്ന ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തുകയുണ്ടായി. ഈ ഓഫീസിൽ നിന്നും 29.04.2016 ന് കെ.എസ്.എ-കെ.ഒ.സി/എ 4-555/2016 കത്ത് പ്രകാരം സ്ഥാപനത്തിന്റെ ഡി & ഒ ലൈസൻസ് സംബന്ധിച്ച വിവരം ആരാഞ്ഞതിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.05.2016 ലെ എ 6/5969/16 കത്ത് പ്രകാരം നൽകിയ മറുപടിയിൽ 2014-15 വർഷത്തിൽ ഇന്റീരിയർ വർക്ക് ഇൻ അലുമിനിയം ഫ്രാബ്രിക്കേഷൻസിന് വേണ്ടിയാണ് സ്ഥാപനം ലൈസൻസ് എടുത്തത് എന്നും വിറ്റുവരവ് 1200/- രൂപ മാത്രമാണെന്നും തൻവർഷം സ്ഥാപനം തൊഴിൽ നികുതി ഇനത്തിൽ 360/-രൂപ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചു. 2015-16 വർഷത്തിൽ സ്ഥാപനം ലൈസൻസിന് അപേക്ഷിച്ചിട്ടുമില്ല. ഇതിൽ നിന്നും ഈ സ്ഥാപനം വസ്തുങ്ങളും, സുരക്ഷാ സാമഗ്രികളും വിതരണം ചെയ്യാൻ ലൈസൻസുള്ള സ്ഥാപനമല്ല എന്ന് വ്യക്തമാവുന്നു. മുൻവർഷത്തിൽ ഈ സ്ഥാപനത്തിൽ നിന്ന് കോർപ്പറേഷനിലേയ്ക്ക് വാങ്ങിയിരിക്കുന്നത് അങ്കണവാടികളിലേയ്ക്കുള്ള ഊഞ്ഞാൽ, സ്ലൈഡർ തുടങ്ങിയ വസ്തുക്കളാണ്. സ്ഥാപനത്തെ കുറിച്ച് യാതൊരു അന്വേഷണവും നടത്താതെ മേൽ വിവരിച്ച രീതിയിൽ വാങ്ങൽ പ്രക്രിയ നടത്തിയിരിക്കുന്നത് ഗുരുതര വീഴ്ചയാണ്.

4. പർച്ചേസിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച കാര്യപരിപാടിക്കുറിപ്പിൽ ഫാമിലി, ടൂട്ടൽ എന്നീ രണ്ടു ബ്രാന്റുകളുടെ മൂന്നു വ്യത്യസ്ത അളവുകളിലുള്ള (15 ലിറ്റർ, 17 ലിറ്റർ, 20 ലിറ്റർ) ബക്കറ്റുകളുടെ നിരക്കാണ് കാണിച്ചിരിക്കുന്നത്. ഈ നിരക്കുകൾ അംഗീകരിച്ചതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സമർപ്പിച്ച അജണ്ടയിലെ വിവിധ നിരക്കുകൾ താഴെ ചേർക്കും വിധമാണ്.

| ക്രമ നം | അളവ് | നിരക്ക് |
|---|---|---|
| ഫാമിലി ബ്രാന്റ് | | |
| 1. | 15 ലിറ്റർ | 185/- |
| | 17 ലിറ്റർ | 197/- |
| | 20 ലിറ്റർ | 220/- |
| ടൂട്ടൽ ബ്രാന്റ് | | |
| 2. | 15 ലിറ്റർ | 191/- |
| | 17 ലിറ്റർ | 206/- |
| | 20 ലിറ്റർ | 241/- |

മേൽ വിവരിച്ച രീതിയിലാണ് നിരക്കുകൾ അംഗീകരിച്ചിരിക്കുന്നെങ്കിലും, സാധനങ്ങൾ വിതരണം നടത്തുന്നതിനായി നൽകിയ വിതരണ ഓർഡറിൽ 17 ലിറ്റർ ബക്കറ്റ് 187.61 രൂപ നിരക്കിലും, 50 ലിറ്റർ ബക്കറ്റ് 498/- രൂപ നിരക്കിലും വിതരണം നടത്താനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ടെണ്ടർ നടപടികളിൽ നിന്നും വ്യതിചലിച്ച് വ്യത്യസ്ത അളവിലുള്ള ബക്കറ്റുകൾ വിതരണം ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.43/15-16) നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 9,61,280/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>3-43 'ജീവനം' പദ്ധതിക്കായി പിൻവലിച്ച വികസന ഫണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല</u>.

2013-14 വർഷത്തിൽ കുടുംബശ്രീ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'ജീവനം' എന്ന പദ്ധതിയിലെ അപാകതകളെ കുറിച്ച് 13-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്(ഖണ്ഡിക 3-36 കാണുക). കോർപ്പറേഷൻ പരിധിയിലെ സ്ത്രീകളിലെ ഗർഭാശയ ക്യാൻസർ, സ്തനാർബുദം എന്നിവ സർവ്വേയിലൂടെ കണ്ടെത്തി വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി 2013-14 വർഷം നടപ്പിലാക്കിയ 'ജീവനം'പദ്ധതിക്കായി (പ്രൊജക്ട് 242/14) 5/23-11-14 നംപർ ബിൽ പ്രകാരം 30 ലക്ഷം രൂപ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഓഫീസർ പിൻവലിച്ചിട്ടുണ്ട്. നോർത്ത് സി.ഡി.എസിന്റെ പേരിൽ കോർപ്പറേഷൻ ബാങ്കിലുള്ള തനതു ഫണ്ട് അക്കൗണ്ടിൽ(അക്കൗണ്ട് നംപർ 230010106127) 28-11-13 ന് 30 ലക്ഷം രൂപ നിക്ഷേപിച്ചു. നോർത്ത് സി.ഡി.എസ് പാസ് ബുക്ക്,ക്യാഷ് ബുക്ക് എന്നിവ പ്രകാരം താഴെ കൊടുത്തിരിക്കുന്ന തീയ്യതികളിൽ പദ്ധതി നിർവ്വഹണത്തിനായി ഇതുവരെ 27,90,066/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| തീയ്യതി | തുക |
|---|---|
| 27-11-13 | 10,00,000 |
| 18-8-14 | 2,50,000 |
| 18-8-14 | 10,00,000 |
| 18-8-14 | 2,32,053 |
| 18-8-14 | 3,08,013 |
| | 27,90,066 |

അവശേഷിക്കുന്ന 2,09,934 രൂപ നോർത്ത് സി.ഡി.എസിന്റെ പേരിൽ നിലവിൽ യൂണിയൻ ബാങ്കിലുള്ള തനതു ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 605402010005114)സി.ഡി.എസിന്റെ തനതു ഫണ്ട് ബാലൻസിന്റെ കൂടെ (15-10-2016 ൽ 2365364 രൂപ )ബാലൻസായി കിടക്കുകയാണ്. ജി.ഒ(പി)177/2006 ധനം.12-4-2006 ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. ഉത്തരവിന് വിരുദ്ധമായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിനും ബാക്കിയുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിൽ മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം തിരിച്ചടക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (ഒ.എസ്.നം.39/15-16 തീ.29-10-16)മറുപടി ലഭ്യമാക്കിയിട്ടില്ല. 2,09,934 രൂപ പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-44 എസ്.ജെ.എസ്.ആർ.വൈ.- പദ്ധതി നടത്തിപ്പിലെ അപാകതകൾ

2015-16 വർഷത്തിൽ എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

### 1.അർഹമായതിലധികം തുക സബ്സിഡിയായി അനുവദിച്ചു

എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സംരംഭങ്ങൾക്കും, വ്യക്തികൾക്കും സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി സബ്സിഡി അനുവദിച്ചു വരുന്നു. അഞ്ചു പേരടങ്ങുന്ന സംരംഭങ്ങൾക്ക് ആകെ പ്രോജക്ട് കോസ്റ്റിന്റെ (ബാങ്ക് ലോൺ + സബ്സിഡി + ഗുണഭോക്തൃവിഹിതം) 35% ഉം, വ്യക്തികൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 25% വുമാണ് നൽകി വരുന്നത്. എന്നാൽ 2015-16 വർഷത്തിൽ വിവിധ സംരംഭങ്ങൾക്ക് അനുവദിച്ച സബ്സിഡി നിരക്കുകൾ പരിശോധിച്ചപ്പോൾ, പല സംരംഭകരും പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള തുക സംരംഭങ്ങൾ ആരംഭിക്കാൻ ഉപയോഗിക്കാതിരുന്നിട്ടും, അല്ലെങ്കിൽ പ്രോജക്ട് റിപ്പോർട്ടിലും കുറഞ്ഞ തുക മാത്രം ലോൺ എടുത്തിട്ടും സബ്സിഡി തുക മുഴുവനായി അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| സംരഭത്തിന്റെ പേര് | പ്രോജക്ട് റിപ്പോർട്ട് പ്രകാരം | | യഥാർത്ഥത്തിൽ സംരംഭത്തിനായെടുത്ത ലോൺ തുക | അർഹമായ സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|---|---|
| | പ്രോജക്ട് കോസ്റ്റ് | സബ്സിഡി | | | | |
| നന്ദനം കേറ്ററിംഗ് | 6,00,000/- | 2,10,000/- | 5,00,000/- | 1,75,000/- | 2,10,000/- | 35,000/- |
| ഹരിതം സ്റ്റോർഴ്സ് | 5,20,000/- | 1,82,000/- | 4,94,000/- | 1,72,900/- | 1,82,000/- | 9,100/- |
| ശ്രീഭഗവതി ഫ്ലോർ മിൽ | 3,00,000/- | 1,05,000/- | 1,80,000/- | 63,000/- | 1,05,000/- | 42,000/- |
| ശ്രീലക്ഷ്മി ഗ്രൈന്റിംഗ് യൂണിറ്റ് | 3,00,000/- | 1,05,000/- | 1,88,560/- | 65,996/- | 1,05,000/- | 39,004/- |
| അനു ഗാർമെന്റ്സ് | 4,15,000/- | 1,45,250/- | 2,49,000/- | 87,150/- | 1,45,250/- | 58,100/- |

മേൽ വിവരിച്ച രീതിയിൽ അർഹമായതിലും അധികമായി നൽകിയ സബ്സിഡി തുക 1,83,204/- രൂപ തിരികെയീടാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

2.നീക്കിയിരുപ്പ് തുക മുഴുവൻ സംസ്ഥാനമിഷന് കൈമാറിയില്ല

എസ്.ജെ.എസ്.ആർ.വൈ. പദ്ധതി നിർത്തലാക്കുന്നതിനോടനുബന്ധിച്ച് ഓരോ തദ്ദേശ സ്ഥാപനങ്ങളിലും ഈ പദ്ധതിയ്ക്കായി ലഭിച്ച തുകകളിൽ ബാക്കിയുളളത് കുടുംബശ്രീ സംസ്ഥാനമിഷന് തിരികെ നൽകാൻ കുടുംബശ്രീ ഡയറക്ടറുടെ 31.10.2013 ലെ കെ.എസ്.എഫ്./6884/10 കത്തിലൂടെയും, തുടർന്ന് പല സർക്കുലറുകളിലൂടെയും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു പ്രകാരം കോർപ്പറേഷൻ പരിധിയിലുള്ള മൂന്നു സി.ഡി.എസുകളിൽ നോർത്ത് സി.ഡി.എസ്. ഒഴികെ മറ്റു രണ്ടു സി.ഡി.എസുകൾ തങ്ങളുടെ അക്കൗണ്ടുകളിൽ എസ്.ജി.എസ്.ആർ.വൈയ്ക്കായി ലഭിച്ച തുകകളിൽ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ നോർത്ത് സി.ഡി.എസിന്റെ ഈ പദ്ധതിയുടെ അക്കൗണ്ടിൽ ഇപ്പോഴും ലക്ഷങ്ങൾ തിരിച്ചടയ്ക്കാതെ ബാക്കി നിൽക്കുന്നു. സൗത്ത്, സെൻട്രൽ എന്നീ സി.ഡി.എസുകൾ ഈ പദ്ധതിയ്ക്കായി ഉപയോഗിച്ചു വന്നിരുന്ന പഞ്ചാബ് നാഷണൽ ബാങ്കിലെ യഥാക്രമം 1423000105447661, 1423000105440622 എന്നീ അക്കൗണ്ടുകൾ ഇപ്പോൾ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നു. എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയ്ക്കായി നോർത്ത് സി.ഡി.എസ്. രണ്ടു ബാങ്കുകളിലായി അക്കൗണ്ട് ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഈ അക്കൗണ്ടുകളിലെ തുക തിരിച്ചടയ്ക്കാതെ, ഇപ്പോൾ എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയ്ക്കു പകരമായി നടപ്പിലാക്കുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയ്ക്കായി മറ്റൊരു അക്കൗണ്ട് തുടങ്ങിയിരിക്കയാണ്. നോർത്ത് സി.ഡി.എസിന്റെ കൈവശം ബാക്കിയുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105447616 | 06.06.2016 ന് 38,150/- |
| യൂണിയൻ ബാങ്ക്, കോഴിക്കോട് | 605402010004756 | 01.07.2016 ന് 7,23,617/- |
| ആകെ | | 7,61,767/- |

മേൽ വിവരിച്ച രീതിയിൽ ബാക്കിയുള്ള തുക തിരികെ അടവാക്കേണ്ടതും, ഈ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3.എ.പി.എൽ. വിഭാഗക്കാർക്ക് ധനസഹായം നൽകി

2015-16 വർഷത്തിൽ എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് / ബി.പി.എൽ. രേഖകളില്ലാത്തവർക്ക് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡി അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേര് | സംരംഭം | വ്യക്തി ഉൾപ്പെട്ട സി.ഡി.എസ്. | റിമാർക്സ് |
|---|---|---|---|---|
| 1. | വത്സൻ.കെ | ഗുഡ്സ് ഓട്ടോ | സൗത്ത് | വരുമാനം സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം 1,20,000/- രൂപയാണ്. |
| 2. | അരുൺകുമാർ.പി. | ഓട്ടോ | നോർത്ത് | സമർപ്പിച്ച റേഷൻ കാർഡ് പ്രകാരം എ.പി.എൽ. വിഭാഗം, മറ്റു രേഖകളില്ല |

| | | | | |
|---|---|---|---|---|
| 3. | ലത | അരിക്കച്ചവടം | -ടി- | വിഭാഗം തെളിയിക്കുന്ന ഒരു രേഖയും അപേക്ഷക്കൊപ്പമില്ല |
| 4. | വിലാസിനി | പശു വളർത്തൽ | -ടി- | റേഷൻകാർഡ് പ്രകാരം എ.പി.എൽ. വിഭാഗം |
| 5. | അഖില | റെഡിമെയ്ഡ് ഷോപ്പ് | -ടി- | -ടി- |
| 6. | ബിന്റു | ബ്യൂട്ടി പാർലർ | -ടി- | -ടി- |
| 7. | സ്മിത | ഗാർമെന്റ്സ് | -ടി- | -ടി- |
| 8. | ശ്രീജയൻ | ഓട്ടോ | -ടി- | -ടി- |
| 9. | റഷീദലി | ഗുഡ്സ് ഓട്ടോ | -ടി- | -ടി- |
| 10. | ഷൈലജ.എൻ. | റെഡിമെയ്ഡ് | -ടി- | -ടി- |
| 11. | ഷിജു.വി. | ഓട്ടോ | -ടി- | വിഭാഗം തെളിയിക്കുന്ന ഒരു രേഖയും അപേക്ഷക്കൊപ്പമില്ല |
| 12. | ഷൈമ | ടെക്സ്റ്റൈൽസ് | -ടി- | റേഷൻകാർഡ് പ്രകാരം എ.പി.എൽ. വിഭാഗം |
| 13. | സൗധ | ഗാർമെന്റ്സ് | -ടി- | -ടി- |
| 14. | ബീന.വി.വി. | -ടി- | -ടി- | -ടി- |
| 15. | ബൈജു.കെ. | ഓട്ടോ | സൗത്ത് | -ടി- |
| 16. | പ്രസീന.പി.വി. | കാറ്ററിംഗ് | -ടി- | -ടി- |
| 17. | മോഹനൻ.ഇ. | സ്റ്റേഷനറി | -ടി- | -ടി- |
| 18. | ബിജിഷ.സി.വി. | ടൈലറിംഗ് | -ടി- | -ടി- |
| 19. | പ്രസി.പി.പി. | -ടി- | -ടി- | -ടി- |
| 20. | ഷഹർബാൻ | ബേക്കറി | -ടി- | -ടി- |
| 21. | സുമവതി | അക്വേറിയം | സെൻട്രൽ | വിഭാഗം തെളിയിക്കുന്ന ഒരു രേഖയും അപേക്ഷക്കൊപ്പമില്ല |
| 22. | പ്രസന്ന | ഗാർമെന്റ്സ് | -ടി- | റേഷൻകാർഡ് പ്രകാരം എ.പി.എൽ. വിഭാഗം |

മേൽ വിവരിച്ചതിൽ ക്രമ നമ്പർ 1 ലെ ശ്രീ.വത്സന്റെ വരുമാനം കൃത്യമായി ലഭ്യമായിട്ടും ടിയാന് സബ്സിഡി അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. ഈ തുക തിരികെ ഈടാക്കി എസ്.ജി.എസ്.ആർ.വൈ. ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മേൽ അപാകതകൾ കാണിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.42/15-16) മറുപടി ലഭ്യമാക്കിയില്ല. അർഹമായതിലും അധികം നൽകിയ 1,83,204/- രൂപയുടെ സബ്സിഡിയും, ക്രമനമ്പർ 3(1)ൽ കാണിച്ച രീതിയിൽ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടാത്ത ശ്രീ. വത്സന് നൽകിയ സബ്സിഡി 50,000/- രൂപയും ഉൾപ്പെടെ 2,33,204/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-45 കുടുംബശ്രീ അംഗങ്ങൾക്ക് ഇ - ഷോപ്പ് - പദ്ധതി നടത്തിപ്പിലെ തുടർ അപാകതകൾ

2013-14 വർഷത്തിൽ കുടുംബശ്രീ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബശ്രീ അംഗങ്ങൾക്ക് ഇ -ഷോപ്പ് എന്ന പദ്ധതിയിലെ അപാകതകളെ കുറിച്ച് ആ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്(ഖണ്ഡിക 3-45 കാണുക). ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിച്ചപ്പോൾ വീണ്ടും പല അപാകതകളും കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

**1)** 2013-14 വർഷം ആകെ ആറു ഗുണഭോക്താക്കൾക്കാണ് ഇ - ഷോപ്പ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മൂന്നു ഗുണഭോക്താക്കൾ മാത്രമാണ് ലോൺ എടുത്തിട്ടുള്ളത്. എന്നാൽ ഈ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റിൽ വകയിരുത്തിയതിലും അധികമായി സബ്സിഡി അനുവദിച്ചതായി കാണുന്നു. ഇ - ഷോപ്പുകൾ സ്ഥാപിക്കാൻ തെരെഞ്ഞെടുത്ത ഇറാം സയൻസ്റ്റിഫിക്കേഷൻ സൊല്യൂഷൻസ് (പ്രൈ)ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആകെ ഇ -ഷോപ്പിന്റെ വിലയുടെ (16 X 3,64,914) 30% -മായ 17,51,587/- രൂപ അഡ്വാൻസ് ആയി നൽകിയിരുന്നു. ഈ തുക മുഴുവനായി സബ്സിഡി തുക പിൻവലിച്ചതിൽ നിന്നാണ് സ്ഥാപനത്തിന് അനുവദിച്ചത്. ഈ അപാകത മുൻവർഷ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. ഈ തുക സ്ഥാപനത്തിനു നൽകിയതിനു ശേഷമാണ് മൂന്നു ഗുണഭോക്താക്കൾക്ക് 2,00,000 രൂപ വീതം 6,00,000 രൂപ (ചെക്ക് നം.416092/30.12.2014) സബ്സിഡി അനുവദിച്ചിരിക്കുന്നത്. എന്നാൽ സബ്സിഡി തുക ബാങ്കിലേയ്ക്ക് അനുവദിച്ചപ്പോൾ അഡ്വാൻസ് ആയി നൽകിയ തുക കുറക്കാതെ മുഴുവനായി അനുവദിക്കുകയാണ് ചെയ്തത്. ഇങ്ങനെ അനുവദിച്ചതിനാൽ താഴെ ചേർക്കും വിധം അധികം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| ഒരു ഇ -ഷോപ്പിന്റെ വില | 3,64,914/- |
| ഇറാം സയൻസ്റ്റിഫിക് സൊലൂഷ്യൻസിന് നൽകിയ അഡ്വാൻസ് തുകയിൽ ഒരെണ്ണത്തിന്റെ വിലയുടെ 30% | 1,09,474/- |
| അഡ്വാൻസ് തുക കിഴിച്ച് യഥാർത്ഥത്തിൽ നൽകാവുന്ന സബ്സിഡി തുക | 2,00,000 – 1,09,474 = 90,526/- |
| ബാങ്കിലേയ്ക്ക് അനുവദിച്ച സബ്സിഡി തുക | 2,00,000/- വീതം മൂന്നു പേർക്ക് |
| മൂന്നു പേർക്ക് അധികം നൽകിയത് | 1,09,474 X 3 = 3,28,422/- |

**2)** ഇ- ഷോപ്പ് അനുവദിച്ചതിനു ശേഷവും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഇ -ഷോപ്പിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തുകകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| | | |
|---|---|---|
| സെൻട്രൽ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻസ്റ്റ് എഞ്ചിനീയർക്ക് ഇ – ഷോപ്പിലേയ്ക്കുള്ള ഇലക്ട്രിസിറ്റി കണക്ഷനു വേണ്ടി | 17,100/-(സെക്യൂരിറ്റി ഡെപ്പോസിറ്റ് -6,000/- + ഒ.വൈ.ഇ.സി. - 11,100/-) | 646275/05.01.2015 |
| സ്റ്റേഡിയം ഇ- ഷോപ്പിലേയ്ക്ക് പുതിയ വൈദ്യുതി കണക്ഷനു വേണ്ടി | 5150/-(സെക്യൂരിറ്റി ഡെപ്പോസിറ്റ് -3,000/- + ഒ.വൈ.ഇ.സി. - 2,150/-) | 648478/20.05.2015 |
| ഒയിറ്റി റോഡിലുള്ള ഇ - ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതിന് ശ്രീ.ഹുസൈൻ എന്നവർക്ക് നൽകിയത് | 15,000/- | 638682/10.12.2015– 7,000/- 638690/31.12.2015– 8,000/- |
| ആകെ | 37,250/- | |

മേൽ തുകകൾ ദാരിദ്ര്യ ലഘൂകരണ ഫണ്ടിൽ നിന്നും ചെലവഴിച്ചതായാണ് നോട്ട് ഫയലിൽ നിന്നും മനസ്സിലാകുന്നത്. അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച്, അർഹമായ ആനുകൂല്യങ്ങൾ നൽകിയതിനു ശേഷവും വീണ്ടും ധനസഹായങ്ങൾ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3)** ഇറാം സയന്റിഫിക് സൊല്യൂഷ്യൻസിൽ നിന്നുള്ള 03.08.2015 ലെ 164/2015/ESS/MKTG നമ്പർ കത്തിൽ നാളിതു വരെ എട്ടു ഇ- ഷോപ്പുകൾ കുടുംബശ്രീയ്ക്ക് ഡെലിവർ ചെയ്തിട്ടുള്ളതായി പറയുന്നു. എന്നാൽ ഈ പദ്ധതിയുടെ ഫയലിൽ ആറു ഷോപ്പുകൾ വിതരണം ചെയ്തതിന്റെ വിശദാംശം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മറ്റു രണ്ടു ഇ- ഷോപ്പുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

**4)** 2013-14 ൽ പിൻവലിച്ച സബ്സിഡി തുകയിൽ ഇറാമിനു നൽകിയ അഡ്വാൻസും(17,51,587/-രൂപ), ബാങ്കിലേയ്ക്ക് നൽകിയ സബ്സിഡിയും(6,00,000/- രൂപ) കഴിച്ചുള്ള ബാക്കി തുക (8,48,413/- രൂപ) ഇപ്പോഴും തിരിച്ചടയ്ക്കാതെ സൗത്ത് സി.ഡി.എസിന്റെ പേരിൽ ലിങ്ക് റോഡിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിലെ 1423000105450708 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കയാണ്. തുക പിൻവലിച്ച് രണ്ടര വർഷം കഴിഞ്ഞിട്ടും ആയത് ചെലവഴിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് ഗുരുതര വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.46/15-16) മറുപടി ലഭ്യമാക്കിയില്ല. അർഹമായതിലും കൂടുതലായി നൽകിയ തുക 3,28,422/-രൂപ തിരികെ ഈടാക്കേണ്ടതും, ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന തുക ട്രഷറിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്. അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ആനുകൂല്യത്തിന് പുറമേ 2015-16 വർഷത്തിൽ നൽകിയ 20,150/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-46 ആശ്രയ ഭവന നിർമ്മാണത്തിനായി വൻ തുക പ്ലാൻ ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു.

അഗതി ആശ്രയ ഭവന നിർമ്മാണത്തിനായി കുടുംബശ്രീ പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ മുഖേന 2014-15 വർഷം 11563600 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചു ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെകൊടുത്തിരിക്കും പ്രകാരം 90,80,000 രൂപ വർഷാവസാനം 4 ബില്ലുകളിലായി പിൻവലിച്ചിട്ടുണ്ട്.

| ബിൽ നംപർ/തീയ്യതി | തുക |
|---|---|
| 70/30-3-15 | 2600000 |
| 71/30-3-15 | 3680000 |
| 72/30-3-15 | 1800000 |
| 77/31-3-15 | 1000000 |
| ആകെ | 9080000 |

മേൽ തുക താഴെ കൊടുത്തിരിക്കും പ്രകാരം വിവിധ സി.ഡി.എസുകൾ പുതിയതായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിൽ അതിനു നേരെ കാണിച്ച തീയ്യതികളിൽ നിക്ഷേപിച്ചിട്ടുണ്ട്.പ്രസ്തുത അക്കൗണ്ടുകളിൽ നിന്നും നാളിതുവരെയായി വളരെ കുറഞ്ഞ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

| സി. ഡി.എസിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയ്യതി | അക്കൗണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| നോർത്ത് | 605402010004820 യൂണിയൻ ബാങ്ക്, വെസ്റ്റ്ഹിൽ | 1800000<br>1000000 | 25-4-15<br>5-6-15 | 2340665(1-7-2016 തീയ്യതിയിൽപലിശ ഉൾപ്പെടെ) |
| സൗത്ത് | 1423000105449331 പഞ്ചാബ് നാഷണൽ ബാങ്ക്, റെയിൽവെ,ലിങ്ക് റോഡ് | 2600000 | 31/03/15 | 2465600(18-6-2016 തീയ്യതിയിൽപലിശ ഉൾപ്പെടെ) |
| സെൻട്രൽ | 1423000105449340 പഞ്ചാബ് നാഷണൽ ബാങ്ക്, റെയിൽവെ,ലിങ്ക് റോഡ് | 3680000 | 31/03/15 | 3630678 (5-3-2016 തീയ്യതിയിൽ പലിശ ഉൾപ്പെടെ) |
| | ആകെ | 9080000 | | 8436943 |

ഗുണഭോക്താക്കളെ കണ്ടെത്തി കരാർ വെയ്പിച്ച് അവർക്കാവശ്യമായ ഗഡുക്കൾ മാത്രം പിൻവലിക്കുന്നതിനു പകരം സർക്കാർ ഉത്തരവിനു വിരുദ്ധമായി മുൻകൂറായി വൻ തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (ഒ.എസ്.നംപർ.38/15-16 തീ.26-10-16) മറുപടി നൽകിയിട്ടില്ല. 84,36,943/- രൂപ പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-47 ദാരിദ്ര്യ നിർമ്മാജ്ജന വിഭാഗത്തിൽ കണക്കെഴുത്തിന് വ്യവസ്ഥാപിതമായ രീതിയില്ല

വിവിധയിനം ഫണ്ടുകൾ ഒരേ സമയം കോർപ്പറേഷനിലെ കുടുംബശ്രീ-യു.പി.എ. വിഭാഗം കൈകാര്യം ചെയ്യുന്നുണ്ട്. 2015-16 വർഷത്തിൽ കോർപ്പറേഷന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ദാരിദ്ര്യ നിർമ്മാജ്ജന പ്രവർത്തനങ്ങൾക്കായി ഏകദേശം 2.45 കോടി രൂപ വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ചെലവഴിച്ചതിനു പുറമേ, എസ്.ജെ.എസ്.ആർ.വൈ., എൻ.എസ്.ഡി.പി., വാംബെ, സ്വഛ് ഭാരത് തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിനത്തിലുമായി കോടിക്കണക്കിന് രൂപ വേറെയും ഈ വിഭാഗം കൈകാര്യം ചെയ്തിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസ്. വിഭാഗത്തിൽ ഓരോ ഫണ്ടിനങ്ങൾക്കും പ്രത്യേകം ലെഡ്ജറുകളും, കാഷ് ബുക്കും സൂക്ഷിക്കുന്നുണ്ടെങ്കിലും യു.പി.എ. വിഭാഗത്തിന് ഇത്തരത്തിൽ വ്യവസ്ഥാപിതമായ ഒരു ശൈലിയില്ല.

പണം കൈകാര്യം ചെയ്യുന്ന പൊതു സ്ഥാപനങ്ങൾ കാഷ് ബുക്ക് എഴുതി സൂക്ഷിക്കണമെന്ന് കേരള ഫിനാൻഷ്യൽ കോഡിലും, തുടർന്ന് വിവിധ സർക്കാർ ഉത്തരവുകളിലൂടെയും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും യു.പി.എ. വിഭാഗത്തിൽ കാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കാഷ് ബുക്കെന്ന പേരിൽ ഒരു രജിസ്റ്റർ ഈ വിഭാഗത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഈ രജിസ്റ്ററിൽ യു.പി.എ. പ്രോജക്ട് ഓഫീസറുടെ പേരിൽ കോർപ്പറേഷൻ ബാങ്കിലുള്ള നം.2300101015985 അക്കൗണ്ടിൽ നിന്നുള്ള ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തുന്നത്.

ആവശ്യത്തിലധികം ബാങ്ക് അക്കൗണ്ടുകൾ

കോർപ്പറേഷന്റെ ദാരിദ്ര നിർമ്മാജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേയ്ക്കായി ഏകദേശം 29-ഓളം ബാങ്ക് അക്കൗണ്ടുകളാണ് കുടുംബശ്രീ - യു.പി.എ. വിഭാഗത്തിൽ നിലനിർത്തിയിരിക്കുന്നത്. നിലവിൽ ഉപയോഗിച്ചു വരുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് / റിമാർക്സ് | കൈകാര്യം ചെയ്യുന്നയാൾ |
|---|---|---|---|
| **ദാരിദ്ര ലഘൂകരണ ഫണ്ട്** | | | |
| കോർപ്പറേഷൻ ബാങ്ക്, ചെറൂട്ടി റോഡ് | 002300101015985 | 22.09.2016 ന് 1,09,915/- | സെക്ഷൻ ക്ലാർക്ക് |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105450692 | 26.09.2016 ന് 98,33,971/- | -ടി- |
| **എസ്.ജെ.എസ്.ആർ.വൈ. പദ്ധതി** | | | |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105447616 | 06.06.2016 ന് 38,150/- | നോർത്ത് സി.ഡി.എസ്. |
| യൂണിയൻ ബാങ്ക്, കോഴിക്കോട് | 605402010004756 | 01.07.2016 ന് 7,23,617/- | -ടി- |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105440622 | ഇപ്പോൾ എൻ.യു.എൽ.എം. പദ്ധതിയ്ക്കായി ഉപയോഗിക്കുന്നു | സെൻട്രൽ സി.ഡി.എസ്. |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105447661 | ഇപ്പോൾ എൻ.യു.എൽ.എം. പദ്ധതിയ്ക്കായി ഉപയോഗിക്കുന്നു | സൗത്ത് സി.ഡി.എസ്. |
| കേരള ഗ്രാമീൺ ബാങ്ക്, മാവൂർ റോഡ് | 40120100117102 | 01.08.2016 ന് 4,53,068/- | സെക്ഷൻ ക്ലാർക്ക് |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 5358 | 06.06.2016 ന് 4,90,306/- | -ടി- |
| **എൻ.എസ്.ഡി.പി. പദ്ധതി** | | | |
| സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | 40120100118511 | 01.08.2015 ന് 51,99,373/- | സെക്ഷൻ ക്ലാർക്ക് |
| കോർപ്പറേഷൻ ബാങ്ക് | 002300101007706 | 2,41,553/- | -ടി- |
| **യു.സി.ഡി.എൻ.** | | | |
| ഇന്ത്യൻ ഓവർസീസ് ബാങ്ക്, കോഴിക്കോട് | 004101000021924 | 30.12.2015 ന് 1791/- | നോർത്ത് സി.ഡി.എസ്. |
| കോർപ്പറേഷൻ ബാങ്ക്, ചെറൂട്ടി റോഡ് | 002300101016307 | 01.05.2016 ന് 459/- | സെൻട്രൽ സി.ഡി.എസ്. |

| | | | |
|---|---|---|---|
| **തനത് ഫണ്ട്** | | | |
| യൂണിയൻ ബാങ്ക്,വെസ്റ്റ് ഹിൽ | 605402010005114 | 25.08.2016 ന് 25,60,899/- | നോർത്ത് സി.ഡി.എസ്. |
| കോർപ്പറേഷൻ ബാങ്ക്, ചെറൂട്ടി റോഡ് | 002300101016127 | 06.09.2016 ന് 18,371/- | -ടി- |
| കോർപ്പറേഷൻ ബാങ്ക്, ചെറൂട്ടി റോഡ് | 002300101016101 | 20.09.2016 ന് 11,79,628/- | സെൻട്രൽ സി.ഡി.എസ്. |
| കോർപ്പറേഷൻ ബാങ്ക്, ചെറൂട്ടി റോഡ് | 002300101016104 | 21.09.2016 ന് 8,87,950/- | സൗത്ത് സി.ഡി.എസ്. |
| **ഇ – ഷോപ്പ്** | | | |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105450708 | 06.06.2016 ന് 8,75,035/- | സൗത്ത് സി.ഡി.എസ്. |
| **ഇ.എം.എസ്. ഭവന പദ്ധതി** | | | |
| കെ.ഡി.സി.ബാങ്ക്, കല്ലായ് റോഡ് | 100381201000012 | 18.02.2016 ന് 12,46,36,915/- | സെക്ഷൻ ക്ലാർക്ക് |
| **അഗതി ആശ്രയ** | | | |
| ഫറോക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചെറുവണ്ണൂർ | 6284 | 02.04.2016 ന് 8,73,797/- | സൗത്ത് സി.ഡി.എസ്. |
| ബേപ്പൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അരക്കിണർ | 7679 | 28.04.2016 ന് 7,93,431/- | -ടി- |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 14230001054389 | 22.09.2016 ന് 1,09,915/- | സെക്ഷൻ ക്ലാർക്ക് |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മെയിൻ ബ്രാഞ്ച്, കോഴിക്കോട് | 10622336837 | 02.04.2009 ന് 1,49,356/- | -ടി- |
| യൂണിയൻ ബാങ്ക്, വെസ്റ്റ് ഹിൽ | 605402010004820 | 01.07.2016 ന് 23,40,465/- | നോർത്ത് സി.ഡി.എസ്. |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105449331 | 18.06.2016 ന് 24,65,600/- | സൗത്ത് സി.ഡി.എസ്. |
| പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105449340 | 05.03.2016 ന് 36,30,678/- | സെൻട്രൽ സി.ഡി.എസ്. |
| **വാംബെ ഭവനപദ്ധതി** | | | |
| കേരള ഗ്രാമീൺ ബാങ്ക്, സിറ്റി | 4012010020683 | 17.10.2016 ന് 5,32,370/- | സെക്ഷൻ ക്ലാർക്ക് |
| എസ്.ബി.ടി. | 57023898153 | 30.11.2014 ന് 8689/- | സെക്ഷൻ ക്ലാർക്ക് |

| എൻ.യു.എൽ.എം. | | | |
|---|---|---|---|
| യൂണിയൻ ബാങ്ക്, വെസ്റ്റ് ഹിൽ | 605402201005282 | 10.08.2016 ന് 83,656/- | നോർത്ത് സി.ഡി.എസ്. |
| സൗത്ത്, സെൻട്രൽ സി.ഡി.എസുകൾ എസ്.ജെ.എസ്.ആർ.വൈ.യ്ക്കായി ഉപയോഗിച്ചിരുന്ന ബാങ്ക് അക്കൗണ്ടുകൾ ഇപ്പോൾ എൻ.യു.എൽ.എം. പദ്ധതിയ്ക്കായി ഇപയോഗിക്കുന്നു. | | | |

മേൽ വിവരിച്ചതിൽ എൻ.എസ്.ഡി.പി. പദ്ധതിയ്ക്കായി ഉപയോഗിച്ചിരുന്ന സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലെ 40120100118511 നമ്പർ അക്കൗണ്ട് ശ്രീ.വിജയൻ.എം.എം., ശ്രീമതി.ഷീജ എന്നീ രണ്ടു വ്യക്തികളുടെ പേരിൽ ആരംഭിച്ചിട്ടുള്ളതാണ്. ഈ അക്കൗണ്ടിൽ 01.08.2015 ന് 51,99,373/- രൂപ നീക്കിയിരിപ്പുണ്ട്. ഇതേ പദ്ധതിക്കായി കോർപ്പറേഷൻ ബാങ്കിലുള്ള 002300101007706 നമ്പർ അക്കൗണ്ടിൽ 2,41,553/- രൂപയും ബാക്കിയുണ്ട്. ഈ രണ്ടു അക്കൗണ്ടുകളിലും വർഷങ്ങളായി യാതൊരു ഇടപാടുകളും നടക്കുന്നില്ല. ഉപയോഗിക്കാത്ത ഇത്തരം ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും, തുകകൾ ബന്ധപ്പെട്ട സ്രോതസ്സുകളിൽ തിരിച്ചടവാക്കേണ്ടതുമാണ്.

ഫറോക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെറുവണ്ണൂർ, ബേപ്പൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അരക്കിണർ എന്നിവിടങ്ങളിലുള്ള ബാങ്ക് അക്കൗണ്ടുകൾ ചെറുവണ്ണൂർ -നല്ലളം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ടായിരുന്ന കാലയളവിൽ ആരംഭിച്ചിട്ടുള്ളവയാണ്. ഈ പഞ്ചായത്തുകൾ കോർപ്പറേഷനിലേയ്ക്ക് ലയിപ്പിച്ചപ്പോൾ പ്രസ്തുത അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന തുകകളുടെ വിശദാംശം ലഭ്യമാകാതിരുന്നതിനാലാണ് (Split up) ഇവ പ്രത്യേകമായി നിലനിർത്തിപ്പോന്നിരുന്നതെന്ന് ബന്ധപ്പെട്ട സി.ഡി.എസ്. അക്കൗണ്ടന്റ് അറിയിച്ചു. ഈ അക്കൗണ്ടുകളിലെ തുകകളുടെ വിശദാംശം പരിശോധിച്ച് ഏതെല്ലാം തുകകൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും, പ്രസ്തുത തുകകൾ നിലവിൽ ഈ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്ന അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിക്കേണ്ടതും, മറ്റു ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതുമാണ്. ഒരേ ആവശ്യങ്ങൾക്ക് വിവിധ ബാങ്കുകളിലായി തുക നിക്ഷേപിക്കുന്നത് ശരിയായ രീതിയല്ല.

ദാരിദ്ര ലഘൂകരണ വിഭാഗത്തിൽ കണക്കെഴുത്തിന്/ കണക്കുകൾക്ക് വ്യക്തമായ രീതിയില്ലാത്ത അവസ്ഥയിൽ മേൽ വിവരിച്ച രീതിയിൽ ആവശ്യത്തിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് പല വിധ ക്രമക്കേടുകൾക്കും കാരണമാകാം. ഒരേ ആവശ്യങ്ങൾക്ക് ഒന്നിലധികം ബാങ്കുകളിൽ അക്കൗണ്ടുകൾ നിലനിർത്തുന്നതിനും, സാമ്പത്തികനില പ്രതിഫലിക്കും വിധം കണക്കുകൾ സൂക്ഷിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.45/15-16) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-48 സ്വച്ഛഭാരത് പദ്ധതി - പണം മുൻകൂട്ടി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽനിക്ഷേപിച്ചു.

കേന്ദ്ര നഗര വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സ്വച്ഛ ഭാരത മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വ്യക്തിഗത ശൗചാലയ സംവിധാനം 2016 മാർച്ച് 31 ന് 100% ത്തിലേയ്ക്ക് ഉയർത്താൻ ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ മുഖേന 29-06-2015 മുതൽ 4-07-2015 വരെ സർവ്വേ നടത്തി ഗാർഹിക ശൗചാലയങ്ങൾ ഇല്ലാത്ത 911 വീടുകളും ശുചിയായി സംരക്ഷിക്കാൻ പറ്റാത്ത 594 ഗാർഹിക ശൗചാലയങ്ങളും കണ്ടെത്തിയിരുന്നു. കൂടാതെ സർവ്വെയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ടോയിലറ്റ് നിർമ്മിക്കേണ്ട 5 സ്ഥലങ്ങളും പൊതു ടോയിലറ്റ് നിർമ്മിക്കേണ്ട 14 സ്ഥലങ്ങളും തെരഞ്ഞെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് 2015-16 ൽ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 'സ്വച്ഛ ഭാരത' പദ്ധതിയുടെ ഭാഗമായി കക്കൂസ് നിർമ്മാണത്തിന് കോർപ്പറേഷൻ വിഹിതം" എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ-1448, അടങ്കൽ 23187067/-, വികസന ഫണ്ട്- 9000000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-6160000/-, കേന്ദ്രാവിഷ്കൃതം- 6020000/-,

സംസ്ഥാന വിഹിതം- 2006165/-, മറ്റുളളവ-902/-) നിർവഹണത്തിന്റെ, ഭാഗമായി 1,51,50,835/-രൂപ താഴെ ചേർക്കും പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചു.

| ക്രമ നമ്പർ | ബിൽ നമ്പർ,തിയതി | തുക |
|---|---|---|
| 1 | 13 തിയതി-25-02-2016 | 4026800/- |
| 2 | 17 തിയതി-21-03-2016 | 4026800/- |
| 3 | 18 തിയതി-21-03-2016 | 4026800 |
| 4 | 21 തിയതി-26-03-2016 | 946298 |
| 5 | 22 തിയതി-26-03-2016 | 2124137 |
| ആകെ | | 15150835 |

ഈ തുക നിർവഹണ ഉദ്യോഗസ്ഥൻ പഞ്ചാബ് നാഷണൽ ബാങ്കിലെ 1423000105450692 നമ്പർ അക്കൗണ്ടിൽ താഴെ ചേർക്കും പ്രകാരം നിക്ഷേപിക്കുകയാണ് ചെയ്തത്.

| തിയതി | നിക്ഷേപിച്ച തുക |
|---|---|
| 15-03-2016 | 4026800 |
| 22-03-2016 | 4026800 |
| 22-03-2016 | 4026800 |
| 29-03-2016 | 946298 |
| 29-03-2016 | 2124137 |
| ആകെ | 15150835 |

1. ഈ തുകയിൽ നിന്നും 2015 മാർച്ച് 31 വരെ 3,25,000/-രൂപ മാത്രമേ ചെലവഴിച്ചിരുന്നുളളു. 26-09-2016 ലെ കണക്ക് പ്രകാരം പിൻവലിച്ച തുകയിൽ 75,38,971/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 12-04-2016 ലെ ജി.ഒ.(പി) 177/2006 ധനം നമ്പർ ഉത്തരവ് ഖണ്ഡിക 6-1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂർ പിൻവലിക്കാൻ പാടില്ല. വികസന ഫണ്ടിൽ നിന്നും സർക്കാർ അനുമതിയില്ലാതെ തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചത് അതീവ ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-49 യാത്രയയപ്പ് - ഗ്രൂപ്പ് ഫോട്ടോ - നഗരസഭാ ഫണ്ട് ദുർവ്യയം ചെയ്തു

ഫയൽ നം : ഡി3/40003/13

2010-15 കാലയളവിലെ കൗൺസിൽ അംഗങ്ങൾക്ക് യാത്രയയപ്പിനോട് അനുബന്ധിച്ച് ഗ്രൂപ്പ് ഫോട്ടോ ലാമിനേറ്റ് ചെയ്ത് ഫ്രെയിം ചെയ്തതിനും, ഫോട്ടോകൾ ഡിജിറ്റലൈസ് ചെയ്ത് ആൽബം ആക്കിയതിനുമായി ആകെ 1,13,000/- രൂപ തനതുഫണ്ട് ചെലവഴിച്ചിട്ടുണ്ട്. (IT 2,260/- രൂപ കിഴിച്ച് ബാക്കി 1,10,740/- രൂപ ചെക്ക് നം.658626/02.01.2016 മുഖേന നൽകി) ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, ജനപ്രതിനിധികൾക്ക് ഓണറേറിയം, വൈദ്യുതി/വെളളക്കരം തുടങ്ങിയ അനിവാര്യമായ പ്രവർത്തന ചെലവുകൾ നടത്താൻ പ്രയാസപ്പെടുന്ന നഗരസഭ ഇത്രയും വലിയ തുക ഫോട്ടോകൾക്ക് ചെലവഴിച്ചത് പൊതുപണം ചെലവഴിക്കുമ്പോൾ ഉണ്ടാവേണ്ട ജാഗ്രത പാലിക്കാതെയാണ്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ [ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ., തിയ്യതി:08.11.2010] ഖണ്ഡിക 3-2 പ്രകാരം ഒരു ലക്ഷത്തിനു മുകളിൽ ചെലവ് വരുന്ന സമാഹരണത്തിന് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കണം. എന്നാൽ ഇവിടെ ഇത്തരത്തിലുള്ള ടെണ്ടർ നടപടികളൊന്നും സ്വീകരിക്കാതെ, എം. എം. അലി റോഡിലുള്ള സുദർശൻ സ്റ്റുഡിയോയുടെ ബില്ലിന്റെ അടിസ്ഥാനത്തിലാണ് (തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) തുക നൽകിയിരിക്കുന്നത്. ബില്ലിൽ വാറ്റ് രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം ഡിജിറ്റൽ ആൽബത്തിന് 25,000/- രൂപയും, ഫ്രെയിം ചെയ്ത ഗ്രൂപ്പ് ഫോട്ടോയ്ക്ക് 88,000/- രൂപയുമാണ് (1,100 രൂപ വീതം 80 കോപ്പി) കാണിച്ചിരിക്കുന്നത്.
3. തയ്യാറാക്കിയ ഡിജിറ്റൽ ആൽബം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
4. ഗ്രൂപ്പ് ഫോട്ടോ 80 കോപ്പി സ്റ്റോക്കിലെടുത്തതിന്റേയും, വിതരണം ചെയ്തതിന്റേയും വിശദാംശം ലഭ്യമായിട്ടില്ല.
5. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 പ്രകാരം 01.12.2016 തിയ്യതിയ്ക്ക് നടത്തിയ സ്റ്റോക്ക് പരിശോധനയിൽ കോർപ്പറേഷന്റെ ഒന്നാം നിലയിലെ മുറിയിൽ ഫ്രെയിം ചെയ്ത ഫോട്ടോകൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇതിൽ രണ്ടു കെട്ടുകൾ പൊളിച്ചിട്ടില്ല.





(കൂട്ടിയിട്ട ഫോട്ടോ ഫ്രെയിമുകൾ)

നഗരസഭ ഫണ്ട് ദുർവ്യയം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് 26.12.2016 ന് കൗൺസിൽ സെക്രട്ടറി നൽകിയ മറുപടി, 'പെട്ടെന്ന് സംഘടിപ്പിച്ച പരിപാടിയായതിനാലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നതെന്നും, ഫോട്ടോകൾ ബന്ധപ്പെട്ട കൗൺസിലർമാർക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മേലിൽ ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോൾ നടപടിക്രമങ്ങളിലെ വീഴ്ച ഒഴിവാക്കുന്നതാണ്' എന്നുമാണ്. പൊതുപണം ചെലവഴിക്കുമ്പോൾ പാലിക്കേണ്ട ജാഗ്രതയില്ലാതെയാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത് എന്ന് കൗൺസിൽ സെക്രട്ടറിയുടെ മറുപടിയിൽ നിന്നും വ്യക്തമാണ്. ജാഗ്രതയില്ലാതെ ചെലവഴിച്ച 1,10,740/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും, ചെലവിനു അംഗീകാരം നൽകിയ കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-50 പത്ര പരസ്യം -കിഴിവ് അനുവദിക്കാത്തത് സംബന്ധിച്ച്.

4-01-2011 ലെ ജി.ഒ.(ആർ.റ്റി.) 1/2011/ഐ&പി.ആർ നമ്പർ ഉത്തരവ് പ്രകാരം പത്ര പരസ്യങ്ങൾ ഐ&പി.ആർ.ഡി. വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2015-16 വർഷത്തിൽ നൽകിയ വിവിധ പരസ്യങ്ങൾക്ക് ഇപ്രകാരം കിഴിവ് ലഭിച്ചതായി കാണുന്നില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | സ്ഥാപനം ഡിമാൻഡ് ചെയ്ത തുക | നൽകേണ്ടിയിരുന്ന തുക (15% കിഴിവ് കഴിച്ച്) | നൽകിയ തുക (ആദായ നികുതി കുറച്ച ശേഷം) | ചെക്ക് നമ്പർ, തിയതി | അധികം ചെലവായ തുക | പത്ര സ്ഥാപനം ബിൽ നമ്പർ/തിയതി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ഇ.ജി.14/ 85737/11/ Vol.II | 9600 | 8160 | 9408 | 130926 9408 | 1440 | മാതൃഭൂമി,ബിൽ നമ്പർ-60631616 തിയതി-11-6-15 |
| 2 | ടി | 10080 | 8568 | 9878 | 130924 22-7-16 | 1512 | മാതൃഭൂമി,ബിൽ നമ്പർ-60807657 തിയതി-6-3-16 |
| 3 | എ 32 (എ)/ 12502/15 | 6720 | 5712 | 6586 | 111346 9-6-15 | 1008 | മാതൃഭൂമി,ബിൽ നമ്പർ-60533063 തിയതി-20-1-15 |
| 4 | ടി | 3120 | 2652 | 3058 | 111347 9-6-15 | 468 | ദേശാഭിമാനി,ബിൽ നമ്പർ-CLT-2015013853 തിയതി-20-01-15 |
| 5 | ഇ. ജി.13/60060/14 | 17535 | 14905 | 17184 | 785590 23-02-16 | 2630 | മാതൃഭൂമി ബിൽ നമ്പർ-60606800 തിയതി-8-5-15(13440)&ബിൽ നമ്പർ-60566799 തിയതി-8-3-15 (4095) |
| 6 | ടി | 9960 | 8466 | 9761 | 785586 23-02-16 | 1494 | ദേശാഭിമാനി,ബിൽ നമ്പർ-CLT-2015057418 തിയതി-08-05-15 (5800)& ബിൽ നമ്പർ-CLT-2015030432 തിയതി-08-03-15 (4160) |
| 7 | ടി | 5000 | 4250 | 4900 | 755513 23-02-16 | 750 | ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് ബിൽ നമ്പർ-387083/KOZ തിയതി-8-03-15 (5000) |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | എ 29/55534/ 93(എ) | 20160 | 17136 | 19757 | 175069 25-07-15 | 3024 | ദേശാഭിമാനി,ബിൽ നമ്പർ-CLT-2015031255 തിയതി-17-03-15 (16000)& ബിൽ നമ്പർ-CLT-2015039481 തിയതി-03-03-15 (4160) |
| 9 | ടി | 10440 | 8874 | 10231 | 437460 27-11-15 | 1566 | ദേശാഭിമാനി,ബിൽ നമ്പർ-CLT-2015062516 തിയതി-23-06-2015(4640)& ബിൽ നമ്പർ-CLT-2015075282 തിയതി-17-07-15 (5800) |
| 10 | ടി | 4000 (ബില്ല് ലഭ്യമല്ല.) | 3400 | 3920 | 437451 25-11-15 | 600 | ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിന് നൽകിയത്. ബില്ല് ഫയലിൽ ലഭ്യമല്ല. |
| 11 | ടി | 5616 | 4774 | 5504 | 437467 27-11-15 | 842 | മാതൃഭൂമി ബിൽ നമ്പർ-6064078 തിയതി-24-06-15 |
| 12 | ടി | 32040 | 27234 | 31399 | 755590 23-02-16 | 4806 | മാതൃഭൂമി ബിൽ നമ്പർ-60569261 തിയതി-13-3-1(22440)&ബിൽ നമ്പർ-60656723 തിയതി-17-7-15 (9600) |
| 13 | എഫ് . 12/69407/15 | 13440 | 11424 | 13171 | 280494 28-9-15 | 2016 | മാതൃഭൂമി ബിൽ നമ്പർ-6063504 തിയതി-1-6-15 (7680)&ബിൽ നമ്പർ-60637962 തിയതി-10-6-15 (5760) |
| 14 | എ ഫ്.1/79920/10 | 11520 | 9792 | 11290 | 755420 16-02-16 | 1728 | മാതൃഭൂമി ബിൽ നമ്പർ-60698048 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തിയതി-18-9-15 (5760)&ബിൽ നമ്പർ-60705558 തിയതി-30-9-15 (5760) |
| 15 | ഇ.ജി14/15765/14 | 15120 | 12852 | 14818 | 280416 18-09-15 | 2268 | മാതൃഭൂമി ബിൽ നമ്പർ-60476130 തിയതി-30-10-14 (5040)&ബിൽ നമ്പർ-60495181 തിയതി 27-11-14 (5040)&ബിൽ നമ്പർ-60554337 തിയതി-20-02-15 (5040) |
| 16 | ടി | 6240 | 5304 | 6115 | 280415 18-09-15 | 936 | ദേശാഭിമാനി ബിൽ നമ്പർ-CLT-2015026751 തിയതി 11-02-15 (3120)& ബിൽ നമ്പർ-CLT-2015027893 തിയതി-20-02-15 (3120) |
| 17 | ഇ.ജി14/15765/14 | 3200 | 2720 | 3136 | 280414 18-09-15 | 480 | പ്രദീപം ദിന പത്രം(ബില്ല് ഫയലിൽ ലഭ്യമായി കാണുന്നില്ല.) |
| 18 | എ 30/32603/04 | 7680 | 6528 | 7526 | 21804008 27-11-15 | 1152 | മാതൃഭൂമി ദിനപത്രം ബിൽ നമ്പർ 60665704 തിയതി-31-07-15 (7680) |
| 19 | ടി | 4640 | 3944 | 4547 | 21804000 27-11-15 | 696 | ദേശാഭിമാനി ദിനപത്രം ബിൽ നമ്പർ-2015087377 തിയതി-31-07-15 (4640) |
| അധികം ചെലവഴിച്ച തുക ആകെ | | | | | | 29416 | |

ഇഇ സംബന്ധിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നഗരസഭ മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ അധികം നൽകിയ പരസ്യ തുക ഓഡിറ്റിൽ തടസപ്പെടുത്തുന്നു. തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-51 വിവിധ ആവശ്യങ്ങൾക്കായി എടുത്ത മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തില്ല

### 1.തദ്ദേശഭരണ തെരഞ്ഞെടുപ്പ് -

ഫയൽ നമ്പർ : സി 1/ 50683/2014

1. 2015 നവമ്പറിൽ നടന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ കോഴിക്കോട്മുനിസിപ്പൽ കോർപ്പറേഷനിലെ 75 ഡിവിഷനുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ 25 ഡിവിഷനുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ മൂന്ന് റിട്ടേണിംഗ് ഓഫീസർമാരാണുണ്ടായിരുന്നത്. ഇവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്കായി മുൻകൂറുകൾ നൽകിയിട്ടുള്ളത് ഫയലിലും അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ മുൻകൂറുകളിൽ ഭൂരിഭാഗവും ഒരു വർഷത്തിനുശേഷവും അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വിശദവിവരം താഴെ പറയുന്നു.

| ക്രമ നം | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വൗച്ചർ നം/തീയതി | തുക |
|---|---|---|---|
| 1 | ശ്രീമതി മറിയം ഹസീന, ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ (ഡിവിഷൻ 1-25) | 21503189/8.10.15<br>21503437/27.10.15<br>21503608/4.11.15<br>21503686/6.11.15 | 50,000/-<br>50,000/-<br>50,000/-<br>95,000/- |
| 2 | ശ്രീമതി.റ്റി.പി.സാറാമ്മ, ജില്ലാസാമൂഹ്യനീതി ഓഫീസർ (ഡിവിഷൻ 26-50) | 21503188/8.10.15<br>21503438/27.10.15<br>21503529/30.10.15<br>21503664/5.11.15 | 50,000/-<br>50,000/-<br>50,000/-<br>90,300/- |
| 3. | ശ്രീ.റ്റി. രാമചന്ദ്രൻ, ലാന്റ് റവന്യൂ ഡപ്യൂട്ടി കളക്ടർ (ഡിവിഷൻ 51-75) | 215032/13.10.15<br>21503438/27.10.15<br>21504161/5.11.15 | 50,000/-<br>50,000/-<br>95,000/- |
| 4 | ശ്രീമതി.ചിത്രാ വാസു അസി. എക്സി.എഞ്ചിനീയർ | 21503483/29.10.15 | 2,80,000/- |
| 5 | ശ്രീ.ശ്രീനാഥ്, ഓവർസിയർ | 21503485/29.10.15 | 2,30,000/- |
| 6 | ശ്രീമതി.ഷീബ.അസി.എഞ്ചിനീയർ | 21503484/29.10.15 | 20,000/- |
| 7 | ശ്രീ. അജിത് കുമാർ അസി. എഞ്ചിനീയർ | 2153481/29.10.15 | 2,15,000/- |
| 8 | ശ്രീ. പ്രേമാനന്ദൻ, R.O. | 215034/28.10.15 | 54,600/- |
| 9 | ശ്രീ. രമേഷ്. റ്റി.പി., അസി. എഞ്ചിനീയർ | 21505035/30.10.15 | 8,00,000/- |

ഒരു വർഷം മുമ്പ് അനുവദിച്ച മുൻകൂർ നാളിതുവരെ വിനിയോഗിച്ചതിന്റെയോ തുക അഡ്ജസ്റ്റ് ചെയ്തതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. യഥാസമയം അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂർ 18%

പലിശ സഹിതം ഈടാക്കേണ്ടതുണ്ട്.[കേരള ഫിനാൻഷ്യൽ കോഡ് Vol I ആർട്ടിക്കിൾ 99, ജി.ഒ(പി) നം.419/11/ഫിൻ തീയതി.04.10.11]

2. മേൽപ്പറഞ്ഞവയുൾപ്പെടെയുള്ള മുൻകൂറുകൾ കൂടാതെ ഇലക്ഷനോടനുബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവുകൾ പ്രകാരമുള്ള പോളിംഗ് ടീമിനുള്ള പ്രതിഫലം (ഫുഡ് അലവൻസ് ഉൾപ്പെടെ), റിട്ടേണിംഗ് ഓഫീസർമാർക്കും ടീം അംഗങ്ങൾക്കുമുള്ള പ്രതിഫലം , നഗരസഭയിൽ ഇലക്ഷൻ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കുള്ള പ്രതിഫലം, വോട്ടർ പട്ടിക തയ്യാറാക്കിയതിന് കുടുംബശ്രീ ഐ.റ്റി. യൂനിറ്റിന് തുക എന്നിവയും നൽകിയിരിക്കുന്നതിന്റെ വിവരങ്ങൾ ഫയലിലുണ്ട്.

3. ഇവ കൂടാതെ നഗരസഭാ തനതു ഫണ്ടിൽ നിന്നും നിർവഹിച്ച ഏതാനും ചെലവുകൾ താഴെ പറയുന്നു.

| ക്രമ നം | കൈപ്പറ്റിയ വ്യക്തി | വൌച്ചർനം/തുക | തുക |
|---|---|---|---|
| 1 | ശ്രീ. വി.പി.ബൈജു,<br>കോർപ്പറേഷൻ കാന്റീൻ, | 21504137/04.12.15 - 242185<br>21505120/29.01.15 - 160058 | 402243/- |
| 2 | സുകുമാരൻ.സി.പി,<br>കനക റസ്റ്റാറന്റ് | 21504136/04.12.15 - 30096<br>21505118/05.12.15 - 20064 | 50160/- |
| 3 | ശ്രീ വെങ്കിടേഷ് ലഞ്ച് ഹോം | 21504225/11.12.15 - 4670 | 4670/- |
| | | ആകെ | 4,57,073/- |

രണ്ടാം ഖണ്ഡികയിൽ കാണിച്ചിരിക്കുന്നപ്രകാരമുള്ള ഇനങ്ങൾക്കുള്ള തുകകൾ നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കേ, ഭക്ഷണാവശ്യത്തിനായി ഇത്രയും ഭീമമായ തുക ചെലവഴിച്ചിരിക്കുന്നതിന്റെ ആവശ്യകത വ്യക്തമല്ല. പൊതുപണം ചെലവഴിക്കുന്നതിൽ നിർബന്ധമായും പാലിക്കേണ്ട ജാഗ്രതയും മിതത്വവും ഇക്കാര്യത്തിലുണ്ടായിട്ടില്ല എന്നു കാണുന്നു.

4. നൽകിയ തുകകളുടെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല

നഗരസഭയുടെ 2015-16 വർഷത്തെ തനതുഫണ്ട് ബാങ്ക് ബുക്ക്(Account No, 67109350615 SBT) പ്രകാരം ഇലക്ഷൻ ആവശ്യത്തിനായി അനുവദിച്ച താഴെ കൊടുത്ത തുകകൾ സംബന്ധിച്ച ഓഫീസ് കുറിപ്പോ, മേലുദ്യോഗസ്ഥന്റെ അനുമതിക്കുറിപ്പോ ഇതുമായി ബന്ധപ്പെട്ട ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. പ്രിസൈഡിംഗ് ഓഫീസർമാർക്കും പോളിംഗ് ഓഫീസർമാർക്കും പ്രതിഫലം നൽകുന്നതിനുള്ളതാണ് തുക.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വൗച്ചർ നം/തീയതി | തുക |
|---|---|---|---|
| 1 | ശ്രീമതി മറിയം ഹസീന, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (ഡിവിഷൻ 1-25) | 21503418/20.10.2015<br>(ചെക്ക് നം.417194) | 80,000/- |
| 2 | ശ്രീമതി.റ്റി.പി.സാറാമ്മ, ജില്ലാസാമൂഹ്യനീതി ഓഫീസർ (ഡിവിഷൻ 26-50) | 21503417/20.10.2015<br>(ചെക്ക് നം.417193) | 80,000/- |

| | | | |
|---|---|---|---|
| 3. | ശ്രീ.റ്റി. രാമചന്ദ്രൻ, ലാന്റ് റവന്യൂ ഡപ്യൂട്ടി കളക്ടർ (ഡിവിഷൻ 51-75) | 21503417/20.10.2015 (ചെക്ക് നം.417195) | 90,000/- |

**2.റിപ്പബ്ലിക് ദിനാഘോഷം**

ഫയൽ നമ്പർ : സി.1/679/16
വൗച്ചർ നമ്പർ : 21505077/25.01.16 Rs.10,000/-
ചെക്ക് നം. : 685848, തനത് ഫണ്ട്

2016 -ലെ റിപ്പബ്ലിക് ദിനാഘോഷ ചെലവിലേക്കായി 10,000/- രൂപ അനുവദിക്കുന്നതിനുള്ള ഓഫീസ് ഡഫേദാർ ശ്രീമതി.വി.ലക്ഷ്മിയുടെ 20.01.16 തീയതിയിലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് മേൽ വൗച്ചർ പ്രകാരം തുക അനുവദിച്ചു. 25.01.16 -ന് അനുവദിച്ച മുൻകൂർ നാളിതുവരെ വിനിയോഗിച്ചതിന്റെയോ തുക അഡ്ജസ്റ്റ് ചെയ്തതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല. തിരിച്ചടയ്ക്കാനവശേഷിക്കുന്ന മുഴുവൻ മുൻകൂറുകളും കേരള ഫിനാൻഷ്യൽ കോഡ് Vol I ആർട്ടിക്കിൾ 99, ജി.ഒ(പി) നം.419/11/ഫിൻ തീയതി.04.10.11 എന്നിവയിൽ നിഷ്കർഷിക്കും വിധം 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

**3-52 മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല**

ഓഡിറ്റ് കാലയളവിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

**1.ഫയൽ നമ്പർ - എഫ്-13/55218/15**

വൗച്ചർ നമ്പർ-21500739/28.05.15 ചെലവുതുക-21,000/-

കോഴിക്കോട് താലൂക്ക് കസബ വില്ലേജ് പരിധിയിൽ ചിന്താവളപ്പ് ഗവ. യു.പി സ്കൂളിൽ പ്രവർത്തിക്കുന്ന കോഴിക്കോട് റൂറൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടത്തിന് ഭീഷണിയായ ചീനിമരം മുറിച്ചുമാറ്റുന്നതിന് മേൽ വൗച്ചർ പ്രകാരം മുൻകൂർ അനുവദിച്ച 30,000/- രൂപയിൽ 21,000/- രൂപ ചെലവഴിച്ച് മരം മുറിച്ചുമാറ്റിയിരുന്നു. ബാക്കി 9000/- രൂപ 11539124242/28.12.15 പ്രകാരം നഗരസഭാഫണ്ടിൽ തിരിച്ചടക്കുകയും ചെയ്തു.

സെക്രട്ടറിയുടെ4.12.15 ലെ ഉത്തരവ് പ്രകാരം മരം ലേലം ചെയ്തു വിൽക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കിൾ 6 എച്ച്.ഐ. ശ്രീ.രാമദാസിനെ ചുമതലപ്പെടുത്തുകയും അതിനെ തുടർന്ന് 8.12.15 ലെ എഫ് -13/55218/15 നമ്പർ കത്ത് പ്രകാരം മരത്തിന്റെ വിലനിർണ്ണയം നടത്തി കിട്ടുന്നതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്തയയ്ക്കുകയും ചെയ്തു. എന്നാൽ ഫയൽ പരിശോധിച്ചതിൽ മരത്തിന്റെ വിലനിർണ്ണയം നടത്തിയതു സംബന്ധിച്ചും മരം ലേലം ചെയ്തതു സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. 2016-17 ലെ പൊതുലേലം/ടെണ്ടർ പരസ്യത്തിൽ (എ 34/222/16) പ്രസ്തുത മരം ഉൾപ്പെടുത്തിയതായി കാണുന്നില്ല.ആയതിനാൽ മരത്തിന്റെ വിലനിർണ്ണയം നടത്തിയതു സംബന്ധിച്ചും മരം ലേലം ചെയ്ത് വിൽപ്പന നടത്തിയതു സംബന്ധിച്ചുമുള്ള വിവരം പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 24.11.16 ന് സെക്രട്ടറി നൽകിയ മറുപടിയിൽ വനംവകുപ്പിൽ നിന്നും വിലനിർണ്ണയം ലഭ്യമാക്കാനാവശ്യമായ

തുടർനടപടികൾ സ്വീകരിച്ചതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല. വിലനിർണ്ണയം നടത്തികിട്ടാൻ വൈകിയാൽ മരം നശിച്ചുപോകുന്നതും നഗരസഭക്ക് നഷ്ടം സംഭവിക്കുന്നതുമാണ്. ആയതിനാൽ എത്രയും പെട്ടെന്ന് വിലനിർണ്ണയം ലഭ്യമാക്കി മരം ലേലം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2.**ഫയൽ നമ്പർ-എഫ്.13/96265/15

കോഴിക്കോട് താലൂക്ക് കസബ വില്ലേജ് പരിധിയിൽ തളി റോഡിൽ കണ്ടംകുളംജൂബിലി ഹാളിനടുത്തുള്ള ഒരു ചീനി മരം പൊതു ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായതിനാൽ മുറിച്ചു മാറ്റണമെന്ന കോഴിക്കോട് സബ്ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ 17-8-2015 ലെ 7945/15 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ കോർപ്പറേഷൻ ക്ഷണിച്ച് പ്രസ്തുത ചീനി മരം മുറിച്ചു മാറ്റിയതിന് 22000/രൂപ ചെലവഴിക്കുകയുണ്ടായി.എന്നാൽ മുറിച്ച് മാറ്റപ്പെട്ട ചീനി മരം ഇതേ വരെ ലേലം ചെയ്തിട്ടില്ല. മുറിച്ച മാറ്റപ്പെട്ട മരം മൂല്യ നിർണ്ണയം നടത്തുന്നതിനു വേണ്ടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 6-11-2015 ലെ എഫ്.13/96265/15 നമ്പറായി നഗരസഭ കത്തയച്ചെങ്കിലും മറുപടി ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 7 ദിവസത്തിനകം വില നിർണ്ണയം ലഭ്യമാക്കണമെന്ന് കാണിച്ച് വനം വകുപ്പിന് ഓർമ്മക്കുറിപ്പ് നൽകിയയതായി അറിയിച്ചിരിക്കുന്നു. മുറിച്ച് മാറ്റിയ മരക്കഷ്ണങ്ങൾ പ്രസ്തുത സ്ഥലത്തു തന്നെ കൂട്ടിയിട്ടിരിക്കുകയാണെന്നും വിലനിർണ്ണയം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കും എന്നാണ് മറുപടിയിൽ വ്യക്തമാക്കുന്നത്. മുറിച്ചു മാറ്റിയിട്ടും ഒന്നര വർഷത്തിലേറെയായ മരക്കഷ്ണങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമല്ല. മരക്കഷ്ണണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-53 കോഴിക്കോട് നഗരസഭയിലെ വാഹന ഉപയോഗവും പരിപാലനവും അവലോകനം.

2000 ത്തിലെ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി കോഴിക്കോട് നഗരസഭയിലെ വാഹന ഉപയോഗം സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളും അപാകങ്ങളും താഴെ ചേർക്കുന്നു.

**1. നഗരസഭയിലെ ആകെ വാഹനങ്ങളുടെ ഉപയോഗം, എണ്ണം സംബന്ധിച്ചുള്ള വിവരം.**

നഗരസഭ ലഭ്യമാക്കിയ വിവരമനുസരിച്ച് താഴെ ചേർക്കും പ്രകാരമുള്ള വാഹനങ്ങളാണ് ഇപ്പോൾ ഉപയോഗത്തിലുള്ളത്.

| വാഹനം ഉപയോഗിക്കുന്ന സെക്ഷൻ | യാത്രാ ആവശ്യം. (എണ്ണം) | ശുചീ കരണ ആവശ്യം (എണ്ണം) | റോഡ് വർക്കിന് ഉപയോഗി ക്കുന്നവ. (എണ്ണം) | കുടിവെള്ള വിതരണ ത്തിന് ഉപയോഗി ക്കുന്നവ. (എണ്ണം) | മറ്റ് ഉള്ളവ (എണ്ണം) | ആ കെ |
|---|---|---|---|---|---|---|
| റവന്യൂ വിഭാഗം | 1 | - | - | - | - | 1 |
| എഞ്ചിനിയറിംഗ് വിഭാഗം EG4 | 3 | - | 1 | - | 2 | 6 |
| സെക്രട്ടറി | 1 | - | - | - | - | 1 |
| അഡീഷണൽ സെക്രട്ടറി | 1 | - | - | - | - | 1 |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് വിഭാഗം | 6 | 63 | - | 6 | 1 | 76 |
| കൌൺസിൽ വിഭാഗം | 8 | - | - | - | - | 8 |
| എലത്തൂർ മേഖലാ ഓഫീസ് | 1 | - | - | - | - | 1 |
| ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് | 1 | 2 | - | - | - | 3 |
| ബേപ്പൂർ സോണൽ ഓഫീസ് | 1 | 1 | - | - | - | 2 |
| ആകെ | 23 | 66 | 1 | 6 | 3 | 99 |

**2. രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല.**

2000 ത്തിലെ കേരള മുനിസിപ്പലാറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലവും) ചട്ടങ്ങളിലെ ചട്ടം 4(1) അനുസരിച്ച് ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ ചേർക്കും പ്രകാരമുളള രജിസ്റ്ററുകളും റെക്കാർഡുകളും സൂക്ഷിക്കേണ്ടതാണ്.
1) ലോഗ് ബുക്ക് 2) പെട്രോൾ,ഡീസൽ, ഓയിൽ മുതലാവക്കുളള ഓർഡർ ബുക്ക് 3) ഡി.സി.ബി. രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ.) 4) റിപ്പയർ രജിസ്റ്റർ 5) സ്റ്റോക്ക് രജിസ്റ്റർ. എന്നാൽ കോഴിക്കോട് നഗരസഭയിൽ രജിസ്റ്ററുകൾ ഭൂരിഭാഗം സെക്ഷനുകളിലും ലോഗ് ബുക്ക് ഒഴികെയുളള രേഖകൾസൂക്ഷിക്കുന്നില്ല.സെക്രട്ടറി കസ്റ്റോഡിയൻ ഓഫീസറായ KLAQ8369(സ്വിഫ്റ്റ് ഡിസയർ) റവന്യൂ ഓഫീസർ കസ്റ്റോഡിയൻ ഓഫീസറായ KL11U8601 ജീപ്പ് എന്നിവക്ക് ഫ്യൂവൽ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.സൂപ്രണ്ടിംഗ് എൻജിനീയറുടെ വാഹനങ്ങളുടെ പെട്രോൾ, ഡീസൽ, ഓയിൽ എന്നിവക്കുളള ഓർഡർ ബുക്ക്,ഫ്യൂവൽ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.കൗൺസിൽ സെക്രട്ടറി കസ്റ്റോഡിയനായ വാഹനങ്ങളുടെ ഫ്യൂവൽ രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറിയുടെ വാഹനത്തിന്റെ പെട്രോൾ,ഡീസൽ,ഓയിൽ ഓർഡർ ബുക്ക് സൂക്ഷിച്ചതായി കാണുന്നില്ല. അഡീഷണൽ സെക്രട്ടറി ഉപയോഗിക്കുന്ന KL 11B 355 ETIOS കാറിന്റെ ഇന്ധന ഓയിൽ രജിസ്റ്ററിൽ 26-09-2016 ന ശേഷം ഇന്ധനം നിറച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഹെൽത്ത് ഓഫീസർ വാഹനങ്ങളുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**3. ലോഗ് ബുക്ക് ചട്ടപ്രകാരം സൂക്ഷിച്ചിട്ടില്ല.**

ഓഡിററിന്റെ ഭാഗമായി നഗരസഭയിലെ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ 17-01-2017 ന് മുന്നറിയിപ്പില്ലാതെ പരിശോധനാ വിധേയമാക്കുകയുണ്ടായി.ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കസ്റ്റോഡിയൻ ഓഫീസർ | ലോഗ് ബുക്ക് സൂക്ഷിപ്പിലെ പ്രധാന പ്രധാന അപാകങ്ങൾ |
|---|---|---|
| 1 | സൂപ്രണ്ടിംഗ് എൻജിനീയർ | 1. 2000 ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7(2) അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാര മാണെന്ന് ബോധ്യപ്പെടേണ്ടതും വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ KL11AY999 നമ്പർ വാഹന ത്തിന്റെ ലോഗ് ബുക്ക്കസ്റ്റോഡിയൻ |

| | | |
|---|---|---|
| | | ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെട്ടുത്തിയിട്ടില്ല. KL11BD 9377 നമ്പർ വാഹനത്തിന്റെ 14-10-16 മുതൽ 13-01-2017 തിയതികളിലേയും യാത്രകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>2. ഒരു വാഹനത്തിന്റെയും ഇന്ധന ഉപഭോഗം, ഓടിയ ദൂരം എന്നിവ ഉൾപ്പെടുത്തി പ്രതിമാസ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി യിട്ടില്ല.<br>3. കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാന്നിദ്ധ്യത്തിലാണ് ഇന്ധനം നിറക്കേണ്ടത്. (ചട്ടം 9(1)) എന്നാൽ KL11BD 9377 നമ്പർ വാഹനത്തിന്റെ 2-11-16,2-12-16,19-12-16,10-1-2017 എന്നീ ദിവസങ്ങളിൽ ഇന്ധനം നിറച്ചത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>4. 13-01-2017 മുതൽ 16-01-2017 വരെയുള്ള തിയതികളിൽ മേൽ സൂചിപ്പിച്ച വാഹനത്തിന്റെ (KL11BD 9377) ലോഗ് ബുക്ക് എഴുതിയിട്ടില്ല.<br>5. യാത്രയുടെ ഉദ്ദേശ്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.<br>6. KL 11T5770 ജീപ്പിൽ ഇന്ധനം നിറച്ച വിവരങ്ങൾ വല്ലപ്പോഴും മാത്രമെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുളളു.KL11AY999 നമ്പർ ബൊലേറോ ജീപ്പിന്റെ ഇന്ധനം നിറച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തി യിട്ടില്ല.<br>7. മൈലേജ് ടെസ്റ്റ്, പുക പരിശോധന എന്നിവയുടെ രേഖകൾ ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. |
| 2 | പി.എ. ടു സെക്രട്ടറി | 1. 1.KL11AQ8369 നമ്പർ വാഹനം 1-01-17 മുതൽ 15-01-17 വരെയുള്ള തിയതികളിൽ ഉപയോഗിച്ച സെക്രട്ടറി ലോഗ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>2. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.<br>3. പ്രതിമാസസംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.<br>4. ഇന്ധനം നിറച്ചത് കസ്റ്റോഡിയൻ ഓഫീസറോ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുന്നില്ല. |

| | | |
|---|---|---|
| | | 5. 14-11-2016, 2-12-16,9-12-2016, 17-12-16,4-1-2017,9-1-2017 എന്നീ ദിവസ ങ്ങളിലെ KL11AQ8369 നമ്പർ വാഹനത്തിന്റെ ഇന്ധന ഉപയോഗം സംബന്ധിച്ച് ലോഗ്ബുക്കിലേയും ഇന്ധന ഓയിൽ സ്റ്റോക്ക് രജിസ്റ്ററിലേയും രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. |
| 3 | കൗൺസിൽ സെക്രട്ടറി. (കസ്റ്റോഡിയനായ എല്ലാ വാഹനങ്ങളും.) | 1. യാത്രയുടെ ഉദ്ദേശം രേഖപ്പെടുത്തുന്നില്ല.<br>2. ഇന്ധനം ഫുൾ ടാങ്ക് നിറച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>3. മാസാവസാന സംക്ഷിപ്തം തയ്യാറാക്കുന്നില്ല.<br>4. KL 11AB-7224 നമ്പർ ഇരുചക്രവാഹന ത്തിന്റെ മൈലജ് ടെസ്റ്റ് നടത്തിയിട്ടില്ല. |
| 4 | ഹെൽത്ത് ഓഫീസർ | 1. പ്രതി മാസ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (എല്ലാ വാഹനങ്ങളുടെയും.)<br>2. വാഹനം ഉപയോഗിക്കുന്ന ആൾ സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ.KL 11 Z1220 നമ്പർ വാഹനത്തിന്റെ 6-01-2017 മുതൽ 16-01-2017 ദിവസ ങ്ങളിലെ ഉപയോഗം.)<br>3. KL11AX777 ACER ന്റെ (ജലവിതര ണത്തിനുള്ള ലോറി) യാത്രകൾ വേർതിരിച്ചു കാണിക്കുന്നതിനു പകരം സംഗ്രഹിച്ചെഴു തുകയാണ് ചെയ്യുന്നത്. |
| 5 | റവന്യൂ ഓഫീസർ | 1. പ്രതിമാസ സംഗ്രഹം തയ്യാറാക്കുന്നില്ല.<br>2. ഡീസൽ നിറക്കുമ്പോൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യമില്ല. |

**4.വാഹനാപകട റിപ്പോർട്ടും ലോഗ് ബുക്കും പൊരുത്തപ്പെടുന്നില്ല**

(ഫയൽ നമ്പർ-EG/14/56297/14)

നഗരസഭയുടെ ഉടമസ്ഥതയിലുള്ള XYLO D4 (KL 11 AS 7007) വാഹനം അപകടത്തിൽപ്പെട്ടതിനെ തുടർന്ന് 29.03.2016 ന് റിപ്പേർ ചെയ്ത് ടയർ,വീൽ റിം, ഡിസ്ക് എന്നിവ മാറ്റിയ വകയിൽ ഇറാം മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡിന് 9100/-രൂപ വൗച്ചർ നമ്പർ 2160/6.6.2016 പ്രകാരം നൽകിയിട്ടുണ്ട്.

23.01.2016 ന് വൈകുന്നേരം ആറ് മണിക്കുശേഷം നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനെയും കൊണ്ട് കോട്ടൂളിയിൽ നിന്നും സിവിൽസ്റ്റേഷൻ റോഡിൽ കൂടി ഒരു പോക്കറ്റ് റോഡിലേക്ക് കയറിയപ്പോൾ പുല്ല് മൂടി കിടന്ന ഒരു കോൺക്രീറ്റ് കഷ്ണത്തിൻമേൽ മുൻഭാഗം കയറി ഇടത് സൈഡിലുള്ള ടയർപൊട്ടുകയും ഡിസ്ക് ബെന്റാവുകയും ചെയ്തതായി ഡ്രൈവർ റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെയും ധനകാര്യസ്ഥിരം സമിതിയുടെ 23.02.16 ലെ 23-ാം നമ്പർ

തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് വാഹനം അറ്റകുറ്റപ്പണി നടത്തിയത്.

എന്നാൽ വാഹനത്തിന്റെ 23.01.16 ലെ ലോഗ്ബുക്ക് (പേജ്-6) പ്രകാരം വാഹനം അന്നേ ദിവസം ആറ് മണിക്കുശേഷം അപകടം നടന്ന സ്ഥലത്ത് പോയതായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപകടത്തിന്റെ നിജസ്ഥിതി അന്വേഷിച്ച് ഉറപ്പുവരുത്തിയിട്ടില്ല. അപകടവിവരം ഇൻഷൂറൻസ് കമ്പനിയിൽ അറിയിച്ച് ചെലവുതുക ക്ലെയിം ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.92/15-16 തീയതി..15.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**5. <u>നഗരസഭയുടെ വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>**

നഗരസഭയുടെ വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച് സൂപ്രണ്ടിംഗ് എൻജിനീയർ നൽകിയ വിശദീകരണം.

**6. <u>പുക പരിശോധന നടത്തുന്നില്ല.</u>**

1989 ലെ സെൻട്രൽ മോട്ടോർ വെഹിക്കിൾസ് ചട്ടങ്ങളിലെ ചട്ടം 115(7) അനുസരിച്ച് ഓരോ മോട്ടോർ വാഹനത്തിനും ആറു മാസത്തിലൊരിക്കൽ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഏജൻസിയിൽ നിന്ന് പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതും പ്രസ്തുത സാക്ഷ്യ പത്രം വാഹനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.എന്നാൽ കോഴിക്കോട് മുനിസിപ്പൽകോർപ്പറേഷനിലെ ഭൂരിഭാഗം വാഹനങ്ങളും യഥാസമയം പുകപരിശോധന നടത്തുന്നില്ല.

<u>പുക പരിശോധന നടത്തിയത് സംബന്ധിച്ചുള്ള വിവരം.</u>

| വാഹനം ഉപയോഗിക്കുന്ന സെക്ഷൻ | ആകെ വാഹനങ്ങളുടെ എണ്ണം | കൃത്യമായി പുക പരിശോധന നടത്തിയിട്ടുള്ള വാഹനങ്ങളുടെ എണ്ണം | നാളിതു വരെ പുക പരിശോധന നടത്താത്ത വാഹനങ്ങൾ (വാഹനത്തിന്റെ തരം, രജിസ്ട്രേഷൻ നമ്പർ) |
|---|---|---|---|
| റവന്യൂ വിഭാഗം | 1 | - | KL11U-8601 |
| എഞ്ചിനിയറിംഗ് വിഭാഗം EG4 | 6 | 2 | KL11/L760 (ലാഡർ)<br>KL11/AY-999 (ബൊലേറോ)<br>KL11/5770 (ജീപ്പ്)<br>J516 (Road Roller) |
| സെക്രട്ടറി | 1 | 1 | |
| അഡീഷണൽ സെക്രട്ടറി | 1 | New Vehicle | |
| കൌൺസിൽ വിഭാഗം | 8 | 1 | KL-11 AE- 76<br>KL-11-T-1704<br>KL-11 -S -6856<br>KL-11-T-1708<br>KL-11-AB-5001<br>KL-11-AS-7007<br>KL-11-AK-3333 |

| | | | |
|---|---|---|---|
| എലത്തൂർ മേഖലാ ഓഫീസ് | 1 | - | - |
| ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് | 3 | - | KL-11-Z4534 – Jeep<br>KL-11 AJ 7897 Auto<br>KL-11 S 886 Tractor |

7. **<u>വാഹനങ്ങൾ നശിക്കുന്നു.</u>**

കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ വിഭാഗം ലഭ്യമാക്കിയ വിവരമനുസരിച്ച് ശുചീകരണാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഒട്ടേറെ വാഹനങ്ങൾ റിപ്പയർ ചെയ്യപ്പെടേണ്ട അവസ്ഥയിൽ കോർപ്പറേഷൻ യാർഡിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | രജിസ്ട്രേഷൻ നമ്പർ | അവസാനമായി വാഹനം ഓടിയ തിയതി. |
|---|---|---|---|
| 1 | ഓട്ടോറിക്ഷാ ടിപ്പർ | KL/11/AC/5679 | 20-06-2016 |
| 2 | ടി | KL/11/AC/5693 | 22-03-2014 |
| 3 | ടി | KL/11/AC/5697 | 5-12-2016 |
| 4 | ടി | KL/11/AC/5701 | 22-03-2016 |
| 5 | ടി | KL/11/AC/5730 | 31-03-2015 |
| 6 | ടി | KL/11/AC/5740 | 30-11-2015 |
| 7 | ടി | KL/11/AC/5723 | 30-03-2016 |
| 8 | ടി | KL/11/AC/5663 | 24-06-2015 |
| 9 | ടി | KL/11/AC/5731 | 18-10-2016 |
| 10 | ടി | KL/11/AC5749 | 14-05-2016 |
| 11 | ട്രാക്ടർ | KL/11/G/9086 | 8-08-2016 |
| 12 | ടി | KL/11/K/3080 | 15-09-2016 |
| 13 | ടി | KL/11/K/3082 | 22-06-2016 |
| 14 | ടി | KL/11/P/8325 | 31-11-2016 |
| 15 | ടി | KL/11/P/8326 | 22-09-2016 |
| 16 | ടി | KL/11/P/8406 | 9-11-2016 |
| 17 | ടി | KL 11P8407 | 8-03-2016 |
| 18 | ടി | KL 11 Q 23 | 24-10-2016 |
| 19 | ടി | KL/11/P/8407 | 31-11-2016 |
| 20 | EISHER TRIPPER/ LORRY TRIPPER | KL/11/W/9142 | 25-07-2016 |
| 21 | ടി | KL/11/X/8528 | 5-09-2016 |

| | | | |
|---|---|---|---|
| 2 | ടി | KL/11/X/8529 | 8-11-2014 |
| 23 | ടി | KL/11/Y/6181 | 19-01-2016 |
| 24 | ടി | KL/11/Y/6182 | 25-02-2014 |
| 25 | ടി | KL/11/Y/6183 | 15-12-2014 |
| 26 | ടി | KL/11/AD/486 | 29-08-2016 |
| 27 | APE-TRUCK | KL/11/AJ/7419 | 5-07-2016 |
| 28 | ടി | KL/11/AJ 8046 | 30-06-2016 |
| 29 | ടി | KL/11/AJ 9325 | 24-02-2016 |
| 30 | ടി | Hitachi | 1-08-2014 |
| 31 | ടി | KL 11 AE 8743 | 1-10-2016 |
| 32 | ടി | KL 11 AN 1532 | 13-09-2016 |
| 33 | Lorry Heavy | KL 11 AH3491 | 28-10-2016 |
| 34 | ടി | KL11 W-9142 | 25-07-2016 |
| 35 | ടി | KL 11 AH 8743 | 1-10-2016 |
| 36 | ടി | KL 11 AH 8554 | 5-11-2016 |
| 37 | ടി | KL 11 AH 9255 | 21-5-2016 |

മൂന്നു വർഷത്തിലേറെക്കാലമായി ഉപയോഗ രഹിതമായ അവസ്ഥയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ വരെ കോർപ്പറേഷൻയാർഡിൽ സൂക്ഷിച്ചിരിക്കുന്നവയിൽ ഉൾപ്പെട്ടിരിക്കുന്നു.മഴയും വെയിലും കൊണ്ട് തുരുമ്പെടുത്ത് നശിക്കുകയാണ് ഭൂരിഭാഗം വാഹനങ്ങളും.മാലിന്യ കൂമ്പാരങ്ങൾക്കിടയിലാണ് ഈ പഴയ വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നത്.ചില വാഹനങ്ങൾ കാടു പിടിച്ച് മൂടപ്പെട്ട അവസ്ഥയിലാണ്. ആയതുകൊണ്ടു തന്നെ ആരോഗ്യ വിഭാഗം നൽകിയ വിവരങ്ങൾ പ്രകാരമുള്ള എല്ലാ വാഹനങ്ങളും യാർഡിലുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ സാധിച്ചിട്ടില്ല. പഴയ വാഹനങ്ങളും വാഹനങ്ങളുടെ അവശിഷ്ടങ്ങളും മാലിന്യങ്ങളും തിങ്ങിനിറഞ്ഞ അവസ്ഥയിലാണ് കോർപ്പറേഷൻ യാർഡ് ഇപ്പോഴുള്ളത്.ചില വാഹനങ്ങൾ മാലിന്യങ്ങളാൽ മൂടപ്പെട്ട അവസ്ഥയിലാണ്.

എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ വിവരമനുസരിച്ച് താഴെ ചേർക്കും പ്രകാരമുള്ള വാഹനങ്ങൾ മാത്രമാണ് റിപ്പയർ ചെയ്യപ്പെടേണ്ടതോ കണ്ടം ചെയ്യേപ്പെടേണ്ടതോ ലേലം ചെയ്യപ്പെടേണ്ടതാ ആയ അവസ്ഥകളിൽ ഉള്ളത് .

| ക്രമ നമ്പർ | വാഹന വിഭാഗം | വാഹന നമ്പർ | ഇപ്പോഴുള്ള അവസ്ഥ |
|---|---|---|---|
| 1 | EICHER | KL 11Y 6182 | റിപ്പയർ നടപടികൾ തുടരുന്നു. |
| 2 | EICHER | KL 11Y 8527 | മൂല്യ നിർണ്ണയ നടപടികൾ നടക്കുന്നു. |

| | | | |
|---|---|---|---|
| 3 | TRACTOR | KL 11G 9086 | ടി |
| 4 ടി | JEEP | KL 11H 3464 | ടി |
| 5 | JEEP | KL 11J 7952 | ടി |
| 6 | JCB | KL11R 7166 | ടി |
| 7 | JCB | KL 11F 4778 | ടി |
| 8 | POKLINE | JS 75 | പൊതു മരാമത്ത് വകുപ്പിന് കത്ത് നൽകുന്നതിനുള്ള നടപടികൾ നടക്കുന്നു. |
| 9 | ROAD ROLLER | | ടി |
| 10 | | KL 11 AC 5696 | റിപ്പയർ നടപടികളിൽ. |
| 11 | | KL 11 AC 5693 | ടി |

കോർപ്പറേഷൻ യാർഡിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ സംബന്ധിച്ച് കോർപ്പറേഷനിലെ എൻജിനീയറിംഗ് വിഭാഗത്തിന് വ്യക്തമായ ധാരണയില്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.2000 ത്തിലെ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിലെ ചട്ടം 8(4) അനുസരിച്ച് ഓരോ വാഹനവും മുനിസിപ്പാലിറ്റിയുടെയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അതിന്റെ സുരക്ഷിതത്ത്വം ഉറപ്പ വരുത്തേണ്ടതുമാണ്.കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ വാഹനങ്ങൾ യാർഡിൽ മാലിന്യ കൂമ്പാരങ്ങൾക്കിടയിലാണ് പാർക്ക് ചെയ്തു വരുന്നത്.

## 8.റിപ്പയർ ജോലികൾ-വാഹനങ്ങൾ ദീർഘകാലമായി വർക്ക് ഷോപ്പിൽ

നഗരസഭാ ആരോഗ്യ വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ വിവരം അനുസരിച്ച് താഴെ ചേർക്കുന്ന വാഹനങ്ങൾ അറ്റകുറ്റ പണികൾക്കായി വിവിധ വർക്ക് ഷോപ്പുകളിലാണുള്ളത്.

| ക്രമ നമ്പർ | വാഹനം | വാഹന നമ്പർ | അവസാനമായി വാഹനം ഓടിയ തിയതി |
|---|---|---|---|
| 1 | ട്രാക്റ്റർ | KL11K-3075 | 3-09-2015 |
| 2 | ഓട്ടോറിക്ഷാ ടിപ്പർ | KL11AC-5672 | 11-8-2015 |
| 3 | ടി | KL11AC-5694 | 9-01-2014 |
| 4 | ടി | KL11AC-5696 | 13-11-2015 |
| 5 | ആപ്പെ ട്രക്ക് | KL11AJ-7630 | 10-06-2016 |
| 6 | ഏയ്ഷർ ടിപ്പർ/ലോറി ടിപ്പർ | KL11X-8526 | 23-02-2016 |
| 8 | ടി | KL11X-8527 | 26-09-2013 |
| 10 | ലോറി- ഹെവി | KL11AK-3742 | 4-06-2016 |
| 11 | ട്രക്ക്ട് എക്സ്കവേറ്റർ | KL11AA-29 | 15-03-2013 |

ആരോഗ്യ വിഭാഗത്തിൽ നിന്നും നൽകിയ വിവരങ്ങളും ബന്ധപ്പെട്ട വാഹനങ്ങളുടെ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ മനസിലാകുന്നത് റിപ്പയർ ജോലികൾക്ക് വേണ്ടി ഏല്പിച്ചിട്ടുള്ള വാഹനങ്ങൾ നാല് വർഷത്തിലേറെക്കാലമായി (ഉദാ.KL 11X-8527) വർക്ക്

ഷോപ്പിൽ കിടക്കുന്നുണ്ടെന്നും വാഹനം തിരിച്ചു ലഭിക്കുന്നതിനു കോർപ്പറേഷന്റെ ഭാഗത്തു നിന്നും പ്രത്യകിച്ച് നടപടികളൊന്നും സ്വീകരിക്കുന്നില്ലെന്നുമാണ്.

**9.വാടകക്ക് എടുക്കുന്ന വാഹനങ്ങൾ- അവ്യക്തതകളും സാമ്പത്തിക നഷ്ടവും.**

17.01.2017 ന് കൌൺസിൽ സെക്രട്ടറി കസ്റ്റോഡിയനായിട്ടുള്ള വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

കൌൺസിൽ സെക്രട്ടറി കസ്റ്റോഡിയൻ ഓഫീസറായി ആകെ 11 വാഹനങ്ങളാണുള്ളത്. (10 നാലുചക്രവാഹനം + 1 ഇരുചക്രവാഹനം) ഇതിൽ മൂന്നു നാലുചക്രവാഹനങ്ങൾ വാടകക്കെടുത്തിട്ടുള്ളതാണ്.വാടകക്ക് എടുത്തവയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. KL-58-A-8178 – Tata Indigo
2. KL-11-AF-2551 -Tata Indigo
3. KL-11-AN-4500 – Mahindra Virito

മേൽ വാഹനങ്ങളിൽ KL-11-AN-4500 എന്ന വാഹനം കഴിഞ്ഞ അഞ്ചു വർഷമായി പ്രതിമാസം 21,000/- രൂപ നിരക്കിൽ (2000 km ന്) ഉപയോഗിച്ചു വരുന്നു. മറ്റു രണ്ടു വാഹനങ്ങൾ 2016-17 വർഷത്തിൽ, എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും പ്രത്യേക വാഹനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. പ്രതിമാസം 2000 കി.മീ ന് 21800/- രൂപ നിരക്കിലാണ് ഇവ അംഗീകരിച്ചിരിക്കുന്നത്.

8-11-2010 ലെ ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ വാഹനങ്ങൾ വാടകക്ക് എടുക്കുമ്പോൾ പാലിച്ചിട്ടില്ല.ഇതനുസരിച്ച് വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്.എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പ്രതി വർഷം ഒരു ലക്ഷത്തിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കാവുന്ന ഇനം എന്ന നിലയിൽ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

പ്രധാനമായും 2016 നവംബർ, ഡിസംബർ മാസങ്ങളിലെ യാത്രകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. നിലവിലുള്ള 10 നാലുചക്രവാഹനങ്ങളിൽ രണ്ടെണ്ണം ഒഴികെ ബാക്കി 8 എണ്ണം മേയർ, ഡെപ്യൂട്ടി മേയർ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ മാത്രമായി ഉപയോഗിക്കുന്നതായി വ്യക്തമായി. വിവിധ വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാഹനം | ഉപയോഗിക്കുന്ന വ്യക്തി | റിമാർക്സ് |
|---|---|---|---|
| 1. | KL-11-AK-333<br>Nissan Sunny | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ<br>ബഹു.മേയർ | 31.12.16 ന് ശേഷം പുതിയ വാഹനം (Innova Crista) |
| 2. | KL-11-AS-7007<br>Mahindra – Xylo | ശ്രീമതി.മീര ദർശക്<br>ഡപ്യൂട്ടി മേയർ | |
| 3. | KL-11-E-76<br>Chevrolet – Tavera | ശ്രീ.കെ.വി.ബാബുരാജ് ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ | |
| 4. | KL-11-T-1704<br>Tata Sumo | ശ്രീമതി.ആശാ ശങ്കർ<br>നികുതി അപ്പീൽകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ | |

| | | | |
|---|---|---|---|
| 5. | KL-11-S-6856<br>Toyoto Qualis | ശ്രീമതി.ലളിതപ്രഭ<br>മരാമത്ത് സ്ഥിരം സമിതി<br>ചെയർപേഴ്സൺ | |
| 6. | KL-58-A-8178<br>Tata Indigo | ശ്രീ.അനിൽകുമാർ.എം.സി<br>നഗരാസൂത്രണ സ്ഥിരം ചെയർമാൻ | |
| 7. | KL-11-AF-2551<br>Tata Indigo | ശ്രീ.പി.രാജൻ<br>വികസനകാര്യ സ്ഥിരം സമിതി<br>ചെയർമാൻ | |
| 8. | KL-11-AV-4500<br>Mahindra Verito | ശ്രീ.രാധാകൃഷ്ണൻ മാസ്റ്റർ<br>വിദ്യാഭ്യാസ-കായിക കാര്യ സ്ഥിരം<br>സമിതി ചെയർമാൻ | |

ബാക്കിയുള്ള വാഹനങ്ങളായ KL-11-Y-1708 അംബാസിഡർ കാർ, KL-11-AB-5001 ജീപ്പ്, എന്നിവയാണ് ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു കാണുന്നത്. (ഈ വാഹനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും ഉപയോഗിക്കുന്നുണ്ട്). ഇരു ചക്രവാഹനം KL-11-AB-7224 Honda Active കൌൺസിൽ അജണ്ട സർക്കുലേറ്റ് ചെയ്യുന്നതിനു മാത്രമാണ് ഉപയോഗിക്കുന്നത്.

വാടകയ്ക്കെടുത്ത വാഹനത്തിന്റെ ഓരോ ദിവസത്തേയും കിലോമീറ്റർ റീഡിംഗിന്റെ കൃത്യത ആരും പരിശോധിക്കുന്നില്ല. വാടകയ്ക്ക് എടുത്ത വാഹനങ്ങൾ കോർപ്പറേഷന്റെ ആവശ്യങ്ങൾക്കു ശേഷം/ഒഴിവുള്ള ദിവസങ്ങളിൽ ഉടമസ്ഥന്റെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നുണ്ട്. അതു കൊണ്ടു തന്നെ ഒരു ദിവസം കോർപ്പറേഷനിലെ യാത്ര അവസാനിക്കുമ്പോൾ രേഖപ്പെടുത്തുന്ന കിലോമീറ്ററിലല്ല അടുത്ത ദിവസം യാത്ര ആരംഭിക്കുന്നത്. ഉദാഹരണമായി KL-11-AN-4500 വാഹനം 31.12.16 ന് വൈകീട്ട് യാത്ര അവസാനിപ്പിച്ചിരിക്കുന്നത് 102916 കി.മീറ്ററിലാണ്.

തുടർന്ന് 03.01.2017 ന് യാത്ര ആരംഭിക്കുന്നത് 103477 കി.മീറ്ററിലാണ്. ഇവ തമ്മിലുള്ള വ്യത്യാസം 561 കീ.മീ ഒഴിവു ദിനങ്ങളിൽ ഉടമസ്ഥന്റെ ആവശ്യാർത്ഥം ഉപയോഗിച്ചതാണ്. എന്നാൽ ഈ രണ്ടു ദിവസങ്ങളിലും കസ്റ്റോഡിയൻ ഓഫീസർ രേഖപ്പെടുത്തിയ കി.മീറ്ററിന്റെ കൃത്യത പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടകയ്ക്കെടുത്ത വാഹനങ്ങളുടെ ഉപയോഗിച്ച് കഴിഞ്ഞ ലോഗ് ബുക്കുകൾ കോർപ്പറേഷനിൽ സൂക്ഷിക്കാതെ ഉടമസ്ഥരുടെ കൈവശമാണുള്ളത്. ലഭ്യമായ ലോഗ്ബുക്കുകളിൽ യാത്രയുടെ ഉദ്ദേശം രേഖപ്പെടുത്തുന്നുമില്ല. ആയതുകൊണ്ടു തന്നെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാകാത്ത സാഹചര്യമാണുള്ളത്. 2000 ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം മുനിസിപ്പലാറ്റിയുടെ വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവക്ക് കസ്റ്റോഡിയൻ ഓഫീസർ ചുമതലക്കാരനായിരിക്കുന്നതാണ്.

എല്ലാ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്കും പ്രത്യേക വാഹനം നൽകാനുള്ള സർക്കാർ ഉത്തരവൊന്നും പരിശോധനാ വേളയിൽ ലഭ്യമാക്കിയിട്ടില്ല.ആവശ്യത്തിൽ അധികം വാഹനങ്ങൾ ഉണ്ടായിട്ടും കൗൺസിൽ സെക്ഷനിൽ വാഹന വാടക ഇനത്തിൽ ഭീമമായ തുക ചെലവ് വരുന്നുണ്ട്.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# കോർപ്പറേഷൻ പരിസരത്ത് വാഹനങ്ങൾ ഉപേക്ഷിച്ച നിലയിൽ

























EICHER

truk plus



## 3-54 സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം - അവലോകനം

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണവും, സബ്സിഡിയും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ 16.11.2013 തിയ്യതിയിൽ സർക്കാർ ഉത്തരവ് (എം.എസ്.)362/2013/ത.സ്വ.ഭ.വ. നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഓരോ പദ്ധതിയുടേയും മുഖ്യലക്ഷ്യം സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റേയും, അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയുമായിരിക്കണം. ഇതിനായി തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച്, അവയിൽ സംയോജിപ്പിക്കാനും, ഏകോപിപ്പാനും കഴിയുന്നവ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും, അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുമാണ്. പദ്ധതിയിലുൾപ്പെടുത്തി സബ്സിഡി/ ധനസഹായം നൽകുമ്പോൾ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. സബ്സിഡി മാർഗ്ഗരേഖ പൂർണ്ണമായും പാലിച്ചു എന്നുറപ്പുവരുത്തിയതിനുശേഷമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളൂ. ഇതിൽ നിന്നും വ്യത്യസ്തമായി കോഴിക്കോട് നഗരസഭയിൽ പ്രോജക്ടുകൾ തയ്യാറാക്കുകയും, ധനസഹായങ്ങൾ നൽകുകയും ചെയ്തുവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പ്രോജക്ട് തയ്യാക്കി:-

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 4.3, 7(iii)എന്നിവ പ്രകാരം മുനിസിപ്പാലിറ്റി നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, (വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് തുടങ്ങിയവക്കുള്ള തുക അടയ്ക്കൽ) അടിയന്തിര പ്രവൃത്തികൾ തുടങ്ങിയവക്കും മറ്റും വേണ്ടി വരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെക്കണം. പ്രസ്തുത ചെലവുകൾക്ക് പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതില്ല. എന്നാൽ 2015-16 വർഷത്തിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വികസന പദ്ധതികൾക്കായി സർക്കാർ കോർപ്പറേഷന് അനുവദിച്ച വികസനഫണ്ട്, സംരക്ഷണഗ്രാന്റ് (റോഡിതരം) തുടങ്ങിയവ കൈമാറികിട്ടിയ അങ്കണവാടികളുടേയും, സ്കൂളുകളുടെയും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് എന്നിവ അടവാക്കുന്നതിനായി വിനിയോഗിച്ചു. 19.12.2004 ലെ (എം.എസ്) 330/2004/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേൽത്തരം ചെലവുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പൊതു ആവശ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. ഡി.ഡി.ഇ.യും, സി.ഡി.പി.ഒ.യും നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 525/16, 1427/16, 1416/16, 678/15-16 എന്നിവ ഇതിനുദാഹരണങ്ങളാണ്.

2.മാർഗ്ഗരേഖയിൽ വിലക്കിയ ഇനങ്ങൾക്ക് പദ്ധതി രൂപീകരിച്ചു:-

മേൽ ഉത്തരവ് ഖണ്ഡിക 7.8 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ സംരക്ഷണ ഗ്രാന്റ്/തനതു ഫണ്ടുപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. മേൽ മാർഗ്ഗരേഖയ്ക്ക്

വിരുദ്ധമായി വികസനഫണ്ടുപയോഗിച്ചാണ് സോഡിയം വേപ്പർ ലാമ്പുകളും റിപ്പയർ ചെയ്യുന്നതിനുള്ള സ്പെയർ പാർട്സുകളും കോർപ്പറേഷൻ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയിരിക്കുന്നത്.

3.മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പരിശീലന പരിപാടികളും, ബോധവത്കരണ ക്യാമ്പുകളും നടത്തുന്നു:-

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4 ൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഓണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഖണ്ഡിക 7.7 യിൽ ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാംപയിനുകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വിരുദ്ധമായി വിദ്യാഭ്യാസ മേഖലയിൽ നിരവധി പരിശീലന പരിപാടികളും, ബോധവത്കരണ ക്യാമ്പുകളും , മറ്റു വകുപ്പുകളുടെ ചുമതലയിലുള്ള പ്രവർത്തനങ്ങളെ വർഷങ്ങളായി ഏറ്റെടുത്തു നടപ്പിലാക്കുന്നു.

4.ഉയർന്ന വരുമാനമുള്ളവർക്ക് വിവിധ ധനസഹായങ്ങൾ അനുവദിക്കുന്നു:-

സബ്സിഡി മാർഗ്ഗരേഖയിൽ അനുബന്ധം 16 ഖണ്ഡിക 2.14 ൽ സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ട കുടുംബവും, കുടുംബവാർഷിക വരുമാനം 50,000 രൂപയിൽ കൂടുതലുമുള്ള കുടുംബങ്ങളെയും ബി.പി.എൽ ആയി പരിഗണിക്കാൻ സാധ്യമല്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് വിവിധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായവും(പട്ടികജാതി വികസനം), ഫർണ്ണീച്ചർ വിതരണവും(മത്സ്യബന്ധനം), കറവപശുവിന് സബ്സിഡിയും(മൃഗസംരക്ഷണം) നൽകിയിട്ടുണ്ട്.

5.അനർഹർക്ക് ആനുകൂല്യങ്ങൾ നൽകുന്നു:-

സബ്സിഡി മാർഗ്ഗരേഖയിൽ ഓരോ മേഖലയിലും അർഹരായവർ ആരൊക്കെയാണെന്ന് പ്രത്യേകം വിവരിക്കുന്നുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് അനർഹർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസർ 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടിന് ധനസഹായം നൽകിയതും, 800 ചതുരശ്ര അടിയിൽ കൂടുതനുള്ള വീട്ടിലെ വിദ്യാർത്ഥിയ്ക്ക് പഠനമുറിക്കായി ധനസഹായം നൽകിയതും ഇതിനുദാഹരണങ്ങളാണ്. ഇതേ രീതിയിൽ പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് +2 വരെയുള്ള വിദ്യർത്ഥികൾക്കുള്ള ഫർണ്ണീച്ചർ വിതരണ പദ്ധതിയിൽ ഡിഗ്രിയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് ഫർണ്ണീച്ചർ വിതരണം ചെയ്തിട്ടുണ്ട്.

6.സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മെഡിക്കൽ ക്യാമ്പിന് പദ്ധതി രൂപീകരിച്ചു:-

പരിഷ്കരിച്ച സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 5-4(1) പ്രകാരം ഓരോ വ്യക്തിയ്ക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും, സ്പെസിഫിക്കേഷനും മതിപ്പ വിലയും നിശ്ചയിച്ച ശേഷം മാത്രമേ ഇതിനായുള്ള പ്രോജക്ട് തയ്യാറാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണ ആവശ്യകത നിർണ്ണയ കാമ്പ് നടത്തണം. എന്നാൽ ഇവിടെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ക്യാമ്പിന്റെ നടത്തിപ്പ് ചെലവ് ഉൾപ്പെടെയുള്ള പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നത്.

7.വാങ്ങൽ പ്രക്രിയകളിൽ പ്രൊക്യൂർമെന്റ് മാന്വവൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല:-

08.11.2010 ലെ ജി.ഒ(പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. ഈ നിർദ്ദേശം പാലിക്കാതെയാണ് നഗരസഭയിൽ വാനനിരീക്ഷണത്തിനായി ടെലസ്കോപ്പ് (നിർവ്വഹണം-ഡി.ഡി.ഇ.), കുടുംബശ്രീ ഖരമാലിന്യ തൊഴിലാളികൾക്ക് ബക്കറ്റ് (നിർവ്വഹണം-പ്രോജക്ട് ഓഫീസർ കുടുംബശ്രീ)തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ആയത് ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാം. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). ഇതിനു വിരുദ്ധമായി വിദേശത്തു നിന്ന് ഇറക്കുമതി ചെയ്ത ടെലസ്കോപ്പ് വാങ്ങിയിരിക്കുന്നത് സിഡ്കോയിൽ നിന്നാണ്.

03.07.2012 ലെ (സാധാ)1838/2012/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പൊതു ടെൻഡറിലൂടെയാണ് സി.ഡി.പി.ഒ.യും, ഹെൽത്ത് ഓഫീസറും കമ്പ്യൂട്ടറുളുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (8.17-8-20) പ്രകാരം കരാർ തുകയുടെ 5 ശതമാനം പെർഫോർമെൻസ് സെക്യൂരിറ്റിയായി ഈടാക്കേണ്ടതുണ്ട്. നഗരസഭയിൽ നടത്തുന്ന വാങ്ങലുകളിൽ ഇത്തരത്തിൻ പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കുന്നില്ല.

2015-16 വർഷത്തിൽ മേൽ വിവരിച്ച രീതിയിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച്/ വാങ്ങൽ നടപടികൾ പാലിക്കാതെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച്/ വാങ്ങൽ നടപടികൾ പാലിക്കാതെ നടപ്പാക്കിയ പദ്ധതികൾ

| ക്രമ നം | പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | വൗച്ചർ/ബിൽ നം. | ലംഘനത്തിന്റെ സ്വഭാവം |
|---|---|---|---|---|---|---|
| 1. | നഗരത്തിലെ തെരുവു വിളക്കുകളുടെ പരിപാലനവും സ്പെയർപാർട്സ് വാങ്ങലും 1377/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 | കോർപ്പറേഷൻ എഞ്ചിനീയർ | 1,30,00,000 വികസന ഫണ്ട് | 33,55,947 രൂപയിൽ **4,51,777** യ്ക്ക് സോഡിയം വേപ്പർ ലാമ്പുകളും, അവയ്ക്കുള്ള സ്പെയർപാർട്സും വാങ്ങി | 176/15-16, 30-3-16 | സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.8 പ്രകാരം പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല |
| 2. | സർക്കാർ സ്കൂളുകളിലെ വൈദ്യുതി ചാർജ്ജ് അടവാക്കൽ, 525/16, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 | ഡി.ഡി.ഇ. | 22,00,000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 13,48,523<br>4,10,550 | 2/15-16, 30.07.2015<br>26/15-16, 31.03.2016 | 7(iii) പ്രകാരം വികസനേതര ചെലവുകളായ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് തുടങ്ങിയ ചെലവുകൾക്ക് പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതില്ല. |
| 3. | സർക്കാർ സ്കൂളുകൾക്ക് വെള്ളക്കരം, ടെലിഫോൺ ചാർജ്ജ്, 1427/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 | -ടി- | 10,00,000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 2,22,318 | 27/15-16, 31.03.2016 | -ടി- |
| 4. | സർക്കാർ സ്കൂളുകളുടെ കറന്റ് ചാർജ്ജ് നൽകൽ, 1416/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 | -ടി- | 25,00,000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 19,26,428 | 25/15-16, 31.03.2016 | -ടി- |

| | | | | | | |
|---|---|---|---|---|---|---|
| 5. | അങ്കണവാടികൾക്ക് വൈദ്യുതി ചാർജ്ജ് നൽകൽ, എസ്.ഒ. 115/16, 678/15-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 | സി.ഡി.പി.ഒ അർബൻ II | 60,000 വികസനഫണ്ട് | 35,818 | 8/15-16,16.02.2016 തുക : 16780 11/15-16,28.03.2016 തുക : 19038 | -ടി- |
| 6. | വിവാഹധനസഹായം, 195/ 15-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16 | പട്ടികജാതി വികസന ഓഫീസർ | 44,50,000 വികസനഫണ്ട് എസ്.സി.പി | 30,50,000/- രൂപയിൽ 1,50,000 രൂപ അനർഹർക്ക് നൽകി | 50,000/-(ഡി.ഡി.നം. 49741/03.09.2015) 50,000/-(ഡി.ഡി.നം. 491733/03.09.2015) 50,000/-(ഡി.ഡി.നം. 491731/03.09.2015) | സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5 ന് വിരുദ്ധമായി കുടുംബ വാർഷിക വരുമാനം 50,000/- രൂപക്ക് മുകളിൽ ലഭിക്കുന്നവർക്കും പദ്ധതി മുഖേന വിവാഹ ധനസഹായം അനുവദിച്ചു |
| 7. | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം 1153/2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-17 | -ടി- | 79,00,000 വികസന ഫണ്ട് എസ്.സി.പി | 1,50,000/- രൂപയിൽ 60,000 രൂപ അനർഹർക്ക് നൽകി | 46/15-16, 27.02.2016 30,000/-(ഡി.ഡി.നം. 496833 / 03.03.2016) 30,000/-(ഡി.ഡി.നം. 496834 / 03.03.2016 | 15.02.2016 ലെ(സാ.ധാ) 626/2016/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പഠനമുറിക്കായുള്ള ധനസഹായം ലഭിക്കാൻ നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം. എന്നാൽ ഇതിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവർക്ക് ധനസഹായം നൽകി |
| 8. | ഭവന നിർമ്മാണത്തിന് ധനസഹായം, 160/2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-18 | -ടി- | 3,00,00,000 വികസന ഫണ്ട്എസ്. സി.പി | 30,60,000/- രൂപയിൽ 2,40,000 രൂപ അനർഹർക്ക് നൽകി | 30,000/- ഡി.ഡി.നം. 496669,24.02.2016 90,000/-ഡി.ഡി.നം. 497565, 19.03.2016 90,000/-ഡി.ഡി.നം. 498583,05.04.2016 30,000/-ഡി.ഡി.നം. 496280, 19.02.2016 | അനുബന്ധം.1 ഖണ്ഡിക.11(viii) 30 ച.മീറ്ററിൽ കുറയാത്തതും 66 ച.മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണ്ണത്തിൽ നിർമ്മി ക്കുന്ന വീടുകൾക്കാണ് ധനസഹായം നൽകേണ്ടത്. ഇതിനു വിരുദ്ധമായി തറവി സ്തീർണ്ണം കൂടിയ ഭവനത്തിന് ധനസഹായം നൽകി. (2,10,000/-). അനുബന്ധം.16 ഖണ്ഡിക 2-14 (i) പ്രകാരം സർക്കാർ ജീവന ക്കാർ ഉൾപ്പെടുന്ന കുടുംബത്തെ 50,000/- രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല. ഇതിനു വിരുദ്ധമായി ധനസഹായം നൽകി. |

| | | | | | | |
|---|---|---|---|---|---|---|
| 9. | ഈസി ഇംഗ്ലീഷ് സമഗ്ര വിദ്യാഭ്യാസ പദ്ധതി, 57/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-19 | ഡി.ഡി.ഇ. | 3,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,92,700/-, | 13/15-16, 16.12.2015 | അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഓണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണ മെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപ നത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ള തുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടു ണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെ പദ്ധതി തയ്യാറാക്കി. |
| 10. | വിജയജ്യോതി, 63/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-19 | -ടി- | 10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5,48,650/-<br>4,26,000/- | 15/15-16, 04.01.2016<br>32/15-16, 31.03.2016 | -ടി- |
| 11. | സസ്നേഹം അമ്മയ്ക്ക് കൗമാരക്കൂട്ടായ്മ – സമഗ്ര വിദ്യാഭ്യാസം, 510/16. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-20 | -ടി- | 8,00,00/- വികസന ഫണ്ട് | 3,22,841/- | 07/15-16, 25.08.2015 | തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാ ത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതല യിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതി യിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശി ച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശ ങ്ങളും പാലിക്കാതെ പദ്ധതി തയ്യാറാക്കി. ഖണ്ഡിക.6(V) പ്രകാരം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങണം. ഇത്ത രത്തിൽ അനുമതി വാങ്ങിയിട്ടില്ല. ഖണ്ഡിക 7.7 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടി കളായ ബോധവൽക്കരണ ക്യാംപ യിനുകൾ, സെമിനാറുകൾ, സമ്മേള നങ്ങൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. |
| 12. | 50 സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഫുട്ബോൾ പരിശീലനം, 72/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-22 | -ടി- | 2,00,000 വികസന ഫണ്ട് | 1,49,072 | 16/15-16, 04.01.2016 | ഖണ്ഡിക 4 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്ത മല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർ ത്തനങ്ങൾ പദ്ധതി യിൽ ഉൾപ്പെടുത്തേ ണ്ടതില്ല. എന്നാൽ മുനിസിപ്പൽ നിയമം പ്രകാരം അനുവദിനീയമായ ചുമതലകളിൽ നിന്ന് വ്യതിചലിച്ച് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റേയും, സ്പോർട്ട്സ് കൗൺസിലി ന്റേയും ചുമതലയിലുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതി പണം ചെലവഴിച്ചു. |
| 13. | 50 സ്കൂൾ വിദ്യാർത്ഥി കൾക്ക് ഹോക്കി പരിശീലനം, 119/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-22 | -ടി- | 1,50,000 ധനകാര്യ കമ്മീഷൻ അവാർഡ് | 1,96,332 | 17/15-16, 04.01.2016 | -ടി- |
| 14. | മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് | സബ് ഇൻസ്പെ ക്ടർ ഓഫ് ഫിഷറീസ് | 12,59,900/- | 12,49,092/- | 1/15-16, 23.03.16 തുക-12,45,192/- 2/15-16, 23.03.16 | വാർഷിക വരുമാന പരിധിയ്ക്ക് മുകളിലുള്ളവർക്കും ആനുകൂല്യം നൽകി(തുക- 3991/-). ഗുണഭോക്താവിന് അർഹത |

| | | | | | | |
|---|---|---|---|---|---|---|
| | ഫർണീച്ചർ നൽകുന്ന പദ്ധതി, 186/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-27 | | | | തുക-3,900/- | മാനദണ്ഡം ലംഘിച്ച് ആനുകൂല്യം നൽകി(+2 വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകേണ്ട ആനുകൂല്യം ഡിഗ്രിയ്ക്ക് പഠിക്കുന്ന കുട്ടിയ്ക്കും നൽകി- തുക-3991/-) |
| 15. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മെഡിക്കൽ ക്യാമ്പും, ഉപകരണങ്ങൾ നൽകലും, SO084/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-30 | സി.ഡി.പി.ഒ. അർബൺ 3 | 30,00,000/- വികസനഫണ്ട് ജനറൽ | 29,64,611 /- രൂപയിൽ 1,64,750/- രൂപ മെഡിക്കൽ ക്യാമ്പിനായി ചെലവഴിച്ചു | 17/15-16 തീ.22.03.2016 | അനുബന്ധം 16 ഖണ്ഡിക 5-4(1) പ്രകാരം ഓരോ വ്യക്തിയ്ക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യ മായ ഉപകരണത്തിന്റെ പേരും, സ്പെസിഫി ക്കേഷനും മതിപ്പ വിലയും നിശ്ചയിച്ച ശേഷം മാത്രമേ ഇതിനായുള്ള പ്രോജക്ട് തയ്യാറാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണ ആവശ്യകത നിർണ്ണയ കാമ്പ് നടത്തണം. എന്നാൽ ഇവിടെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ക്യാമ്പിന്റെ നടത്തിപ്പ് ചെലവ് ഉൾപ്പെടെയുള്ള പ്രോജക്ടാണ് തയ്യാറാക്കി യിരിക്കുന്നത്. |
| 16. | കറവ പശുവിനെ വാങ്ങൽ 542/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-32 | സീനിയർ വെറ്റിനറി സർജ്ജൻ | 45,000 വികസന ഫണ്ട് 45,000 ഗുണഭോക്തൃവിഹിതം | 30,000<br>15,000 | 03/15-16/22.08.2015<br>06/15-16/12.01.2016 | ഖണ്ഡിക 3-2-1 പ്രകാരം കുടുംബവാർഷിക വരുമാനം അമ്പതിനായിരം രൂപയിൽ കവിയാത്തവർക്കും നാമമാത്ര കർഷകർക്കുമാണ് കറവപ്പശുവിനെ വാങ്ങുന്ന തിനുള്ള സബ്സിഡിക്ക് അർഹതയുള്ളത്. വരുമാനം അധികമുള്ളവർക്ക് സബ്സിഡി നൽകി. |
| 17. | ഖരമാലിന്യതൊഴിലാളികൾക്ക് സുരക്ഷവസ്തം നൽകൽ SO 001/2016 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-41 | പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | 1385480/- വികസനഫണ്ട് ജനറൽ | 10,91,650/- | 28/15-16/ തി. 30.03.2016 | ഖണ്ഡിക 3.9.1 പ്രകാരം വാർഷിക പദ്ധതിയിലുൾപ്പെടുത്തി വ്യക്തിഗത സബ്സ്ഡി നൽകുമ്പോൾ ഒഴിവാക്കേണ്ട ഇനങ്ങളെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. ഇതിലുൾപ്പെട്ട യൂണിഫോം, ചെരുപ്പ് എന്നിവ കുടുംബശ്രീ തൊഴിലാളികൾക്ക് വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങി നൽകി |

| | | | | | | |
|---|---|---|---|---|---|---|
| 18. | സ്കൂളുകൾക്ക് ടെലിസ്കോപ്പ്, 520/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-21 | ഡി.ഡി.ഇ. | 15,00,000/- വികസന ഫണ്ട് | 14,99,984/- | 06/15-16, 19.08.2015 | പ്രൊക്യൂർമെന്റ് മാന്വവൽ പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ പത്രങ്ങളിൽ പരസ്യം ചെയ്യാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും സിഡ്കോ മുഖേന ടെലിസ്കോപ്പും അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങി. കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ആയത് ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാം. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് സിഡ്കോയിൽ നിന്നും ടെലസ്കോപ്പ് വാങ്ങിയത്. |
| 19. | അങ്കണവാടികളുടെ സമഗ്ര വികസനം, 140/ 15-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-31 | സി.ഡി.പി.ഒ. അർബൻ. 1 | 15,00,000/- വികസന ഫണ്ട് | 14,98,734/- | 19/15-16, 31.03.2016 | 03.07.2012 ലെ (സാധാ)1838 /2012/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ. കെ. എം. നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി. ജി. എസ്.& ഡി. റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഉത്തരവ് (സാധാ) 159/2012/ ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പൊതു ടെൻഡറിലൂടെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്ന തല്ലെങ്കിൽ ടെണ്ടർ സ്ഥിരീകരിച്ച് ഓർഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേഴ്സ് ഓഫീസർ ബാധ്യസ്ഥനാണ്. 'ശോഭന ടെലികോം' ഏജൻസി ടെണ്ടറിനൊപ്പം നൽകിയ ലെറ്റർ ഹെഡ് പ്രകാരം പ്രസ്തുത സ്ഥാപനം 'Optima EPABX, Karel & Transtel Digital ISDN Key Telephone Systems, NEC IP System & Beetel Telephones' എന്ന ഉപകരണങ്ങൾ വിതരണം നടത്തുന്ന സ്ഥാപനമാണ്. |
| 20. | ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ, 527/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-35 | ഹെൽത്ത് ഓഫീസർ | 150000/- | 149000/- | | 03.07.2012 ലെ (സാധാ) 1838 /2012/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ. കെ. എം. നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി. ജി. എസ്.& ഡി. റേറ്റ് കോൺട്രാക്റ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഉത്തരവ് (സാധാ) 159/2012/ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പൊതു ടെൻഡറിലൂടെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്. |
| 21. | ഖരമാലിന്യ യൂണിറ്റ് അംഗങ്ങൾക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബക്കറ്റ് വാങ്ങൽ, SO0017/16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-42 | പ്രോജക്ട് ഓഫീസർ കുടുംബശ്രീ | 10,00,000/- പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9,61,280/- | 27/15-16/30.03.2016 | 08.11.2010 ലെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി) 259/2010, ത.സ്വ.ഭ.വ.) ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ് വില വരുന്ന വാങ്ങൽ നടപടികളിൽ, വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, ഒരു മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യുകയും, ടെണ്ടർ ഫോറത്തിന്റെ വിൽപ്പനയ്ക്കും വിതരണത്തിനും പരസ്യത്തിയ്യതി മുതൽ 21 ദിവസം നൽകുകയും ചെയ്യണം. ഈ പ്രോജക്ടിലെ വാങ്ങൽ നടപടിക്കായി ദേശാഭിമാനി, ദീപിക എന്നീ പത്രങ്ങളിലാണ് പരസ്യം നൽകിയിരിക്കുന്നത്. പരസ്യത്തിയ്യതി മുതൽ 13 ദിവസമാണ് ടെണ്ടർ സമർപ്പിക്കാൻ നൽകിയിട്ടുള്ളത്. ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്നതല്ലെങ്കിൽ കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ സ്ഥിരീകരിച്ച് ഓഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേഴ്സ് ഓഫീസർ ബാധ്യസ്ഥനാണ്. ഇപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയില്ല. |

## ഭാഗം 4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി, യിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K.S.E.B | തെരുവു വിളക്ക് റിപ്പയർ | 100/15-16 തിയ്യതി:18.12.2015 | 24,99,684/- | ലഭ്യ മല്ല | ലഭ്യമല്ല |
| | | 99/15-16 തിയ്യതി:18.12.2015 | 2,28,382/- | | |
| | | 236/15-16 തിയ്യതി:22.03.2016 | 4,78,918/- | | |
| | പോസ്റ്റ് നാട്ടി സ്ട്രീറ്റ് മെയിൻ വലിച്ച് സിംഗിൾ റ്റ്യൂബ് സ്ഥാപിക്കുന്ന പദ്ധതി | 10/15-16,തിയ്യതി:30-11-15 | 8,24,261 | | |
| | | 11/15-16,തിയ്യതി:30-11-15 | 2,73,196 | | |
| | | 12/15-16, തിയ്യതി:30-11-15 | 68,233 | | |
| | കൗൺസിൽ ഹാളിലെ മൈക്ക് & സൗണ്ട്സ് ഇൻസ്റ്റലേഷൻ | ലഭ്യമല്ല | 37,68,750/- | | |
| | സ്ട്രീറ്റ് മെയിൻ ഉള്ള സ്ഥലങ്ങളിൽ എൽ. ഇ.ഡി.സ്ഥാപിക്കൽ | ലഭ്യമല്ല | 2,89,201/- | | |
| | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ എസ്.എം.വലിച്ച് എൽ. ഇ.ഡി.സ്ഥാപിക്കൽ | ലഭ്യമല്ല | 23,08,007/- | | |

### 4-2. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

വിവരം ലഭ്യമല്ല.

### 4-3. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം കോർപ്പറേഷന് വായ്പയിനത്തിൽ വരവില്ല. നിലവിൽ അവശേഷിക്കുന്ന വായ്പകളുടെയും, തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സ്റ്റേഡിയം ഫ്ലഡ് ലൈറ്റ് നിർമ്മാണം. (ഹഡ്കോയിൽ നിന്ന്) | HUDCO/TRO/ Corp of Calicut /19677/2009 dt.31.3.2009 | 5,35,00,000/- | 2,97,62,000/- | 36,92,000/- | 24,26,900/- | 2,60,70,000/- |
| സ്റ്റേഡിയം സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം. | HUDCO/TRO/ 18350/2004 dt.1.9.2004 | 4,35,00,000/- | 31,37,277/- (ഹഡ്കോയിൽ നിന്നുള്ള 07.07.2016 ലെ ഡിമാന്റ് പ്രകാരം രജിസ്റ്ററിൽ മാറ്റം വരുത്തിയിരിക്കുന്നു) | 10,00,000/- | 4,17,299/- | 21,37,277/- |
| ഇ.എം.എസ് ഭവന പദ്ധതി | ബേപ്പൂർ സോണൽ | 2,24,02,500/- | 1,22,16,000/- | 1,13,82,400/- | -- | 8,33,600/- |
| | ഏലത്തൂർ സോണൽ | 1,66,02,000/- | 26,13,800/- | 26,13,800/- | -- | ഇല്ല |

## 4-4. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല. കാഷ് ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ള നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം 31.03.2016 ലെ ആകെ നിക്ഷേപ മൂല്യം 1,81,33,936/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ നിക്ഷേപമായി കാണിച്ചിരിക്കുന്നത് 2,53,31,775/- രൂപയാണ്. കാഷ് ചെസ്റ്റിലെ നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിക്ഷേപ തിയ്യതി | വിശദാംശം | സർട്ടിഫിക്കറ്റ് നമ്പർ | തുക |
|---|---|---|---|
| 26.06.2015 | പി.എൻ.ബി. മീഞ്ചന്ത | 431600PR0007722 | 4,77,734/- |
| 16.06.2015 | കെ.ഡി.സി.ബാങ്ക് ഫറോക്ക് | 100061807520032 | 3,37,318/- |
| 18.06.2015 | കെ.ഡി.സി.ബാങ്ക് സായാഹ്ന ശാഖ കല്ലായ് റോഡ് | 100381807520074 | 4,20,308/- |
| 18.06.2015 | കെ.ഡി.സി.ബാങ്ക് കല്ലായ് | 100381807520073 | 2,23,477/- |
| 18.06.2016 | കെ.ഡി.സി.ബാങ്ക് കല്ലായ് | 100381807520072 | 2,23,477/- |
| 13.10.2015 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് | 100431807520005 | 4,13,317/- |
| 06.06.2016 | ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപം(അഡീ.സബ് ട്രഷറി, മാനാഞ്ചിറ) | 296662 | 27,39,000/- |
| 28.10.2014 | ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപം(സബ് ട്രഷറി, ഫറോക്ക്) | 127808 | 32,95,805/- |

| | | | |
|---|---|---|---|
| 02.09.2015 | ക്ലീൻ കേരള മിഷൻ ഷെയർ | 63516 മുതൽ 73515 വരെ(ആയിരം രൂപ മുഖവിലയുള്ളത്) | 1,00,00,000/- |
| 30.09.1988 | കോഴിക്കോട് ജില്ലാ കോ- ഓപ്പറേറ്റീവ് ആശുപത്രി ഷെയർ | 2933 | 2,500/- |
| 27.07.1977 | മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ | 21 | 1,000/- |
| ആകെ | | | 1,81,33,936/- |

2015-16 വർഷത്തിലും ക്ലീൻ കേരള മിഷന്റെ ഷെയർ വാങ്ങുന്നതിനായി 1,00,00,000/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

## 4-5. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വരവുണ്ടോ എന്ന് വ്യക്തമല്ല. തൻവർഷ വാർഷികകണക്കിൽ ഈയിനത്തിൽ വരവില്ല.

## 4-6. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കോഴിക്കോട് കോർപ്പറേഷന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ്.23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നം | | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | വിഷയം |
|---|---|---|---|---|
| 1996-97 | 22(ii) | 1998 | അദ്ധ്യായം II.ഖ.iii(1) | വാടക കരാറുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്- സർക്കാരിന് നഷ്ടം |
| | 22.IX | | അദ്ധ്യായം II.ഖ.iii(3) | വാടക നിരക്ക് പരിഷ്കരിക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം |
| 1997-98 | 21(E),(F),(I) | 1999-2000 | അദ്ധ്യായം V.ഖ.3(എ) | സ്വത്തുനികുതി പിരിവിലെ നഷ്ടം |
| 1998-99 | 46(14) | 2000-01 | അദ്ധ്യായം V.ഖ.4(b) | കോർപ്പറേഷൻ പരിധിക്ക് പുറത്തുള്ള സോപ്പ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി- 2,00,000/- രൂപ |
| | 47(1)(a) | | അദ്ധ്യായം V.ഖ.4(d) | വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകിയ 27 ലക്ഷത്തിൽപ്പരം രൂപയുടെ ധനസഹായം ചട്ടവിരുദ്ധം |
| | 47(1)(b) | | അദ്ധ്യായം V. ഖ.4(e) | കൃത്രിമ വൈരക്കല്ല് നിർമ്മാണ പരിശീലനം സ്വകാര്യ ഏജൻസിക്ക് നൽകിയ 1,26,000/-രൂപ നഷ്ടമായി |
| 1999-00 | 53 | 2001-02 | അദ്ധ്യായം VI.ഖ.1.5(i) | കോടതി വിധി-നടപ്പിലാക്കിയതിൽ അനാസ്ഥ- പാഴ്ച്ചെലവ് 1,66,140/-രൂപ |
| | 65 | | അദ്ധ്യായം VI.ഖ.1.5(ii) | റോഡ് പണി-അളവ് കൂട്ടി എഴുതൽ ധനനഷ്ടം- 63,157/-രൂപ |

| | | | | |
|---|---|---|---|---|
| | 66 | | അദ്ധ്യായം VI ൽ ഖ.1.5(iii) | ഓവ് ചാലിൽ നിന്ന് മണ്ണ് നീക്കം ചെയ്യൽ-ധനദുർവിനിയോഗം |
| | 70 | | അദ്ധ്യായം VI.ഖ.1.5(v) | പദ്ധതി വിഹിതത്തിൽ നിന്ന് പിഴപലിശ അടച്ചത്-അംഗീകരിക്കുന്നില്ല |
| | 73 | | അദ്ധ്യായം VI.ഖ.1.5(vi) | എസ്.കെ.പൊറ്റക്കാട്-സംസ്കാരിക നിലയം നിർവ്വഹണത്തിൽ പാഴ്ച്ചെലവ് |
| | 74 | | അദ്ധ്യായം VI.ഖ.1.5(vii) | വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ സ്റ്റോർ പർച്ചേസ് ചട്ട ലംഘനം |
| | 76 | | അദ്ധ്യായം VI.ഖ.1.5(viii) | വീട്ട് വളപ്പിൽ മണ്ണിട്ട് നികത്തൽ - ധനദുർ-വിനിയോഗവും ഉത്തരവുകളുടെ ലംഘനവും |
| 1999-00 ഡി. സി.ബി | 27.3 | 2002-03 | അദ്ധ്യായം VII.ഖ.III 5(i) | തൊഴിൽ നികുതി ചുമത്താൻ വിട്ടുപോയത്-ലക്ഷങ്ങളുടെ നഷ്ടം |
| | 27.4 | | അദ്ധ്യായം VII.ഖ.III 5(ii) | തൊഴിൽ നികുതി കുടിശ്ശിക കാലഹരണപ്പെട്ടു |
| | 30.2 | | അദ്ധ്യായം VII.ഖ.III 5(iii) | ലൈസൻസ് ഫീസ് പിരിച്ചതിൽ കുറവ്-നഷ്ടം 81,713 രൂപ |
| | 32 | | അദ്ധ്യായം VII ഖ.III 5(iv) | ബസ്സ്റ്റാന്റ് ഫീസ്-കുടിശ്ശിക വസൂലാക്കിയില്ല |
| | 33 | | അദ്ധ്യായം VII ഖ.III 5(v) | ലൈസൻസുകൾ യഥാസമയം പുതുക്കാതെ കോർപ്പറേഷൻ വക മുറികൾ കൈവശം വയ്ക്കുന്നത് സംബന്ധിച്ച് |
| | 35,36 | | അദ്ധ്യായം VII ഖ.III .5(vi) | ലൈസൻസ് ഫീസ് ഈടാക്കിയില്ല-നഷ്ടം 2,55,762/-രൂപ |
| | 39(4) | | അദ്ധ്യായം VII ഖ.III.5(vii) | വാടകക്കാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതിലെ നഷ്ടം-19,144/-രൂപ |
| | 39(5) | | അദ്ധ്യായം VII ഖ.III.5(viii) | വാടകക്കാരിൽ നിന്നും വാങ്ങിയ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ നഗരസഭഫണ്ടിൽ വരവുവയ്ക്കാത്തതും,വൈദ്യുതി ചാർജ്ജ് വസൂലാക്കാത്തതും സംബന്ധിച്ച് |
| | | | അദ്ധ്യായം VIII ക്രമനം.12 | പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൽ കീഴിലെ കെട്ടിടനിർമ്മാണ പ്രവർത്തികൾ -കെ.നിർ.തൊ. ക്ഷേമനിധി -1,24,499/- ആദായനികുതി- 21,925/- സെൽഫ് ചെക്ക് മാറിയെടുത്ത് പണാപഹരണം നടത്തി |
| | | | അദ്ധ്യായം VIII ക്രമനം.13 | സർക്കാർ വായ്പ തിരിച്ചടവ് നടത്തുവാൻ പിൻവലിച്ച 1,43,069/-, 3,01,515/-, 1,73,583/- രൂപ അടവാക്കിയില്ല എന്ന് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് |
| 2000-01 | 34(3,4,5) | 2003-04 | അദ്ധ്യായം 7.5(1) | ലൈസൻസ് ഫീസ് ഈടാക്കിയില്ല കോഴിക്കോട് നഗരസഭയ്ക്ക് വൻ നഷ്ടം |
| | 95(5,6,8,9 ,10, 11,12) | | അദ്ധ്യായം 7.5(2) | യു.പി.എ.സെൽ 98,439/- രൂപയുടെ ക്രമക്കേട് |
| | 28(4), 31(3) | | അദ്ധ്യായം 7.5(3) | നികുതി വരവിൽ വൻനഷ്ടം |

| | | | | |
|---|---|---|---|---|
| | 92 (1) | | അദ്ധ്യായം 7.5(5) | സബ്സിഡി അധികം നൽകി |
| | 96(4) | | അദ്ധ്യായം 7.5(6) | 1,46,424/- രൂപയുടെ ധനാപഹരണം |
| 2001-02 | 27(12),27 (3) | 2004-05 | അദ്ധ്യായം 4.1.5(1) | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നില്ല. ലക്ഷങ്ങൾ നഷ്ടപ്പെടുന്നു. |
| | 31(10) | | അദ്ധ്യായം 4.1. 5(2) | വാടക 14.3 ലക്ഷം കുടിശ്ശിക |
| | 71 | | അദ്ധ്യായം 4.1.5(4) | സെൻട്രൽ മാർക്കറ്റ് പുന:നിർമ്മാണത്തിൽ അപാകതകൾ |
| | 72(13) | | അദ്ധ്യായം 4.1.5(5) | ഇൻസിനേറ്റർ സ്ഥാപിച്ചില്ല പദ്ധതിപ്പണം പാഴാകുന്നു. |
| | 74(4) | | അദ്ധ്യായം 4.1.5(6) | ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ യു.പി.എ.ഫണ്ട്-20.2 ലക്ഷം വകമാറ്റി |
| 2002-03 | 3-11 | 2005-06 | അദ്ധ്യായം 3.5(1) | കമേഴ്സ്യൽ കോംപ്ലക്സ് കം-സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത-നഷ്ടം |
| | 3-12 | | അദ്ധ്യായം 3.5(2) | നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച് ഓപ്പൺ എയർ സ്റ്റേജ് |
| | 3-13 | | അദ്ധ്യായം 3.5(3) | താമരക്കുളം നവീകരണത്തിൽ അപാകത |
| | 3-15 | | അദ്ധ്യായം 3.5(4) | ബുൾഡോസർ വാടക-അധിക നിരക്ക് നൽകി |
| | 3-20 | | അദ്ധ്യായം 3.5(5) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്-പദ്ധതിപ്പണം പാഴായി |
| | 3-21 | | അദ്ധ്യായം 3.5(6) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 2-19 | | അദ്ധ്യായം 3.5(7) | ലൈസൻസ് ഫീസ് വർദ്ധന കുടിശ്ശിക ഈടാക്കിയില്ല |
| 2003-04 | 1-6 | 2006-07 | ഖ.4.5.1 | നികുതി പിരിവിന്റെ പുരോഗതി ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല |
| | 2-6 | | ഖ.4.5.2 | വസ്തു നികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം |
| | 3-2 | | ഖ.4.5.3 | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല |
| | 3-5 | | ഖ.4.5.4 | കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ശുദ്ധജല വിതരണം-10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും ലഭിച്ചില്ല |
| | 3-6 | | ഖ.4.5.5 | സ്റ്റേഡിയം കം - ഷോപ്പിഗ് കോംപ്ലക്സ് നിർമ്മാണം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച 442.32 ലക്ഷം രൂപയുടെ അധിക ബാധ്യത |
| | 3-14 | | ഖ.4.5.6 | നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി-നടപ്പിലാക്കിയതിലെ അപാകതകൾ |

| | | | | |
|---|---|---|---|---|
| | 3-22 | | ഖ.4.5.7 | 62.6 ലക്ഷം രൂപ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ച - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം |
| | 3-23 | | ഖ.4.5.8 | കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| | 3-27 | | ഖ.4.5.9 | കേരള വികസന പദ്ധതി 2003-04 പദ്ധതിപ്പണം പാഴായി |
| | 3-32 | | ഖ.4.5.10 | എൻ.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-33 | | ഖ.4.5.11 | വാത്മീകി അംബേദ്കർ ആവാസ് യോജന പദ്ധതി അപാകതകളും സാമ്പത്തിക നഷ്ടവും |
| | 2-11 | | ഖ.4.2.1 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി |
| | 2-24 | | ഖ.4.2.2 | നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശികഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല |
| 2004-05 | 3-1 | 2007-08 | ഖ.4.2.3 | മെയിന്റനൻസ് ഗ്രാന്റ്-ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു |
| | 3-10 | | ഖ.4.2.4 | വിവാഹ ധനസഹായം-1.36 കോടി രൂപ നഗരസഭ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു |
| | 3-14 | | ഖ.4.2.5 | നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| | | | ഖ.2.6 | തനതു ഫണ്ടിന്റെ സംഭരണം |
| | 3-14-5 | | ഖ.3.2.3 | മോഡൽ സോലിഡ് വേസ്റ്റ് മാനേജ്മെന്റ്ഫണ്ട് വകമാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം |
| 2005-06 | 3-27 | 2008-09 | ഖ.3.4.4 | മൈത്രി ഭവനപദ്ധതി-ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500 രൂപ വിനയോഗിച്ചിട്ടില്ല |
| | 3-14-7 | | ഖ.3.5.13.എ | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട് |
| | 3-8 | | ഖ.3.5.13.ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതുവഴി നഷ്ടം |
| | | | ഖ.2-2 | ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ |
| 2007-08 | 1-8 | 2009-10 | ഖ.2-3 | വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല |
| | 3(8)(6) | | ഖ.2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച |
| | 2-3(2) | | ഖ.3-1-7(i) | തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല |

| | | | | |
|---|---|---|---|---|
| | 2-4 | | ഖ.3-1-7(ii) | നഗരസഭ കെട്ടിടങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നത്-യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വെയ്ക്കുന്നതിന് അവസരം നൽകുന്നു |
| | 3-1 | | ഖ.3-3-3(i) | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു |
| | 3-7(14) | | ഖ.3-4-4(i) | വികസനഫണ്ടിൽ നിന്നുംപിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു |
| | 3-7(5) | | ഖ.3-7-12(i) | സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട്-രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ |
| | 3-7(9) | | ഖ.3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവച്ച വികസനഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല |
| 2008-09 | 2-4-2 | 2010-11 | ഖ.2-5 | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം-ഏകദിന പെർമിറ്റ് ലൈസൻസ് രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം-25,750/-രൂപ |
| | | | ഖ.2-11 | വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ-ഹഡ്കോ-5,22,80,000/-,കേരള സർക്കാർ-11,73,83,069/- |
| | 2-4-2 | | ഖ.5-1-9(1) | ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും,അനധികൃത നിർമ്മാണം ക്രമവത്കരിക്കാത്തതും |
| | 2-7 | | ഖ.5-1-9(2) | തടി നികുതി-ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല |
| | 3-10-12 | | ഖ.5-3-17 | പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം |
| 2009-10 | -- | 2011-12 | ഖ.2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച |
| | -- | | ഖ.2-9 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| | -- | | ഖ.3-1ൽ1-23 | പ്രവർത്തനാവലോകന റിപ്പോർട്ട്-കാർഷികപദ്ധതികളും കൃഷിഭവനും |
| | -- | | ഖ.3-2-1 മുതൽ 3-2-24 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റോഡുപണികൾ |
| | -- | | ഖ.3-3-1 മുതൽ 3-3-16 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും |
| അവലോകനങ്ങൾ | -- | 2012-13 | ഖ.2-5 | ലഘു അവലോകന റിപ്പോർട്ട്-നഗരസഭകളും പരസ്യനികുതിയും |
| | -- | | ഖ.3-1-1 മുതൽ 3-1-7 വരെ | പ്രവർത്തനാവലോകനം-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം |
| | -- | | ഖ.3-3-1 | പ്രവർത്തനക്ഷമതാ റിപ്പോർട്ട്-തദ്ദേശ സ്വയം |

| | | | | |
|---|---|---|---|---|
| | | | മുതൽ 3-8 വരെ | ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും |
| പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ | | 2013-14 | ഖ.5-1-5(7)മണ്ണ് ജലസംരക്ഷണ പ്രവർത്തനം കാര്യക്ഷമമല്ല | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും,ഖ.V(1)-ഓഡിറ്റ് നിരീക്ഷണങ്ങൾ-പ്രോജക്റ്റുകളുടെ അവലോകനം |
| | | | ഖ.5-2-4(1)വാടക കെട്ടിടത്തിൽ പ്രവർ-ത്തിക്കുന്ന സ്കൂളുകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി (8)-സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ |
| | | | ഖ.5-2-4(2) സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി (I)-കെട്ടിടങ്ങളുടെ അഭാവം |
| | | | ഖ.5-2-4(9)കളിസ്ഥലങ്ങൾ-വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി III-കളിസ്ഥലം |
| | | | ഖ.5-2-4(18)സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കും സർവ്വശിക്ഷ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി-VII-5 -എസ്.എസ്.എ |
| | | | ഖ.5-3-5(2)ചെറുകിട വ്യവസാ-യ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരി-യാംവിധം ചെലവഴിക്കുന്നില്ല | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-3-5(2)-ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല |
| | | | ഖ.5-3-5(3)പരാജയ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(2)-കണ്ണഞ്ചേരി വനിത |

| | | | | |
|---|---|---|---|---|
| | | | മടഞ്ഞ വ്യവസായ സംരഭങ്ങൾ | തൊഴിൽ പരിശീലനകേന്ദ്രം |
| | | | ഖ.5-3-5(19) കുടുബശ്രീ സംരഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-6(2)-കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ-വനിത വിപണനകേന്ദ്രം മാവൂർ റോഡ് |
| | | | ഖ.5-3-5(16) സർക്കാർ ഉത്തരവുകൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(1)-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| | | | ഖ.6-2-3 വാടക ലൈസൻസ് ഫീ | പൊതുമാർക്കറ്റ്,ഷോപ്പുകൾ,ബസ്റ്റാന്റുകൾ എന്നിവയുടെ വരുമാനം സംബന്ധിച്ച അവലോകനം-ലൈസൻസ് ഫീസ് നില നിൽക്കുന്നു-ഏതാനും മുറികളുടെ വിശദാംശങ്ങൾ |
| | | | ഖ.6-3 ത.സ്വ.ഭ.വ. സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ |
| ലഘു അവലോകനം | | | ഖ.6-3-1 പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ,ഖ(ബി) |
| | | | ഖ.6-3-2 പ്രൊക്യൂർമെന്റ് സൈക്കിൾ-ആദ്യപടി പാലിക്കുന്നില്ല | ബ്രാന്റ് നെയിം പറഞ്ഞ് ക്വട്ടേഷൻ ക്ഷണിച്ചു, ടെണ്ടർ നടപടി കൂടാതെ കാറുകൾ വാങ്ങുന്നു |
| 2012-13 | ക്രമ നം.10 | | ഖ.2-1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. |
| 2011-12 | ഖ.2-30 | | ഖ.3-4 | പെർമിറ്റ് ഫീസ് നഷ്ടം - 2812968/- രൂപ ലഭിച്ചു. |
| വിഷയാധി | (നിഷ്ക്രിയ ആസ്തികൾ) | 2014-15 | ഖ.4-1-4 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയ; മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു. |

| | | | | |
|---|---|---|---|---|
| ഷിത അവലോകനം | ഖ.2- എ, ബി, സി,ഖ.5 | | ഖ.4-1-5 | വ്യവസായ കേന്ദ്രങ്ങൾ - കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. |
| | നദീതര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും | | ഖ.4-2-6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് |
| | | | ഖ.4-2-7 | മണൽ വരവ്/ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല. |
| | | | ഖ.4-2-8 | റിവർ മാനേജ്മെന്റ് ഫണ്ട് ഒടുക്കിയതിൽ കുറവ്. |
| | | | ഖ.4-2-9 | റിവർ മാനേജ്മെന്റ് ഫണ്ട് (RMF) അധികം ഒടുക്കി ബേപ്പൂർ തുറമുഖത്തുനിന്നുള്ള മണൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല. |
| | | | ഖ.4-2-14 | കടവു കമ്മിറ്റികൾ സജീവമല്ല. |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (മൃഗസംരക്ഷവും ക്ഷീരവികസന മേഖലയും) | ഖ.V-4(ഡി) | | ഖ.5-5 | നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും. |
| | ഖ.V-3 | | ഖ.5-5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു. |
| | ഖ.V-3(എ) | | ഖ.5-6 | മൃഗസംരക്ഷണ വികസന മേഖലകളിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. |
| | ഖ.V-1(ബി) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |
| | ഖ.V-1(ഇ) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. ട്രിവീസ് ഇല്ല. കൃത്രിമബീസങ്കലനം പ്രയാസം. |
| | ഖ.V-9(ഡി) | | ഖ.5-9 | മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല – ജീവനക്കാരുടെ അപര്യാപ്തത. |
| | ഖ.V-8(എ) | | ഖ.5-13 | ശ്വാന സംരക്ഷണവും പേവിഷ നിയന്ത്രണവും - വളർത്തു തെരുവു നായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്നില്ല. |
| | ഖ.V-8(ബി) | | ഖ.5-13 | ശ്വാനസംരക്ഷണവും പേവിഷ നിയന്ത്രണവും - തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയില്ല. |
| | ഖ.V-9(ഡി) | | ഖ.5-14 | കാശാപ്പശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – വെറ്റിനറി സർജനില്ലാതെ കശാപ്പശാലകൾ. |
| | ഖ.V-7 | | ഖ.5-14 | കശാപ്പശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – അറവുശാലയില്ലെങ്കിലും മാംസം സുലഭം. |

## 4-7. ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 198,01,43,765.78 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 165,66,73,296 |
| വരവിനങ്ങളിലുള്ള നഷ്ടം | 29,98,278 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,79,060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,80,11,067 |

### (ബി). കോർപ്പറേഷൻ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 29,60,541 | | ശ്രീ.ദിലീപ്.എസ്.ചീരംതോട്, പബ്ലിക് വർക്ക് ഓവർസിയർ<br>ശ്രീ.അബൂബക്കർ സിദ്ദീഖ്.ഇ.പി.,<br>അസി.എഞ്ചിനീയർ,സെക്ഷൻ 7<br>ശ്രീ.ഉദയൻ.കെ.യു, അസി.എക്സി.എഞ്ചിനീയർ<br>ശ്രീ.അലി.കെ, എക്സി.എഞ്ചിനീയർ<br>ശ്രീ.ജോളി വർഗ്ഗീസ്, കോർപ്പറേഷൻ എഞ്ചിനീയർ |
| 2-9 | 37,737 | | 36,437- ശ്രീ.കെ.പ്രേമാനന്ദൻ, റവന്യൂ ഓഫീസർ<br>1300 -ശ്രീമതി.വി.രേണുക, റവന്യൂ ഓഫീസർ,<br>ചെറുവണ്ണൂർ- നല്ലളം മേഖല ഓഫീസ് |
| 3-3 | | 12,077 | ശ്രീ.സുലി.കെ.എ., കോർപ്പറേഷൻ എഞ്ചിനീയർ |
| 3-6 | | 21,945 | |
| 3-11 | | 4,51,777 | |
| 3-16 | | 1,50,000 | ശ്രീ.ടി.എം.ദാമോദരൻ, പട്ടികജാതി വികസന ഓഫീസർ |
| 3-17 | | 60,000 | |
| 3-18 | | 2,40,000 | |
| 3-19 | | 12,67,350 | ശ്രീ.ഗിരീഷ് ചോലയിൽ, ഡി.ഡി.ഇ. |
| 3-20 | | 3,22,841 | |
| 3-22 | | 3,45,404 | |
| 3-27 | | 7982 | ശ്രീ.രാജേഷ്.ടി.ആർ., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 3-30 | | 1,20,590 | ശ്രീമതി.ഖൈറുന്നീസ.കെ, സി.ഡി.പി.ഒ.അർബൺ 3 |
| 3-32 | | 15,000 | ശ്രീ.കെ.കെ.ബേബി, സീനിയർ വെറ്റിനറി സർജ്ജൻ |
| 3-44 | | 2,33,204 | ശ്രീ.ടി.ആർ.ബാലൻ, പ്രോജക്ട് ഓഫീസർ കുടുംബശ്രീ i/c |
| 3-45 | | 20150 | |
| 3-49 | | 1,10,740 | ശ്രീ.കറുപ്പസാമി ,സെക്ഷൻ ക്ലാർക്ക്<br>ശ്രീ.അജയകുമാർ.പി.എൻ.,സൂപ്രണ്ട്, കൗൺസിൽ സെക്ഷൻ<br>ശ്രീ.അബ്ദുൾ ജബ്ബാർ, അഡീഷണൽ സെക്രട്ടറി,കൗൺസിൽ സെക്രട്ടറി (ഇൻചാർജ്ജ്)<br>ശ്രീ.സുധാകരൻ.പി.,അഡീഷണൽ സെക്രട്ടറി<br>08.01.2016 ൽ ചെലവ് അംഗീകരിച്ച കൗൺസിൽ അംഗങ്ങൾ |
| ആകെ | 29,98,278 | 33,79,060 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 13,49,365 | ശ്രീ.സുലി.കെ.എ., കോർപ്പറേഷൻ എഞ്ചിനീയർ |
| 3-8 | 11,50,701 | |
| 3-10 | 43,72,674 | |
| 3-15 | 39,43,637 | 39,07,819 - ശ്രീ.ഗിരീഷ് ചോലയിൽ, ഡി.ഡി.ഇ.<br>35,818 - ശ്രീമതി.നഫീസ.എം., സി.ഡി.പി.ഒ.അർബൺ 2 |
| 3-21 | 14,99,984 | ശ്രീ.ഗിരീഷ് ചോലയിൽ, ഡി.ഡി.ഇ. |
| 3-23 | 19,75,999 | |
| 3-24 | 6,50,000 | |
| 3-26 | 1,50,00,000 | |
| 3-28 | 20,02,500 | ശ്രീമതി.നജ്മ.എം.എച്ച്, സി.ഡി.പി.ഒ.അർബൺ 1 |
| 3-29 | 7,15,000 | ശ്രീമതി.ഖൈറുന്നീസ.കെ, സി.ഡി.പി.ഒ.അർബൺ 3 |
| 3-31 | 14,98,734 | ശ്രീമതി.നജ്മ.എം.എച്ച്, സി.ഡി.പി.ഒ.അർബൺ 1<br>ശ്രീമതി.സാറാമ്മ ,ജില്ല സാമൂഹ്യനീതി ഓഫീസർ |
| 3-34 | 2,70,127 | എം.എം.വിജയൻ, ഹെൽത്ത് ഓഫീസർ |
| 3-36 | 15,00,000 | |
| 3-40 | 1,00,00,000 | ശ്രീ.സതീശൻ.ടി.പി., കോർപ്പറേഷൻ സെക്രട്ടറി |
| 3-41 | 10,91,650 | ശ്രീ.ടി.ആർ.ബാലൻ, പ്രോജക്ട് ഓഫീസർ കുടുംബശ്രീ i/c |
| 3-42 | 9,61,280 | |
| 3-50 | 29,416 | ശ്രീ.സതീശൻ.ടി.പി., കോർപ്പറേഷൻ സെക്രട്ടറി |
| ആകെ | 4,80,11,067 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദിലീപ്.എസ്.<br>പബ്ലിക് വർക്സ് ഓവർസിയർ | ലഭ്യമല്ല | ചീരംതോട് ഹൗസ്, വലിയക്കര<br>തിരുവല്ല - 689101 |
| ശ്രീ.അബൂബക്കർ<br>സിദ്ദീഖ്.ഇ.പി., | ലഭ്യമല്ല | കോരച്ചൻകണ്ടി പുരയിൽ, മടവൂർ<br>നരിക്കുനി, കോഴിക്കോട് |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | | |
| ശ്രീ.ഉദയൻ.കെ.യു, അസി.എക്സി.എഞ്ചിനീയർ | ലഭ്യമല്ല | S/O ഉണ്ണീരി വൈദ്യർ കീഴിശ്ശേരി തൊട്ടുകയിൽ,നായർകുഴി ആർ.ഇ.സി.(എൻ.ഐ.ടി) കോഴിക്കോട് |
| ശ്രീ.അലി.കെ, എക്സി.എഞ്ചിനീയർ | ലഭ്യമല്ല | റഹ്മത്ത് ഹൗസ്, കൊടുവള്ളി പി.ഒ., കോഴിക്കോട്, 673572 |
| ശ്രീ.ജോളി വർഗ്ഗീസ്, കോർപ്പറേഷൻ എഞ്ചിനീയർ | ലഭ്യമല്ല | തച്ചിൽ റോസന്ന വിദ്യാനൻ ക്രോസ് റോഡ്, കടവന്ത്ര, കൊച്ചിൻ |
| ശ്രീ.സുലി.കെ.എ., കോർപ്പറേഷൻ എഞ്ചിനീയർ | കോർപ്പറേഷൻ എഞ്ചിനീയർ, കൊല്ലം നഗരസഭ | മെഡിക്കൽ കോളേജ് ക്വാർട്ടേഴ്സ് ടൈപ്പ് 4 ക്വാർട്ടേഴ്സ് മുളങ്കുന്നത്തുകാവ്, തൃശ്ശൂർ |
| ശ്രീ.കെ.പ്രേമാനന്ദൻ, റവന്യൂ ഓഫീസർ | റവന്യൂ ഓഫീസർ | 'അച്ചൂസ്',പാലക്കട റോഡ്, എടക്കാട്.പി.ഒ. കോഴിക്കോട്-673005 |
| ശ്രീമതി.വി.രേണുക റവന്യൂ ഓഫീസർ | റവന്യൂ ഓഫീസർ, തിരൂർ നഗരസഭ | 'ഓംകാരം മെഡിക്കൽ കോളേജ്.പി.ഒ. കോഴിക്കോട്-9 |
| ശ്രീ.രാജേഷ്.ടി.ആർ., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഫിഷറീസ് അസി.ഡയറക്ടറുടെ കാര്യാലയം, ബേപ്പൂർ | ഫ്ലാറ്റ് നം.1 എ, എലീസിയം, കോർട്ട് എ.ജി.റോഡ്, കോഴിക്കോട് |
| ശ്രീമതി.വൈറുന്നീസ.കെ, സി.ഡി.പി.ഒ.അർബൺ 3 | റിട്ടയേർഡ് | ആതിര, ഹരിതപുരം കോളനി, ചേവായൂർ.പി.ഒ.,കോഴിക്കോട് |
| ശ്രീ.ഗിരീഷ് ചോലയിൽ, ഉപവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ഉപവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 'സുമനസ് ', ചോലയിൽ, അനന്തയൂർ വാഴക്കാട് .പി.ഒ. മലപ്പുറം-673640 |
| ശ്രീ.ടി.എം.ദാമോദരൻ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ | 'ശ്രീനിലയം',ലോകനാർകാവ് സിദ്ധസമാജം.പി.ഒ., വടകര |
| ശ്രീ.കെ.കെ.ബേബി, സീനിയർ വെറ്റിനറി സർജ്ജൻ | സീനിയർ വെറ്റിനറി സർജ്ജൻ | ഓർക്കിഡ് പാർക്ക്, പി.വി.എസ്. ഗാർഡെൻ, കുതിരവട്ടം.പി.ഒ. കോഴിക്കോട് |
| ശ്രീ.ടി.ആർ.ബാലൻ, പ്രോജക്ട് ഓഫീസർ കുടുംബശ്രീ i/c | സൂപ്രണ്ട്, ടൗൺപ്ലാനിംഗ് വിഭാഗം, കോർപ്പറേഷൻ | തമ്പുര, കുന്താണി, തൊണരിമല, സുൽത്താൻ ബത്തേരി, 673592 |
| ശ്രീ.സുധാകരൻ.പി. അഡീഷണൽ സെക്രട്ടറി | റിട്ടയേർഡ് | 'സത്ഗമയ' മേലാറ്റൂർ പി.ഒ, മലപ്പുറം ജില്ല |
| ശ്രീ.അബ്ദുൾ ജബ്ബാർ, കൗൺസിൽ സെക്രട്ടറി | ലഭ്യമല്ല | 'സീനജ്' കല്ലൂട്ടിവയൽ, വേങ്ങേരി.പി.ഒ കോഴിക്കോട് - 673010 |
| ശ്രീ.അജയകുമാർ.പി.എൻ., സൂപ്രണ്ട്, കൗൺസിൽ സെക്ഷൻ | ലഭ്യമല്ല | പുത്തൻപുരയിൽ ഹൗസ് ഗാന്ധിനഗർ, കൈനാട്ടി കൽപ്പറ്റ നോർത്ത് പി.ഒ.-673122 |

| | | |
|---|---|---|
| ശ്രീ.കറുപ്പസാമി<br>സെക്ഷൻക്ലാർക്ക്,<br>കൗൺസിൽ വിഭാഗം | ഡി 3 സെക്ഷൻക്ലാർക്ക് ,<br>കൗൺസിൽ വിഭാഗം,<br>കോഴിക്കോട് നഗരസഭ | ഡോ.അംബേദ്ക്കർ കോളനി<br>ഗാന്ധി ആശ്രമം(ന്യൂ)<br>മലാപറമ്പ്, കോഴിക്കോട്-673009 |
| ഉത്തരവാദികളായ കൗൺസിൽ അംഗങ്ങളുടെ പേരും, വിലാസവും അനുബന്ധം 4 ആയി ഉൾപ്പെടുത്തിയിരിക്കുന്നു | | |

## 4-8. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.സി.സി.എ 4/251/98,8.9.98 | 74 |
| 2 | 1997-98 | എൽ.എഫ്.സി.സി.എ 6/906/06/28.12.06 | 115 |
| 3 | 1998-99 | എൽ.എഫ്.സി.സി.എ 6/382/09/15.5.09 | 90 |
| 4 | 1999-00 DCB | എൽ.എഫ്.സി.സി.എ 4/752/01/17.5.2002 | 39 |
| 5 | 1999-00 Exp | എൽ.എഫ്.സി.സി.എ 4/418/00/8.06.2001 | 86 |
| 6 | 2000-01 | എൽ.എഫ്.സി.സി.എ 4/124/03/20.05.2003 | 146 |
| 7 | 2001-02 | എൽ.എഫ്.സി.സി.എ 4/438/04/30.7.2004 | 83 |
| 8 | 2002-03 | എൽ.എഫ്.സി.സി.എ 4/451/05/01.18.2005 | 80 |
| 9 | 2003-04 | എൽ.എഫ്.സി.സി.എ 4/364/06/22.06.2006 | 109 |
| 10 | 2004-05 | എൽ.എഫ്.സി.സി.എ 4/350/07/27.07.2007 | 60 |
| 11 | 2005-06 | എൽ.എഫ്.സി.സി.എ 4/436/07/15.4.2008 | 64 |
| 12 | 2006-07 | എൽ.എഫ്.സി.സി.എ 4/675/08/12.11.2008 | 97 |
| 13 | 2007-08 | എൽ.എഫ്.സി.സി.എ 4/506/09/1.10.2009 | 75 |
| 14 | 2008-09 | എൽ.എഫ്.സി.സി.എ 4/329/10/31.05.2010 | 50 |
| 15 | 2009-10 | എൽ.എഫ്.സി.സി.എ 4/669/11/27.9.2011 | 63 |
| 16 | 2010-11 | എൽ.എഫ്.സി.സി.എ 4/332/12/15.6.2013 | 180 |
| 17 | 2011-12 | എൽ.എഫ്.സി.സി.എ 4/389/14/31.5.2014 | 104 |
| 18 | 2012-13 | എൽ.എഫ്.സി.സി.എ 4/1245/14/31.3.2015 | 110 |
| 19 | 2013-14 | കെ.എസ്.എ./കെ.ഒ.സി./എ 4/27/2016,31.5.16 | 107 |
| 20. | 2014-15 | കെ.എസ്.എ./കെ.ഒ.സി./എ 4/1042/16,30.7.16 | 87 |



സീനിയർ ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

